പുസ്തകം 78
ലക്കം 7
ജൂലായ് 2006
വഫാ 1385
ജ. ആഖിർ - റജബ് 1427

**ചീഫ് എഡിറ്റർ**
മൗലവി മുഹമ്മദ് ഇസ്മായിൽ

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.

*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) } 5520733
95495 (Land)
**ഫാക്സ് : 0495 - 2721609**
e-mail: sathyadoothan@ahmadiyya.com

**സ്ഥാപിതം**
**1925**

# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

**4** *യുഗശബ്ദം*
**5** *മുഖക്കുറിപ്പ്*

**ലേഖനം**

**6** *ഭൗതികവിജ്ഞാനത്തിന്റെ പ്രസക്തി*
ഹദ്റത്ത് അഹ്മദ് *(അ)*

**7** *മാർക്സിസവും ദ്വന്ദാത്മക ഭൗതികവാദവും*
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

**11** *ക്രിസ്തുന്റെ വിവാഹവും*
മൗലാനാ അബ്ദുല്ലാഹ് സാഹിബ് H.A.

**14** *വാഗ്ദത്ത മസീഹിന്റെ അവതാരകാലത്തെപ്പറ്റി വിവിധ മതഗ്രന്ഥങ്ങളിലെ സൂചനകൾ*
എ .ക്യു. മഹ്ദി

**17** *മുസ്‌ലിംകൾ വിസ്മരിച്ച കരാർ*
എ. പി. കുഞ്ഞാമു

**20** *അറബിഭാഷ - ഭാഷകളുടെ മാതാവ്*
എൻ. അബ്ദുർറഹിം

**22** *യേശുക്രിസ്തു കാശ്മീരിൽ*
എൻ. അബ്ദുറഹീം സാഹിബ്

**25** *എൻ. അബ്ദുർ റഹിം - അനുസ്മരണം*
എ. പി. കുഞ്ഞാമു
മുഹമ്മദ് ഉമർ എച്ച്.എ. കോഴിക്കോട്
മൗലവി മുഹമ്മദ് ഇസ്മായിൽ
പ്രൊഫ. മഹ്മൂദ് അഹ്മദ്
മദാർ അബ്ദുശ്ശക്കൂർ
എൻ.ഇ. ഹഖ്
പി. വി. അഹ്മദ് കോയ
കെ. പി. അഹ്മദ്
എം. കെ. ഇമ്പിച്ചികോയട്ടി
ടി. ശറഫുദ്ദീൻ
എ.എം. മുഹമ്മദ് സലീം
*അനുസ്മരണം, വാർത്തകൾ.*

*മുഖചിത്രം :* റോയൽ മസ്ജിദ്, ബന്ദൻ, വെസ്റ്റ് ജാവ

Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, CLT - 1.


## ഖുർആനിൽ നിന്ന്

'അല്ലാഹു നിങ്ങളിൽ നിന്ന് വിശ്വസിക്കുന്നവരേയും അറിവ് നൽകപ്പെട്ടിട്ടുള്ളവരേയും പല പദവികളിലേക്ക് ഉയർത്തുന്നതാണ്. അല്ലാഹു നിങ്ങളുടെ പ്രവർത്തികളെക്കുറിച്ച് നല്ലവണ്ണം അറിയുന്നവനാണ്.' (58:12)

## നബിവചനം

ജ്ഞാനവിജ്ഞാനങ്ങൾ സത്യവിശ്വാസിയുടെ നഷ്ടപ്പെട്ട വസ്തുവാണ്. അത് എവിടെ കാണപ്പെട്ടാലും അവൻ അതു എടുത്തുകൊള്ളട്ടെ അതിന്റെ യഥാർത്ഥ ഉടമ അവനത്രെ (തിർമിദി).

**യുഗശബ്ദം**



# അൽപം ദൈവചിന്ത!

**വാഗ്ദത്ത മസീഹ്**

നശ്വരവും അഗണ്യവും ആയ കാര്യങ്ങൾ മോഹിച്ചു നിങ്ങൾ ദിനരാത്രങ്ങൾ തലയിട്ടടിക്കുന്നു. നിങ്ങളുടെ ജീവിതത്തിനും നിങ്ങളുടെ സകല ആശകൾക്കും ഒറ്റയടിക്ക് അവസാനമിടുന്ന ഒരു വേള എന്തായാലും വന്നെത്താനുണ്ടെന്നു നിങ്ങൾക്കറിയാമോ? എന്തൊരാശ്ചര്യം! എന്തൊരു ഹൃദയ കാഠിന്യം! ഈ അറിവ് ഉണ്ടായിട്ടും കാലമത്രയും ദുൻയാവ് നേടുന്നതിനു വേണ്ടിതന്നെ നശിപ്പിച്ചുകളയുന്നുവല്ലോ!.......... അല്ലാഹുവിന്റെ ദിവ്യപ്രസ്ഥാനത്തെ വളരെ ദുർബ്ബലം എന്നു നിങ്ങൾ കരുതിയിരിക്കുകയാണ്. അതിനെപ്പറ്റി സ്മരിക്കുമ്പോൾ നിങ്ങളുടെ നാവുകളെ നിന്ദാഭരിതമായ വാക്കുകളിൽ അഹങ്കാരത്തോടും അവജ്ഞയോടും കൂടി ചലിപ്പിക്കുകയും അപഹസിക്കുകയും ചെയ്യാൻ നിങ്ങൾ ധൃഷ്ടരാകുന്നു. ഈ പ്രസ്ഥാനം അല്ലാഹുവിൽ നിന്നുള്ളതാണെന്നു എന്തിന് കരുതണമെന്നു നിങ്ങൾ ആവർത്തിച്ചാവർത്തിച്ചു ചോദിക്കുന്നു. ഞാൻ അതിനുള്ള മറുപടി നൽകിക്കഴിഞ്ഞു. ഈ വൃക്ഷത്തെ ഇതിന്റെ ഫലങ്ങൾ നോക്കിയും ഈ നക്ഷത്രത്തെ ഇതിന്റെ തിളക്കം നേക്കിയും തിരിച്ചറിഞ്ഞുകൊള്ളണമെന്നാണ് എനിക്ക് പറയാനുള്ള മറുപടി.

(ഫത്ഹെ ഇസ്‌ലാം)

മുഖക്കുറിപ്പ്

# എൻ. അബ്ദുർറഹിം സാഹിബ്

40 വർഷം സത്യദൂതന്റെ പത്രാധിപ സ്ഥാനത്തിരുന്ന എൻ. അബ്ദുർറഹിം സാഹിബ് (79) 2006 ജൂൺ 24ന് ദിവംഗതനായി. ഇന്നാ ലില്ലാഹി... ഏതൊരു ആത്മീയ പ്രസ്ഥാനത്തിന്നും ഒരു ദേശവുമായി ബന്ധപ്പെട്ട അഗ്രഗാമികളുടേതായ ഒരു ക്ലാസിക്കൽ കാലഘട്ടമുണ്ടാകും. അതിമാനുഷ പരിവേഷത്തോടെ ഇതിഹാസ പുരുഷന്മാർ ഇത്തരം കാലഘട്ടത്തെ ചുറ്റിപ്പറ്റി തളിർക്കാറുണ്ട്. കേരളത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ അത്തരമൊരു ഐതിഹാസിക കാലഘട്ടത്തിലെ സജീവസാന്നിദ്ധ്യമായിരുന്നു എൻ. അബ്ദുർറഹിം സാഹിബ്. അദ്ദേഹം നിർവ്വഹിച്ച തുല്യതയില്ലാത്ത സാഹിത്യസേവനങ്ങൾ കേരളത്തിലെ അഹ്മദിയ്യാ ചരിത്രത്തിന്റെ ഭാഗമായി എക്കാലവും സ്മരിക്കപ്പെടും.

കഴിഞ്ഞ ദശകങ്ങളിൽ ഇസ്ലാമിനെതിരേയും റസൂൽ തിരുമേനി(സ)ക്കെതിരെയും മലയാളത്തിൽ ഉയർന്നുവന്ന വിമർശനങ്ങൾക്ക് അബ്ദുർറഹിം സാഹിബിനെപോലെ തൃപ്തികരമായ മറുപടി പറഞ്ഞവർ മറ്റാരുമില്ല. അഹ്മദിയ്യാ ജമാഅത്തിനെതിരെ ശത്രുക്കളുടെ മഹാപ്രസ്ഥാനങ്ങളും അതിപ്രശസ്തരായ പണ്ഡിതകേസരികളും നിർദയമായ വിമർശനങ്ങളും പരിഹാസങ്ങളുമായി സംഹാരഭാവത്തിൽ അണിനിരന്നപ്പോൾ ആ ധിഷണാശാലി നടത്തിയ പ്രത്യുത്തരങ്ങളും പ്രത്യാക്രമണങ്ങളും തങ്ങൾ അറിവിന്റെ തറവാട്ടിലെ അല്പ വിഭവന്മാരാണെന്ന് അവർക്ക് ബോദ്ധ്യപ്പെടുത്തിക്കൊടുത്തു. സത്യത്തിനുവേണ്ടി തൂലിക പടവാളാക്കി, ഖാലിദിബ്നു വലീദിന്റെ ഊർജ്ജസ്വലതയോടും, താരിഖിബ്നു സിയാദിന്റെ വൈദഗ്ദ്യത്തോടെയും, സുൽത്താൻ സലാഹുദ്ദീൻ അയ്യൂബിയുടെ പ്രാഗത്ഭ്യത്തോടെയും അദ്ദേഹം പൊരുതി ജയിച്ചു. പ്രസിദ്ധീകരണങ്ങൾ തുലോം വിരളമായ ആ കാലഘട്ടത്തിൽ സത്യദൂതനിലൂടെ ഘോഷണം ചെയ്യപ്പെട്ട അബ്ദുർറഹിം സാഹിബിന്റെ മേഘഗർജ്ജനം കേട്ട് മുസ്ലിം കേരളം അക്ഷരാർത്ഥത്തിൽ ഞെട്ടി വിറച്ചു. ആ പ്രതിഭാശാലിയുടെ അറിവിന്റെ സാഗരത്തിൽ നിന്നും ഉയർന്നുപൊങ്ങിയ ജ്ഞാനമേഘങ്ങൾ പെയ്യിച്ച പ്രതിഭാ വർഷം അഹ്മദിയ്യാ പ്രസ്ഥാനത്തോടൊപ്പം മുസ്ലിം കേരളത്തിന്റെ തന്നെ ജ്ഞാന പ്രബുദ്ധതക്ക് സഹായകരമായിട്ടുണ്ട്. ആധുനിക ശാസ്ത്രത്തിന്റെ പ്രാതിനിധ്യം അവകാശപ്പെട്ട് ഔദ്ധത്യത്തോടെ മതങ്ങളെ ആക്രമിച്ചുകൊണ്ടിരുന്ന നിർമ്മത നിരീശ്വരവാദപ്രസ്ഥാനങ്ങൾ യുക്തിബോധത്തിന്റെ അറ്റം കണ്ട ആ മഹാപ്രതിഭക്കു മുമ്പിൽ തോറ്റു തുന്നം പാറി. അബ്ദുർറഹിം സാഹിബിന്റെ പൊൻതൂലികയിൽ നിന്നും 60 ഓളം ചെറുതും വലുതുമായ പുസ്തകങ്ങളും വിവർത്തനങ്ങളും മലയാളത്തിന്ന് ലഭിച്ചിട്ടുണ്ട്. വിവാദ മർമ്മജ്ഞനും ശൈലിവല്ലഭനുമായ അദ്ദേഹത്തിന് മലയാളത്തിലെ തന്നെ ഇസ്ലാമിക സാഹിത്യത്തിന്ന് ദിശാബോധം നൽകാൻ കഴിഞ്ഞിട്ടുണ്ട്.

മതരംഗം മാത്രമായിരുന്നില്ല അദ്ദേഹത്തിന്റെ കേളീരംഗം. പത്രപ്രവർത്തകൻ എന്ന നിലക്ക് കണ്ണൂരിന്റെ പൊതുമണ്ഡലത്തിൽ നിറഞ്ഞുനിന്ന അബ്ദുർറഹിം സാഹിബിന്ന് മുസ്ലിം വൃത്തങ്ങളിൽ തന്നെ ഗുരുതുല്യം സ്നേഹിക്കുന്ന വിപുലമായൊരു ആരാധക വൃന്ദമുണ്ട്. പ്രഭാഷകൻ, സംഘാടകൻ, വിവർത്തകൻ, പ്രസംഗപരിഭാഷകൻ എന്നിങ്ങനെ ആ ബഹുമുഖപ്രതിഭ തൊട്ടതെല്ലാം പൊന്നാക്കി മാറ്റി.

മലയാളത്തിലെ ഏറ്റവും പഴക്കമേറിയ ഇസ്ലാമിക പ്രസിദ്ധീകരണമായ സത്യദൂതന്റെ നാല് പതിറ്റാണ്ടുകൾ അബ്ദുർറഹിം സാഹിബിന്റേതാണ്. ചോരയും വിയർപ്പും മഷിയാക്കി അദ്ദേഹം എഴുതി. സത്യദൂതനെ ജീവിതം നൽകി പ്രണയിച്ച ആ മഹാമനീഷിക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. സർവ്വശക്തനായ അല്ലാഹു അദ്ദേഹത്തിന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. അദ്ദേഹം വിട്ടുപോയ ജ്ഞാനനിക്ഷേപങ്ങൾ സത്യാന്വേഷികൾക്ക് സന്മാർഗ്ഗപാതയൊരുക്കാൻ കാരണമായി തീരട്ടെ. (ആമീൻ) ന

# ഭൗതികവിജ്ഞാനത്തിന്റെ പ്രസക്തി

**ഹദ്റത്ത് അഹ്മദ് (അ)**

നവീന ജ്ഞാനങ്ങൾ ആർജ്ജിക്കുന്നതിനെ എതിർക്കുന്ന മൗലവിമാർ പിഴച്ചവരാണെന്നു ഞാൻ കരുതുന്നു. തങ്ങളുടെ ബലഹീനതകൾ മറച്ചുവെക്കാൻ വേണ്ടിയാണ് അവരിങ്ങനെ പറയുന്നത്. ആധുനിക വിജ്ഞാനങ്ങളെ കുറിച്ചുള്ള ഗവേഷണങ്ങൾ തെറ്റിലേക്ക് നയിക്കുമെന്നും ആളുകളെ ഇസ്‌ലാമിൽ നിന്നു അകറ്റിക്കളയുമെന്നും ഇവർ കരുതുന്നു. യുക്തിയും സയൻസും ഇസ്‌ലാമുമായി പൊരുത്തപ്പെടുകയില്ലെന്ന വീക്ഷണം അവർ പുലർത്തുന്നതായിട്ടാണ് തോന്നുന്നത്. തത്വശാസ്ത്രങ്ങളുടെ ദൗർബ്ബല്യങ്ങൾ തുറന്നുകാട്ടാൻ അവർക്ക് കഴിവില്ലാത്തതുകൊണ്ട് ആധുനിക വിഷയങ്ങൾ പഠിക്കുന്നത് അനുവദനീയമല്ലെന്നു സിദ്ധാന്തിച്ചുകൊണ്ട് തങ്ങളുടെ വീഴ്ചകളെ മറച്ചുപടിക്കാൻ അവർ ശ്രമിക്കുകയത്രെ. തത്വശാസ്ത്രങ്ങളുടെ മുമ്പിൽ അവരുടെ ആത്മാക്കൾ വിറകൊള്ളുകയും നവംനവങ്ങളായ കണ്ടുപിടിത്തങ്ങൾക്ക് മുമ്പിൽ കുമ്പിടുകയും ചെയ്യുന്നു. ദിവ്യവെളിപാടുകളിലൂടെ ജന്മമെടുക്കുന്നതും വിശുദ്ധഖുർആനിൽ നിറഞ്ഞു തുളുമ്പുന്നതുമായ തത്വചിന്തകൾ അവർക്ക് പ്രദാനം ചെയ്യപ്പെട്ടിട്ടില്ല. അങ്ങേയറ്റത്തെ വിനയത്തോടും ശൂന്യഭാവത്തോടുംകൂടി ദൈവസവിധത്തിൽ പ്രണിപതിക്കുന്നവർക്കും എല്ലാത്തരം അഹങ്കാരങ്ങളിൽ നിന്നും മനസ്സും ഹൃദയവും മുക്തമായിട്ടുള്ളവർക്കും തങ്ങളുടെ ദൗർബ്ബല്യങ്ങൾ ഏറ്റുപറഞ്ഞുകൊണ്ടു യഥാർത്ഥ ദൈവദാസരെന്നു സവിനയം സമ്മതിക്കുന്നവർക്കുമത്രെ ഈ ദർശനങ്ങൾ അനുഗ്രഹിച്ചരുളപ്പെടുക.

മതത്തിന്റെ സേവനത്തിനും ദൈവവചനങ്ങളെ ഉയർത്തിപ്പിടിക്കുന്നതിനും എല്ലാ ആധുനികവിജ്ഞാനങ്ങളും ഏതു വിധേനയും പഠിക്കുകയും അവ ശ്രദ്ധാപൂർവ്വം ഗ്രഹിച്ചറിയുകയും ചെയ്യേണ്ടതു ആവശ്യമാണ്. ഈ പഠനം ഒരു വശത്തിൽ മാത്രം ഊന്നിക്കൊണ്ട് തുടർന്നുവന്നിട്ടുള്ളവരും സാത്വികരുമായി ബന്ധം പുലർത്താൻ ഇടവന്നിട്ടില്ലാത്തവരും അതിനുമുമ്പിൽ അറച്ചു നിൽക്കയും അങ്ങനെ ഇസ്‌ലാമിൽ നിന്നു വേർപ്പെട്ടുപോകയും ചെയ്തതായി എനിക്ക് തന്നെ അനുഭവിച്ചറിയാൻ കഴിഞ്ഞിട്ടുണ്ട്. തങ്ങളുടെ പഠനം ഇസ്‌ലാമിന് വിധേയമാക്കിത്തീർക്കുന്നതിനു പകരം ഇസ്‌ലാമിക തത്വങ്ങളെ ആധുനിക വിജ്ഞാനങ്ങൾക്ക് വിധേയമാക്കിത്തീർക്കാനുള്ള വ്യർത്ഥമായ ശ്രമത്തിൽ ഇവർ ഏർപ്പെടുകയും മതത്തിന്റെയും ജനസേവനത്തിന്റെയും കുത്തകകൾ തങ്ങൾക്കാണ് കൈവന്നിട്ടുള്ളതെന്നു സ്വയം ഭാവിക്കുകയും ചെയ്യുന്നു. എന്നാൽ, സ്വർഗ്ഗീയമായ പ്രകാശത്താൽ വഴിനടത്തപ്പെടുന്ന ആൾ മാത്രമാണ് മതസേവനങ്ങൾക്ക് പ്രാപ്തനായിട്ടുള്ളതെന്നു ധരിച്ചുകൊള്ളേണ്ടതാണ്. (മൽഫൂസാത്ത്, വാല്യം 1 ഭാ. 65-66)

m

## ചിന്തിച്ച് കാര്യം ഗ്രഹിക്കുക

താൻ ഉദ്ദേശിക്കുന്നവർക്ക് അവൻ യുക്തിജ്ഞാനം നൽകുന്നു. ആർക്കെങ്കിലും യുക്തിജ്ഞാനം നൽകപ്പെട്ടാൽ അവനു വളരെയധികം നന്മകൾ നൽകപ്പെട്ടു. ബുദ്ധിമാന്മാരല്ലാതെ ആരും തന്നെ ചിന്തിച്ചു കാര്യം ഗ്രഹിക്കുന്നില്ല.

***വിശുദ്ധ ഖുർആൻ (2:270)***

**REVELATION RATIONALITY KNOWLEDGE AND TRUTH**

# മാർക്സിസവും ദ്വന്ദാത്മക ഭൗതികവാദവും

**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്**

**ആശയമോ വസ്തുവോ ഏതാണ് ആദ്യമുണ്ടായത് എന്ന ക്രമാനുഗതികത്വത്തിന്റെ കേവലയാന്ത്രിക ചർച്ചയല്ലാതെ ദ്വന്ദാത്മക ഭൗതികവാദം മറ്റൊന്നുമല്ല. നൈതികമായ ധാർമ്മികത ദൈവികമാണെന്ന് പറഞ്ഞ് നിരാകരിക്കുന്ന മാർക്സിസത്തിന് അതിന്റെ സാമൂഹിക ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ ധാർമ്മിക പ്രതിബദ്ധത ആവശ്യമില്ലേ?**

പത്തൊമ്പതാം നൂറ്റാണ്ടിലെ നാസ്തിക തത്ത്വശാസ്ത്രജ്ഞന്മാരിൽ **മാർക്സി*** (1818-1883)നെ അദ്ദേഹത്തിന്റെ തന്നെ അവകാശവാദമനുസരിച്ച് പ്രത്യേകമായി വിലയിരുത്തപ്പെടേണ്ടതുണ്ട്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ദൈവനിഷേധം എന്നത് കേവലം യാദൃശ്ചികമല്ല. അത് മാർക്സിസ്റ്റ് തത്ത്വശാസ്ത്രത്തിന്റെ അവിഭാജ്യമായ ഘടകമാണ്. മതത്തിനാകട്ടെ മാർക്സിയൻ തത്ത്വശാസ്ത്രത്തോടൊപ്പം ഒരിക്കലും തന്നെ പൊരുത്തപ്പെട്ടു പോകാൻ സാധ്യവുമല്ല. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മനുഷ്യരെല്ലാം അവരെ ഭരിക്കുന്ന സാമൂഹിക സാമ്പത്തിക നിയമങ്ങളുടെ കീഴിൽ പരസ്പരം പ്രതിപ്രവർത്തിക്കുന്ന മൂലകങ്ങൾ പോലെയാണ്. അവർ തങ്ങളുടെ പ്രകൃതിജന്യമായ സ്വാഭാവികഗതി വികലമാക്കാതിരിക്കാൻ മതങ്ങളുടെ സ്വാധീനങ്ങളിൽ നിന്നും നിർമുക്തമാവേണ്ടതുണ്ട്. മാർക്സിനെ സംബന്ധിച്ചിടത്തോളം വെളിപാടും അന്തഃപ്രചോദനവും തത്ത്വചിന്തയുടെ നിഘണ്ഡുവിലില്ലാത്ത പദങ്ങളാണ്.

മാർക്സ് കഴിഞ്ഞാൽ പിന്നെ തന്റെ വ്യതിരിക്തമായ വ്യക്തിത്വവുമായി പ്രമുഖമായി നിൽക്കുന്നത് **നീഷെ***യാണ്. 'ദൈവം മരിച്ചു പോയി' എന്ന് അദ്ദേഹം പ്രഖ്യാപിക്കുന്നത് വരെ അല്ലെങ്കിൽ അദ്ദേഹം ചിന്തിക്കുന്നത് വരെ, മൂർച്ചയേറിയ ആയുധം പോലെയുള്ള നീഷെയുടെ തൂലികയുടെ മുഖ്യ ഇരയും ദൈവം തന്നെ ആയിരുന്നു. വാസ്തവത്തിൽ

***കാറൽ മാർക്സ് (Karl Marx 1818-1883)**: ജർമ്മൻ തത്ത്വചിന്തകനും ധനശാസ്ത്രജ്ഞനും സാമൂഹികസൈദ്ധാന്തികനുമായ കാറൽമാർക്സ് പ്രഷ്യയിലെ ത്രീർ നഗരത്തിൽ ജനിച്ചു. യഹൂദനായ മാർക്സി ന്റെ അച്ഛൻ 1824ൽ പ്രൊട്ടസ്റ്റന്റ് മതം സ്വീകരിച്ച ഒരഭിഭാഷകനായിരുന്നു. തത്ത്വചിന്ത, ധനശാസ്ത്രം, രാഷ്ട്രീ യം എന്നീ മൂന്ന് ധാരകളെ സമന്വയിപ്പിച്ചുകൊണ്ടുള്ള കമ്യൂണിസം എന്ന ആദർശത്തിന്റെ ഉപജ്ഞാതാവായിരുന്നു മാർക്സ്. 'സർവ്വലോക തൊഴിലാളികളെ സംഘടിക്കുവിൻ' എന്ന മുദ്രാവാക്യമുയർത്തിക്കൊണ്ട് 1848ൽ അദ്ദേഹം ഏൻഗെൽസുമായി ചേർന്ന് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ എന്ന ലഘുകൃതിപുറത്തിറക്കി. ഇതിന്നായി അദ്ദേഹം ഒന്നാം ഇന്റർനാഷണൽ എന്ന പേരിൽ സാർവ്വദേശീയ സംഘടനയും രൂപീകരിച്ചു. മുതലാളിത്വത്തിന്റെ ചൂഷണം തുറന്നുകാട്ടാൻ 1867ൽ പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ പ്രകൃഷ്ട കൃതിയാണ് 'മൂലധനം'. ഇരുപതാം നൂറ്റാണ്ടിന്റെ ചരിത്രത്തെ മാർക്സിസം ഗണ്യമായി സ്വാധീനിക്കുകയുണ്ടായി. മാർക്സിയൻ രാഷ്ട്രീയ സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ ആവിഷ്കരിച്ച കമ്യൂണിസ്റ്റ് രാജ്യങ്ങൾ ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ തന്നെ തകർന്നടിയുകയും അവശേഷിക്കുന്നതിന് മുതലാളിത്വപാതയിലേക്കു തന്നെ ഗതിമാറ്റം സംഭവിക്കുകയും ചെയ്തു. ജീവിതത്തിൽ ധാരാളം ദുരിതങ്ങളും കഷ്ടപ്പാടുകളും സഹിച്ച മാർക്സ് തന്റെ ബാല്യകാല സഖിയായിരുന്ന ജെന്നി ഫൊൺ വെസ്ത് ഫാലനെയാണ് വിവാഹം ചെയ്തത്. 1881ൽ അവർ മരിച്ചു. ദാരിദ്ര്യം കാരണം മക്കളിൽ പലരും ബാല്യദശയിൽ തന്നെ മരിച്ചു. 1883 മാർച്ച് 14ന് മാർക്സ് ലണ്ടനിൽ വെച്ച് മരിച്ചു.

*** നീഷെ, ഫ്രീഡ്റിക് വിൽഹെം (Niezche Friedrich Wilhdm - 1844 - 1900)**: ജർമ്മൻ ദാർശനികൻ - നിലവിലുള്ള മതരാഷ്ട്രീയ തത്ത്വസംഹിതകൾ മനുഷ്യന്റെ സ്വതന്ത്രമായ വളർച്ചക്കു തടസ്സമാണെന്ന് അദ്ദേഹം വിശ്വസിച്ചു. ആയതിനാൽ അതിനെയൊക്കെ അതിനിശിതമായി വിമർശിക്കുകയും നിഷേധിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ സാധാരണജനങ്ങൾ പരമ്പരാഗത മാതൃകയിൽ ജീവിതം ഒടുക്കുന്നു. അതിമാനുഷരാകട്ടെ പൂർണ്ണസ്വാതന്ത്ര്യത്തിന് അവസരം കണ്ടെത്തുന്നു. ക്രിസ്തുമതത്തെയും ധാർമ്മികസംഹിതകളേയും കടന്നാക്രമിച്ച നീഷെ ഒരു മാസ്റ്റർ മൊറാലിററിയാണ് ശുപാർശ ചെയ്തത്. ഫാഷിസത്തിന്റെ ആശയരൂപീകരണത്തിന് നീഷെയുടെ തത്ത്വശാസ്ത്രം ഗണ്യമായി സ്വാധീനിച്ചിട്ടുണ്ട്. ജീവിതത്തിലുടനീളം രോഗാതുരനായിരുന്നു നീഷെ. ഇടക്ക് ബാധിച്ച മാനസികാസ്വാസ്ഥ്യത്തിൽ നിന്നും അദ്ദേഹം മരണം വരെ മുക്തനായിരുന്നില്ല.

ക്രി സ്ത്യൻ ദൈവശാസ്ത്ര സിദ്ധാന്തത്തിനകത്തുള്ള ദൈവത്തെയല്ലാതെ അതിനപ്പുറത്തുള്ള ദൈവത്തെ അദ്ദേഹത്തിന്നറിയില്ലായിരുന്നു. ആ ദൈവത്തെ ആയിരുന്നു അദ്ദേഹത്തിന്റെ യുക്തി ഖണ്ഡഗം വധക്രിയക്ക് വിധേയമാക്കിയത്. **കീർഗെഗാദ്*** ക്രിസ്തീയ പുരോഹിതന്മാരെ താക്കീത് ചെയ്തത് എത്രയും ശരിയാണെന്ന് പിന്നീട് തെളിയുകയുണ്ടായി. അതായത് ദിവ്യത്രിത്വത്തിലെ നിഗൂഢതക്കെതിരെയുള്ള വിമർശനങ്ങളെ യുക്തി കൊണ്ട് പ്രതിരോധിച്ച് പ്രയാസങ്ങൾ ക്ഷണിച്ചുവരുത്തുന്നതിനേക്കാൾ നല്ലത് അതിനു നേരെ മൗനം പാലിക്കുന്നതാണ് എന്നായിരുന്നു കീർഗെഗാദിന്റെ ഉപദേശം.

വാസ്തവത്തിൽ അസംബന്ധത്തോളമെത്തിനിൽക്കുന്ന ക്രി സ്തുസഭയുടെ ഇതിഹാസവത്കരിക്കപ്പെട്ട ദൈവസങ്കല്പമാണ് അക്കാലത്തെ മിക്കവാറും യൂറോപ്യൻ തത്ത്വശാസ്ത്രജ്ഞന്മാരെ ദൈവനിഷേധത്തിലേക്ക് ആനയിച്ചത്. മറ്റു നാസ്തികരായ തത്ത്വശാസ്ത്രജ്ഞന്മാരിൽ ഒരു പക്ഷേ **സാർത്ര്*** (1905–1980) ആയിരിക്കും ഏറ്റവും താല്പ ര്യം ജനിപ്പിക്കുന്നതും കൗതുകമുളവാക്കുന്നതുമായ വ്യക്തി. അഗാധമായ തത്ത്വങ്ങൾ ആവഹിക്കുന്ന ലളിത ശൈലികൾ രൂപപ്പെടുത്തേണ്ടതെങ്ങനെയെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. മനുഷ്യൻ അവന്റെ സ്വാതന്ത്ര്യത്തിന്റെ നിസ്സഹായാവസ്ഥയിൽ ദൈവരഹിതമായ ഒരു പ്രപഞ്ചത്തിലേക്ക് സ്വയം മാറ്റപ്പെടുന്നുവെന്ന് അദ്ദേഹം ആശ്ചര്യപ്പെടുന്നു. അദ്ദേഹം പറയുന്നു:

*'മനുഷ്യൻ സ്വതന്ത്രനാവാൻ വേണ്ടി ശപിക്കപ്പെട്ടിരിക്കുന്നു.'* **(Man is condemned to be free )**

ഇവിടെ അദ്ദേഹം അർത്ഥമാക്കുന്നത്, മനുഷ്യന് സ്വയം തിരഞ്ഞെടുക്കുന്നതിന്റെ ഉത്തരവാദിത്വം മറ്റെല്ലാവരുടേയും ചുമലുകളിലാണ് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്നത് എന്നാണ്. അവൻ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളിയും ഇതാകുന്നു. അസ്തിത്വത്തിന്റെ ശോകനിർഭരമായ കിരാത ലോകത്ത് അവനെ സഹായിക്കാനും അവന്റെ ചുവടുവെപ്പുകളെ വഴികാണിക്കാനും മറ്റാരുമില്ല. അബ്രഹാമിന്റെ കഥയെ വ്യാഖ്യാനിച്ചുകൊണ്ട് അദ്ദേഹം വിവരിക്കുന്നത് മാലാഖമാരുടെ സാന്നിദ്ധ്യം ഒരു മാനസിക പ്രതിഭാസമാണെന്നാണ്. അബ്രഹാമിന് മാലാഖമാർ കൊണ്ടുവന്ന ദിവ്യ വെളിപാടുകൾ അദ്ദേഹത്തിന്റെ ആത്മാവിന്റെ ആശങ്കകൾ മാത്രമായിരുന്നുവെന്നാണ് സാർത്രിന്റെ അഭിപ്രായം. സാർത്രിന്റെ വിശദീകരണം നാം തെറ്റായി കണക്കാക്കിയേക്കാം. എങ്കിലും തീഷ്ണ വിക്ഷുബ്ധിയിൽ പൊട്ടിത്തെറിക്കുന്ന അദ്ദേഹത്തിന്റെ നിരാശക്കും കൊടുംപകയ്ക്കും നാം പരിഗണന നൽകേണ്ടതുണ്ട്. ദൈവരഹിതമായ തന്റെ തത്ത്വശാസ്ത്രത്തിന്റെ അതിതീവ്രമായ ഉത്കണ്ഠയും ക്ഷോഭങ്ങളും ഏറെ സഹിച്ചയാളായിരിക്കണം സാർത്ര്. ആയതിനാൽ ആത്മാവിന്റെ ഉത്കണ്ഠ എന്നത് കൂടുതൽ ചേരുക അദ്ദേഹത്തിന് തന്നെയാണ്. ആത്മാവ് ഉണ്ടെന്നു ഒരു നിരീശ്വരവാദി എപ്പോഴെങ്കിലും അംഗീകരിക്കുമെങ്കിൽ 'വെളിപാടുകൾ' 'ആത്മാവിന്റെ ഉത്ക്കണ്ഠ'യാണ്' എന്ന ഒരു നാസ്തികവാദിയുടെ വീക്ഷണ കോണിൽ നിന്നുള്ള ഈ പ്രസ്താവന അഗാധമായ അർത്ഥതലങ്ങൾ വെളിപ്പെടുത്തുന്ന ഒന്നാണ്. **ബെർണാഡ് ഷാ*** സാർത്രിനോട് അടുത്ത് നിൽക്കുന്ന ഒരു തത്ത്വചിന്തകനാണ്. പക്ഷേ തികച്ചും സാർത്രിനെ പോലെയല്ല ബർണാഡ്ഷാ. വെളിപാടിനെ 'ഉൾവിളി' (inner voice) എന്ന് അദ്ദേഹം നിർവ്വചിക്കുമ്പോൾ സാർത്രിന്റെ ചിന്തയുടെ യത്ര തന്നെ അഗാധതയും ശക്തിയും ഇല്ലാത്തതാണെങ്കിലും ഒരു നാടക കൃത്തിന്റെ ശൈലിപരമായ പരാമർശമായി പരമാവധി നമുക്കതിനെ കാണാം. തന്റെ വാക്കിലും പ്രവൃത്തിയിലുമെല്ലാം സാർത്രിന് അന്തഃപ്രചോദനവും വെളിപാടും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുന്നതിൽ പരാജിതനായി. അദ്ദേഹത്തിന്റെ തത്ത്വചിന്തയിൽ അത്തരം സംജ്ഞകൾക്ക് സ്ഥാനമില്ലായിരുന്നു. അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം അസ്തിത്വം എന്നത് ആത്മാവിന്റെ വേദന മാത്രമായിരുന്നു. നിരാശയുടെ കൊടുമുടിയിൽ തീപിടിച്ച വാക്കുകളായി അത് ഇടക്കിടെ അദ്ദേഹത്തിൽ നിന്നും പുറത്തേക്ക് ഉത്സർജിച്ചു. അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം ഉന്നതങ്ങളിൽ നിന്ന് വെളിപാടുകൾ ലഭിക്കാനില്ല. ഉയരുന്നതെല്ലാം ആഴമേറിയ ഇച്ഛാഭംഗത്തിൽ നിന്നുള്ളത് മാത്ര

***കീർകെ ഗാദ് സോറൻ ആബേ (Kierkegaad Soren Aabye - 1813 - 1855):** വ്യക്തിയുടെ അസ്തിത്വം അഭിരുചി, പ്രതിബദ്ധത, മുതലായ വിഷയങ്ങളെ ആധാരമാക്കി ചിന്തിച്ച അസ്തിത്വവാദി. ക്രിസ്തുമതത്തിന്റെ പൂർവ്വാപര വൈരുദ്ധ്യങ്ങൾ ചൂണ്ടിക്കാട്ടി അത് യുക്തിയുമായി സമരസപ്പെടുത്തേണ്ടതിന്റെ ആവശ്യകത അദ്ദേഹം ചൂണ്ടിക്കാട്ടി. അദ്ദേഹത്തിന്റെ Fear and Trembling എന്ന പുസ്തകത്തിൽ ബൈബിൾ ഉല്പത്തി കഥയിലെ അബ്രഹാമിനോടു സ്വന്തം മകനെ നിഗ്രഹിക്കാൻ കല്പിച്ച ദൈവത്തിന്റെ നീതിതത്ത്വത്തെ നിശിതമായി വിമർശിക്കുന്നുണ്ട്.

***സാർത്ര് ജീൻ പോൾ (Sartre Jean - Paul - 1905 -1980)** ഈശ്വരനിഷേധിയായ ഫ്രഞ്ച് ദാർശനികനും സാഹിത്യകാരനുമായ വിവാദപുരുഷൻ. 1964ൽ സാഹിത്യത്തിനുള്ള നോബൽ സമ്മാനം ലഭിച്ചുവെങ്കിലും സമ്മാനം നിരസിച്ചു. അസ്തിത്വവാദത്തിന്റെ പ്രയോക്താക്കളിൽ ഏറ്റവും പ്രമുഖൻ. സ്വന്തം വിധിയുടെ കർത്താവ് മനുഷ്യൻ തന്നെയാണെന്ന് പ്രഖ്യാപിച്ചു. രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്ത അദ്ദേഹം നാസി പാളയത്തിൽ പീഡനമേറ്റിട്ടുണ്ട്. മനുഷ്യൻ അവന്റെ പ്രവൃത്തിയുടെ ആകെ തുകയാണെന്നും പ്രവൃത്തികൾക്കപ്പുറം ജീവിതമില്ലെന്നും അദ്ദേഹം വിശ്വസിച്ചു. തന്റെ അസ്തിത്വവാദം പ്രമേയമാക്കി നാടകങ്ങളും നോവലുകളും അദ്ദേഹം രചിച്ചു. 1943ൽ Being and Nothingness എന്ന ഗ്രന്ഥം രചിച്ചു. എഴുത്തുകാരിയായ സിമോങ്ങ് ഡിബുവ്വ ജീവിത സഖിയായിരുന്നുവെങ്കിലും വിവാഹം കഴിച്ചിരുന്നില്ല. അവസാനകാലത്ത് അന്ധനായിരുന്നു.

***ജോർജ് ബർണാഡ് ഷാ (George Bernard Shaw - 1856-1950)**അയർലണ്ടിൽ ജനിച്ച ഇംഗ്ലീഷ് സാഹിത്യകാരൻ. ഷേക്സ്പിയറിന് ശേഷം ഏറ്റവും പ്രഗത്ഭനായ നാടകകൃത്താണ് ഷാ. 1925നു നോബൽസമ്മാനം നേടി. സ്ഥാപനവത്കരിക്കപ്പെട്ട എല്ലാറ്റിനേയും രൂക്ഷമായആക്ഷേപഹാസ്യത്തിലൂടെ വിമർശിച്ച ബർണാഡ്ഷാ തന്റെ നാടകങ്ങളിൽ സാമൂഹികവിമർശനങ്ങൾ ഉൾപ്പെടുത്തിയിരുന്നു. വിപ്ലവമാർഗ്ഗത്തെ തിരസ്കരിച്ച ഫേബിയൻ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ മുഖ്യ വക്താവായിരുന്നു ബർണാഡ് ഷാ.

മാണ്.

**ഹെഗേൽ*** (1770–1831) മറ്റൊരു ആഞ്ജേയ (Agnostic) വാദിയാണ്. അദ്ദേഹത്തിന്റെ ദൈവ നിഷേധം അത്രമാത്രം കഠിന തരമോ പ്രതിബദ്ധാത്മകമോ അല്ല. അദ്ദേഹത്തിന്റെ തത്ത്വചിന്ത നേരിട്ട് മതവിഷയങ്ങളുമായി ബന്ധപ്പെടുന്നതുമല്ല. ആത്മ നിഷ്ഠതയും വസ്തു നിഷ്ഠതയും തമ്മിലുള്ള ബന്ധം സ്ഥാപിക്കുന്നതിലുള്ള അദ്ദേഹത്തിന്റെ ശ്രമമാണ് തത്ത്വശാസ്ത്രത്തിൽ അദ്ദേഹം നൽകിയ ഏറ്റവും അമൂല്യമായ സംഭാവന.

ഒരു തലമുറയിലെ ആശയങ്ങളും തുടർന്നു വരുന്ന തലമുറയിലെ ആശയങ്ങളും തമ്മിലുണ്ടാകുന്ന ദ്വന്ദാത്മക സംഘട്ടന (Dialectical Conflict) മായിരുന്നു ആദ്യം അദ്ദേഹം അവതരിപ്പിച്ചത്. ഇതാണ് തിസീസും ആന്റി തിസീസും അടങ്ങിയ ഹെഗേലിയൻ വൈരുദ്ധ്യവാദം എന്ന് അറിയപ്പെടുന്നത്. ആശയങ്ങളുടെ സംഘട്ടനത്തിൽ അദ്ദേഹം വിശ്വസിച്ചു. ഇതിനർത്ഥം പരസ്പരം വിപരീത (Contrary)വും പക്ഷേ വൈരുദ്ധ്യാത്മകമല്ലാത്തതുമായ (Contradictory) ആശയങ്ങൾ മേധാവിത്വത്തിനു വേണ്ടി നിരന്തരം ദ്വന്ദാത്മക സമരത്തിലേർപ്പെടുന്നു എന്നാണ്.

ഹെഗേലിന്റെ സിദ്ധാന്ത പ്രകാരം തൊട്ടുമുമ്പത്തെ വൈരുദ്ധ്യാത്മക പ്രക്രിയയിൽ നിന്നും ഉന്നത ആശയങ്ങൾ അനിവാര്യമായും ജന്മം കൊള്ളുന്നു. ഇങ്ങനെ പൂർവ്വ പ്രക്രിയയിൽ രൂപം കൊണ്ട തിസീസ് മറ്റൊരു ആന്റി തിസീസിന് യഥാക്രമം രൂപം കൊടുക്കുന്നു. അങ്ങനെ സന്തുലനാത്മകമായ ഒരു തിസീസ് രൂപം പ്രാപിക്കുന്നത് വരെ ഈ പ്രക്രി യ തുടരുന്നു. ഇങ്ങനെ സ്ഥൈര്യം പ്രാപിച്ച തിസീസ് ധനാത്മകമായും കൂടുതൽ നിലനിൽക്കുന്നതുമായ വസ്തുനിഷ്ഠാ യാഥാർത്ഥ്യത്തിന്റെ സ്വഭാവം വെളിപ്പെടുത്തുന്നു.

ജ്ഞാനം ആർജിക്കുന്നതിന് താർക്കിക യുക്തിക്കുള്ള പങ്ക് സ്ഥാപിക്കുന്നതിന് അദ്ദേഹം ഈ രീതിയാണ് അവലംബിക്കുന്നത്. എന്തുതന്നെയായാലും വസ്തുനിഷ്ഠാപരമായ ഒരു വ്യവസ്ഥയിൽ മാത്രമേ ഈയൊരു രീതി സാധ്യമാവുകയുള്ളൂ. അമൂർത്തമായ വ്യവസ്ഥയിൽ ഈ രീതി സാധ്യമല്ല. ഈ ആശയ സംഘട്ടനത്തിന്റെ ആത്യന്തിക ഫലം കേവല ആശയത്തിന്റെ ഉത്ഭവമായിരിക്കുമെന്ന് അദ്ദേഹം പറയുന്നു. ഇതായിരുന്നു ആത്യന്തിക പ്രാപഞ്ചിക സത്യത്തെപ്പറ്റിയുള്ള ഹെഗേലിയൻ സങ്കല്പം. അദ്ദേഹത്തിന്റെ അഭിപ്രായ പ്രകാരം ചരിത്രമെന്നത് ആശയങ്ങളുടെ പ്രസ്ഥാനമല്ലാതെ മറ്റൊന്നുമല്ല. തിസീസും ആന്റി തിസീസും ഉദ്ഗ്രഥിച്ച് സിന്തസിസ് ആയി തീരുന്നു. ലെനിന്റെ വാക്കുകളിൽ ഹെഗേൽ ഇപ്രകാരം വിശ്വസിച്ചതായി പറയുന്നു:

*മനുഷ്യൻ അവന്റെ ചിന്തകളിലൂടെ ലഭിക്കുന്ന ഈ തിരുത്തലുകൾ സ്വീകരിച്ചും തിരസ്കരിച്ചും അവന്റെ പ്രവർത്തനങ്ങളിലും സാങ്കേതിക ജ്ഞാനത്തിലും പ്രയോഗിക്കുന്നു. ഇങ്ങനെയാണ് മനുഷ്യൻ വസ്തുനിഷ്ഠാ യഥാർത്ഥ്യത്തിലേക്ക് ചെന്നെത്തുന്നത്.*

ഹെഗേലിനെ സംബന്ധിച്ചേടത്തോളം ഭൗതികമായ അനുഭവ ലോകവുമായി ബന്ധമില്ലാത്ത എല്ലാ ആശയ സിദ്ധാന്തങ്ങളും ഗൗരവതരമായ യാതൊരു പര്യാലോചനക്കും യോഗ്യമല്ല. അതിന്റെ പ്രാധാന്യത്തെപ്പറ്റിയുള്ള എല്ലാ ചർച്ചയും വെറുമൊരു അക്കാദമിക് താല്പര്യത്തെ മുൻനിർത്തിയുള്ള വ്യായാമം മാത്രമാണ്.

ഹെഗേലിന്റെ തത്ത്വചിന്ത പ്രയുക്തമാക്കിക്കൊണ്ട് മനുഷ്യ യുക്തിയുടെ അടിസ്ഥാനത്തിലുള്ള പരീക്ഷണാത്മകമായ ഒരു നൂതന ജീവിത സംഹിത മനുഷ്യന് സമ്മാനിച്ചത് കാറൽ മാർക്സായിരുന്നു. തികച്ചും ഭൗതികമായ ചിന്തയോടുകൂടി ആരംഭിച്ച അത് വളരെ വേഗത്തിൽ സമൂഹത്തിന്റെ ആദരം നേടിയെടുത്തു. അങ്ങനെ ദൈവ നിഷേധത്തിൽ മനുഷ്യകൃതമായ ഒരു സാമൂഹിക-രാഷ്ട്രീയ മതം ജന്മം കൊണ്ടു. മാർക്സിയൻ പണ്ഡിതന്മാർ അടിസ്ഥാനപരമായി ഹെഗേലിയൻ വീക്ഷണങ്ങളോട് യോജിപ്പുള്ളവരാണ്. അവർ സനാതന സത്യങ്ങൾ എന്ന സങ്കല്പത്തെ നിരാകരിക്കുകയുണ്ടായി. വസ്തുനിഷ്ഠാ സത്യങ്ങൾ കേവലമായിരിക്കണമെന്ന തത്വം അവർ അംഗീകരിച്ചില്ല. അത് എപ്പോഴും ചില സാഹചര്യങ്ങളോടും സന്ദർഭത്തോടും ബന്ധപ്പെട്ടതാണെന്നായിരുന്നു അവരുടെ വീക്ഷണം.

സോഷ്യലിസ്റ്റ് ചിന്തകന്മാരിൽ **എൻഗെൽസാ***ണ് കേവലസത്യം എന്ന ആശയത്തെ അംഗീകരിക്കുന്നത്. അദ്ദേഹം ബഗ്ദനോവിന്റെ വിമർശനവും ഏറ്റു വാങ്ങുന്നുണ്ട്. മിക്ക കമ്മ്യൂണിസ്റ്റ് തത്ത്വ ചിന്തകന്മാരെ സംബന്ധിച്ചേടത്തോളവും സത്യമെന്നാൽ ഒരു നിശ്ചിത സമയത്തിലും സാഹചര്യത്തിലും നടത്തുന്ന വസ്തുനിഷ്ഠാ പഠനങ്ങളിൽ നിന്നും ലഭിക്കുന്ന ജ്ഞാനത്തിന്റെ പേരാണ്. ഈ നിശ്ചിത പരിമിതിക്കുള്ളിൽ, സത്യം ജ്ഞാനമാണ് ജ്ഞാനം സത്യവുമാണ്. അപ്രകാരം എപ്പോഴും മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങൾക്കനുസരിച്ച് നിരന്തരം മാറിക്കൊണ്ടിരിക്കുന്ന വസ്തുനിഷ്ഠാ യാഥാർത്ഥ്യമായി ജ്ഞാനത്തെ നിർവ്വചിക്കാവുന്നതുമാണ്.

---

***ഹെഗൽ ജോർജ് വിൽ ഹെം. ഫ്രീ ഡ്റിക് (Hegal, George Withelm Friedrich 1770 -1831)** : ജർമ്മൻ തത്ത്വചിന്തകൻ. കാൾമാർക്സിന്റെ തത്ത്വചിന്തയെ വലിയ തോതിൽ സ്വാധീനിച്ചു. വൈരുദ്ധ്യാത്മകതയിലൂടെയാണ് എല്ലാ വികാസങ്ങളും ഉണ്ടാവുന്നതെന്നും തീസിസ് ആന്റിതീസിസ്, സിന്തെസിസ് എന്നിവയാണ് വൈരുദ്ധ്യാത്മക ഭൗതികവാദത്തിന്റെ അടിസ്ഥാന സ്വഭാവമെന്നും അദ്ദേഹം കണ്ടു.

* **ഏൻഗെൽസ് ഫ്രീഡ്റീഗ് (Engels Friedrich - 1820 - 1895)** ജർമ്മൻ ദാർശനികൻ. മാർക്സിന്റെ ഉറ്റമിത്രം. മാർക്സിനെ പോലെ ഹെഗേലിന്റെ ദർശനത്തിൽ ആകൃഷ്ടനായി. മുതലാളിത്വത്തിന്റെ സാമ്പത്തികാപഗ്രഥനത്തിൽ മാർക്സും ചരിത്രാപപ്രഥനങ്ങളിൽ ഏൻഗൽസും മുഴുകി. കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ അവർ രണ്ടും പേരും ചേർന്നാണ് എഴുതിയത്. മാർക്സിന്റെ മരണശേഷം 'മൂലധനം' പ്രസിദ്ധീകരിച്ചത് എൻഗെൽസാണ്. മാർക്സിനെ സാമ്പത്തികമായി ധാരാളം സഹായിച്ച ഏൻഗെൽസ് ഇംഗ്ലണ്ടിലെ ധനികനായ ഒരു മില്ലുടമയായിരുന്നു. ഏൻഗെൽസും മികച്ച കൃതികൾ രചിച്ചിട്ടുണ്ട്.

ഏറെ താമസിയാതെ ഈ ഭൗതിക വാദതത്ത്വശാസ്ത്രം ഒരു മതകീയ ജീവിത രീതിയായി മാറി. ഈ ദൈവരഹിത മതത്തിന്റെ മുഖ്യ പുരോഹിതൻ മാർക്സാണ്. അതേപോലെ അദ്ദേഹത്തിന്റെ വെളിപ്പെടുത്തലുകൾ മതപരമായ അരുളപ്പാടുകളെ പോലെയുമായി. അദ്ദേഹത്തിലേക്ക് നാം ആഴമേറിയ ഒരു പഠനത്തിനായി തിരിയേണ്ടതുണ്ട്. ലോകത്തിന്റെ മുഖഛായ മാറ്റി തീർത്തത് വൈരുദ്ധ്യാത്മക ഭൗതികവാദത്തിന്റെ പ്രവർത്തനം കൊണ്ടല്ല. മറിച്ച് അദ്ദേഹത്തിന്റെ ആശയങ്ങളുടെ ആകർഷണീയമായ നല്ല വശങ്ങൾക്കൊണ്ടാണ്.

മനുഷ്യന്റെ ആശയങ്ങളുടെയും വിശ്വാസങ്ങളുടെയും സംഘർഷ വേദിയിൽ മതം ഒരറ്റത്ത് നിലയുറപ്പിക്കുന്നു. വെളിപാടുകളാണ് ഏറ്റവും മൂല്യവത്തായ മാർഗ്ഗദർശന തത്ത്വം എന്ന നിലപാടിലൂന്നിക്കൊണ്ടാണ് മതം നിൽക്കുന്നത്. വെളിപാടു സത്യങ്ങളെ പൂർണ്ണമായും നിരാകരിച്ചുകൊണ്ട് മാർക്സിസം മറ്റൊരറ്റത്തും നിൽക്കുന്നു. ഇത് രണ്ടിനുമിടയിൽ ധാരാളം തത്ത്വചിന്തകളുമുണ്ട്. ചിലത് മതത്തിനോട് അടുത്തു നിൽക്കുന്നു. ചിലത് മാർക്സിസത്തിനോടും അടുത്ത് നിൽക്കുന്നു. പക്ഷേ മതത്തിന് വേണ്ടി നിലകൊള്ളുന്നതിന്റെയെല്ലാം സമ്പൂർണവും കേവലവുമായ നിഷേധം മാർക്സിയൻ ഫിലോസഫിയിലെ വൈരുദ്ധ്യാത്മക ഭൗതികവാദത്തിലും ശാസ്ത്രീയ സോഷ്യലിസത്തിലുമല്ലാതെ മറ്റെങ്ങും കണ്ടിട്ടില്ല.

എല്ലാ യൂറോപ്യൻ തത്ത്വശാസ്ത്രജ്ഞന്മാരിൽ വെച്ച് ഏറ്റവും സൂത്രശാലിയും വസ്തുനിഷ്ഠാവാദിയുമായിരുന്നു മാർക്സ്. എങ്കിലും സ്വയം ആശയവാദിയായിരുന്ന അദ്ദേഹം തന്റെ ആശയവാദത്തെപറ്റി ഒരിക്കലും കുറ്റസമ്മതം നടത്തിയിട്ടില്ല. ദൈവത്തിനും മതത്തിനുമെതിരെയുള്ള തത്ത്വശാസ്ത്ര തന്ത്രങ്ങളിൽ അതീവ സമർത്ഥനുമായിരുന്നു അദ്ദേഹം. അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം ദൈവമോ വെളിപാടുകളോ നിരർത്ഥകമാണ്. അതുപോലെ അന്തർപ്രചോദനത്തിനും അദ്ദേഹത്തിന്റെ തത്ത്വശാസ്ത്രത്തിൽ സ്ഥാനമില്ല. ഹെഗേലിന്റെ ആശയവാദത്തോടും അദ്ദേഹം യോജിച്ചില്ല. ഹെഗേലിന്റെ ആശയ വാദത്തിന് മുമ്പ് വസ്തുനിഷ്ഠാ യാഥാർത്ഥ്യമുണ്ടെന്നും അതുമായി പ്രതിവർത്തിച്ചാണ് ആശയങ്ങൾ രൂപം കൊള്ളുന്നതെന്നും അദ്ദേഹം വാദിച്ചു.

ഹെഗേലിയൻ തത്ത്വശാസ്ത്രത്തിൽ ആശയം ആദ്യം പിറക്കുകയും പിന്നീട് അതിന്റെ സ്വാധീനത്തിൽ പദാർത്ഥങ്ങളിൽ മാറ്റം വരികയുമാണ് ചെയ്യുന്നത്. ഈ ഭൗതികമാറ്റങ്ങൾ നിശ്ചിതമായ പക്വതയിലേക്ക് വളരുമ്പോൾ നവീന ആശയങ്ങളാൽ വീണ്ടും അവ ഗർഭിതമാവുന്നു. അവ യഥാക്രമം പുതിയ പരിശോധനയിലൂടെ സത്യാപനം ചെയ്ത് സ്ഥിരീകരിക്കപ്പെടുന്നു. ഇപ്രകാരം ആത്മനിഷ്ഠാ യാഥാർത്ഥ്യങ്ങൾക്കു പിറകെ വസ്തുനിഷ്ഠാ യാഥാർത്ഥ്യങ്ങൾ എന്ന രീതിയിൽ ഒന്നിനു പിറകെ മറ്റൊന്ന് എന്ന വിധത്തിൽ വസ്തുനിഷ്ഠാ യാഥാർത്ഥ്യങ്ങളായി മാറുകയും ചെയ്യുന്നു

കുറ്റിക്കാട്ടിൽ പുള്ളിപുലിയുണ്ടെന്ന് ഊഹിക്കാൻ വേണ്ടത്ര സാമർത്ഥ്യം മാർക്സിന്നുണ്ടായിരുന്നു. ഹെഗേലിയൻ തത്ത്വശാസ്ത്രത്തിലുള്ളതുപോലെ ആത്മനിഷ്ഠാ ആശയങ്ങൾ വസ്തുനിഷ്ഠാ യാഥാർത്ഥ്യങ്ങളായി മാറുകയാണെങ്കിൽ വസ്തുനിഷ്ഠാ യാഥാർത്ഥ്യങ്ങൾക്ക് മുമ്പേ ആത്മാനിഷ്ഠാ ആശയങ്ങൾ വരേണ്ടതുണ്ട്. ഇത് അപകടകരമായ കാര്യകാരണപരമ്പര സൃഷ്ടിക്കും. ആശയങ്ങൾക്ക് അത് അവധാരണം ചെയ്യാൻ ഒരു ബോധമനസ്സ് ആദ്യമുണ്ടാവണം. ജീവിതം കൂടാതെ ഒരു ബോധമനസ്സ് ഉണ്ടാവുക സാധ്യമല്ല. ഇപ്രകാരം ആദികാരണം എന്ന നിലക്ക് ആശയം എന്ന ഉപകരണത്തിലൂടെ വസ്തുനിഷ്ഠമായ മാറ്റങ്ങൾ വരുത്തി ദൈവത്തിലേക്ക് അത് നയിക്കും. ഒരുപക്ഷേ ഇക്കാരണം കൊണ്ടായിരിക്കാം മാർക്സ് തുറന്ന നിലയിൽ ഹെഗേലിയൻ ആശയവാദത്തെ അനുകൂലിക്കാത്തത്. എങ്കിലും ചെറിയൊരു മാറ്റത്തിലൂടെ ഹെഗേലിയൻ ഫിലോസഫി മാർക്സ് തന്റെതാക്കി രൂപാന്തരണം ചെയ്തു. അദ്ദേഹം ആശയത്തിനു മുമ്പ് പദാർത്ഥത്തെ പ്രതിഷ്ഠിച്ചു. അതായത് ഈ ദ്വന്ദാത്മക സംഘട്ടനം ആശയത്തോടുകൂടിയല്ല ആരംഭിക്കുന്നത്. എന്നാൽ സ്വയംഭൂവായ പ്രകൃതി നിയമങ്ങളാൽ ഭരിക്കപ്പെടുന്ന പദാർത്ഥങ്ങളോടു കൂടിയാണ് ആരംഭിക്കുന്നതെന്നാണ് മാർക്സിന്റെ പക്ഷം. അപ്രകാരം ആശയവാദത്തിന്റെ സഹായത്തോടുകൂടിയോ ഇല്ലാതെയോ വൈരുദ്ധ്യാത്മക ഭൗതികവാദം അതിന്റെ താർക്കികമായ നിഗമനത്തിൽ എത്തിചേരുന്നു. ഈ സിദ്ധാന്തപ്രകാരം കേവല പദാർത്ഥം ജീവിതത്തിനുമേൽ പ്രവർത്തിച്ചുകൊണ്ട് അതിന്റെ ഗതിനിർണ്ണയിക്കുകയും വിധി രൂപപ്പെടുത്തുകയും ചെയ്യും. ദൈവമില്ല എന്ന് മുൻകൂട്ടി സങ്കല്പിക്കുന്ന ഈ തത്ത്വശാസ്ത്രത്തിന് മനുഷ്യനെ സംബന്ധിക്കുന്ന കാര്യങ്ങളുടെ നിയന്ത്രണസ്ഥാനത്തുനിന്നും ദൈവത്തെ നീക്കം ചെയ്യേണ്ടതുണ്ട്. മനുഷ്യന്റെ കാര്യങ്ങളിൽ അവന് തന്നെയാണ് വിധി നിർണ്ണയത്വവും പരിപൂർണ്ണ ഉത്തരവാദിത്വവും എന്ന് ഈ തത്ത്വശാസ്ത്രം പറയുന്നു.

അങ്ങനെ ദൈവങ്ങളേയും വെളിപാടിനേയും നിഷേധിക്കുന്നതോടൊപ്പം മാർക്സ് യുക്തിയിലും തർക്കശാസ്ത്രത്തിലും പൂർണ്ണമായും ആശ്രയം കൊള്ളുന്നു. കേവല ആശയവാദവും ദ്വന്ദാത്മക ഭൗതികവാദവും തമ്മിലുള്ള പോര് മുന്നിലോ പിന്നിലോ എന്ന ക്രമാനുഗതികത്വത്തിന്റെ പ്രശ്നമല്ലാതെ മറ്റൊന്നുമല്ല. ആശയമോ പദാർത്ഥമോ ഏതാണോ മുന്നിൽ വരുന്നത് അതാണ് കാര്യങ്ങൾ നിർണ്ണയിക്കേണ്ടത്.

*(ശേഷം 21-ാം പേജിൽ)*

ലേഖനം

# ക്രിസ്തുവിന്റെ വിവാഹം

മൗലാനാ അബ്ദുല്ലാഹ് സാഹിബ് H.A. (മർഹൂം)

**യേശു പ്രബോധിച്ച അദ്ധ്യാപനങ്ങളിലും അദ്ദേഹത്തിന്റെ ന്യായപ്രമാണത്തിലും വിവാഹത്തിന്റെ മഹത്വം പറഞ്ഞിരിക്കെ അത് അദ്ദേഹം ജീവിതത്തിൽ പ്രാവർത്തികമാക്കിയില്ല എന്ന് കരുതാൻ ന്യായമില്ല.**

യേശുക്രിസ്തു (ഈസാനബി) വിവാഹിതനായിരുന്നുവോ എന്ന ചോദ്യത്തിന് 'ഉവ്വ്' എന്നു മറുപടി പറയുന്നത് വായനക്കാരിൽ പലർക്കും ആശ്ചര്യം ഉളവാക്കുന്ന ഒന്നായിരിക്കും. എന്തെന്നാൽ, അനേകം നൂറ്റാണ്ടുകളായിട്ട് പൊതുവെ എല്ലാവരും വിശ്വസിച്ചു വരുന്നത് അദ്ദേഹം വിവാഹം ചെയ്തിട്ടില്ലെന്നാണ്. ക്രിസ്ത്യാനികൾ അദ്ദേഹത്തെ ദൈവമെന്നു വിശ്വസിക്കുന്നതുകൊണ്ടും അദ്ദേഹത്തിനു വിവാഹത്തിന്റെ ആവശ്യമില്ലെന്നും അതിന് അദ്ദേഹം വിധേയനാകാവതല്ലെന്നും അവർ കരുതിപ്പോരുന്നു. മുസ്ലിംകൾ വിശ്വസിക്കുന്നതാകട്ടെ അദ്ദേഹം ദൈവമല്ല, ദൈവനിയുക്തനായ ഒരു പ്രവാചകൻ മാത്രമായിരുന്നു എന്നും എന്നാൽ കുരിശുസംഭവാവസരത്തിൽ, തന്റെ 33-ാംമത്തെ വയസ്സിൽ, അദ്ദേഹം വാനലോകത്തേയ്ക്കു ഉയർത്തപ്പെട്ടിരിക്കകൊണ്ട് അദ്ദേഹത്തിനു വിവാഹത്തിനുള്ള സന്ദർഭവും സൗകര്യവും ഉണ്ടായിട്ടില്ലെന്നും ആകയാൽ അദ്ദേഹം തന്റെ പുനരാഗമനത്തിങ്കൽ വിവാഹം ചെയ്യുമെന്നും ആകുന്നു. ഈ രണ്ടു കൂട്ടരുടേയും വിശ്വാസങ്ങളെ മുൻനിർത്തി ക്രിസ്തുവിന്റെ വിവാഹത്തെക്കുറിച്ചു ഇവിടെ വിചിന്തനം ചെയ്യാം.

യേശുക്രിസ്തു ഒരു സത്യാത്മാവും ദൈവത്തിന്റെ ഒരു വരിഷ്ഠദാസനും ഇസ്രായീല്യരുടെ ആത്മോദ്ധാരണാർത്ഥം നിയുക്തനായ ഒരു ആത്മഗുരുവും ആയിരുന്നുവെന്നും എന്നാൽ അദ്ദേഹം ദൈവമോ ദൈവതുല്യനോ ആയിരുന്നില്ലെന്നുമുള്ള വസ്തുത നിഷ്പക്ഷ നിലയിൽ ബൈബിൾ വായിച്ചു നോക്കുന്നവരേവർക്കും ഗ്രഹിക്കാൻ സാധിക്കുന്നതാണ്. ഈ പരമാർത്ഥം ഇന്നു അനവധി ക്രിസ്ത്യപണ്ഡിതന്മാർ സമ്മതിക്കുന്നുണ്ട്. തന്നേയുമല്ല, ക്രിസ്തു, മോശെ (മൂസാനബി) യുടെ ന്യായപ്രമാണമനുസരിച്ച് ജീവിതം നയിച്ചയാളും ആ ന്യായപ്രമാണത്തെ പ്രബലപ്പെടുത്തുന്നതിനും പ്രബോധിക്കുന്നതിനും വേണ്ടി ദൈവത്താൽ നിയുക്തനുമാണെന്നുകൂടി 'സുവിശേഷ'ങ്ങളിൽ നിന്നു മനസ്സിലാകുന്നുണ്ട്. ആ സ്ഥിതിക്ക്, അദ്ദേഹം വിവാഹം ചെയ്തിരുന്നുവെന്നു പറയുന്നതു ആശ്ചര്യകരമായി വിചാരിപ്പാനില്ല. മനുഷ്യരുടെ ആത്മോദ്ധാരണാർത്ഥം ദൈവനിയുക്തരായ മതാചാര്യന്മാരും ആത്മഗുരുക്കന്മാരും എല്ലാം വിവാഹിതരായിരുന്നു എന്നതു ഒരു പരമാർത്ഥമാണ്. ശ്രീരാമൻ, ശ്രീകൃഷ്ണൻ തുടങ്ങിയ ഹിന്ദുക്കളുടെ അവതാരപുരുഷന്മാർ മാത്രമല്ല, ബൈബിൾ പ്രസ്താവിക്കുന്ന പ്രവാചകന്മാരും വിവാഹം ചെയ്തിട്ടുള്ളവരായിരുന്നു. ദൈവത്തിന്റെ വരിഷ്ഠദാസരും അവങ്കൽനിന്നു വെളിപാടു സിദ്ധിച്ചവരും അവന്റെ സാമീപ്യവും പ്രേമവും കൊണ്ടു അനുഗൃഹീതരുമായ പ്രവാചകന്മാർ വിവാഹം ചെയ്തവരായിരുന്നുവെന്നു തെളിയുന്ന സ്ഥിതിക്കും യേശുക്രിസ്തു വിവാഹിതനായിരുന്നു എന്നു പറയുന്നതുകൊണ്ട് അദ്ദേഹത്തിനു ദൈവവുമായുള്ള പ്രേമബന്ധത്തിനൊ അദ്ദേഹത്തിന്റെ ആത്മീയ സ്ഥാനത്തിനോ യാതൊരു കളങ്കവും ഏൽക്കുന്നതല്ല. അദ്ദേഹം ഒരു മനുഷ്യ പ്രജയായി ജനിച്ചു ഇതര മനുഷ്യരെപ്പോലെ പാനാശയങ്ങൾ ചെയ്തും മറ്റാവശ്യങ്ങൾ നിവർത്തിച്ചും ക്രമവൃദ്ധം വളർന്നുവന്ന ആളായിരുന്നു. അദ്ദേഹത്തിനു ക്ഷീണം ബാധിക്കുകയും ക്ലേശങ്ങൾ അനുഭവപ്പെടുകയും പരുക്കേൽക്കുകയും ഒടുവിൽ അദ്ദേഹം കുരുശിൽ തറയ്ക്കപ്പെടുകയും അതിൽവെച്ച് മൃതിയടയുകയും ചെയ്തുവെന്നു ക്രിസ്ത്യ

സഹോദരർ വിശ്വസിക്കുന്നു. ഇത്തരം അവസ്ഥകൾക്ക് വിധേയനായ ഒരാൾ വിവാഹം ചെയ്തിരുന്നുവെന്നുകൂടി വരുന്നതു ആശ്ചര്യാവഹമല്ല; അതു അദ്ദേഹത്തിന്റെ സ്ഥാനമാഹാത്മ്യത്തിനു കളങ്കകരമാവുകയുമില്ല. ഇനി അദ്ദേഹത്തെ ദൈവമെന്നു സങ്കൽപ്പിക്കുന്നതായാൽതന്നെ, ഏതൊരു ദൈവം ഇവ്വിധം കാലപരിവർത്തനങ്ങൾക്കും ആപത്തുകൾക്കും വിധേയനായി തീർന്നിരുന്നുവോ ആ ദൈവത്തിനു വിവാഹം ആവശ്യമായി വന്നിരുന്നു എന്നതു ആശ്ചര്യകരമാണോ? യേശു ഒരുവശത്തിൽ ദൈവവും മറുവശത്തിൽ മനുഷ്യനും ആണെന്നും അദ്ദേഹം മുൻപറഞ്ഞ അവസ്ഥകൾക്കു വിധേയനായതു തന്റെ മാനുഷിക നിലയനുസരിച്ചാണെന്നും വല്ലവരും പറയുകയാണെങ്കിൽ, അതു എത്രതന്നെ യുക്തിവിരുദ്ധമായ ഒരു വാദമായിരുന്നാലും, അദ്ദേഹം തന്റെ മാനുഷിക നിലയനുസരിച്ച് വിവാഹവും ചെയ്തിരുന്നു എന്നു തീർച്ചയായും പറയാവുന്നതാണ്. ഇതിനു പുറമെ, മനുഷ്യന്റെ ഉൽകൃഷ്ടമായ പലഗുണങ്ങളും വെളിപ്പെടുമാറാകുന്നതു അവൻ ഭർത്താവും പിതാവും ആയിരിക്കുന്ന അവസ്ഥയിലാണ്താനും. ഒരാൾ ഉത്തമനായ ഭർത്താവും പിതാവും ആയിരിക്കുക എന്നതു അയാളുടെ ശ്രേഷ്ഠതരമായ ഗുണങ്ങളിൽപ്പെട്ടതാകുന്നു. ആത്മഗുരുക്കന്മാർ മനുഷ്യർക്കു ഉൽകൃഷ്ട മാതൃകകളായിരിക്കകൊണ്ടു അവർ ഓരോരുത്തരും ഭർത്താവിന്റെയും പിതാവിന്റെയും നിലയിലും മറ്റുള്ളവർക്കു മാതൃകകളായിരിക്കേണ്ടതാണ്. അല്ലെങ്കിൽ അവരുടെ ജീവിതമാതൃക അപൂർണ്ണമായതാണെന്നുവരും. യേശു വിവാഹം ചെയ്തിട്ടില്ലെങ്കിൽ, അദ്ദേഹത്തിനു ഉത്തമനായ ഭർത്താവെന്നനില പ്രാപിക്കുവാനോ അതുവഴി അദ്ദേഹത്തിനു ദാമ്പത്യജീവിതത്തിൽ മാതൃകയായിത്തീരുവാനോ സാദ്ധ്യമല്ല. ഈ നിലയിൽ നോക്കുമ്പോൾ അദ്ദേഹം വിവാഹം ചെയ്തുവെന്നു വരുന്നതു അദ്ദേഹത്തിന്റെ സ്ഥാനമാഹാത്മ്യത്തിനു കളങ്കകരമാവുകയല്ല, മറിച്ച് അത് അദ്ദേഹത്തിന്റെ ഉൽകൃഷ്ടഗുണങ്ങളെ പ്രകാശിപ്പിക്കുന്നതിനും അദ്ദേഹത്തെ ഒരു പൂർണ്ണമാതൃകയെന്ന് സ്ഥാപിക്കുന്നതിനും സഹായകമാവുകയാണ് ചെയ്യുന്നത്.

ദൈവത്തിങ്കൽനിന്നുള്ള പ്രത്യേകാനുഗ്രഹം ഇസ്രായീല്യർക്കും പിന്നെ, അവർ മുഖേന ക്രിസ്ത്യലോകത്തിനും ലഭിക്കുവാൻ കാരണഭൂതനായ അബ്രഹാം (ഇബ്രാഹീംനബി) വിവാഹിതനെന്നു മാത്രമല്ല ബഹുഭാര്യമാരുള്ള ആളുമായിരുന്നുവെന്നു ബൈബിൾ പഠിപ്പിക്കുന്നു. ഇതേപ്രകാരം ഇസ്രായേൽ വംശത്തിന്റെ ജനയിതാവായ യാക്കോബ് (യഅ്ഖൂബ് നബി) വിവാഹം ചെയ്ക മാത്രമല്ല ബഹുപത്നിമാരെ സ്വീകരിക്കുകയും ചെയ്തിരുന്നു. അപ്രകാരം തന്നെ, ആർ മുഖേന ഇസ്രായീല്യർക്ക് ന്യായപ്രമാണം ലഭിച്ചുവോ അഥവാ, ആരുടെ ന്യായപ്രമാണത്തെ പ്രബോധിക്കുന്നതിനു യേശുകൃസ്തു ആഗതനായോ ആ സത്യാത്മാവായ മോശെയും ബഹുഭാര്യമാരുള്ള ആളായിരുന്നു. ഇവരെല്ലാം സന്മാർഗ്ഗദർശനാർത്ഥം ദൈവനിയുക്തരായ മഹാത്മാക്കളും ആത്മഗുരുക്കന്മാരും ദിവ്യവെളിപാടുകളാൽ അനുഗൃഹീതരും ആയിരുന്നു. വിവാഹം ചെയ്തതുകൊണ്ട്, എന്നല്ല, ഒന്നിലധികം ഭാര്യമാരെ സ്വീകരിച്ചതുകൊണ്ടു തന്നെയും ഇവരുടെ ആത്മീയതയ്ക്കും ഇവർക്ക് ദൈവവുമായുള്ള പ്രേമബന്ധത്തിനും യാതൊരു ഹാനിയും സംഭവിച്ചിട്ടില്ലെങ്കിൽ പിന്നെ യേശുകൃസ്തു വിവാഹം ചെയ്തിരുന്നുവെന്നു വരുന്നതുകൊണ്ടു അദ്ദേഹത്തിന്റെ ആത്മീയ നിലയ്ക്ക് യാതൊരു ക്ഷതവുമേൽക്കുന്നതല്ല.

ചുരുക്കി പറയുന്നതായാൽ, 'പഴയ നിയമം' പറഞ്ഞു തരുന്ന പ്രവാചകന്മാർ മിക്കവാറും എല്ലാവരും വിവാഹിതരായിരുന്നുവെന്നു മാത്രമല്ല, ബഹുപത്നിമാരെ സ്വീകരിച്ചുവരുമായിരുന്നു. ആ വേദഗ്രന്ഥം മനുഷ്യർക്കു വിവാഹം ആവശ്യമാണെന്നു മാത്രമല്ല പഠിപ്പിക്കുന്നതു; ബഹുഭാര്യമാരെ സ്വീകരിക്കാമെന്നുകൂടിയും അതു പഠിപ്പിക്കുന്നുണ്ട്. നോക്കുക. പുറപ്പാടു 22:16, 17, ആവർത്തനം 21:10, 13;22,28, 29;2ാം ശമുവേൽ 12:7.8. ഇങ്ങനെ ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കാമെന്നുപോലും പഠിപ്പിക്കുന്ന 'ന്യായപ്രമാണ'ത്തെയും പ്രവാചക ഗ്രന്ഥങ്ങളെയും സംബന്ധിച്ചു യേശു പറഞ്ഞിരിക്കുന്നതു ഇങ്ങനെയാണ്:- "ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിനു വന്നു എന്നു നിരൂപിക്കേണ്ട; നീക്കുവാനല്ല നിവർത്തിപ്പാനത്രെ ഞാൻ വന്നിരിക്കുന്നതു. സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു. ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ സകലവും നിവൃത്തിയാവോളം ന്യായപ്രമാണത്തിൽ നിന്നു ഒരു വള്ളിയൊ പുള്ളിയൊ ഒരു പ്രകാരത്തിലും കഴിഞ്ഞുപോകയില്ല." (മത്താ 5:17, 18) പിന്നേയും അദ്ദേഹം പറയുന്നതാവിതു:- "ശാസ്ത്രികളും പരീശന്മാരും മോശെയുടെ പീഠത്തിന്മേൽ ഇരിക്കുന്നു. ആകയാൽ അവർ നിങ്ങളോടു പറയുന്നതു ഒക്കെയും പ്രമാണിച്ചു ചെയ്‌വിൻ; അവർ പറയുന്നതല്ലാതെ ചെയ്യുന്നില്ലല്ലോ." (മത്താ. 23: 2,3). ഇങ്ങനെ, യേശു താൻ ആഗതനായതു ന്യായപ്രമാണത്തേയും പ്രവാചകന്മാരെയും നിവർത്തിപ്പാനാണെന്നു പറയുകയും ന്യായപ്രമാണമനുസരിച്ചു പ്രവർത്തിപ്പാൻ തന്റെ ശിഷ്യന്മാരോടുപദേശിക്കുകയും ചെയ്തിരിക്കുമ്പോൾ ആ ന്യായപ്രമാണത്തിന്റെ നിർദ്ദേശങ്ങൾക്കും പ്രവാചകന്മാരുടെ ജീവിതമാതൃകകൾക്കും എതിരായി ബഹു പത്നീ സ്വീകരണം എന്നല്ല, ഏക പത്നീ സ്വീകരണം തന്നെ പാടില്ലാത്തതാണെന്നു അദ്ദേഹം ഉദ്ബോധിപ്പിച്ചിരുന്നുവെന്നോ ദാമ്പത്യജീവിതം ആത്മീയോന്നതിക്കു ഹാനികരമാണെന്നു അദ്ദേഹം കരുതിയിരുന്നുവെന്നോ ഒരിക്കലും വിചാരിക്കാവതല്ല.

"സ്ത്രീയെ തൊടാതിരിക്കുന്നതു മനുഷ്യനു നല്ലതു എങ്കിലും വേശ്യാ ദോഷങ്ങൾ നിമിത്തം ഓരോരുത്തന്നു സ്വന്തം ഭാര്യയും ഓരോരുത്തിക്കു സ്വന്തം ഭർത്താവും ഉണ്ടായിരിക്കട്ടെ." (1-ാം കോരിന്ത്യർ, 7: 1,2) എന്നു പൗലോസ് അപ്പോസ്തലൻ പറഞ്ഞിട്ടുണ്ടെങ്കിലും യേശുവിന്റെ അദ്ധ്യാപനം ഈ പ്രസ്താവനയെ ന്യായീകരിക്കുന്നില്ല. അദ്ദേഹം സ്ത്രീപുരുഷ ബന്ധത്തെക്കുറിച്ചു ഇങ്ങനെയാണ് പറയുന്നത്:- "ആദിയിൽ സൃഷ്ടിച്ചവൻ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു എന്നും അതുനിമിത്തം മനുഷ്യൻ പിതാവിനേയും മാതാവിനേയും വിട്ട് തന്റെ ഭാര്യയോടു പറ്റിച്ചേരും, ഇരുവരും ഒരു ജഡമായിത്തീരും, എന്നു അവൻ പറഞ്ഞുവെന്നും നിങ്ങൾ വായിച്ചിട്ടില്ലയോ?" (മത്താ. 19: 4, 5) ഈ വചനംകൊണ്ടു അദ്ദേഹം മനസ്സിലാക്കിത്തരുന്നതു, ഈശ്വരൻ സ്ത്രീപുരുഷന്മാരെ സൃഷ്ടിക്കുന്നതു അവർ ഭാര്യാഭർത്താക്കന്മാരായി ഒരു ജഡമെന്ന പോലെ വർത്തിക്കേണ്ടതിനായിട്ടാണെന്നാകുന്നു. ഇങ്ങനെ ഈശ്വരേച്ഛതന്നെ സ്ത്രീപുരുഷന്മാർ ദാമ്പത്യ ജീവിതം വരിക്കേണമെന്നാണെന്നു വരുമ്പോൾ വൈവാഹിക ജീവിതം ആത്മീയത്വത്തിനു നിരക്കാത്തതോ ദൈവസവിധത്തിൽ നിന്നു മനുഷ്യരെ അകറ്റിക്കളയുന്നതോ ആണെന്നു കരുതുന്നതു ഒരു പ്രകാരത്തിൽ ദൈവദൂഷണമായിത്തീരുന്നു. എന്തെന്നാൽ, അതു ദൈവേച്ഛയനുസരിച്ചു മനുഷ്യർ പ്രവർത്തിക്കുന്നതു ദൈവത്തിനു അഹിതമായിട്ടുള്ളതാണെന്നു പറയുന്നതിന് തുല്യമായതാണ്. അതുകൊണ്ടുതന്നെയാണ്, ചിലപ്പോൾ വൈവാഹിക ജീവിതത്തിൽ നേരിടുന്ന കുഴപ്പത്തെ അടിസ്ഥാനമാക്കി, "ഇങ്ങനെ എങ്കിൽ വിവാഹം ചെയ്യുന്നതു നന്നല്ല; എന്നു തന്റെ ശിഷ്യരിൽ ചിലർ അഭിപ്രായപ്പെട്ടപ്പോൾ യേശു ഇപ്രകാരം പറയുകയാണുണ്ടായത് - "വരം കിട്ടിയവരല്ലാതെ എല്ലാവരും ഈ വചനം കൈക്കൊള്ളുന്നില്ല. എന്തുകൊണ്ടെന്നാൽ അമ്മയുടെ ഗർഭത്തിൽ ഷണ്ഡന്മാരായി ജനിച്ചവരുണ്ടു; മനുഷ്യർ ഷണ്ഡന്മാരാക്കിയ ഷണ്ഡന്മാരും ഉണ്ട്; സ്വർഗ്ഗരാജ്യം നിമിത്തം തങ്ങൾക്കുതന്നെ ഷണ്ഡത്വം വരുത്തിയ ഷണ്ഡന്മാരും ഉണ്ട്. സ്വീകരിപ്പാൻ കഴിയുന്നവർ സ്വീകരിക്കട്ടെ" (മത്താ 19:11,12). ഈ വചനം മൂലം യേശു മനസ്സിലാക്കി തരുന്നതു, ഷണ്ഡന്മാർ (നപുംസകന്മാർ) ആയിരിക്കകൊണ്ടു വിവാഹം ആവശ്യമില്ലാതായവർക്കു അതിൽ ഏർപ്പെടാതിരിക്കാമെന്നല്ലാതെ അതിൽ നിന്നു അകന്നിരിക്കുന്നത് ഒരു പുണ്യമാകയില്ല എന്നാകുന്നു. സ്വർഗ്ഗരാജ്യം നിമിത്തം ഷണ്ഡന്മാരായവർ എന്നു യേശു പറഞ്ഞിരിക്കുന്നതും സത്യാത്മാവായ അദ്ദേഹത്തെ സ്വീകരിക്ക നിമിത്തം പല പ്രകാരത്തിലുള്ള ബുദ്ധിമുട്ടുകൾക്കു ലക്ഷീഭവിക്കയാലൊ, ദൈവാലയത്തിലെ സേവനത്തിന്നായി ജീവിതം ഉഴിഞ്ഞുവെച്ചതിനാലൊ വിവാഹബന്ധത്തിലേർപ്പെടാൻ നിവൃത്തിയില്ലാതെ പോയവരേക്കുറിച്ചു ആയിരിക്കാനെ തരമുള്ളു. അല്ലാത്തപക്ഷം അദ്ദേഹത്തിന്റെ ഈ പ്രസ്താവന, സ്ത്രീപുരുഷന്മാരുടെ സൃഷ്ടി ഉദ്ദേശ്യത്തെക്കുറിച്ചു അദ്ദേഹം തന്നെ പറഞ്ഞുതന്നിട്ടുള്ളതിന്നും, ന്യായപ്രമാണത്തിലടങ്ങിയ നിർദ്ദേശങ്ങൾക്കും അദ്ദേഹത്തിനു മുമ്പു വന്നുകഴിഞ്ഞ പ്രവാചകന്മാരുടെ ആചരണത്തിനും വിരുദ്ധമായിത്തീരുന്നതാണ്. ചുരുക്കത്തിൽ, വിവാഹം മാനുഷധർമ്മമാണെന്നും ആവശ്യത്തിനു ഒന്നിലധികം ഭാര്യമാർപോലും ആകാമെന്നും 'പഴയനിയമ'ത്തിൽ നിന്നു വ്യക്തമാകുന്നതിന്നു വിപരീതമായിട്ടു യാതൊന്നും തന്നെ യേശുക്രിസ്തു ഉപദേശിക്കുയുണ്ടായിട്ടില്ല.

ഇനി, യേശു വാസ്തവത്തിൽ വിവാഹം ചെയ്തിരുന്നുവോ എന്നാണ് നാം ചിന്തിക്കേണ്ടിയിരിക്കുന്നത്. ക്രിസ്ത്യാനികൾ പൂർവ്വകാലം മുതൽക്കുതന്നെ യേശു വിവാഹം ചെയ്യാത്ത ആളായിരുന്നുവെന്ന് വിശ്വസിച്ച് വന്നതുകൊണ്ട്, അദ്ദേഹം വിവാഹം ചെയ്തിരുന്നതായി സ്പഷ്ടമായ തരത്തിൽ പ്രസ്താവിക്കുന്ന വാക്യങ്ങൾ 'സുവിശേഷ'ങ്ങളിൽ കാണുക പ്രയാസമാകുന്നു. സുവിശേഷങ്ങളാകട്ടെ യേശുവിന്റെ 33-ാം വയസ്സുവരെയുള്ള ജീവിതകാലത്തെ ഒരു സംക്ഷിപ്ത ചരിത്രമടങ്ങിയ അപ്പോസ്തലന്മാരുടെ കൃതികൾ മാത്രമാണെന്നെ ഏറിയാൽ അവയെക്കുറിച്ചു പറയാൻ നിവൃത്തിയുള്ളു. എന്നു മാത്രമല്ല, അവ മനുഷ്യ കയ്യേറ്റത്തിൽനിന്നു സുരക്ഷിതമായവയല്ലെന്നും അവ പ്രത്യക്ഷരം ദൈവവചനമല്ലെന്നുമുള്ള സംഗതി ക്രിസ്തു പണ്ഡിതന്മാർ തന്നെ സമ്മതിച്ചിട്ടുള്ളതുമാകുന്നു. അതുകൊണ്ട്, യേശു വിവാഹം ചെയ്തിരുന്നുവെന്നു വ്യക്തമായിട്ടു പ്രസ്താവിക്കുന്ന വചനങ്ങൾ സുവിശേഷങ്ങളിൽ കാണുക പ്രയാസം തന്നെയാണ്. എങ്കിലും, അവയിലടങ്ങിയ പല സംഭവവിവരണങ്ങളിൽ നിന്നും അദ്ദേഹം വിവാഹം ചെയ്തിരുന്നുവെന്നുമാത്രമല്ല, ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കുക കൂടി ചെയ്തിരുന്നു എന്നും മനസ്സിലാകുന്നുണ്ട്. മോർമൻകാർ എന്നു പേർ പറയപ്പെടുന്ന ക്രിസ്ത്യ കക്ഷി യേശു വിവാഹിതനായിരുന്നു വന്നും കുറഞ്ഞപക്ഷം അദ്ദേഹത്തിനു മൂന്നു ഭാര്യമാരുണ്ടായിരുന്നുവെന്നും സുവിശേഷങ്ങളിൽ നിന്നു മനസ്സിലാകുന്നു എന്നു വിശ്വസിക്കുകയും വാദിക്കുകയും ചെയ്യുന്നവരാകുന്നു. ഇക്കൂട്ടർക്ക് ഈ വിശ്വാസം നിമിത്തം അമേരിക്കയിൽ ബഹുഭൂരിപക്ഷക്കാരായ എതിരാളികളുടെ കൈയാൽ വളരെയധികം ഹിംസകളും പീഢനങ്ങളും സഹിക്കേണ്ടിവന്നിട്ടുണ്ട്. അവർ തങ്ങളുടെ വിശ്വാസമനുസരിച്ച് ബഹുഭാര്യമാരെ സ്വീകരിച്ചു പോന്നിരുന്നുവെങ്കിലും, യു.എസ്. ഗവമ്മേണ്ടു നിയമനിർമ്മാണം മൂലം അവരുടെ ഈ ആചാരത്തെ തടഞ്ഞു കളയുകയാണു ചെയ്തത്.

*(തുടരും)* ന

ലേഖനം

# വാഗ്ദത്ത മസീഹിന്റെ അവതാരകാലത്തെപ്പറ്റി വിവിധ മതഗ്രന്ഥങ്ങളിലെ സൂചനകൾ

എ.ക്യു മഹ്ദി

**എല്ലാ മതങ്ങളിലും പ്രവചിക്കപ്പെട്ട അവസാന കാലത്തെ പരിഷ്കർത്താവ് ഒരാൾ തന്നെയാണ് ആ മഹാത്മാവാണ് ഭാരതത്തിൽ ആഗതനായ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ)**

വർത്തമാനകാലത്ത്, നാം ജീവിക്കുന്ന ഈ 21-ാം നൂറ്റാണ്ട് ഉൾപ്പെടുന്ന കാലഘട്ടത്തെ, ഒരു പുതുയുഗമെന്നും മതദർശനഭാഷയിൽ അവസാനകാലമെന്നും വിവിധ മതഗ്രന്ഥങ്ങൾ പ്രവചിക്കുന്നു. ഈ കാലഘട്ടത്തിന്റെ അടയാളങ്ങളും ലക്ഷണങ്ങളും എല്ലാം പൂർവ്വമതഗ്രന്ഥങ്ങളിലും വ്യത്യസ്തതരത്തിൽ എന്നാൽ ഏകഭാവത്തിൽ വിവരിക്കപ്പെട്ടിട്ടുമുണ്ട്.

ഹിന്ദുമതഗ്രന്ഥങ്ങളിൽ ഇതിനെ കലികാലം എന്നു പറയുമ്പോൾ, പാഴ്സി പുണ്യഗ്രന്ഥമായ 'ജമസ്പി'യിലും ഇസ്രയീല്യരുടെ പഴയനിയമത്തിലും ക്രൈസ്തവജനതയുടെ ബൈബിളിലും, എന്തിന് സിക്ക് പ്രസ്ഥാനത്തിന്റെ പുണ്യഗ്രന്ഥമായ 'ജനംസാഖി'യിൽ പോലും ഒരു സവിശേഷകാലത്തെപ്പറ്റി സൂചനകൾ കാണാനുണ്ട്. ഇസ്‌ലാം മതത്തിന്റെ അടിസ്ഥാനഗ്രന്ഥമായ വി ശുദ്ധ ഖുർആനിലാണ് അവസാനകാലത്തിന്റെ അടയാളങ്ങൾ സുസൂക്ഷ്മമായി വിശദമാക്കപ്പെട്ടിട്ടുള്ളത്. നബിവചന സമാഹാരങ്ങളിലും ഈ യുഗത്തെപ്പറ്റി കൃത്യമായ സൂചനകളുണ്ട്.

ഈ സവിശേഷകാലഘട്ടത്തിൽ ഒരു ധർമ്മാത്മാവ് അഥവാ പ്രവാചകൻ അവതരിപ്പിക്കപ്പെടുമെന്നും ആ മഹാപുരുഷനിലൂടെ ലോകത്ത് സത്യധർമ്മം പുനസ്ഥാപിക്കപ്പെടുമെന്നുമാണ് വിവിധ മതഗ്രന്ഥങ്ങളിൽ ദീർഘദർശനം ചെയ്യപ്പെട്ടിട്ടുള്ളത്. അങ്ങനെ ധർമ്മോദാരം ചെയ്യപ്പെടുന്ന കാലഘട്ടത്തിന് 'സത്യയുഗം' അഥവാ 'കൃതയുഗം' എന്നാണ് ഹിന്ദുപുരാണങ്ങളിൽ വിവക്ഷിക്കപ്പെട്ടിട്ടുള്ളത്.

ഈ എല്ലാ അടയാളങ്ങളും അത്ഭുതകരമായി സദൃശീകരിക്കപ്പെട്ടിരിക്കുന്ന ഒരു ആധുനികകാലഘട്ടമാണിത്. വിവിധമതങ്ങൾ വ്യത്യസ്തനാമങ്ങളിൽ സൂചിപ്പിച്ചിട്ടുള്ള, ഈ കാലത്ത് അവതരിക്കുന്ന ആത്മീയഗുരുവിന്റെ അഥവാ പ്രവാചകന്റെ പ്രത്യേകലക്ഷണങ്ങളും മതഗ്രന്ഥങ്ങളിൽ വ്യക്തമായി പ്രവചിക്കപ്പെടുകയും അവയൊക്കെ കൃത്യമായി പുലരുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു.

ഹിന്ദുമതസ്ഥർ 'കൽക്കി'യെയും, പാഴ്സികൾ 'മസിയോ ദർഭമി'യെയും ബുദ്ധമതക്കാർ 'മൈത്രെയാ'യെയും, ക്രിസ്തുമതവിശ്വാസികൾ 'മിശിഹാ'യുടെ രണ്ടാംവരവിനെയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ മുസ്‌ലിംകൾ 'വാഗ്ദത്ത മഹ്ദീയേയും മസീഹി'നെയുമാണ് കാത്തിരിക്കുന്നത്. ഭൂമുഖത്തു ജീവിച്ചിരിക്കുന്ന കോടിക്കണക്കിനു വ്യത്യസ്ത മതസമൂഹങ്ങൾ തലമുറതലമുറയായി ഈ വിശ്വാസം വച്ചുപലുർത്തുന്നുവെന്നതുതന്നെ ഈ യുഗത്തിന്റെ പ്രാധാന്യവും യുഗപുരുഷന്റെ പ്രഭാവവും വിളിച്ചറിയിക്കുന്നു.

ഒരു വാഗ്ദത്ത ദൂതൻ വെളിപ്പെടുമെന്ന് വിവിധമതഗ്രന്ഥങ്ങളിൽ പ്രവചിക്കപ്പെട്ടിരിക്കുകയും അവയുടെ പൂർത്തീകരണം യഥാകാലം സംഭവിക്കുകയും ചെയ്തപ്പോൾ, ന്യായമായും ഒരു ചോദ്യം ഉയർന്നുവന്നേക്കാം. സൂചിപ്പിക്കപ്പെട്ട എല്ലാ വാഗ്ദത്ത പ്രവാചകന്മാരും ഒരേ കാലഘട്ടത്തിൽ തങ്ങളുടെതന്നെ മതത്തെ മറ്റെല്ലാ ഇതരമതങ്ങളുടെയും മേൽ വിജയിപ്പിച്ചു കാണിക്കുക എന്നതാണോ ഇത് എന്നതാണ് ആ ന്യായമായ സംശയം. ഇതൊരിക്കലും സംഭവ്യമായ കാര്യമല്ലല്ലോ. അതിനാൽ വിവിധ മതഗ്രന്ഥങ്ങളിലെ എല്ലാ പ്രവചനങ്ങളും ഒരേ മഹാത്മാവിനെക്കുറിച്ചുള്ളതാണെന്നും, ആ ദിവ്യപുരുഷൻ തന്റെ ആത്മീയശക്തി മുഖേന എല്ലാ മതവിശ്വാസികളെയും ഒരുമിച്ചുകൂട്ടുകയും മൗലികമായ ധാർമ്മികസത്യങ്ങളെ ഉയർത്തിക്കാട്ടി സകല ജനങ്ങളെയും സത്യത്തിന്റെ പാതയിൽ നയിക്കുകയും ചെയ്യുമെന്ന വിശ്വാസത്തിലേയ്ക്ക് നാമെത്തിച്ചേരേണ്ടി വരുന്നു. സൂചിപ്പിക്കപ്പെട്ട വാഗ്ദത്ത പുരുഷൻ എല്ലാ മതങ്ങൾക്കും ഒരേ വ്യക്തി തന്നെയായിരിക്കു

മെന്നും അദ്ദേഹത്തെ തങ്ങളുടെ സ്വന്തമായി സ്വീകരിക്കത്തക്കവിധം ഈ എല്ലാ പ്രവചനങ്ങളും പൂർത്തിയായിക്കാണുകയാൽ ഈ പ്രവചനങ്ങളിൽ വിവിധ സമുദായങ്ങളെ ബന്ധിപ്പിക്കുന്ന ഒരു സവിശേഷഭാവം ഉൾക്കൊണ്ടിരിക്കുന്നതായി വെളിപ്പെടുമെന്നും നമുക്കു മനസ്സിലാക്കാൻ കഴിയും.

വിവിധമതഗ്രന്ഥങ്ങളോരോന്നും വാഗ്ദത്ത പ്രവാചകനെപറ്റി എങ്ങനെ, എന്തുപറയുന്നുവെന്നു നമുക്കു നോക്കാം.

ഹൈന്ദവ പുണ്യഗ്രന്ഥമായ ഭഗവദ്ഗീതയിൽ ഇങ്ങനെയൊരു സന്ദേശമുണ്ട്.

യദായദാഹി ധർമ്മസ്യ
ഗ്ലാനിർഭവതി ഭാരതഃ
അദ്യുത്ഥാന മധർമ്മസ്യ
തദാത്മാനം സൃജാമ്യഹം.
പരിത്രാണായ സാധൂനാം
വിനാശായ ച - ദുഷ്കൃതാം
ധർമ്മ സംസ്ഥാപനാർത്ഥായ
സംഭവാമി യുഗേയുഗേ.

ലോകത്ത് ധർമ്മം ക്ഷയിക്കുകയും അധർമ്മം സർവ്വത്ര വ്യാപിക്കുകയും ചെയ്യുമ്പോൾ, ധർമ്മസംസ്ഥാപനത്തിനായി ശ്രീകൃഷ്ണൻ പുനരവതരിക്കപ്പെടുന്നതാണെന്നാണ് ഈ ഗീതാശകലം ഉദ്ഘോഷിക്കുന്നത്.

അധർമ്മം സർവ്വത്ര വ്യാപിക്കുമ്പോൾ ലോകത്ത് പ്രവാചകന്മാരെ നിയോഗിക്കുകയെന്നതാണ് ദൈവിക നയമെന്ന് എല്ലാ ദിവ്യഗ്രന്ഥങ്ങളും മനസ്സിലാക്കിത്തരുമ്പോൾ, പരിശുദ്ധ ഖുർആൻ പറയുന്നു, "അല്ലയോ ആദം സന്തതികളേ, എന്റെ വചനങ്ങൾ നിങ്ങൾക്കു വിവരിച്ചുതരുന്ന നിങ്ങളിൽ നിന്നുള്ള റസൂൽമാർ (പ്രവാചകന്മാർ) നിങ്ങളുടെയടുക്കൽ വരുമ്പോൾ ഭയഭക്തി പുലർത്തുകയും നന്മ പ്രവർത്തിക്കയും ചെയ്യുന്നവരാരോ അവരിൽ ഭയപ്പാടുണ്ടാവുകയില്ല; അവർ ഖേദിക്കേണ്ടി വരികയുമില്ല."

ഹൈന്ദവ പുണ്യഗ്രന്ഥമായ ശ്രീമദ് ഭാഗവതത്തിൽ ഈ കാലഘട്ടത്തെപ്പറ്റിയുള്ള സൂചന ഇതാണ്.

"കലിയുഗത്തിൽ സത്യധർമ്മാദികൾ ഉപേക്ഷിക്കപ്പെടും, ധർമ്മത്തിനു ബലക്ഷയം സംഭവിക്കും. രാജാക്കന്മാർ ജനങ്ങളെ ദ്രോഹിക്കും. മഴ കുറയും. ധാന്യവിളകൾക്ക് ക്ഷതം പറ്റും. പാപം വർദ്ധിക്കും. മനുഷ്യന്റെ ആയുസ്സ് കുറയും. കുഴപ്പവും കലഹങ്ങളും പെരുകും. പണത്തിനുവേണ്ടി കള്ള സത്യം ചെയ്യും. പാപപുണ്യങ്ങളെക്കുറിച്ചുള്ള വിചാരം തന്നെ നശിക്കും. നന്മതിന്മ വിവേചനം ഉണ്ടാവുകയില്ല. ഉച്ചജാതിക്കാർ താണ ജാതിക്കാരെ ഓർക്കുകയുമില്ല. വ്യാപാരത്തിൽ ചതി ഉണ്ടാകും. ബലാൽസംഗം വർദ്ധിക്കും. ബ്രാഹ്മണർ അവരുടെ ധർമ്മം മറക്കും. ജട വളർത്തി ബ്രഹ്മചര്യം അഭിനയിക്കും. കങ്കാളർ പണക്കാരെ ഉയർന്ന ജാതിക്കാരായി കാണും. കള്ളം പറയുന്നവരെ ബുദ്ധിശാലികളായി കരുതും. തപജപങ്ങളും കർമ്മധർമ്മങ്ങളും ഉപേക്ഷിക്കും. സ്വന്തം യശസ്സും ഉയർച്ചയും വളർത്തിപ്പറയും. മുടി വളർത്തും. പരലോകശിക്ഷയെപ്പറ്റിയുള്ള ചിന്തതന്നെ ഉണ്ടാകുകയില്ല. കള്ളന്മാരും കൊള്ളക്കാരും വർദ്ധിക്കും. ഭരണകർത്താക്കൾ കവർച്ചക്കാരെ കൂട്ടുപിടിക്കും. അവർ പ്രജകളുടെ സ്വർണ്ണ വും മുതലും പിടിച്ചുപറിക്കും. ബാലവിവാഹം പെരുകും. പത്തുവയസ്സിൽ ഗർഭം ധരിക്കും. ബഹുഭൂരിപക്ഷവും വസ്ത്രവും ധാന്യവും കൂടാതെ വലയും. നാലു വർണ്ണക്കാരും ഒരൊറ്റ ജാതിയാകും. സ്ത്രീകൾ പുരുഷന്മാരുടെ മേൽ ഭരണം നടത്തും. ആൺ കുട്ടികൾ മാതാപിതാക്കളുടെ സേ വനം ഉപേക്ഷിച്ച് ശ്വശുരാലയത്തിലെ സേവനത്തിൽ സന്തോഷം കൊ ള്ളും. സമീപത്തുള്ള തീർത്ഥം ഉപേക്ഷിച്ച് ദൂരസ്ഥലങ്ങളിലെ തീർത്ഥങ്ങൾ ഉത്തമമായി കരുതി അവിടേ യ്ക്ക് ഗമിക്കും. മികച്ച ആഹാരങ്ങളിൽ പ്രീതി വർദ്ധിക്കും. സന്യാസികൾ വഴിതെറ്റിപ്പോകും. ജോലിക്കാരൻ ദുഃഖിതനായിരിക്കുന്ന ഉടമസ്ഥ നെ സഹായിക്കില്ല. നിരവധിപേർ മക്കളെ ആഗ്രഹിച്ച് ഭൂതപ്രേതാദികളെ പൂജിച്ചു തുടങ്ങും. മാതാവും പുത്രന്മാരും പരസ്പരവും സഹോദരന്മാർ അന്യോന്യവും ദുഃഖിപ്പിക്കും. അനേകം പാപങ്ങൾ പെരുകും. പരമാത്മാവിനോടുള്ള ഭക്തി കുറഞ്ഞുപോകും....."

ശ്രീമദ് ഭാഗവതത്തിലെ 120-ാം സ്കന്ധത്തിലുള്ള വരികളാണ് മേലുദ്ധരിച്ചത്.

യഹൂദമതക്കാരുടെ പഴയനിയമം ബൈബിളിൽ, ഹെസക്കിയേൽ 34:20/26-ൽ ഇപ്രകാരം പറയുന്നു.

"ഞാൻ അവർക്ക് ഒരു ഇടയനെ നിയമിക്കും. എന്റെ ദാസനായ ദാവീദ്, അയാൾ അവയെ മേയ്ക്കുന്ന ഇടയനായിരിക്കും. കർത്താവായ ഞാനായിരിക്കും അവരുടെ ദൈവം. എന്റെ ദാസനായ ദാവീദ് ആയിരിക്കും അവരുടെ ഇടയിലെ പ്രഭു. കർത്താവായ ഞാൻ ഇത് അരുൾ ചെയ്തിരിക്കുന്നു. ഞാൻ അവയുമായി ഒരു സമാധാന ഉടമ്പടി ഉണ്ടാക്കും. ഞാൻ ദേശത്തുനിന്ന് വന്യമൃഗങ്ങളെ പുറന്തള്ളും. അപ്പോൾ അവയ്ക്ക് സുരക്ഷിതമായ വിജനതയിൽ പാർക്കാം, വനത്തിൽ ഉറങ്ങാം..."

"ഇതാ, വഴിയൊരുക്കാൻ എനിക്കുമുമ്പേ എന്റെ ദൂതനെ ഞാൻ നയിക്കുന്നു. നിങ്ങൾ അമ്പേഷിക്കുന്ന കർത്താവ് ഉടനെ തന്റെ ദേവാലയത്തിലേയ്ക്കു വരും; നിങ്ങൾക്ക് ഇഷ്ടമുള്ള ആ ഉടമ്പടിയുടെ ദൂതൻ ഇതാ വരുന്നു. ഇത് സൈന്യങ്ങളുടെ കർത്താവ് അരുൾ ചെയ്യുന്നു." (മലാഖി 3:1)

ഇവിടെ ദാവീദ് എന്നും ഉടമ്പടിയുടെ ദൂതൻ എന്നും പറയപ്പെട്ടിട്ടുള്ള പ്രവാചകന്റെ ആഗമനത്തെപ്പറ്റി സൂചന നൽകിയിരിക്കുന്നു. വരാനുള്ള ആ വാഗ്ദത്ത പുരുഷൻ യേശുവായിരുന്നില്ല. കാരണം യേശു ദാവീദ് എന്നല്ല 'ദാവീദ് പുത്രൻ' എന്നാണു പറയപ്പെട്ടിരുന്നത്.

പാഴ്സി മതഗ്രന്ഥമായ 'സഫ് റങ്ക് ദസാത്തീറി'ലും ഒരു പ്രവചനമുണ്ട്.

''പിന്നെ കുറേക്കാലം കഴിഞ്ഞാൽ അവർക്കിടയിൽ യുദ്ധം ഉണ്ടാകും. അവർ മണ്ണ് ആരാധന ആരംഭിക്കും. (ഷിയാക്കൾ മൺകട്ട മുൻപിൽ വച്ച് നമസ്കാരമനുഷ്ഠിക്കു

കയും അതിന്മേൽ സുജൂദ് ചെയ്യുകയും ചെയ്യുന്നു.) ദിനംപ്രതി അവരിൽ ശത്രുതയും ഭിന്നിപ്പും വളരുകയും ചെയ്യും. നിങ്ങൾക്ക് ഇതിൽ നിന്ന് പ്രയോജനം ഉണ്ടാകും. കാലത്തിന്റെ ഒരു ദിവസം മാത്രം ബാക്കിയായാലും നിന്റെ മക്കളിൽ - പാഴ്സി പരമ്പരയിൽ - ഒരാൾ എഴുന്നേൽക്കപ്പെടും. നിന്റെ അന്തസ്സും മഹത്വവും നിലനിർത്തും. ദിവ്യമതവും നേതൃത്വവും നിന്റെ മക്കളിൽ നിന്നും എടുക്കപ്പെടുകയില്ല."

മഹാത്മാബുദ്ധനും നൽകിയിട്ടുണ്ട് ഇതുസംബന്ധമായ സൂചനകൾ.

ബുദ്ധഭഗവാന്റെ ചരമത്തിനു കുറച്ചുമുമ്പ് ശിഷ്യനായ ആനന്ദ്, ഭഗവാനോടു ചോദിച്ചു,

"അങ്ങു പോയിക്കഴിഞ്ഞാൽ ഞങ്ങൾക്കു ആരാണ് ഉപദേശം നൽകുക....?"

ശ്രീബുദ്ധൻ മറുപടി പറഞ്ഞു.

"ഞാൻ മാത്രമല്ല ബുദ്ധൻ; ഞാൻ അവസാനത്തെ ബുദ്ധനുമല്ല.... തക്കസമയത്ത് മറ്റൊരു ബുദ്ധൻ ജനിക്കും. അദ്ദേഹം ഞാനുപദേശിച്ചതുപോലെ സത്യം വെളിപ്പെടുത്തിത്തരും...."

ശിഷ്യൻ ആനന്ദ് വീണ്ടും ചോദിച്ചു.

"ഞങ്ങൾ അദ്ദേഹത്തെ എങ്ങനെ തിരിച്ചറിയും...?" ഉടൻ മറുപടി ഉണ്ടായി.

"എനിക്കുശേഷം വരുന്ന ബുദ്ധൻ 'മൈത്രേയാ' എന്ന പേരിൽ അറിയപ്പെടും...." (മൈത്രേയ - മത്തിയ - മശീഹാ - മസീഹ്)

സിക്ക് പ്രസ്ഥാനത്തിന്റെ പുണ്യഗ്രന്ഥമായ 'ജനംസാഖി'യിലും വാഗ്ദത്ത മസീഹ് വരുന്ന കാലഘട്ടത്തെപ്പറ്റി പറയുന്നുണ്ട്.

"ദ്രോഹപ്രവർത്തനങ്ങളുടെയും നിന്ദനത്തിന്റെയും നാളുകൾ വരാനിരിക്കുന്നു. ഹിന്ദുക്കളും മുസ്‌ലിംകളും തങ്ങളുടെ മതധർമ്മങ്ങൾ ഉപേക്ഷിക്കും. ഗുരുക്കന്മാരെ ആദരിക്കയില്ല. തങ്ങളുടെ വിശുദ്ധ ഗ്രന്ഥങ്ങളായ വേദങ്ങളും ഖുർആനും ആരാധനാലയങ്ങളായ മന്ദിരങ്ങളും പള്ളികളും വിസ്മരിക്കപ്പെടും. സ്വഭാവശീലങ്ങളും വികൃതങ്ങളാകും. ആരും ആരെയും ഗൗനിക്കുകയില്ല. ആരോ ടും സലാം ചെയ്യുകയുമില്ല. അതായത്, ഓരോ ആളും തമ്മിൽതമ്മിൽ രക്തദാഹികളായിരിക്കും."

ക്രിസ്തുമത ഗ്രന്ഥങ്ങൾ മിശീഹാ വെളിപ്പെടുന്ന കാലത്തെപ്പറ്റി എന്തുപറയുന്നുവെന്നു നോക്കാം.

മാർക്കോസിന്റെ സുവിശേഷത്തിൽ ഇങ്ങനെ കാണാം.

"ആ നാളും നാഴികയും സംബന്ധിച്ച് പിതാവല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതരും പുത്രനും പോലും അറിയുന്നില്ല.

മത്തായിയുടെ വചനങ്ങൾ ഇപ്രകാരമാണ്.

"ആ സമയം എപ്പോൾ എന്ന് അറിയായ്കകൊണ്ട് സൂക്ഷിച്ചുകൊൾവിൻ; ഉണർന്നും പ്രാർത്ഥിച്ചുകൊണ്ടും ഇരിക്കുവിൻ. പരദേശത്ത് പോകുന്ന മനുഷ്യൻ തന്റെ വീടുവിട്ട് ദാസർക്ക് അധികാരവും അവനവന്റെ വേലയും കൊടുത്തിട്ട് കാവൽക്കാരോട് ഉണർന്നിരിക്കാൻ കൽപ്പിച്ചതുപോലെ നിങ്ങളുടെ വീട്ടുടയവൻ സന്ധ്യക്കോ പാതിരാത്രിയ്ക്കോ പൂവൻകോഴി കൂവുന്ന നേരത്തോ രാവിലെയോ എപ്പോൾ വരുമെന്ന് അറിയായ്കകൊണ്ട് അവൻ പെട്ടെന്നു വന്ന് നിങ്ങളെ ഉറങ്ങുന്നതായി കാണാതിരിക്കുന്നതിന് ഉണർന്നിരിപ്പിൻ. ഞാൻ നിങ്ങളോടു പറയുന്നത് എല്ലാവരോടും പറയുന്നു, ഉണർന്നിരിപ്പിൻ."

ലൂക്കോസും സൂചനകൾ നൽകുന്നുണ്ട്. "ജനത ജനതയോടും രാജ്യം രാജ്യത്തോടും യുദ്ധം ചെയ്യും. വലിയ ഭൂകമ്പങ്ങളും പലസ്ഥലങ്ങളിലും ക്ഷാമങ്ങളും, മാറാബാധകളും ഉണ്ടാകും. ഭയങ്കരസംഭവങ്ങളും ആകാശത്തുനിന്നു പല അടയാളങ്ങളും ഉണ്ടാകും. ആ ദിവസങ്ങളിൽ ഗർഭിണികൾക്കും മുലയൂട്ടുന്നവർക്കും ഹാ കഷ്ടം! കാരണം ഭൂമിയിൽ കൊടിയ ദുരിതവും ഈ ജനത്തിനു മേൽ ക്രോധവും ഉണ്ടാകും. സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും അടയാളങ്ങൾ കാണും. ഭൂമിയിൽ സമുദ്രത്തിന്റെയും തിരമാലകളുടെയും ഗർജ്ജനം മൂലം ജനങ്ങൾക്കു ദുരിതവും അമ്പരപ്പും ഉണ്ടാകും. ഭയംകൊണ്ടും ലോകത്തു വരാനിരിക്കുന്നതിനെപ്പറ്റിയുള്ള സൂചനകൾ കൊണ്ടും മനുഷ്യർ ബോധം കെട്ടു വീഴും. കാരണം, ആകാശത്തിലെ ശക്തികൾക്കും ഇളക്കം തട്ടും. അപ്പോൾ മനുഷ്യപുത്രൻ പ്രതാപത്തോടും മഹാതേജസ്സോടുംകൂടി ഒരു മേഘത്തിൽ വരുന്നത് അവർ കാണും. ഇവ സംഭവിക്കുമ്പോൾ തല ഉയർത്തി നോക്കുക, നിങ്ങളുടെ വീണ്ടെടുപ്പ് അടുത്തിരിക്കുന്നു."

"ഞാൻ നിങ്ങളോടു പറയുന്നു, എല്ലാം സംഭവിക്കുംവരെ ഈ തലമുറ കടന്നുപോകയില്ല. ആകാശവും ഭൂമിയും നശ്വരമാണ്. എന്റെ വചനങ്ങളോ, അനശ്വരമത്രെ."

"നിങ്ങൾ സ്വയം സൂക്ഷിച്ചുകൊള്ളുക. അല്ലെങ്കിൽ സുഖലോലുപത്വം, മദ്യാസക്തി, ഈ ജീവിതത്തിന്റെ വ്യഗ്രതകൾ എന്നിവയിൽ നിങ്ങളുടെ ഹൃദയങ്ങൾ ഭയപ്പെടുകയും ആ ദിവസം ഒരു കെണി നിങ്ങളുടെ മേൽ പെട്ടെന്നു വന്നുവീഴുകയും ചെയ്യും. ഭൂതലമാകെയുള്ള സർവ്വനിവാസികളുടെയും മേൽ അതു വന്നുവീഴും. സംഭവിക്കാനിരിക്കുന്ന ഇവയിൽനിന്നെല്ലാം രക്ഷപ്രാപിച്ച് മനുഷ്യപുത്രന്റെ മുമ്പിൽ നിൽക്കാൻ വേണ്ട ശക്തിക്കായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുക."

മത്തായിയുടെ സുവിശേഷത്തിൽ ഇപ്രകാരം കൂടി പറയുന്നുണ്ട്. "സൂര്യൻ ഇരുണ്ടുപോകും. ചന്ദ്രൻ പ്രകാശം എടുക്കാതിരിക്കും. നക്ഷത്രങ്ങൾ ആകാശത്തുനിന്നു വീഴും. ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും. അപ്പോൾ മനുഷ്യപുത്രന്റെ അടയാളം മാനത്തു തിളങ്ങും. അന്നു ഭൂമിയിലെ സകലശക്തികളും പ്രലപിച്ചുകൊണ്ട് മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിൽ മഹാശക്തിയോടും തേജസ്സോടുംകൂടി വരുന്നതാണ്."

ത്രിമോത്തെയോസ് തന്റെ വച

നങ്ങളിലൂടെ വ്യക്തമായ ചില സൂചനകൾ നൽകുന്നുണ്ട്.

''ജനങ്ങൾ ഉത്തമബോധനത്തിൽ അസഹിഷ്ണുക്കളാകുന്ന കാലം വരുന്നു... കേൾവിക്ക് ഇമ്പമുള്ളവയിൽ തൽപരരായി അവർ തങ്ങളുടെ ഇച്ഛയ്ക്കിണങ്ങുന്ന പ്രബോധകരെ വിളിച്ചുകൂട്ടും. സത്യം ശ്രവിക്കുന്നതിൽ നിന്ന് വ്യതിചലിച്ച് പഴംകഥകളിലേയ്ക്ക് തിരിയും....."

"വരുംകാലത്ത് ചില ആളുകൾ കപടാത്മാക്കളെയും പിശാചുക്കളെയും പിശാചുക്കളുടെ സിദ്ധാന്തങ്ങളെയും ചെവിക്കൊണ്ട്, വിശ്വാസത്തിൽ നിന്നു വ്യതിചലിച്ചുപോകും എന്ന് സ്പഷ്ടമായി പറയുന്നു. മനസ്സാക്ഷി കത്തിക്കരിഞ്ഞുപോയ അസത്യവാദികളുടെ കപടനാട്യങ്ങളിലൂടെയാണിതു സംഭവിക്കുക. അവർ വിവാഹം വിലക്കും....."

"അന്ത്യദിവസങ്ങളിൽ കഷ്ടപ്പാടുകളുടെ സമയങ്ങൾ വന്നുചേരും. അപ്പോൾ മനുഷ്യർ സ്വാർത്ഥതൽപരരും ദ്രവ്യാഗ്രഹികളും അഹങ്കാരികളും ഗർവ്വിഷ്ടന്മാരും ദൂഷകരും മാതാപിതാക്കളെ അനുസരിക്കാത്തവരും അവിശുദ്ധരും മനുഷ്യത്വമില്ലാത്തവരും ക്രൂരരും തന്നെ വെറുക്കുന്നവരുമായിത്തീരും. അവർ വഞ്ചകരും വീണ്ടുവിചാരമില്ലാത്തവരും അഹങ്കാരികളും ദൈവത്തെ സ്നേഹിക്കുന്നതിലുപരി സുഖഭോഗങ്ങളെ സ്നേഹിക്കുന്നവരുമായിത്തീരും. അവർ മതത്തിന്റെ ബാഹ്യരൂപം മുറുകെ പിടിക്കുകയും അതിന്റെ ശക്തി തള്ളിക്കളയുകയും ചെയ്യും...."

ഇനി, പരിശുദ്ധ ഖുർആനിലും ഹദീസുകളിലും അവസാനകാലത്തെ അടയാളങ്ങളെപ്പറ്റി എന്തു പറയുന്നുവെന്നു നോക്കാം.

സൂറ തക്‌വീറിൽ പറയുന്നു.

"സൂര്യൻ മറയ്ക്കപ്പെടും (സ്വിശേഷ ഗ്രഹണമുണ്ടാകും). നക്ഷത്രങ്ങൾ ഉതിർക്കപ്പെടും (കൊള്ളിമീൻ പതനം). പർവ്വതങ്ങൾ ചലിപ്പിക്കപ്പെടും. ഒട്ടകങ്ങൾ ഉപേക്ഷിക്കപ്പെടും (ട്രാൻസ്പോർട്ട് വിപ്ലവം ഉണ്ടാകും). വഹ്ശികൾ (വന്യജന്തുക്കൾ, ആദിവാസികൾ, ഗിരിജനങ്ങൾ) സംഘടിപ്പിക്കപ്പെടും. സമുദ്രങ്ങൾ (കനാലുകൾ വഴി) സംയോജിപ്പിക്കപ്പെടും (സൂയസ് കനാൽ). ജനം ഉൽഗ്രഥിക്കപ്പെടും (ദേശീയ ഐക്യം, ഐക്യരാഷ്ട്രസഭ, വാർത്താവിനിമയ വിപ്ലവം), പെൺകുട്ടികൾ കൊല്ലപ്പെടുന്നതു ചോദിക്കപ്പെടും (ഭ്രൂണഹത്യ, ശിശുവധം, വധൂവധം, ബലാൽസംഗം തുടങ്ങിയവ പെരുകി, അതിന്നെതിരിൽ വ്യാപകമായ ചർച്ചകളും നിയമനിർമ്മാണങ്ങളും ഉണ്ടാകും). 'സുഹ്ഫുകൾ' (ഗ്രന്ഥങ്ങൾ, പത്രമാസികകൾ, ആനുകാലികങ്ങൾ തുടങ്ങിയവ) വിപുലമായി പ്രസിദ്ധീകരിക്കപ്പെടുകയും പ്രചരിപ്പിക്കപ്പെടുകയും ചെയ്യും. ആകാശമണ്ഡലം മറനീക്കപ്പെടും (ശൂന്യമണ്ഡലയാത്ര, ഗോളാന്തരസഞ്ചാരം, എന്നിവ സാധ്യമാകും). (നരകം) ഉജ്ജ്വലിക്കപ്പെടും (നാരകീയഭരണങ്ങൾ ഭൂമിയിൽ നടമാടും - തീക്കളി വർദ്ധിക്കും, പുകയും തീയും വമിക്കുന്ന യുദ്ധങ്ങളും ആയുധപ്രയോഗങ്ങളും ഉണ്ടാകും - നരകത്തിലേയ്ക്കുള്ള വഴികൾ ആകർഷവും എളുപ്പവുമാക്കപ്പെടും). സ്വർഗ്ഗം അടുപ്പിക്കപ്പെടും. (സ്വർഗ്ഗതുല്യമായ ഭൗതികസുഖഭോഗങ്ങൾ വർദ്ധിക്കും. - ഭൂമിയിൽ സ്വർഗ്ഗം പണിയാനുള്ള ശ്രമങ്ങൾ ഉണ്ടാകും - യഥാർത്ഥമായ ആത്മീയസ്വർഗ്ഗം നേടുന്നതിനുള്ള വഴികൾ ഭക്തന്മാർക്കു എളുപ്പമാക്കപ്പെടും.)

'ഖിയാമത്ത്' നാളിൽ ഇസ്‌ലാമിന്റെ പുനരുദ്ധാനകാലസൂചകമായി സവിശേഷമായ സൂര്യചന്ദ്രഗ്രഹണങ്ങൾ സംഭവിക്കുമെന്നും പരിശുദ്ധ ഖുർആൻ പറയുന്നു.

'സൂറ അൽഖിയാമയിൽ, 'ചന്ദ്രനു ഗ്രഹണം പറ്റും, സൂര്യനും ചന്ദ്രനും ഗ്രഹണത്തിൽ സംയോജിപ്പിക്കപ്പെടും (ഒരേ രാശിയിൽ വരും)' എന്നും സൂചനയുണ്ട്.

സൂറ അംമ്പിയായിൽ ഇങ്ങിനെ പറയുന്നു.

"യഅ്ജൂജ് മഅ്ജൂജ് (GOG - MAGOG) തുറന്നുവിടപ്പെടും. അവർ എല്ലാ ഉയരങ്ങളിൽ നിന്നും കുതിച്ചെത്തി, സത്യത്തിന്റെ വാഗ്ദത്തം അടുക്കുമ്പോൾ അവിശ്വാസികളെ അന്ധാളിപ്പിക്കും. ഒപ്പം, 'അഹോ, ജനങ്ങളുടെ ദുരിതമേ നിശ്ചയമായും ഞങ്ങളതിന്റെ നേരേ അശ്രദ്ധരായിരുന്നു, അല്ല, ഞങ്ങൾ ദ്രോഹികളായിരുന്നു'എന്ന് പറയുക കൂടി ചെയ്യും.

ഹദ്റത്ത് അലി (റ)ന്റെ ഒരു നിവേദനത്തിൽ ഇപ്രകാരമുണ്ട്.

"ലോകരിൽ ഒരു കാലം വരും. ഇസ്‌ലാം പേരിൽ മാത്രമേ ഉണ്ടാകുകയുള്ളൂ. ഖുർആനാകട്ടെ ലിപി മാത്രമായി അവശേഷിക്കും. അവരുടെ പണ്ഡിതന്മാർ (ആലിംകൾ) ആകാശത്തിൻകീഴിൽ ഏറ്റവും നികൃഷ്ടരും ദ്രോഹികളുമായിരിക്കും. ഫിത്ന (കുഴപ്പം) അവരിൽ തുടങ്ങി അവരിലേയ്ക്കുതന്നെ മടങ്ങും."

വാഗ്ദത്ത മസീഹിന്റെ ആവിർഭാവത്തെക്കുറിച്ച് ഹദീസുകളിൽ വന്ന മറ്റു ചില പ്രവചനങ്ങൾ ഈ വർത്തമാനകാലത്തുതന്നെ പൂർത്തിയായി കാണുന്നവയാണ്.

"ഒട്ടകങ്ങൾ ഉപയോഗരഹിതമായിത്തീരും. ഒരു പുതിയതരം വാഹനം കണ്ടുപിടിക്കപ്പെടും (ആവിയന്ത്രം, റെയിൽവേ, കപ്പൽസർവീസ്, മോട്ടോർകാർ, വിമാനം തുടങ്ങിയവയുടെ പ്രചാരത്തോടെ ഇതു പൂർ ത്തിയായി). വാർത്താവിനിമയബന്ധം വികസിതമാവും (ടെലിഗ്രാഫ്, ടെലിഫോൺ, വയർലസ്സ്, ഇന്റർനെറ്റ്, ഈ-മെയിൽ തുടങ്ങിയവയുടെ കണ്ടുപിടുത്തത്തോടെ ഇതും സാധ്യമായി). ചരക്കുകൾ വിൽപ്പന നടത്തുന്നതിന് സ്ത്രീകൾ ധാരാളമായി ഉപയോഗപ്പെടുത്തപ്പെടും. മറയ്ക്കപ്പെടേണ്ട ശരീരഭാഗങ്ങൾ തുറന്നുകിടക്കുന്ന തരത്തിലുള്ള വസ്ത്രധാരണം സ്ത്രീകൾ സ്വീകരിക്കും. മൂന്നു വൻശക്തികൾ ചേർന്ന് യുദ്ധം നടത്തും... ക്രിസ്തീയരാഷ്ട്രങ്ങൾ എവിടെയും ഉന്നതസ്ഥാനങ്ങളിലായിത്തീരും. അറേബ്യ തുർക്കി സാമ്രാജ്യത്തിൽ നിന്നും വേർപ്പെട്ടുപോകും. മെസെപോട്ടോമ്യ, സിറിയ, ഈജിപ്ത് എന്നിവിടങ്ങളിൽ പ്രത്യേക ഭരണകൂടങ്ങൾ സ്ഥാപിക്കപ്പെടും. ചില വിഭാഗം ആളുകൾ മാസങ്ങളുടെ കാലാവധി

ചുരുക്കും (ബഹായികളുടെ മാസം 19 ദിവസം കൂടുമ്പോഴാണ്). ഇസ്‌ലാമിക നിയമങ്ങൾ ധിക്കരിക്കപ്പെടും. ചൂതുകളി വർദ്ധിക്കും. (ഏഷ്യയിലെ ഏറ്റവും വലിയ ചൂതുക്കളി കേന്ദ്രം (CASINO) ഒരു മുസ്‌ലിം രാഷ്ട്രമായ മലേഷ്യയിലാണെന്നതു വിചിത്രതരമായി തോന്നാം. മലേഷ്യയിൽ കുലാലസ്ത്രരിനടുത്തുള്ള 'ജെന്റിങ്ങ് ഹൈലാന്റ്' എന്ന സുഖവാസ സ്ഥലത്താണ് ഇതു സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. ലോകത്തെ ഏറ്റവും വലിയ ചൂതാട്ട കേന്ദ്രസാമ്രാജ്യമാകട്ടെ അമേരിക്കയിലെ ലാസ്‌വേഗാസ് നഗരമാണ്. അവിടെ നഗരാതിർത്തികളിൽ മാത്രം ഒരു ലക്ഷത്തി ഇരുപതിനായിരത്തിലധികം ചൂതുകളിയന്ത്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. വിദേശയാത്രക്കിടയിൽ പ്രസ്തുത രണ്ടു കേന്ദ്രങ്ങളും ഈ ലേഖകൻ സന്ദർശിച്ചിട്ടുണ്ട്. ഗൾഫ് മേഖലയിലെയും അറബിനാടുകളിലെയും കോടീശ്വരന്മാരായ ഷേയ്ക്കമാർ, ലാസ് വേഗാസിലെ ഗാമ്പ്ളിങ്ങ് കേന്ദ്രങ്ങളിലെ പ്രിയ കസ്റ്റമേഴ്സാണ്. ഈ ധനാഢ്യന്മാർ കേവലം തമാശക്കുവേണ്ടി വാതുവയ്ക്കുന്ന ഏറ്റവും ചെറിയ ടോക്കണിന്റെ മൂല്യ പോലും ഒരു ലക്ഷം ഡോളർ ആണ്. അതായത് 45 ലക്ഷം രൂപ. സ്വന്തം വിമാനങ്ങളിൽ ലാസ്‌വേഗാസ് വിമാനത്താവളത്തിൽ വന്നിറങ്ങി ഭാഗ്യം പരീക്ഷിക്കുന്ന ലോകകോടീശ്വരന്മാരുടെ എണ്ണം പ്രതിദിനം വർദ്ധിച്ചുവരികയാണെന്ന് കണക്കുകൾ പറയുന്നു. ലോകത്തെ ഏറ്റവും വലിയ ഹോട്ടലും ലാസ്‌വേഗാസിൽതന്നെ; ഹോട്ടൽ എം.ജി.എം. ഗ്രാന്റ്. ഈ ഹോട്ടലിൽ ഒട്ടാകെയുള്ള മുറികളുടെ എണ്ണം കേട്ടാൽ അമ്പരന്നുപോകും. 5150 റൂമുകൾ. ഒക്കെയും എന്നും ഭാഗ്യാന്വേഷികളെക്കൊണ്ട് നിറഞ്ഞിരിക്കും)."

ഹദ്റത്ത് അലി(റ)ന്റെ വാക്കുകൾ തുടരുന്നു.

"സ്ത്രീകൾ പുരുഷന്മാരെ പോലെ വേഷമിടും. തൊഴിലാളികൾ അധികാരത്തിൽ വരും. ധനവാന്മാർ ദാനധർമ്മം നൽകുന്നതിൽ പാവങ്ങളോടു അസൂയ കാണിക്കും. ഇസ്‌ലാമിക ഗവൺമെന്റുകൾ നശിപ്പിക്കപ്പെടും. നിർജ്ജീവവസ്തുക്കൾ സംസാരിക്കും (ഗ്രാമഫോൺ, റേഡിയോ, ടേപ്പ് റെക്കോർഡർ, ഡിജിറ്റൽ വോയ്സ് റെക്കോർഡർ തുടങ്ങിയ ഉപകരണങ്ങൾ. ഒരു ഭാഗത്ത് പവിഴങ്ങളും മറ്റൊരു ഭാഗത്ത് മുത്തുകളും വിളയുന്ന രണ്ടു സമുദ്രങ്ങൾക്കിടയിലുള്ള ഭൂതലം മുറിക്കപ്പെടും. രണ്ടു കടലുകൾ കനാലിനാൽ കൂട്ടിച്ചേർക്കപ്പെടും (സൂയസ്/പനാമ കനാലുകൾ) അതിലൂടെ ധാരാളം കപ്പലുകൾ കടന്നുനീങ്ങും. വാനശാസ്ത്രപരമായ അനേകം കണ്ടുപിടുത്തങ്ങൾ പുറത്തുവരും. നദികളെ കേന്ദ്രീകരിച്ച് ധാരാളം ജലസേചനപദ്ധതികൾ നിർമ്മിക്കപ്പെടും, എന്നാൽ അവ സ്ഥിരമായി വരണ്ടു കിടക്കും. സഞ്ചാരം വർദ്ധിക്കും. ചില രാജ്യങ്ങളിലെ ആദിവാസികൾ തുടച്ചുനീക്കപ്പെടും. വിധവാദഹനം (സതി) തുടങ്ങിയ ആചാരങ്ങൾ നിർത്തലാക്കപ്പെടും."

അനസ്(റ)യുടെ ഒരു നിവേദനത്തിൽ, ദജ്ജാൽ പുറപ്പെട്ടാൽ ലോകത്ത് പ്ലേഗ് പരക്കും എന്ന് സൂചിപ്പിച്ചിട്ടുണ്ട്. മദീന പ്ലേഗിൽ നിന്നും രക്ഷിക്കപ്പെടും എന്നും പറയപ്പെട്ടിരിക്കുന്നു. പ്ലേഗ് മാത്രമല്ല, പ്ലേഗ് പോലുള്ള പുതിയ മറ്റ് വ്യാധികളും (ഉദാഹഹരണം 'എയ്ഡ്സ്') പ്രത്യക്ഷപ്പെടുമെന്നും, ഹൃദയസ്തംഭനവും മറ്റും വർദ്ധിക്കുമെന്നും ഈ നിവേദനത്തിൽ കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ട്.)

"ദജ്ജാലിന്റെ കഴുത വെള്ളത്തിലും കരയിലും സഞ്ചരിക്കും, സഞ്ചരിക്കുമ്പോൾ മുമ്പിലും പിന്നിലും മേഘങ്ങൾ ഉണ്ടാകും." ഈ പ്രവചനം തീവണ്ടിയെയും ആവിക്കപ്പലിനെയും സൂചിപ്പിക്കുന്നു.

തിരുനബി(സ) അരുൾ ചെയ്യുന്നു.

"അവസാനകാലത്തെ മുസ്‌ലിംകൾ യഹൂദിനസാറാക്കളെ ചാണിനു ചാണായും മുഴത്തിനു മുഴമായും അനുകരിക്കും. രാഷ്ട്രീയമായ അധികാരവും രാഷ്ട്രീയമേധാവിത്വവും മുസ്‌ലിംകൾക്ക് നഷ്ടപ്പെടും. അവർ മറ്റുള്ളവരുടെ ദയയ്ക്കും കാരുണ്യത്തിനും വിധേയരായിത്തീരും...."

അറബികളുടെ അവസ്ഥയെക്കുറിച്ചുള്ള നബിതിരുമേനിയുടെ പ്രവചനത്തെപ്പറ്റി സ്പർശിച്ചുകൊണ്ട്, ഈ വരികൾ അവസാനിപ്പക്കാം.

"ഇറാക്ക് അതിന്റെ ഉൽപ്പന്നങ്ങളും പുരോഗതിയും മറ്റുള്ളവർക്കിടയിൽ പങ്കിടാൻ കൂട്ടാക്കുകയില്ല. (അത് ഇപ്പോൾ സംഭവിച്ചുകഴിഞ്ഞു). അ പ്രകാരം തന്നെയായിരിക്കും ഈജിപ്തും സിറിയയും. അറബികൾ പ ണ്ടത്തെപ്പോലെ പരസ്പരം ഭിന്നിപ്പി ലും അനൈക്യത്തിലും ആയിത്തീരും.."

അടിക്കുറിപ്പ്

'ഈ പ്രവചനങ്ങളുടെയൊക്കെ വെളിച്ചത്തിൽ ഭയാനകമായൊരു ലോകനാശം സംഭവിക്കാൻ പോകുന്നുവെന്നതു വ്യക്തം. അതൊരു ഭൂകമ്പമോ, ഭീകരമായ ഒരു സുനാമിയോ, ഒരു ലോകമഹായുദ്ധമോ ഒക്കെ ആവാം. ഒരുപക്ഷേ, ഇപ്പോഴത്തെ ഇറാൻ ആണവപ്രശ്നം തന്നെ ലോകത്തെ വിനാശകരമായ ഒരു മഹായുദ്ധത്തിലേയ്ക്ക് നയിച്ചെന്നുവരാം. ഈ ഭയാനകമായ സ്ഥിതിവിശേഷം ഉണ്ടാവുക എന്നാണെന്ന് നമുക്കറിയില്ല. അത്, ഇന്നോ നാളെയോ അടുത്ത തലമുറയുടെ കാലത്തോ എന്നും പറയാനാവില്ല; എന്നു വേണമെങ്കിലും ആവാം. ലോകം തങ്ങളുടെ തെറ്റുകൾ മനസ്സിലാക്കി, തിരുത്തി, പശ്ചാത്തപിച്ച്, നേർമാർഗ്ഗത്തിലേക്കു മടങ്ങിയില്ലെങ്കിൽ ഈ ദൈവകോപത്തിനു തീർച്ചയായും നാമും സാക്ഷികളാവും. എന്നാൽ സർവശക്തനായ അല്ലാഹു തമ്പുരാൻ കാരണ്യവാനാണ്, കരുണാനിധിയാണ്, തെറ്റുകൾ പൊറുക്കുന്നവനാണ്, പ്രാർത്ഥന കേൾക്കുന്നവാണ്, സ്വീകരിക്കുന്നവനാണ്. ഏറ്റവും ചുരുങ്ങിയത് സമാധാനം നിറഞ്ഞ നല്ലൊരു ലോകസാമൂഹ്യവ്യവസ്ഥിതിക്കു വേണ്ടി നന്മനിറഞ്ഞ ഒരു മനുഷ്യസമൂഹത്തിനുവേണ്ടി നമുക്കു ആത്മാർത്ഥമായും കൂട്ടായും പ്രാർത്ഥിക്കാം. റബ്ബ് നമ്മുടെ ദുആ സ്വീകരിക്കാനിടവരുത്തട്ടെ. ഇത്തരം ഭയാനക ദുരന്തങ്ങൾ സംഭവിക്കാതിരിക്കാൻ, ദുആയിലെങ്കിലും നമുക്കു കൈകോർക്കാം. അവന്റെ അനൽപമായ അനുഗ്രഹങ്ങൾക്കായി, നമുക്കു ക്ഷമയോടെ കാത്തിരിക്കാം. ▯

# മുസ്‌ലിംകൾ വിസ്മരിച്ച കരാർ

എ.പി. കുഞ്ഞാമു

**സൂറ: അഹ്സാബിൽ മുസ്‌ലിംകൾ അല്ലാഹുവിനോട് ചെയ്ത കരാർ പ്രകാരം മുഹമ്മദ് നബി(സ)നെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് വന്ന അവിടത്തെ ശിഷ്യ പ്രവാചകനായ വാഗ്ദത്ത മസീഹിനെ വിശ്വസിക്കൽ നിർബ്ബന്ധമാണ്**

*"ഒരാൾ തന്റെ നാഥനിൽ നിന്നുള്ള വ്യക്തമായ തെളിവോടുംകൂടി ആയിരിക്കുന്നു; അല്ലാഹുവിൽ നിന്ന് ഒരു സാക്ഷി അദ്ദേഹത്തെ തുടർന്നുവരുകയും ചെയ്യുന്നു; മൂസായുടെ ഗ്രന്ഥം വഴികാട്ടിയും കാരുണ്യമായും അദ്ദേഹത്തിന് മുമ്പേ വന്നിട്ടുമുണ്ട്. (അങ്ങനെയുള്ള ഒരാൾ കള്ളവാദിയാകുമോ?) അക്കൂട്ടർ അദ്ദേഹത്തിൽ വിശ്വസിക്കുന്നു. എതിർകക്ഷികളിൽ നിന്ന് വല്ലവനും അദ്ദേഹത്തെ നിഷേധിക്കുന്നതായാൽ നരകം അവന്റെ വാഗ്ദത്ത സങ്കേതമാണ്. അതിനാൽ തൽസംബന്ധമായി നീ സംശയത്തിലാവരുത്. അത് നിന്റെ നാഥനിൽ നിന്നുള്ള സത്യം തന്നെയാണ്. എന്നാൽ അധികമാളുകളും വിശ്വസിക്കുന്നില്ല (11:18)*

ഈ വാക്യം റസൂൽതിരുമേനി (സ)യുടെ സത്യസാക്ഷ്യമായി വിവരിച്ചിരിക്കുകയാണ്. ഇതിൽ റസൂൽതിരുമേനി(സ)യുടെ സത്യത്തിലേക്ക് പറയപ്പെട്ട ഒരു വാദം മുഹമ്മദ് നബി (സ) അല്ലാഹുവിൽ നിന്നുള്ള വ്യക്തമായ തെളിവോടുംകൂടിയാണ് ആഗതനായത് എന്നാണ്. മറ്റൊന്ന് അദ്ദേഹത്തെ സത്യപ്പെടുത്തുന്ന ഒരു സാക്ഷി അദ്ദേഹത്തെ പിൻതുടർന്നുവരും. അദ്ദേഹത്തിനുമുമ്പായി മൂസാ (അ) യുടെ ഗ്രന്ഥമായ തൗറാത്തിൽ മുഹമ്മദ് നബി(സ)യെ പറ്റിയുള്ള പ്രവചനങ്ങൾ വിവരിച്ചിട്ടുമുണ്ട്. റസൂൽ തിരുമേനി(സ)യിൽ വിശ്വസിച്ചവരിലുണ്ടായ പരിവർത്തനമാണ് അദ്ദേഹത്തിന്റെ ആദ്യത്തെ സത്യസാക്ഷ്യം. ഒരു പരിശുദ്ധാത്മാവിന് മാത്രമെ അതു സാധ്യമാവുകയുള്ളൂ. തിരുമേനിയുടെ അവതരണകാലത്തെ അറബികളുടെ അവസ്ഥപരമദയനീയമായിരുന്നു. ഇതു മനുഷ്യരാണോ അതോ മനുഷ്യമൃഗമോ എന്ന് തോന്നിപ്പോകുന്ന രീതിയിൽ അധഃപതിച്ച അറബികൾ പിന്നീട് ആദ്ധ്യാത്മിക വിഹായസ്സിൽ പറക്കുന്ന പക്ഷികളായി പരിവർത്തനപ്പെടുത്തുകയുണ്ടായി. ഈ വിപ്ലവമാണ് തിരുമേനി(സ)യുടെ അനുചരരിൽ ദൃശ്യമായത്. ഇതുകൂടാതെ റസൂൽതിരുമേനി(സ) കൊണ്ടുവന്ന തത്വസംഹിത വള്ളിക്കും പുള്ളിക്കും വ്യത്യാസം വരാതെ അവർ ജീവിതത്തിൽ പകർത്തുകയുണ്ടായി. അതുമുഖേന മതത്തിന്റെ ശരിയായ പൊരുൾ സ്ഥാപിക്കപ്പെട്ടു. ഏതൊരുമതം ഒരു ഭക്തനെ ദൈവദർശനത്തിന് പ്രാപ്തനാക്കുന്നുവോ ആ മതമാണ് യഥാർത്ഥ മതം. ഈ ഖുർആൻ വചനത്തിൽ പറഞ്ഞ പ്രകാരം ഈ കാലഘട്ടത്തിൽ റസൂൽ തിരുമേനി(സ) യുടെ സാക്ഷിയായി വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) ആഗതനായി. എല്ലാമതങ്ങളുടെയും പൂങ്കാവനമായ ഭാരതത്തിൽ നിന്നും പൂർണ്ണ പ്രവാചകനായ മുഹമ്മദ് നബി(സ) യുടെ സാക്ഷിയായി കൊണ്ടാണ് അദ്ദേഹം വന്നത്. 'താൻ ദൈവികസവിധത്തിൽ സ്വീകാര്യനാവുകയും ദൈവ ദർശനം കൊണ്ടു അനുഗ്രഹീതനാവുകയും ചെയ്തിട്ടുണ്ട് എന്ന് അദ്ദേഹം പ്രഖ്യാപിക്കുകയും ചെയ്തു. നിങ്ങൾക്കും ഈ ഭൂമിയിൽ വെച്ചു ദൈവദർശനം സാധ്യമാകും. അങ്ങനെ ഒരു സാക്ഷി പഞ്ചാബിലെ ഖാദിയാനിൽ നിന്നു വിളിച്ചുപറഞ്ഞു. അദ്ദേഹമാണ് ഹദ്റ ത്ത് അഹ്മദ് (അ). ഇതിനുപുറമെ റസൂൽ തിരുമേനി(സ)യുടെ വരവിനെ സംബന്ധിച്ചു തൗറാത്തിൽ ഒരുപാടു പ്രവചനങ്ങൾ ഉണ്ട്. അതൊക്കെ അക്ഷരം പ്രതി തിരുമേനി (സ)യിൽ പൂർത്തിയായതായി കാണാവുന്നതാണ്.

ഈ വചനം കൂടാതെ വിശുദ്ധ ഖുർആനിൽ ഒരു കരാർ വാങ്ങിയ വചനവും വന്നിട്ടുണ്ട്. 'അതായത് ഒരു ഗ്രന്ഥത്തോടുകൂടെ ഒരു പ്രവാചകൻ വരുകയും അതിനുശേഷം പ്രസ്തുത ജനത വഴിതെറ്റുമ്പോൾ ആ ഗ്രന്ഥത്തിലെ വിധിവിലക്കുകളെ ഓർമ്മപ്പെടുത്താനും, നടപ്പിൽ വരുത്താനും ഒരു സഹായി ദൈവത്തിൽ വരികയാണെങ്കിൽ നിങ്ങൾ അദ്ദേഹത്തെ വിശ്വസിക്കുകയും സഹായിക്കുകയും ചെയ്യണമെന്ന് പ്രവാചകന്മാരോട് അല്ലാഹു ഒരു കരാർ വാങ്ങിയിട്ടുണ്ട്. അതായത് പ്രവാചകജനതയെ പ്രതിനിധീകരിച്ചാണ് പ്രവാ

ചകനോട് കരാർ വാങ്ങുന്നത്. *'അല്ലാഹു പ്രവാചകന്മാരോട് കരാർ വാങ്ങിയ അവസരം ഓർക്കുക! ഞാൻ നിങ്ങൾക്ക് വല്ല ഗ്രന്ഥവും ജ്ഞാനവും നൽകിയിട്ട് പിന്നെ നിങ്ങളുടെ കൂടെയുള്ളതിനെ (സന്ദേശത്തെ) സത്യപ്പെടുത്തുന്ന ഒരു ദൂതൻ നിങ്ങളുടെ അടുക്കൽ വരുന്നതായാൽ തീർച്ചയായും നിങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ സഹായിക്കുകയും ചെയ്യേണ്ടതാണ് (എന്നു പറഞ്ഞുകൊണ്ട്) അവൻ (അല്ലാഹു) ചോദിച്ചു. 'നിങ്ങൾ സമ്മതിക്കുകയും എന്റെ കരാറിനെ (ഈ ബാധ്യതയെ) ഏറ്റെടുക്കുകയും ചെയ്തുവോ? അവർ പറഞ്ഞു; (അതെ)' ഞങ്ങൾ സമ്മതിച്ചു. അല്ലാഹു പറഞ്ഞു. 'നിങ്ങൾ സാക്ഷ്യം വഹിക്കുവീൻ; നിങ്ങളോടൊപ്പം ഞാനും സാക്ഷികളിൽ പെട്ടവനാണ്' (3:82)* ഈ കരാർ പ്രവാചകന്മാരിൽ നിന്ന് അല്ലാഹു വാങ്ങിയത് അവരുടെ അനുചരന്മാരിൽ ഇതു സംബന്ധിച്ചുള്ള അവബോധം സൃഷ്ടിക്കാനാണ്. അങ്ങനെ പിന്നീട് വരുന്ന പ്രവാചകന്മാരെ അവർ നിഷേധിക്കാതിരിക്കാൻ വേണ്ടിയുമാണ്. അല്ലാഹു അവരോട് സാക്ഷ്യം വഹിച്ചോ? എന്നു ചോദിക്കുന്നുണ്ട്. ഇതുകൂടാതെ സൂറഃ അഹ്സാബിലും ഒരു കരാറിനെക്കുറിച്ച് പറയുന്നു. ഇവിടെ റസൂൽ തിരുമേനി(സ)യോട് നേരിട്ടു വാങ്ങുന്ന കരാറിനെക്കുറിച്ച് പറയുന്നത് എന്ന കാര്യം പരമപ്രധാനമാണ്. കാരണം അത് മുസ്‌ലിംകളായ നമ്മെ ബാധിക്കുന്നതാണ്. നാം അത് പാലിക്കാൻ ബാധ്യസ്ഥരുമാണ്. അതായത് തിരുമേനി(സ)ക്ക് ശേഷം ഒരു സാക്ഷി തിരുമേനി(സ) കൊണ്ടുവന്ന ദീനിനെ പുനരുജ്ജീവിപ്പിക്കാൻ വരുമെന്ന് തന്നെ. ഖുർആൻ വചനം ഇപ്രകാരമാണ്.

*" നാം പ്രവാചകന്മാരിൽ നിന്നും അവരുടെ കരാർ വാങ്ങിയ സന്ദർഭം (സ്മരിക്കുക)* ***നിന്നിൽനിന്നും*** *നൂഹ് ഇബ്റാഹിം, മൂസാ, ഈസബ്നുമറിയം എന്നിവരിൽ നിന്നും (നാം കരാർ വാങ്ങിയ സന്ദർഭം) ദൃഢമായൊരു കരാറാണ് നാ അവരിൽ നിന്നും വാങ്ങിയത്." (33:8)*

ഇതുസംബന്ധിച്ചു റസൂൽ തിരുമേനി പല പ്രവചനങ്ങളും ചെയ്തതായി ഹദീസുഗ്രന്ഥങ്ങളിൽ വായിക്കാൻ സാധിക്കും. ഇവിടെ റസൂൽ (സ)തിരുമേനിയോട് കരാർ വാങ്ങിയതിനെ പ്രത്യേകം അല്ലാഹു എടുത്തു പറയാനുള്ള കാരണം. ഭാവിയിൽ മുസ്‌ലിംകളിൽ ഒരു അന്ധവിശ്വാസം അതായത് തിരുമേനി(സ)യോടുകൂടി എല്ലാ നുബുവ്വത്തും അവസാനിച്ചു പോയി എന്ന അന്ധവിശ്വാസം വ്യാപകമാകും. ആ കാലത്തായിരിക്കും ഈ പ്രവചനം പൂർത്തിയാകുന്നത്. തദവസരത്തിൽ അക്കാലത്തെ ചിന്തിക്കുന്ന ജനങ്ങൾ രക്ഷപ്പെടട്ടെ എന്നു മനസ്സിലാക്കിയായിരിക്കും അല്ലാഹു തിരുമേനി(സ)യിൽ നിന്നും ആ കരാർ വാങ്ങിയതായി ഖുർആൻ എടുത്ത് പറഞ്ഞത്. എല്ലാ പ്രവാചകന്മാരിൽ നിന്നു വാങ്ങി എന്നു പറഞ്ഞാൽ തന്നെ മതിയാകുമായിരുന്നിട്ടും തിരുമേനിയിൽ നിന്നും കരാർ വാങ്ങിയെന്ന് പറഞ്ഞുകൊണ്ട് തിരുമേനി(സ)യുടെ ഉമ്മത്തിനെ അല്ലാഹു ഇവിടെ സഹായിച്ചിരിക്കുകയാണ്. അൽഹംദുലില്ലാഹ്.

ഈ സാക്ഷിയെപറ്റി തന്നെയാണ് ഈസായെന്നും, ഈസബ്നു മറിയമെന്നും, മഹ്ദിയെന്നും, മസീഹെന്നും തിരുമേനി (സ) പ്രത്യേകമായി പ്രവചനം ചെയ്തത്. ഒരു ഹദീസിൽ "ഇബ്നു മറിയം നിങ്ങളിൽ നിന്ന് നിങ്ങളുടെ ഇമാമായി നിങ്ങളിൽ ഇറങ്ങുമ്പോൾ നിങ്ങളുടെ അവസ്ഥ എന്തായിരിക്കും." എന്ന് കാണാം. ഈ ഹദീസു ബുഖാരിയിൽ വന്നതാണ്. മുസ്‌ലിമിലും ഇതേ രൂപത്തിലുള്ള ഹദീസ് വന്നിട്ടുണ്ട്. കൂടാതെ *'ഇബ് നുമറിയമിനെ മസലായിട്ട് (സാദൃശ്യമായി) പറയപ്പെട്ടാൽ നിന്റെ ജനങ്ങൾ അത് സംബന്ധിച്ച് കൈകൊട്ടിച്ചിരിക്കും'* (43:58) അതായത് പരിഹസിക്കുമെന്ന് വിശുദ്ധ ഖുർആനിൽ ഉല്ലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. അങ്ങനെ മനുഷ്യനെ നാലുഭാഗവും അല്ലാഹു തന്നെ ചിന്താബ്ധിതനാക്കിയിരിക്കുകയാണ്. അതായത് ചിന്തിക്കുന്ന മനുഷ്യന് അല്ലാഹു അയക്കുന്ന റസൂൽ തിരുമേനി(സ)യുടെ സാക്ഷി യെ സ്വീകരിക്കാതിരിക്കാൻ യാതൊ രു ന്യായവുമില്ല. ഇവിടെ ഈസാനബി(അ) യുടെ സാദൃശ്യത്തോടെ ഒരാൾ വരുമെന്ന് പറയപ്പെട്ടിരിക്കുന്നു. നിന്റെ ജനത കൈകൊട്ടി ആരവം മുഴക്കുമെന്നും പറയപ്പെട്ടു. ഹദ്റത്ത് അഹ്മദി(അ)നെപറ്റി മറിയമിന്റെ മകൻ എങ്ങനെ ചിരാഗ് ബീബിയുടെ മകനാകും എന്ന് പറഞ്ഞ് കൈ കൊട്ടി ആരവം കൂട്ടുന്നതായി നാം ഇന്ന് ദർശിക്കുന്നു. ഖുർആന്റെ വചനങ്ങൾ എത്ര യാഥാർത്ഥ്യം. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മ്മദിനെ ഈസബ്നു മറിയമുമായി സാദൃശ്യത്തിൽ മാത്രമാണ് പറഞ്ഞത്. അങ്ങനെ സാദൃശ്യരൂപത്തിൽ പറഞ്ഞാൽ കൈകൊട്ടി ചിരിക്കാതെ അതിനെ ഗൗരവമായി എടുത്തു സ്വീകരിക്കാനാണ് ഈ വചനത്തിൽ കൂടി അല്ലാഹു ആഹ്വാനം ചെയ്യുന്നത്. ഇങ്ങനെ ഒരു സത്യത്തെ നാല് വശവും വിവരിച്ച് അവിശ്വസിക്കാനുള്ള എല്ലാ പഴുതുകളും ഇവിടെ അടച്ചിരിക്കയാണ്. ആ വരുന്ന ആൾ നിങ്ങളിൽ നിന്നുള്ള അതായത് മുസ്‌ലിം ഉമ്മത്തിൽ നിന്നുള്ള ഒരാളായിരിക്കുമെന്ന് തിരുമേനി (സ) നമുക്ക് മനസ്സിലാക്കിത്തരുന്നു.

യഹൂദികൾക്ക് മൂസാ നബി (അ) യ്ക്കു ശേഷം അവരെ ഉദ്ധരിക്കാൻ 14-ാം നൂറ്റാണ്ടിന്റെ തലക്കൽ വന്ന അവരുടെ ഉദ്ധാരകനാണ് ഈസാനബി (അ). അതേപോലെ മുസ്‌ലിംകളിൽ 14-നൂറ്റാണ്ടിൽ അവരെ ഉദ്ധരിക്കാൻ ഈസാനബി(അ)ക്ക് സദൃശനായി ഒരാൾ വരുമെന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. ആ സാദൃശ്യത്തെ കാണിക്കാനാണ് "മസൽ" എന്ന പദം അവിടെ ഉപയോഗിച്ചത്. ഇതുതന്നെയാണ് യേശുവിന്റെ രണ്ടാംവരവെന്നും പറയപ്പെട്ടത്.

വിശുദ്ധ ഖുർആനിൽ ഈസാനബി(അ)യെ ബനീഇസ്രായേലിയരുടെ പ്രവാചകനായിട്ടാണ് മനസ്സിലാക്കി

ത്തരുന്നത് ബൈബിളിലും അപ്രകാരം തന്നെ. അപ്പോൾ ബനീഇസ്രായീലിലെ പ്രവാചകദൗത്യത്തോടെ അദ്ദേഹത്തിന്റെ ദൗത്യം അവസാനിക്കുന്നു. ഈസാനബി വീണ്ടും വരുമെന്ന് പറഞ്ഞാൽ അദ്ദേഹത്തിന് സദൃശനായ മറ്റൊരാൾ വരുമെന്ന് തന്നെയാണ് മനസ്സിലാക്കേണ്ടത്. ഏലിയാപ്രവചാകൻ (ഇല്ല്യാസ് നബി) വരുമെന്നതിനെ യോഹന്നാൻ പ്രവാചകന്റെ (യഹ്‌യാ) വരവോടെ പൂർത്തിയായതായി യേശു തന്നെ നമുക്ക് പറഞ്ഞുതന്നിരിക്കുന്നു. അപ്പോൾ അങ്ങനെ സദൃശീകരിക്കപ്പെടുമെന്ന് സാരം. അപ്പോൾ ആ കാലഘട്ടത്തിൽ വരുന്ന പ്രവാചകൻ നമ്മെ ഉൽബോധിപ്പിക്കുമ്പോൾ ആ കാര്യം കേട്ട ഉടനെ തള്ളിക്കളയുന്ന സ്വഭാവം നമുക്ക് ഉണ്ടാകാൻ പാടില്ല എന്നാണ് ചരിത്രം നമ്മോട് ആവശ്യപ്പെടുന്നത്.

പ്രവാചകന്മാരോട് അല്ലാഹു വാങ്ങിയ കരാറും നാം അഗണ്യകോടിയിൽ തള്ളരുത്. മുസ്‌ലിം ഉമ്മത്തിന് തെറ്റു പറ്റും എന്നു മനസ്സിലാക്കിയാണ് റസൂൽ തിരുമേനി(സ)യിൽ നിന്നും പ്രസ്തുത കരാർ വാങ്ങിയതായി ഖുർആൻ ഉണർത്തുന്നത്. കാരണം അദ്ദേഹത്തിന് ശേഷം ഇസ്‌ലാമിനെ ഉദ്ധരിക്കാൻ ഒരു സാക്ഷി (ഒരു പ്രവാചകൻ) വരേണ്ടിയിരിക്കുന്നു. അങ്ങനെ ഒരാൾ വരേണ്ടുന്ന കാലഘട്ടത്തെക്കുറിച്ചും സ്ഥലത്തെക്കുറിച്ചും അദ്ദേഹത്തിന്റെ പേരും ആകൃതിയും എല്ലാം തിരുമേനി(സ) അളന്നുമുറിച്ച് പ്രവചനം ചെയ്തു. തന്റെ അനുയായികൾ അല്ലാഹുവിന്റെ കാരുണ്യത്തിൽ നിന്നും അകന്നുപോകരുത് എന്നു മനസ്സിലാക്കി തന്നെ എന്നിട്ടും അതിനൊന്നും മുസ്‌ലിം ലോകം യാതൊരു വിലയും കല്പിച്ചില്ല. അല്ലാഹുവിന്റെ ഭാഗത്തു നിന്നുവന്ന, റസൂൽ തിരുമേനി(സ) യുടെ ഈ സാക്ഷിയായി വന്ന വാഗ്ദത്ത മസീഹിനെ നിരാകരിച്ചതിന്റെ ഫലമായി മുസ്‌ലിം ലോകം പലവിധ യാതനകൾക്കും ഇരയായിത്തീർന്നിരിക്കയാണ്. അവരുടെ ഭൗതികവും ആത്മീയവുമായ അഭിവൃദ്ധി അല്ലാഹുവിന്റെ വാഗ്ദത്ത മഹ്ദിമസീഹുമായിട്ട് ബന്ധപ്പെട്ടിരിക്കയാണ്. ഈ സത്യം എത്ര വേഗത്തിൽ മുസ്‌ലിം ലോകം മനസ്സിലാക്കുന്നുവോ അത്രയും വേഗത്തിൽ ഇപ്പോഴുള്ള അവസ്ഥയിൽനിന്നും അവർ മോചിതരാകും. അല്ലാത്തപക്ഷം ഇനിയും ഭാരിച്ച നാശനഷ്ടങ്ങൾക്ക് മുസ്‌ലിം ലോകം കുറിമാനമാകും. അല്ലാഹു വൃഥാ ഒരു രക്ഷകനെ അയക്കുകയില്ല. യഥാസമയത്തുതന്നെ പ്രസ്തുത രക്ഷകൻ വന്നിരിക്കുന്നു. ഈ യാഥാർത്ഥ്യം മനസ്സിലാക്കാനുള്ള വിവേകവും ഭാഗ്യവും മുസ്‌ലിം ലോകത്തിന് അല്ലാഹു കാരുണ്യമായി നൽകട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

സൂറ:ഹൂദിൽ പറഞ്ഞ വാക്യത്തിൽ വല്ലവനും അദ്ദേഹത്തെ നിഷേധിക്കയാണെങ്കിൽ നരകം അവന്റെ വാഗ്ദത്ത സങ്കേതമാണെന്ന് പറയപ്പെട്ടിരിക്കുന്നു. അപ്പോൾ അങ്ങനെ സാക്ഷ്യത്തോടുകൂടിവരുന്ന ആളെ നിഷേധിക്കുന്നവർക്ക് നരകമായിരിക്കും പ്രതിഫലമെന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. 'തൽസംബന്ധമായി നീ സംശയത്തിലാവരുത്' എന്നും വിശുദ്ധ ഖുർആൻ നമ്മെ ഉണർത്തുന്നു. ഇതൊക്കെ നാം ശരിക്കും ഹൃദയപൂർവ്വം ഗ്രഹിക്കേണ്ട താക്കീതുകളാണ്. എല്ലാം കണ്ടിട്ടും കാണാത്തവനെപോലെ എല്ലാം കേട്ടിട്ടും കേൾക്കാത്തവനെപോലെ നടിക്കുന്നത് ഇഹത്തിലും പരത്തിലും നഷ്ടം ഭവിച്ച ജനതയായി മുസ്‌ലിംകളെ മാറ്റുമെന്ന് അവരോർക്കുക.

m

---

*(10 -ാം പേജിൽ നിന്ന് തുടർച്ച)*

ഇത് മറ്റൊരു പ്രധാന പ്രശ്നത്തിലേക്ക് നമ്മെ ആനയിക്കും. അത് ഉചിതമായി പരിഹരിക്കപ്പെടുമ്പോൾ മാർക്സിന്റെ നിഗൂഢമായ ഉദ്ദേശ്യം എന്താണെന്ന് മനസ്സിലാക്കാൻ അത് നമ്മെ സഹായിക്കും. ധാർമ്മിക നിയമമില്ലാതെ ഏതെങ്കിലും ഒരു വ്യവസ്ഥ നിരംകുശമായും എളുപ്പത്തിലും പ്രവർത്തിക്കാൻ കഴിയുമെന്ന് എങ്ങനെയാണ് അദ്ദേഹത്തിന് ദർശിക്കുവാൻ സാധിക്കുക? ഈയൊരു വസ്തുത കാണാതിരിക്കുന്നതിൽ അദ്ദേഹം അതീവസാമർത്ഥ്യം കാണിക്കുന്നുണ്ട്. അതേസമയം ധാർമ്മികതയും ദൈവവും തമ്മിലുള്ള ബന്ധം ഗ്രഹിക്കുന്നതിൽ അദ്ദേഹം മതിയായ ബുദ്ധിമാനുമാണ്. പ്രകൃതിജന്യമായ മനുഷ്യൻ ഒരു ധാർമ്മികജീവിയായിരിക്കില്ല. മറിച്ച് അവൻ ആകാശത്തിന് കീഴിലെ ഏറ്റവും നികൃഷ്ടജീവിയായിരിക്കും. മനുഷ്യനെ ധാർമ്മികനാക്കുന്ന എല്ലാ ശ്രമങ്ങളും ആരംഭിക്കുന്നത് ദൈവവിശ്വാസത്തിൽ നിന്നാണ്. പക്ഷേ ദൈവവിശ്വാസവുമായി പൊരുത്തപ്പെട്ടുപോകാൻ തന്റെ തത്ത്വശാസ്ത്രത്തിന്നാവില്ലെന്ന് മാർക്സിന്നു പൂർണ്ണബോദ്ധ്യമുണ്ടായിരുന്നു. ദൈവത്തിലേക്ക് നയിക്കുന്നതോ നയിക്കപ്പെട്ടേക്കുന്നതോ ആയതെല്ലാം മാർക്സിന് വർജനീയമായിരുന്നു. അദ്ദേഹത്തിന് തിരഞ്ഞെടുക്കാനുണ്ടായിരുന്നത് രണ്ട് മാർഗ്ഗങ്ങളായിരുന്നു. കമ്മ്യൂണിസത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാനും കമ്മ്യൂണിസ്റ്റ് ലോകം ദൈവത്തിലേക്ക് തിരിച്ചുപോകാതിരിക്കാനും കമ്മ്യൂണിസത്തിനകത്ത് തന്നെ ഒരു ധാർമ്മിക വ്യവസ്ഥയുണ്ടാക്കുക. അല്ലെങ്കിൽ ദൈവചിന്തയിലേക്ക് തിരിച്ചുപോകുക എന്ന അപകടം ഒഴിവാക്കാൻ കമ്യൂണിസ്റ്റ് വ്യവസ്ഥ അത്തരമൊരു ഭീഷണി സ്വയം നേരിടുന്നു എന്ന കാര്യം സമ്മതിക്കുക. ഒരുപക്ഷേ ധാർമ്മികചിന്തയിലേക്കോ ദൈവത്തിലേക്കോ തിരിച്ചുപോകുക എന്ന അപകടം ഒഴിവാക്കാൻ കമ്മ്യൂണിസ്റ്റ് നേതൃത്വത്തിന്റെ അധാർമിക ജീവിതത്തിന്റെ അനുശീലനം കൊണ്ട് സാധിക്കുമെന്ന് അദ്ദേഹം ഊഹിച്ചുകാണും.

(തുടരും) **വിവ: എ.എം.** m

## ലേഖനം

# അറബിഭാഷ – ഭാഷകളുടെ മാതാവ്

**എൻ. അബ്ദുർറഹിം**

**1996 മാർച്ചിൽ പ്രസിദ്ധീകരിച്ച സത്യദൂതനിലെ കുറിപ്പ്.**

ഭാഷ എങ്ങിനെയുണ്ടായി? ലോകത്ത് കാണപ്പെടുന്ന അസംഖ്യം ഭാഷകൾക്ക് പൊതുവായ ധർമ്മങ്ങൾ ഉണ്ടോ? എല്ലാ ഭാഷകളുടെയും മാതാവ് അഥവാ ഭാഷാ ജനനി എന്നു പറയപ്പെടാവുന്ന മൂലഭാഷ ഏതാണ്? തുലോം ചിന്താർഹമായ സമസ്യകളാണ് ഇവയെന്നത് നിർവിവാദമാണ്. ഭാഷോൽപത്തി ശാസ്ത്രജ്ഞന്മാർ ഇതുസംബന്ധിച്ചു പല സിദ്ധാന്തങ്ങളും അവതരിപ്പിച്ചിട്ടുണ്ട്. തിര്യക്കുകളിൽ നിന്ന് വ്യത്യസ്തമായി ഭാഷ എന്നു പറയപ്പെടുന്ന സംവേദനമാദ്ധ്യമം മനുഷ്യൻ വശമാക്കിയതെങ്ങനെ എന്ന കാര്യത്തിൽ സംതൃപ്തമായ ഒരുത്തരം കണ്ടെത്താൻ ശബ്ദശാസ്ത്രജ്ഞന്മാർക്ക് കഴിഞ്ഞിരുന്നില്ലെന്നതാണ് യാഥാർത്ഥ്യം. മനുഷ്യൻ കണ്ടുപിടിച്ചുണ്ടാക്കിയെടുത്തതാണോ ഭാഷ? അതോ, അത് പരമകാരുണികന്റെ ഒരു ദാനമോ? ഭാഷ പരമകാരുണികനായ ദൈവത്തിന്റെ ഒരു ദാനമാണെന്നു വാഗ് ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) തന്റെ 'മിനനുർ റഹ്മാൻ' (Favours of the Beneficient) എന്ന കൃതിയിൽ സിദ്ധാന്തിച്ചു.

ലോകത്ത് ഇന്നുള്ള 500 കോടി ജനങ്ങൾ 4000ൽ ഏറെ ഭാഷകൾ സംസാരിച്ചുവരുന്നുവെന്നു ഭാഷാ ശാ സ്ത്രജ്ഞർ കണക്കാക്കിയിരിക്കുന്നു. അവയെ വിവിധ ഗ്രൂപ്പുകളായി അവർ വേർതിരിച്ചിട്ടുണ്ട്. 12ഓളം അടിസ്ഥാന ഭാഷാകുടുംബങ്ങളാണത്രെ ഉള്ളത്. ഇവയിൽ ഏറ്റവും പ്രാചീനമായിട്ടുള്ള ഭാഷ ഏതാണ്? ഭാഷാജനനി എന്നു പറയപ്പെടാവുന്ന ഒരു ഭാഷ ഉണ്ടോ? (Often the question is asked as to which of these is the most ancient? is there a mother of all languages?) ചിന്തകന്മാരുടെ സജീവമായ ചർച്ചയ്ക്ക് വിധേയമായിട്ടുള്ള ഒരു വിഷയമാണിത്. ഭാഷകളുടെ മാതാവ് എന്ന ശീർഷകത്തിൽ ഹൈദരാബാദിലെ 'സെല്ലുലർ ആന്റ് മോളിക്യൂളർ ബയോളജി സെന്ററിലെ ഡി. ബാലസുബ്രഹ്മണ്യം എഴുതിയ ഒരു ലേഖനം ഇയ്യിടെ 'ഹിന്ദു' പത്രത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. (The Hindu, 1-2-96).

ഇന്ത്യയിൽ 400ഓളം ഭാഷകൾ സംസാരിക്കപ്പെടുന്നു. ഇവയിൽ 23 ഭാഷകൾ ആണ് പ്രധാനമായും എണ്ണപ്പെടുന്നത്. ഇന്ത്യയിലെ 15 ഭാഷകളുടെ മാതാവായി സംസ്കൃതം അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഇതു പ്രകാരം തന്നെ പല പൗരസ്ത്യ ഭാഷകളുടെയും മൂലഭാഷ ചൈ നീസ് ആണെന്നു പറയപ്പെടുന്നു. എന്നാൽ, ലോകത്തിന്റെ വിവിധഭാഗങ്ങളിൽ സംസാരിക്കപ്പെടുന്ന ഈ എല്ലാ ഭാഷാജനനികളുടെയും ആദിമാതാവായ ഭാഷ ഏതാണ്?

മൂലഭാഷ കണ്ടെത്താനുള്ള ശ്രമം അർവ്വാചീനമോ ആധുനിക ശാസ്ത്ര ഗവേഷകരുടെ സംഭാവനയോ ഒന്നുമല്ല. ബി.സി. 700ൽ ഈജിപ്തിലെ ഫറാവോ (ഫിർഔൻ) ആയിരുന്ന സാംടിക്ക് ഒന്നാമൻ (Psamtik I)നടത്തിയ ഒരു പരീക്ഷണത്തെപ്പറ്റി ഗ്രീക്ക് ചരിത്രകാരനായ ഹിറോഡോട്ടസ് രേഖപ്പെടുത്തിയിട്ടുണ്ട്. ജനിച്ചുവീണ രണ്ട് ശിശുക്കളെ അമ്മയിൽ നിന്ന് വേർപെടുത്തി സംസാരശേഷിയില്ലാത്ത ഒരു ആട്ടിടയന്റെ സംരക്ഷണയിലാക്കിക്കൊണ്ട്, ആ ശിശുക്കളെ മറ്റാരുമായും ബന്ധപ്പെടുത്താത്ത നിലയിൽ പൂർണ്ണമായ വിവാസനത്തിൽ വളർത്തണമെന്ന് ഫറാവോ നിർദ്ദശിച്ചുവത്രെ. ഈ ശിശുക്കൾ ഉരുവിടുന്ന ആദ്യത്തെ വാക്ക് എന്ത് എന്ന് ശ്രദ്ധിക്കണമെന്നും ആ ഊമയായ ആട്ടിടയനോട് ആവശ്യപ്പെട്ടിരുന്നു. കുട്ടികളിൽ നിന്ന് പുറപ്പെടുന്ന ആദ്യത്തെ വാക്ക് എല്ലാ ഭാഷകളുടെയും ഉറവിടമായ മൂലഭാഷയെ പ്രതിനിധാനം ചെയ്യുന്നതായിരിക്കുമെന്ന് സങ്കൽപിക്കപ്പെട്ടു. കുട്ടികൾ പുറപ്പെടുവിച്ച ആദ്യത്തെ വാക്ക് 'ബെക്കോസ്' എന്നായിരുന്നുവത്രെ. തുർക്കിയിൽ സംസാരിച്ചു പോന്നിരുന്ന ഫ്രീജിയൻ എന്ന പുരാതനഭാഷയിൽ 'അപ്പം' എന്നർത്ഥമുള്ള ഒരു പദമാണിത്. അങ്ങനെ ഫ്രീജിയൻ ഭാഷയാണ് മനുഷ്യസമുദായത്തിന്റെ ആദിഭാഷയെന്നു ഫറാവോ സാംടിക് ഒന്നാമൻ തീരുമാനിക്കുകയുണ്ടായി!

എന്നാൽ, ഫറാവോ യഥാർത്ഥത്തിൽ കബളിപ്പിക്കപ്പെടുകയായിരുന്നുവെന്നും ആരോ ഒരാൾ ആ കുട്ടികളെ ഫ്രീജിയൻ ഭാഷ സംസാരിക്കാൻ പഠിപ്പിച്ചുവെന്നു വ്യക്തമാണെന്നും പിൽക്കാലത്തെ ഗവേഷകന്മാർ അഭിപ്രായപ്പെട്ടു. ആ കുട്ടികൾക്ക്

ഒരു ഭാഷയും പരസഹായമില്ലാതെ പഠിക്കാൻ കഴിയുമായിരുന്നില്ലെന്ന് അവർ തീർത്തു പറഞ്ഞു. (ശബ്ദങ്ങളും ചിഹ്നങ്ങളും ഒരു ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം, ഭാ. 169).

വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) ഇത് സംബന്ധിച്ചു ഇപ്രകാരം പറയുന്നു.

"സംസാരം അഭ്യസ്തമാണെന്ന് സമ്മതിക്കപ്പെട്ടിരിക്കുമ്പോൾ, മറ്റൊരാൾ മനസ്സിലാക്കിക്കൊടുക്കാതെ കണ്ട് ആദ്യമനുഷ്യന് അത് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടായിരിക്കില്ലെന്നും സമ്മതിക്കാൻ നിർബന്ധപ്പെടുന്നതാണ്. പുതുതായി ജനിച്ച ശിശുക്കളെ ഒന്നും പഠിപ്പിക്കപ്പെടാത്ത നിലയിൽ, ഒരു ഗുരുനാഥൻ അവർക്ക് ഭാഷ അഭ്യസിപ്പിക്കാത്ത നിലയിൽ, വിട്ടേച്ചിരുന്നുവെങ്കിൽ, ആ നവജാത ശിശുക്കൾക്ക് സ്വയം സംസാരിക്കാൻ സാധ്യമല്ലെന്നും അവർക്ക് മറ്റുള്ളവരുടെ വിളിയ്ക്ക് ഉത്തരം നൽകാൻ കഴിയുകയില്ലെന്നും ഊമയെപ്പോലെ മൗനിയായിരിക്കുകയേ ഉള്ളൂവെന്നും പരീക്ഷണങ്ങളും പരിശോധനകളും മുഖേന സ്ഥാപിക്കപ്പെട്ടിട്ടുള്ളതും അതോടൊപ്പം ഉദാഹരണങ്ങൾ കൊണ്ട് സാക്ഷ്യപ്പെടുത്താവുന്നതും ആകുന്നു. (മിനനുർറഹ്മാൻ Favours of the Beneficient P - 87).

അദ്ദേഹം തുടരുന്നു: "ദൈവം മനുഷ്യന് സംസാരശേഷി പ്രത്യേക നിലയിൽ നൽകിയിരിക്കുന്നു. ദൈവത്തിൽ നിന്നു മാത്രമായി മനുഷ്യന് ജീവൻ ദാനമായി നൽകപ്പെട്ടത് പോലെയാണ് യഥാർത്ഥ ഔദാര്യവാനിൽ നിന്നുതന്നെ സംസാരശേഷിയും പ്രദാനം ചെയ്യപ്പെട്ടത്. അതാണ് സത്യവസ്തുത." (92).

ഭാഷകളെപ്പറ്റി ഖുർആൻ ഇപ്രകാരം പറയുന്നു: "ആകാശഭൂമികളുടെ സൃഷ്ടിപ്പിലും നിങ്ങളുടെ ഭാഷകളുടെയും വർണ്ണങ്ങളുടെയും വ്യത്യാസങ്ങളിലും ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്തങ്ങളുണ്ട്." (30:23). ഭാഷാശാസ്ത്രഗവേഷണങ്ങൾ (Philological Researches) നടത്തുവാനുള്ള ആഹ്വാനമാണ് ഖുർആൻ ഇതുവഴി നടത്തിയിട്ടുള്ളത്. ഇതുപ്രകരം, ഈ കാലഘട്ടത്തിൽ ഈ മഹാസംരംഭത്തിൽ ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ) മുഖേന അടിസ്ഥാനപ്പെട്ടിരിക്കുന്നത് ദൈവികമായ ഒരു പദ്ധതിയുടെ ഭാഗമാണ്. അറബി ഭാഷയാണ് ഭാഷാ ജനയിത്രി എന്നു പറയപ്പെടാവുന്ന മൂലഭാഷയെന്ന് ഹദ്റത്ത് അഹ്മദ്(അ) ഘോഷിച്ചു. ഈ മൂലഭാഷയിൽ വിശുദ്ധ ഖുർആൻ അവതരിച്ചത് ആ ഭാഷയുടെ സാർവ്വജനീന പ്രാതിനിധ്യത്തെ വിളംബരം ചെയ്യുന്നു. ആ മഹാത്മാവ് ഇപ്രകാരം പറഞ്ഞു: "എല്ലാ ഗ്രന്ഥങ്ങളുടെയും മുദ്രയായുള്ള സർവ്വശക്തനായ ദൈവത്തിന്റെ പരിപൂർണ്ണഗ്രന്ഥം എല്ലാ ഭാഷകളുടെയും മാതാവായ ഒരു ഭാഷയിൽ വെളിപ്പെടണമെന്ന് ദൈവേച്ഛയുടെ നിർ ബന്ധമായിരുന്നു." (പേജ് 93). അദ്ദേഹം പ്രഖ്യാപിച്ചു: "ഞാനിത് സ്വന്തത്തിൽ പറയുന്നതല്ല. അല്ലാഹു വെളിപാടു രൂപത്തിൽ എനിയ്ക്കിറക്കിത്തന്ന ജ്ഞാനമാണിത്." (പേജ് : 119).

വിശുദ്ധ ഖുർആനെ പ്രത്യുദ്ധരിക്കാനായിട്ടത്രെ വാഗ്ദത്ത മഹ്ദീ മസീഹ് വെളിപ്പെട്ടിരിക്കുന്നത്. ഇത് ഒരു അന്ധമായ മതപക്ഷപാതവും ഭാഷാപ്രണയവും ആണെന്നു കരുതുന്നവരുണ്ടാകാമെങ്കിലും ശാസ്ത്രീയമായ അടിസ്ഥാനങ്ങളിലാണ് അദ്ദേഹം ഇതു കാര്യകാരണസഹിതം തെളിയിച്ചിട്ടുള്ളതെന്ന് കാണാം. ഏത് ശാസ്ത്രീയ ഗവേഷണവും അദ്ദേഹം പ്രഘോഷിച്ച ഈ സത്യത്തിന്റെ അനാവരണത്തിലാണ് ചെന്നെത്തുക. 'മിനനുർ റഹ്മാൻ' എന്ന അടിസ്ഥാന ഗ്രന്ഥം അദ്ദേഹം രചിച്ചതിന് ശേഷം അദ്ദേഹത്തിന്റെ ചില ശിഷ്യന്മാർ ഈ വിഷയകമായി ശാസ്ത്രീയമായ ഗവേഷണ ഗ്രന്ഥങ്ങൾ പുറത്തിറക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ഒരു പ്രമുഖ ശിഷ്യനായിരുന്ന ബാരിസ്റ്റർ ഖാജാ കമാലുദ്ദീൻ സാഹിബ് എന്ന പേരിലും മറ്റൊരു ശിഷ്യനായ അഡ്വ. മസ്ഹർ അഹ്മദ് സാഹിബ് എന്ന പേരിലും ഗവേഷണഗ്രന്ഥങ്ങൾ രചിച്ചു ഈ ഗ്രന്ഥങ്ങളിലടങ്ങിയ തത്വസാരങ്ങളെ ലോകം അംഗീകരിക്കുന്ന കാലം വിദൂരമല്ലെന്ന് ഞങ്ങൾ കരുതുന്നു.

നാലോ അഞ്ചോ ആയിരം കൊല്ലങ്ങൾക്കിടയിൽ ഇത്രയും വലിയ ഭാഷാ വൈവിധ്യങ്ങൾ സംഭവിച്ചതെങ്ങനെ എന്ന സംശയം അടിസ്ഥാനരഹിതമാണ്. ഭൂമിയുടെ വയസ്സ് ആറായിരം കൊല്ലമാണെന്നുള്ള ബൈബിൾ പാഠങ്ങൾ സൃഷ്ടിച്ച അബദ്ധധാരണയിൽ നിന്നാ ണ് ഈ സംശയം ഉദിക്കുന്നതെന്ന് ഹദ്റത്ത് അഹ്മദ് (അ) ചൂണ്ടിക്കാട്ടി. സ്ഥലകാലങ്ങൾക്കുള്ള അകൽച്ച മാത്രമല്ല ഭാഷാഭേദങ്ങൾക്കുള്ള കാരണം ഭൂമധ്യരേഖയോട് അടുത്തും അകലത്തും സ്ഥിതിചെയ്യുന്ന പ്രദേശങ്ങളിൽ വസിക്കുന്നവരിൽ ചില പ്രത്യേക ആവയവിക സംവിധാനങ്ങളും പ്രവണതകളും സഹജമായിത്തന്നെ വളരുമാറാകുന്നു. വിവിധങ്ങളായ വൃക്ഷങ്ങളുടെയും സസ്യങ്ങളുടെയും സ്വാധീനങ്ങളും അറിയപ്പെടാത്ത മറ്റു ചില വസ്തുതകളും കാരണം ഈ ഭൂവാസികളിൽ ചില പ്രത്യേക ശാരീരിക ശബ്ദനിയന്ത്രണ സംവിധാനങ്ങളും ഉച്ചാരണക്രമങ്ങളും ഉടലെടുക്കുമാറാകുന്നുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. അതാണ് ക്രമേണ സവിശേഷ സംസാരസമ്പ്രദായങ്ങളായി വേർതിരിഞ്ഞത്. ചില പ്രദേശങ്ങളിൽ അക്ഷരങ്ങളും സ്വനിമങ്ങളും അതേപടി മൊഴിയാൻ സാദ്ധ്യമേയല്ല. ഈ മാറ്റങ്ങളെല്ലാം പ്രകൃതി നിയമങ്ങൾക്കും സഹജസിദ്ധികൾ ക്കും വിധേയമാണ്.

ആധുനികശാസ്ത്രം കൈവെക്കാത്ത മനുഷ്യബന്ധത്തിന്റെ ഒരു ശാഖയും ഇല്ലെന്ന് നമുക്കറിയാം. ആധുനിക ജനിതക ശാസ്ത്രത്തിനു (Genetics) മനുഷ്യജീവിതത്തിന്റെ വിവിധ രംഗങ്ങളിൽ ഉയർന്നിട്ടുള്ള ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. ജീവശാസ്ത്രത്തിന് (Biology) ഭാഷയുടെ പ്രാ

*(ശേഷം 29-ാം പേജിൽ)*

## ലേഖനം

# യേശുക്രിസ്തു കാശ്മീരിൽ

**എൻ. അബ്ദുറഹിം സാഹിബ്**

**'യേശുക്രിസ്തു കാശ്മീരിൽ' എന്ന വിവർത്തന പുസ്തകത്തിന് അബ്ദുർറഹിം സാഹിബ് എഴുതിയ പ്രസ്താവന.**

യേശുക്രിസ്തു കുരിശിൽ മരിച്ചിട്ടില്ല; മൂർച്ഛിതനാവുകയത്രെ ചെയ്തത്. 'വമാ ഖതലൂഹു വമാ സലബൂഹു' (അദ്ദേഹത്തെ അവർ കൊന്നിട്ടില്ല. ക്രൂശിച്ചു കൊന്നിട്ടുമില്ല) എന്നു വിശുദ്ധ ഖുർആൻ ഘോഷിക്കുന്നു. ഏറെക്കുറെ അഞ്ഞൂറുകൊല്ലക്കാലം പ്രചരിച്ച ഒരു തെറ്റുധാരണയെയാണ് 1400 കൊല്ലം മുമ്പു ഖുർആൻ തിരുത്തിയത്. കത്തിമിന്നുന്ന ഈ ഖുർആനിക വചനത്തിന്റെ വ്യാഖ്യാനമോ വിശദീകരണമോ ആണ് ഈ കൃതി.

യേശുക്രിസ്തു എന്നൊരാൾ ജീവിച്ചിരുന്നിട്ടില്ലെന്നു സിദ്ധാന്തിക്കുന്നവരുണ്ട്. ക്രിസ്തു ഒരു 'മിത്ത്' മാത്രമാണെന്നവർ വാദിക്കുന്നു (Christ Myth Theory). എന്നാൽ, കൃസ്തു ഒരു ചരിത്രപുരുഷനാണെന്നത്രെ ഖുർആൻ വ്യക്തമാക്കിത്തന്നിട്ടുള്ളത്. ലോകപരിഷ്ക്കർത്താക്കളായ പ്രവാചകന്മാരുടെ പരമ്പരയിൽ അതിപ്രധാനമായ ഒരു സ്ഥാനം അലങ്കരിക്കുന്ന ഒരു മഹാപ്രവാചകൻ തന്നെയാണ് യേശു അഥവാ ഈസാനബി(അ) എന്നു ഖുർആൻ പ്രഖ്യാപിക്കുന്നു. എന്നു മാത്രമല്ല, അദ്ദേഹത്തെ ഒരു അടയാളമാക്കിയതായും ആ വിശുദ്ധഗ്രന്ഥം പറയുന്നു. എന്നുവച്ചാൽ, ദൈവീകമായ അനേകം സത്യങ്ങൾ അദ്ദേഹത്തിന്റെ ജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങളിലൂടെ ലോകത്ത് പിൽക്കാലത്ത് വെളിപ്പെടുമെന്നും ദൈവമഹത്വം പ്രകാശിപ്പിക്കപ്പെടുന്നതിന് അദ്ദേഹത്തിന്റെ ജീവിതം സവിശേഷമായ ഒരുപാധിയായി മാറുമെന്നും തന്നെ. യേശുവിന്റെ പുനരവതാരത്തെപ്പറ്റി പ്രവചനമുണ്ട്. ഈ കാലഘട്ടത്തിൽ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകരിൽ ആ പ്രവചനം പൂർത്തിയായിരിക്കയാണെന്നും അദ്ദേഹം 'വാഗ്ദത്ത മസീഹ്' ആണെന്നും അഹ്മദിയ്യാ പ്രസ്ഥാനക്കാർ വിശ്വസിക്കുന്നു. ആ മഹാത്മാവ് തന്നെയാണ് യേശുവിനെ അഥവാ ഈസാനബിയെ സംബന്ധിച്ച മർമ്മപ്രധാനമായ സത്യങ്ങൾ ഈ കാലഘട്ടത്തിൽ വെളിപ്പെടുത്തിയതും.

'വാഗ്ദത്ത മസീഹ് കുരിശിനെ മുറിക്കും' (വയക്സറുസ്സലീബ്) എന്നു നബിതിരുമേനി(സ) പ്രവചിച്ചിട്ടുണ്ട്. ക്രിസ്തു കുരിശിൻമേൽ മരിച്ചു എന്ന വിശ്വാസത്തിന്റെ പൊള്ളത്തരം വാഗ്ദത്ത മസീഹ് തെളിയിച്ചുകാട്ടും എന്നാണിതിന്റെ അർത്ഥമെന്ന് നൂറ്റാണ്ടുകൾക്ക് മുമ്പ് തുർക്കിസ്താനിൽ ജീവിച്ച ബദ്റുദ്ദീൻ ഐനി എന്ന മഹാൻ പ്രസ്താവിക്കയുണ്ടായി. 'മസീഹ് ഹിന്ദുസ്ഥാൻ മെ' (Jesus in India) എന്ന കൃതിയിലൂടെ അഹ് മദിയ്യാ പ്രസ്ഥാനസ്ഥാപകർ (അ) തുടങ്ങിവച്ച മഹാവിവാദത്തിന്റെ അലയടികൾ ഇന്നു ഒരു വേലിയേറ്റമായി മാറിക്കഴിഞ്ഞു. കൃസ്തു കുരിശിൻമേൽ മരിച്ചിട്ടില്ലെന്നു സ്ഥാപിക്കപ്പെടുന്നതോടെയാണ് ചരിത്രപുരുഷനായ യേശുക്രിസ്തു ലോകത്തിന്റെ കൺമുന്നിൽ പ്രത്യക്ഷനാകുക, എന്തെന്നാൽ, കുരിശുമരണം എന്ന കെട്ടുകഥയുമായി കൂടിപ്പിരിഞ്ഞ അന്ധവും അബദ്ധപൂർണ്ണവുമായ അനേകം വിശ്വാസങ്ങളുടെയും ചരിത്രാഭാസങ്ങളുടെയും കൂമ്പാരങ്ങളിൽ മസീഹിസത്യം ഒളിഞ്ഞുകിടക്കുകയായിരുന്നു.

ബൈബിളിൽ പ്രക്ഷിപ്തങ്ങളുണ്ട്; സുവിശേഷ ങ്ങളിൽ പ്രത്യേകിച്ചും. സുവിശേഷങ്ങളിൽ കാണപ്പെടുന്ന ചരിത്രപരമായ വൈരുദ്ധ്യങ്ങളും അസംഭാവ്യതകളുമാണ് ക്രിസ്തുമിത്ഥ്യാവാദത്തിന്നു രൂപം നൽകിയതെന്നും ആ പൊരുത്തക്കേടുകൾ ഗൗരവതരങ്ങളാണെന്നും പ്രശസ്ത ക്രൈസ്തവസഭാചരിത്രപണ്ഡിതനായ സി.ജെ. കാഡു ചൂണ്ടിക്കാണിച്ചിട്ടുണ്ട്. The historical inconsistencies and improbabilities in parts of the Gospels form some of the arguments advanced in facour of the Christ Myth Theory..... discrepencies and uncertainities that remain are serious (the Life of Jesus - C.J. Cadoux, P. 16-17). ബൈബിൾ പണ്ഡിതന്മാർ പൊതുവെ ചൂണ്ടികാണിച്ചിട്ടുള്ള ഒരു സത്യമാണിത് കൃസ്തു ഒരു "ദൈവ"മാണെങ്കിൽ

“ദൈ വപുത്ര”നായവതരിച്ച് ലോകത്തിന്റെ പാപമുക്തിക്ക് വേണ്ടി മരക്കുരിശിൽ തൂങ്ങിമരിച്ചു എങ്കിൽ അങ്ങനെയൊരു കൃസ്തു ഈ ലോകത്ത് ജീവിച്ചിട്ടില്ല.

കൃസ്തുമിത്ഥ്യാവാദത്തിന്റെ ഉപജ്ഞാതാക്കൾ വി വരമില്ലാത്തവരൊന്നുമല്ല, ബുദ്ധിരാക്ഷസൻമാർതന്നെ. ബ്രൂണോ ബാവര (Bruno Baur) ആൾബർട്ട് കാൽ ത്തോഫ് (Albert Kalthof) ആർതർ ഡ്രൂസ് (Arthur Drews) തുടങ്ങിയവരാണ് അവരിൽ പ്രധാനികൾ. ബർ ട്രണ്ട് റസ്സലും അതാവർത്തിച്ചു പറഞ്ഞു. “യരൂശലേമും പലസ്തീനുമല്ല, അലക്സാന്ത്രിയയും റോമുമാണ് കൃ സ്തുമതത്തിന്റെ യഥാർത്ഥ ജന്മസ്ഥലം'' എന്നതായിരുന്നു അവരുടെ പ്രമേയം.

ഇരുന്നൂറ് കൊല്ലം മുമ്പ് മാത്രമാണ് ക്രിസ്തു ഒരു കെട്ടുകഥയാണെന്ന വാദം ആദ്യമായി ഉന്നയിക്കപ്പെട്ടത്. പതിനെട്ടു നൂറ്റാണ്ടോളം യേശുവിന്റെ ചരിത്രബന്ധ ത്തെ പ്രാമാണ്യരായ ആരും ചോദ്യം ചെയ്തിട്ടില്ലെന്ന വസ്തുത തന്നെ ആ വാദത്തെ അതീവദുർബ്ബലമാക്കുന്നുണ്ട്. രണ്ടായിരം കൊല്ലത്തെ യഹൂദചരിത്രം കൃസ്തു എന്ന യാഥാർത്ഥ്യത്തെ കേന്ദ്രമാക്കിയുള്ളതായിരുന്നു. ഇല്ലാത്ത ഒരു വ്യക്തിക്കെതിരായാണോ യഹൂദജനത നൂറ്റാണ്ടുകളോളം പൊരുതിയത്? മറ്റേതൊരു ജനതയെക്കുറിച്ച് പറഞ്ഞാലും ചരിത്രബോധമുള്ള യഹൂദരെപ്പറ്റി അങ്ങനെ പറഞ്ഞുകൂടാത്തതാണ്. യേശു ഒരു സങ്കൽപം മാത്രമായിരുന്നുവെങ്കിൽ തുടക്കത്തിൽ തന്നെ അവരതു ചൂണ്ടിക്കാട്ടുമായിരുന്നു. ഇല്ലാത്ത ഒരു വ്യക്തിയുടെ പേരിലാണ് കൃസ്ത്യാനികൾ നൂറ്റാണ്ടുകളോളം ക്രൂരമായ ഹിംസകൾക്ക് സ്വയം ഇരയായതെന്നു കരുതുന്നതും യുക്തിസഹമല്ല.

വേദപുസ്തകങ്ങളുടെ ശാസ്ത്രീയ ഗവേഷണ പഠനാർത്ഥം സ്ഥാപിക്കപ്പെട്ട ജർമ്മനിയിലെ ടൂബിംഗൻ യൂനിവർസിറ്റി മുന്നോട്ടുവച്ച സിദ്ധാന്തങ്ങളുടെയും ബ്രൂണോബാവർ ഉന്നയിച്ച വാദങ്ങളുടെയും ഇടയിലാണ്. “യഥാർത്ഥ സത്യം” നിലകൊള്ളുന്നതെന്ന് ഏംഗൽ സ് അഭിപ്രായപ്പെട്ടിട്ടുണ്ടെന്ന വസ്തുത ഞാനിവിടെ ചൂണ്ടിക്കാണിച്ചു കൊള്ളട്ടെ. “ആ സത്യം എത്രത്തോളമുണ്ടെന്നു ഇന്നു നമ്മുടെ കൈവശമുള്ള വസ്തുതകളെകൊണ്ട് ഖണ്ഡിതമായി തിട്ടപ്പെടുത്താൻ കഴിയുമോ എന്ന് സംശയമാണ്. റോമിൽ നിന്നും പൗരസ്ത്യ ദേശങ്ങളിൽ നിന്നും പ്രത്യേകിച്ചു, സർവ്വോപരി ഈജിപ്തിൽ നിന്നും കിട്ടുന്ന പുതിയ കണ്ടുപിടുത്തങ്ങൾ വിമർശനങ്ങളെക്കാൾ കൂടുതലായി ഇതിലേയ്ക്ക് സംഭാവന നൽകും.” എന്നു ഏംഗൽസ് പറയുന്നു. (On Religion, K. Marx & F. Engels P. 322). യേശുവിന്റെ ചരിത്രബന്ധം കണ്ടെത്താനുള്ള ആത്മാർത്ഥ മായ ഒരു ശ്രമം പൗരസ്ത്യദേശങ്ങളിൽ വീണ്ടും നടത്തണമെന്നും എന്നാൽ മാത്രമെ ചരിത്രപുരുഷനായ യേശുവിനെ കണ്ടെത്താനാകൂ എന്നുമാണ് ഏംഗൽസ് അഭിപ്രായപ്പെട്ടത്.

ഏംഗൽസ് ഇതു എഴുതിയതിനു ശേഷം കൃസ്തുവിനെ സംബന്ധിച്ച ഒട്ടേറെ കണ്ടുപിടുത്തങ്ങൾ പൗരസ്ത്യദേശത്ത് ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കം തൊട്ടു പുരാതത്വഗവേഷകരുടെ പഠനങ്ങൾക്കും പരിശോധനകൾക്കും വിധേയമായി. ഡമസ്ക്കസ് രേഖകൾ (Damascus Documents) ഖുംറാൻ ചുരുളുകൾ (Dead Sea Scrolls) എന്നിവ അക്കൂട്ടത്തിൽ ഏറ്റവും ഒടുവിലത്തേതാണ്. ഇവയ്ക്ക് പുറമെ വേറെയും അനേകം രേഖകളും ലിഖിതങ്ങളും കണ്ടുകട്ടിയിട്ടുണ്ട്. ഈ എല്ലാ കണ്ടുപിടുത്തങ്ങൾക്കും മകുടം ചാർത്തുന്ന ഒന്നാണ് കാശ്മീരിൽ യേശുവിന്റെ ശവകുടീരത്തിന്റെ കണ്ടുപിടുത്തം. യുഗപ്രധാനമായ ഈ കണ്ടുപിടുത്തത്തോടെ യേശുവിന്റെ ജീവിതത്തെ സംബന്ധിച്ച എല്ലാ തർക്കങ്ങൾക്കും ശാശ്വതപരിഹാരം കണ്ടെത്തപ്പെട്ടിരിക്കുകയാണ്. പ്രസ്തുത കബർ തുറന്നുനോക്കുന്നപക്ഷം, അതു കൃസ്തുവിന്റെതാണെന്നു തെളിയിക്കുന്ന എന്തെങ്കിലും ശിലാലേഖമോ മറ്റടയാളമോ ലഭിക്കാതിരിക്കില്ലെന്ന ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ പ്രഖ്യാപനത്തെ ഒരു വെല്ലുവിളിയായി സ്വീകരിക്കാൻ ക്രൈ സ്തവലോകവും നേതൃത്വവും തയ്യാറാകുമെങ്കിൽ, ഈ പ്രശ്നത്തിൽ ഒരന്തിമതീരുമാനം കാണാൻ പ്രയാസമുണ്ടാകയില്ല. അതോടൊപ്പം ഈ ലോകത്തിന് മൂന്നാം സഹസ്രാബ്ദത്തിന്റെ തുടക്കത്തിൽതന്നെ ഒരു മതമഹവിപ്ലവത്തിന്നു സാക്ഷ്യം വഹിക്കാൻ സാധിക്കുന്നതുമാണ്.

ഏംഗൽസ് നിർദ്ദേശിച്ച അന്വേഷണങ്ങളുടെ കാര്യത്തിൽ ഒരു വസ്തുത നാം പ്രത്യേകം ഓർക്കേണ്ടതുണ്ട്. കോൺസ്റ്റയിൻ ചക്രവർത്തിയുടെ ക്രിസ്തുമതാശ്ലേഷത്തോടെ ക്രിസ്തുമതം റോമിലെ സർക്കാർമതമായി മാറിയശേഷം നിഖ്യാകൗൺസിലിന്റെ തീരുമാനങ്ങളനുസരിച്ച് അംഗീകരിക്കപ്പെട്ട കാനോനികസുവിശേഷങ്ങളിലെ പാഠങ്ങൾക്ക് നിരക്കാത്ത എല്ലാ രേഖകളും പിൽക്കാലത്തുണ്ടായ ഇൻക്വിസിഷനെ തുടർന്ന് യാ തൊരു വിവേചനവും കൂടാതെ സാർവ്വത്രികമായി നശിപ്പിക്കപ്പെടുകയുണ്ടായെന്നും പൗലോസിന്റെ പാഠങ്ങൾ ക്കനുരൂപമായ ധാരാളം കൃത്രിമരേഖകൾ നിർമ്മിക്കപ്പെട്ടിട്ടുണ്ടെന്നുമുള്ള ചരിത്രവസ്തുതയാണത്. അമ്പത്താറോളം സുവിശേഷഗ്രന്ഥങ്ങൾ അപ്രാമാണ്യപുസ്തകങ്ങളായി പ്രഖ്യാപിക്കപ്പെടുകയും പിൽക്കാലത്ത് നശിപ്പിക്കപ്പെടുകയുമുണ്ടായി. അവയിൽ ചിലതാണ് അടുത്തകാലത്ത് കണ്ടെടുക്കപ്പെട്ട ‘ആക്ട്സ് ഓഫ് ചോമാ സ്’, ‘ഗോസ്പെൽ ഓഫ് ഫിലിപ്പോസ്’ തുടങ്ങിയവ. ഒന്നാം നൂറ്റാണ്ടിൽ കൃസ്തുവിന്റെ കാലത്തുതന്നെ ക്രൈസ്തവ സന്ദേശം എത്തിച്ചേർന്ന ഈ കേരളത്തി ലും ഉദയംപേരൂർ സുന്നഹദോസ് (Synod of Diamper) വിധികളനുസരിച്ച് നശീകരണങ്ങൾ നടന്നിട്ടുണ്ട്. റോമൻ ആർച്ച് ബിഷപ്പ് മെൻസീസിന്റെ (Menzis)നേതൃത്വത്തിൽ നടന്ന സുന്നഹദോസ് തീരു

മാനങ്ങളനുസരിച്ചാണ് ഇവിടെ ചർച്ച കളിൽ ആദ്യമായി ബിംബങ്ങളെത്തിയത്. ആദിമ ക്രിസ്ത്യാനികൾ തങ്ങളുടെ വിശ്വാസങ്ങൾ കയ്യൊഴിക്കാനും എല്ലാ ചരിത്രരേഖകളും അടിയറവെക്കാനും നിർബ്ബന്ധിക്കപ്പെടുകയുമുണ്ടായി. എതിർത്തുനിന്ന പുരോഹിതന്മാരിൽ ചിലർ വധിക്കപ്പെട്ടു. കൃസ്തു കുരിശിൽ നിന്നു രക്ഷപ്പെട്ടു ഇന്ത്യയിൽ വന്നെത്തിയെന്ന വാദഗതിയുടെ പശ്ചാത്തലത്തിൽ കേരളത്തിലെ ക്രൈസ്തവപാരമ്പര്യങ്ങളെയും ചരിത്രരേഖകളെയും പറ്റി പുതിയൊരു ഗവേഷണത്തിന് ചരിത്ര പണ്ഡിതന്മാരും വിദ്യാർത്ഥികളും മുതിരുന്ന പക്ഷം പലതും കണ്ടെത്താൻ കഴിഞ്ഞേക്കും. യൂറോപ്യൻ കൃസ്ത്യാനികൾ Good Friday ആഘോഷിക്കുമ്പോൾ അതു "ദുഃഖവെള്ളിയാഴ്ച" ആയിട്ടുതന്നെ കേരളത്തിലുള്ളവർ ആചരിക്കാൻ കാരണമെന്താണ്? കൃസ്തു നടത്തിയതായി ചൂണ്ടിക്കാണിക്കപ്പെടുന്ന ഭാരതയാത്രയിൽ അദ്ദേഹം കടന്നുനീങ്ങിയ മാർഗ്ഗങ്ങളിലും ഒരു ഗവേഷണം ആവശ്യമായി വരും. വിദ്വാന്മാർ ആ വഴിക്ക് നീങ്ങിത്തുടങ്ങീട്ടുണ്ട്. ഇസ്രായീലിൽ നിന്നു രണ്ടുപഠനസംഘങ്ങൾ ഇതുസംബന്ധിച്ച് കശ്മീർ സന്ദർശിക്കുകയുണ്ടായെന്ന കാ ര്യം ഞാനിവിടെ സ്മരിക്കുന്നു.

ഈ പുസ്തകത്തിന്റെ ഒന്നാം പതിപ്പ് 'മാതൃഭൂമി ആഴ്ചപ്പതി'പ്പിൽ നിരൂപണം ചെയ്തിരുന്നതു കേരളത്തിലെ യുക്തിവാദികളുടെ ആചാര്യനായിരുന്ന ശ്രീ. എം.സി. ജോസഫ് ആയിരുന്നു. അദ്ദേഹം ഉന്നയിച്ച ഒന്നുരണ്ടു പ്രശ്നങ്ങൾക്ക് ഞാനിവിടെ മറുപടി നൽകട്ടെ:

ശ്രീനഗറിലെ കബറിന്നുള്ളിൽ മറയടക്കപ്പെട്ടതു ഒരു മുസ്‌ലിം പുണ്യവാളനായിരിക്കാമെന്നാണ് ജോസഫിന്റെ പക്ഷം. അദ്ദേഹത്തെപോലെ അറിവുള്ള ഒരാൾ പറയേണ്ടതായിരുന്നില്ല ഇത്. ഒരു ഇസ്രായീല്യനെ കബറടക്കുന്നതെങ്ങനെയെന്നു അദ്ദേഹത്തിനു അറിഞ്ഞുകൂടാതെ വരില്ല. മുസ്‌ലിമിനെ മറയടക്കുന്നതെങ്ങിനെയെന്നും അദ്ദേഹം അറിഞ്ഞുകാണും. ഒരു ഇസ്രായീലിനെ കിഴക്ക് പടിഞ്ഞാറായി കിടത്തുമ്പോൾ ഒരു മുസ്‌ലിമിന്റെ മൃതദേഹം വടക്കുതെക്കായിട്ടാണ് വെക്കുക. ശ്രീനഗറിലെ മൃതകുടീരം നിലകൊള്ളുന്ന രീതിതന്നെ അതൊരു ഇസ്രായീല്യന്റെതാണെന്നു വിളിച്ചറിയിക്കുന്നുണ്ട്. ആ ചാരങ്ങളുടെ ചരിത്രമൂല്യം ആനുഷംഗികമായി ഞാനിവിടെ ചൂണ്ടിക്കാണിക്കട്ടെ. കല്ലറയുടെ പാർശ്വവാതിലുകളുടെ ഘടനാവിശേഷംതന്നെ അതൊരു ഇസ്രായീലി ശില്പമാണെന്നു തെളിയിക്കുന്നു. കാർബൺ ഡെയിറ്റിങ്ങ് അനുസരിച്ചു കാലനിർണ്ണയത്തിന്നു പ്രയാസമുണ്ടോ? ഈ ശാസ്ത്രയുഗത്തിൽ ആർക്കും ആരേ യും കബളിപ്പിക്കാൻ സാദ്ധ്യമല്ല.

ശ്രീ. എം.സി. ജോസഫ് ഉന്നയിച്ച മറ്റൊരു സംശയം കാശ്മീർ മദ്ധ്യേഷ്യൻ പ്രദേശത്ത് ക്രൈസ്തവ സംസ്കാരത്തിന്റെ അവശിഷ്ടം കാണപ്പെടേണ്ടതായിരുന്നില്ലേ എന്നുള്ളതാണ്. യേശുവിൽ വിശ്വസിച്ചിരിക്കാവുന്ന കശ്മീരികൾ മുഴുവനും പിൽക്കാലത്ത് ഇസ്‌ലാം മതം ആശ്ലേഷിക്കുകയാൽ അവരുടെ സംസ്കാരം അതിന്റെ യാതൊരടയാളവും ബാക്കിയാവാതിരിക്കുമാറ് ഇസ്‌ലാമിൽ ലയിച്ചു ചേരുകയാണുണ്ടായത്. പ്രസ്റ്റർജോൺ എന്നൊരു ക്രിസ്തീയ രാജാവ് മദ്ധ്യേഷ്യയിൽ വാണിരുന്നതായി മാർക്കോപോളൊ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. (മാർക്കോപോളോവിന്റെ സഞ്ചാരകഥകൾ - പി.ജി. പുരുഷോത്തമൻ പിള്ള). പഞ്ചാബിലും മറ്റും നടത്തിയ ചില ഉൽഖനനങ്ങളിൽ നിന്ന് ഇസ്രായില്യന്റെ രൂപം മുദ്രിതമായ നാണയങ്ങൾ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. മദ്ധ്യേഷ്യയാകട്ടെ മുസ്‌ലിം പ്രഭാവത്തിന്റെ മൂർത്തിമദ്ഭാവങ്ങളായ സാമ്രാജ്യനായകന്മാരുടെ നാടുമത്രെ.

നിസ്സഹായനായി, മൃത്യുന്മുഖനായി കുരിശിൽ തൂങ്ങിക്കിടന്ന യേശുവിനെ നോക്കി അവിശ്വാസികളായ യഹൂദപുരുഷാരം കൂക്കിവിളിച്ചു; കാർക്കിച്ചു തുപ്പി. കൂട്ടത്തിൽ അവർ പറഞ്ഞു: "മന്ദിരം പൊളിച്ചു മൂന്നു നാൾ കൊണ്ടു പണിയുന്നവനേ, നിന്നെത്തന്നെ രക്ഷിക്ക. ദൈവപുത്രൻ എങ്കിൽ ക്രൂശിൽ നിന്നു ഇറങ്ങിവാ!" ശാസ്ത്രിമാരും മൂപ്പന്മാരും പരമപുച്ഛത്തോടെ പരിഹസിച്ചു പറഞ്ഞു, "ഇവൻ ഇസ്രയേലിന്റെ രാജാവ് ആകുന്നു എങ്കിൽ ഇപ്പോൾ ക്രൂശിൽ നിന്ന് ഇറങ്ങിവരട്ടെ!."

എന്നാൽ, ക്രിസ്തു എന്ന മഹാപ്രവാചകൻ കുരിശിൽ നിന്നിറങ്ങി വന്നു പാവനമായ പലസ്തീനിന്റെ മണ്ണിലൂടെ നടന്നു കാണിച്ചു! ലോക ചരിത്രത്തിലെ മഹാത്ഭുതങ്ങളിൽ ഒന്നായ ഈ ദിവ്യാത്ഭുതം കാണാനുള്ള കണ്ണ് കഷ്ടം, ക്രിസ്ത്യാനികൾക്കില്ലാതെ പോയി! ദൈവത്തിൽ വിശ്വസിക്കുന്നതിന്നു പകരം അവർ ബഹുജനത്തിലാണ് വിശ്വസിച്ചത്. കൃസ്തു കിഴക്കോട്ടേയ്ക്ക് നീങ്ങിയപ്പോൾ പൗലോസ് പടിഞ്ഞാറോട്ടു പോയി. പക്ഷെ, യേശുവിനെ ഒരടയാളമാക്കിയ ദൈവം ഈ കാലഘട്ടത്തിൽ ആ ചരിത്രസത്യങ്ങളെ വാഗ്ദത്തമസീഹ് മുഖാന്തിരം പുറത്തുകൊണ്ടുവന്നിരിക്കയാണ്.

ഈ പുസ്തകം ഇരുപത്തഞ്ച് കൊല്ലം മുമ്പു ഞാൻ തർജ്ജമ ചെയ്തു തയ്യാറാക്കിയതാണെങ്കിലും ഇതു വിവർത്തനം ചെയ്യുന്ന കാര്യത്തിൽ എന്നെ അകമഴിഞ്ഞു സഹായിക്കുകയും നിരവധി തെറ്റുകൾ ചൂണ്ടിക്കാണിച്ചു തിരുത്തിത്തരികയും ചെയ്തതു മഹാപണ്ഡിതനും ബഹുഭാഷജ്ഞനും കേരളത്തിലെ അഹ്മദിയ്യാ സാഹിത്യത്തിനുവേണ്ടി അതുല്യസേവനങ്ങളർപ്പിച്ച മഹാനുമായ എന്റെ വന്ദ്യമാതുലൻ ജ:എൻ. ഹാമിദ് സാഹിബ് ആണെന്ന സത്യം ഞാൻ ഇവിടെ വെളിപ്പെടുത്തിക്കൊള്ളുന്നു. ഈ ഗ്രന്ഥത്തിലെ അറിവുകൾ മുഖേന അനുഗൃഹീതരാകുന്നവർ ഗ്രന്ഥകർത്താവിനുവേണ്ടിയും എനിയ്ക്കു വേണ്ടിയും പ്രാർത്ഥിക്കുന്നതോടൊപ്പം അദ്ദേഹത്തിനുവേണ്ടിയും പ്രാർത്ഥിക്കണമെന്നു ഞാനപേക്ഷിക്കുന്നു.

ന്ന



എൻ. അബ്ദുർറഹീം സാഹിബ്

# യുവത്വത്തിലെ പക്വത കൈവന്ന എഴുത്തുകാരൻ

എ.പി. കുഞ്ഞാമു

**എൻ.** അബ്ദുർറഹീം സാഹിബ് കേരള അഹ്മദിയ്യാ ജമാഅത്തിന്റെ നിസ്തുല്യമായ ഒരു പ്രതിഭ ആയിരുന്നു. ഞാൻ അഹ്മദിയ്യാ ജമാഅത്തിൽ അംഗത്വം സ്വീകരിച്ചത് 1960ൽ ആണ്. അതിനുമുമ്പേ സത്യദൂതൻ വായനക്കാരനായിരുന്നു. ഒരു ദീർഘകാലം 40 കൊല്ലത്തോളം അദ്ദേഹം പ്രസ്തുത മാസികയുടെ പത്രാധിപരായിരുന്നു. ഞാൻ അപ്പോഴേ അദ്ദേഹത്തിന്റെ ലേഖനങ്ങൾ വായിക്കുകയും അദ്ദേഹത്തിന്റെ എഴുത്തിൽ ആകൃഷ്ടനാവുകയും ചെയ്തിരുന്നു. അന്ന് അദ്ദേഹത്തെ നേരിൽ കണ്ടിരുന്നില്ല. അദ്ദേഹത്തിന്റെ എഴുത്തിലെ ജ്ഞാനവും പക്വതയും വായിച്ചറിഞ്ഞ ഞാൻ അദ്ദേഹം താടിവെച്ച ഒരുജ്ഞാനവൃദ്ധനായിരിക്കുമെന്നാണ് കരുതിയത്. കുറച്ചുകാലങ്ങൾക്ക് ശേഷം നേരിൽ കണ്ടപ്പോഴാണ് അദ്ദേഹം ഒരു ചെറുപ്പക്കാരനാണെന്ന് മനസ്സിലായത്. അദ്ദേഹത്തിന്റെ തൂലികയിൽ നിന്നും നിർഗ്ഗളിച്ച ഉയർന്നചിന്തയും ഭാഷാശൈലിയും ആരെയും ആകർഷിക്കുന്നതാണ്. സത്യദൂതൻ മാസികയാണ് അദ്ദേഹത്തെ കേരളത്തിൽ അറിയപ്പെടുന്ന ഒരു സാഹിത്യകാരനും ഒരു വലിയ പത്രപ്രവർത്തകനുമായി മാറ്റിയത്.

അദ്ദേഹം കേരള അഹ്മദിയ്യാ ജമാഅത്തിന് നൽകിയ വിജ്ഞാന ഭണ്ഡാരങ്ങൾ എന്നും സ്മരിക്കപ്പെടും. ഉർദുവിൽ നിന്നും ഇംഗ്ലീഷിൽ നിന്നും വാഗ്ദത്ത മഹദീ മസീഹിന്റെയും അദ്ദേഹത്തിന്റെ ഖലീഫമാരുടേയും വിലപ്പെട്ട പല ഗ്രന്ഥങ്ങളും മലയാളത്തിൽ പരിഭാഷപ്പെടുത്തുവാനുള്ള സൗഭാഗ്യം അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. ഇങ്ങനെ അദ്ദേഹത്തിന്റെ സ്വന്തം കൃതികളും പരിഭാഷാഗ്രന്ഥങ്ങളും ചേർന്ന 60ഓളം പുസ്തകങ്ങളുടെ കർത്താവാണ് അദ്ദേഹം.

വിശുദ്ധ ഖുർആന്റെ ആദ്യവചനം തന്നെ വായിക്കുക. "ഇഖ്റഅ്" എന്നാണ്. വായനയുടെ ലിഖിത രൂപത്തിലുള്ള ഒരു വിജ്ഞാന വിപ്ലവത്തിന്റെ ഒരു കാലഘട്ടം വരാൻ പോകുന്നുവെന്ന ഒരു പ്രവചനം കൂടിയാണ് ഈ വചനം ഉൾക്കൊള്ളുന്നത്. അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ചു പറയുമ്പോൾ എല്ലാ മുസ്‌ലിം വിഭാഗക്കാരും പലരൂപത്തിലും പല ദുഷ്പ്രചാരണങ്ങളും നടത്തിക്കൊണ്ടിരിക്കുന്ന ആ കാലഘട്ടത്തിൽ 'ഉരുളക്ക് ഉപ്പേരി' എന്ന കണക്കിന് മറുപടി എഴുതാൻ അദ്ദേഹത്തിന് ഒരു പ്രത്യേക ചാതുര്യം അല്ലാഹു നൽകി. അതേപോലെ യുക്തിവാദികളുമായും പലപ്പോഴും അദ്ദേഹം തൂലികാസമരം നടത്തിയിട്ടുണ്ട്. അദ്ദേഹത്തെ വരുംതലമുറ നന്ദിയോടുകൂടെ സ്മരിക്കുന്നതാണ്.

ഇതുകൂടാതെ അദ്ദേഹം നല്ലൊരു പ്രസംഗകനുമായിരുന്നു. ഞാൻ സ്റ്റേറ്റ് അമീറായ കാലഘട്ടങ്ങളിൽ അദ്ദേഹം നല്ല നിലയിൽ സഹകരിച്ചിരുന്ന കാര്യം ഇവിടെ നന്ദിപൂർവ്വം സ്മരിക്കട്ടെ. ആ പ്രതിഭയുടെ വിയോഗം അഹ്മദിയ്യാ ജമാഅത്തിന് വലിയൊരു നഷ്ടമാണ്. അല്ലാഹു ആ നഷ്ടം നികത്തിതരുമാറാകട്ടെ - ആമീൻ! അദ്ദേഹത്തിന്റെ വിയോഗ നഷ്ടം സഹിക്കാനുള്ള കരുത്ത് അദ്ദേഹത്തിന്റെ ഭാര്യാസന്താന

*(ശേഷം 29-ാം പേജിൽ)*



*എൻ. അബ്ദുർറഹിം സാഹിബ്, ഹദ്റത്ത് മിർസാ വസിം അഹ്മദ് (നാസിർഅത്‌ലാ), എ. പി. കുഞ്ഞാമുസാഹിബ് (അമീർ, കോഴിക്കോട്മേഖല) എന്നിവരുടെ കൂടെ*



എൻ. അബ്ദുർറഹീം സാഹിബ്

# അവിസ്മരണീയനായ ആത്മസുഹൃത്ത്

**മുഹമ്മദ് ഉമർ എച്ച്.എ. കോഴിക്കോട്**
**(ചീഫ് മിഷ്യനറി & കോ-ഓർഡി. ഓഫീസർ ഓഫ് ഇമാറത്ത്സ്, കേരള)**

**ബാ**ല്യകാലം തൊട്ടു സുഹൃദ് ബന്ധം പുലർത്തി വന്ന എന്റെ ഔദാര്യവാനും ഇസ്ലാമിന്നും അഹ്മദിയ്യത്തിന്നും വേണ്ടി തന്റെ ജീവിതം സമർപ്പണം ചെയ്ത മാതൃകാപുരുഷനും ആയ ജനാബ് എൻ. അബ്ദുർ റഹിം സാഹിബിന്റെ വിയോഗം കേ രള അഹ്മദിയ്യാ ജമാ അത്തിന്ന് ഒരു തീരാനഷ്ടമാകുന്നു. മർഹൂം ഈയുള്ളവന്റെ വിദ്യാർത്ഥി ജീവിതത്തിലും അതിന്നുശേഷമുള്ള പ്രവർത്തനരംഗങ്ങളിലും ഒരിക്കലും വിസ്മരിക്കാൻ സാ ധിക്കാത്ത പ്രോത്സാഹനവും പ്ര ചോദനവുമാണ് നൽകിക്കൊണ്ടിരുന്നത്.

കണ്ണൂർ സ്വദേശികളായ ഞങ്ങൾ ബാല്യകാലം തൊട്ടു 1954ൽ ഞാൻ ഖാദിയാനിൽ പഠിക്കാൻ ചെന്നത് വരെ സന്തതസഹചാരികളായിരുന്നു. ഈ വിനീതനെ ആദ്യമായി പ്രസംഗ വേദിയൽ ആനയിച്ചത് അബ്ദുർ റഹിം സാഹിബ് ആയിരുന്നു. 1947ൽ വിനീതൻ കണ്ണൂർ സിറ്റി സ്കൂളിൽ എട്ടാം ക്ലാസ്സ് വിദ്യാർത്ഥിയായിരുന്നപ്പോൾ സ്ക്കൂളിൽ നടന്ന നബിദിന യോഗത്തിൽ പ്രസംഗിക്കുവാൻ മർഹൂം എനിക്കു നല്ലൊരു ലേഖനം എഴുതിത്തന്നു. അതു ഞാൻ നന്നായി പഠിച്ചു. ആ കാലത്തെ സുപ്രസിദ്ധ മുസ്ലിംലീഗ് നേതാവായിരുന്ന ജനാബ് കെ.എം. സീതിസാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന നബിദിനയോഗത്തിൽ എന്റെ പ്രസംഗത്തിന്നുശേഷം യോഗാദ്ധ്യക്ഷൻ എനിക്കു ഹസ്തദാനം നൽകി, നീ അഹ്മദിയാണോ? നടുവിലകത്താണോ നിന്റെ വീടു എന്നന്വേഷിച്ചത് ഇപ്പോഴും എന്റെ ഓർമ്മയിലുണ്ട്. അതായത് ആ പ്രസംഗത്തിൽ അഹ്മദിയ്യത്തിന്റെ ഛായ ജനാബ് സീതിസാഹിബിന്നു ദർശിക്കുവാൻ സാധിച്ചു. ജനാബ് അബ്ദുർ റഹിം സാഹിബിന്റെ വീട്ടുപേരു നടുവിലകത്തെന്നായിരുന്നു. ആ കാലത്ത് നടുവിലകത്ത് എന്ന ഭവനം അഹ്മദിയാ ജമാഅത്തിന്റെ ആസ്ഥാനമായിരുന്നു. ഹദ്റത്ത് മൗലാനാ ബി. അബ്ദുല്ലാഹ് സാഹിബിന്റെയും അദ്ദേഹത്തിന്റെ വലംകൈ ആയി പ്രവർത്തിച്ചിരുന്ന ജ: എൻ. അബ്ദുർ റഹീം സാഹിബിന്റെയും അഹ്മദിയ്യാ സാഹിത്യരംഗത്തെ ശില്പശാലയും പണിപ്പുരയുമായിരുന്നു ആ ഭവനം. സത്യദൂതൻ ഓഫീസ്സെന്ന പേരിലായിരുന്നു അതറിയപ്പെട്ടിരുന്നത്.

കണ്ണൂർ സിറ്റിയിലെ വിദ്യാർത്ഥികളായിരുന്ന അഹ്മദികളും അനഹ്മദികളുമായ ഞങ്ങൾ ചില ചെറുപ്പക്കാർ മുനവ്വറുൽ ഇസ്ലാം സാഹിത്യ സമാജം എന്ന പേരിൽ ഒരു പ്രസംഗ പരിശീലന ക്ലാസ്സ് നടത്തിയിരുന്നു. അതിന്റെ മേൽനോട്ടം വഹിച്ചു എല്ലാ ഒത്താശകളും ചെയ്തുതന്നത് അബ്ദുർ റഹിം സാഹിബായിരുന്നു. ഈ വിനീതൻ പ്രസ്തുത സാഹിത്യ സമാജത്തിന്റെ വൈസ് പ്രസിഡണ്ടും ഇപ്പോഴത്തെ കേന്ദ്രമന്ത്രി ജനാബ് ഇ. അഹ്മദ് സാഹിബ് ജനറൽ സിക്രട്ടറിയുമായിരുന്നു. പ്രസ്തുത സാഹിത്യ സമാജത്തിന്റെ വകയായി വിജ്ഞാനകിരണം എന്ന പേരിൽ ഒരു കയ്യെഴുത്തു മാസികയും നടത്തിയിരുന്നു. ആ കാലഘട്ടത്തിലും അതിന്നുശേഷമുള്ള എന്റെ ജീവിതത്തിന്റെ പല ഘട്ടങ്ങളിലും പരേതൻ എനിക്കു നിസ്വാർത്ഥവും നിഷ്കളങ്കവുമായ പ്രോത്സാഹനം നൽകിയിരുന്നു. വിനീതൻ ഖാദിയാനിൽ മദ്രസ്സ അഹ്മദിയ്യയിൽ വിദ്യാർത്ഥിയായിരുന്നപ്പോൾ തന്നെ സത്യദൂതനിൽ ലേഖനമെഴുതാൻ അദ്ദേഹം എന്നെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. അദ്ദേഹം എന്റെ ഒരു ലേഖനവും പ്രസിദ്ധീകരിക്കാതെ തിരിച്ചയയ്ക്കുകയുണ്ടായിരുന്നില്ല.

മസീഹ് ഹിന്ദുസ്താൻ മെ, ഫത്ഹെ ഇസ്ലാം, ലക്ചർ സിയാൽക്കോട്ട്, ഇക് ഗൽത്തീകി ഇസാല, ജിഹാദ് എന്നീ വാഗ്ദത്ത മസീഹിന്റെ ഗ്രന്ഥങ്ങൾ അദ്ദേഹം മലയാളത്തിൽ വിവർത്തനം ചെയ്തിരുന്നു. രണ്ടു ബൃഹത്തായ വാല്യങ്ങളിൽ പ്രസിദ്ധീകൃതമായ ഹദ്റത്ത് അഹ്മദ് (അ)ന്റെ സമ്പൂർണ്ണ ജീവചരിത്രം അഹ്മദിയ്യാ സാഹിത്യത്തിലെ അദ്ദേഹത്തിന്റെ ഒരു മുതൽകൂട്ടായിരുന്നു. ഈ വിവർത്തനങ്ങൾ കൂടാതെ പരേതൻ രചിച്ച അമ്പതിൽ അധികം ഗ്രന്ഥങ്ങൾ ഒരു സദ്ഖാ ജാരിയാ ആയി പല സഹൃദയർക്കും മാർഗ്ഗദർശനം നൽകിക്കൊണ്ടിരിക്കുന്നതാണ്. അദ്ദേഹം 31 വിവിധ ഗ്രന്ഥങ്ങൾ വിവർത്തനം ചെയ്യുകയും 20 ഗ്രന്ഥങ്ങൾ രചിക്കുകയുമുണ്ടായി. അങ്ങനെ അഹ്മദിയ്യാ സാഹിത്യരംഗത്ത് അദ്ദേഹം ചെയ്ത വിലപ്പെട്ട സേവനം എന്നെന്നും അവിസ്മരണീയമാണ്. കഴിഞ്ഞ വർഷം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാദിയാൻ സന്ദർശിച്ചപ്പോൾ തീരെ സുഖമില്ലാതെ അവശനായ നിലയിലും സുദീർഘയാത്ര ചെയ്തു തന്റെ യജ

മാനനായ ആത്മീയ നേതാവിനെ കാണുവാൻ ഖാദിയാനിൽ ചെന്നിരുന്നു. തന്റെ രണ്ടു മക്കളുടെ ചുമലുകളിൽ കൈവെച്ച് തന്റെ ആത്മീയ ഗുരുവിനെ സന്ദർശിച്ച കാഴ്ച കോൾമയിർകൊള്ളിക്കുന്നതായിരുന്നു. താൻ അവസാനമായി രചിച്ച "ഇന്ത്യൻ സ്വാതന്ത്ര്യത്തിന്നു അഹ്മദിയ്യാ സംഭാവന" എന്ന ചരിത്രഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിന്നു അനുവാദം ചോദിക്കുകയും ഹുസൂർ തിരുമനസ്സ് സദയം അനുവാദം കൊടുക്കുകയും ചെയ്തു.

ജ: അബ്ദുർ റഹിം സാഹിബിന്റെ വിയോഗത്തിന്നു ഒന്നൊന്നര മാസം മുമ്പ് ഞാനും ഭാര്യയും അദ്ദേഹത്തെ കാണുവാൻ വീട്ടിൽ ചെന്നിരുന്നു. അദ്ദേഹം വളരെ ശോഷിച്ച സ്വരത്തിൽ തന്റെ അന്ത്യാഭിലാഷമെന്നോണം എന്നോട് കേരളത്തിലെ പബ്ലിക്കേഷൻ വകുപ്പു വളരെ ശോഷിച്ചു പോയിരിക്കുന്നുവെന്നും അതിനെ പുനരുദ്ധരിക്കേണമെന്നും വളരെ വേദനയോടുകൂടിപ്പറയുകയുണ്ടായി. പ്രസിദ്ധീകരണരംഗത്തുള്ള നമ്മുടെ അശ്രദ്ധയും അലംഭാവവും അദ്ദേഹത്തെ വളരെ വേദനിപ്പിച്ചിരുന്നു.

ചുരുക്കത്തിൽ അഹ്മദിയ്യത്തിന്നുവേണ്ടി ഉഴിഞ്ഞുവെച്ച ധന്യജീവിതമായിരുന്നു പരേതന്റേത്. അഹ്മദിയ്യത്തിന്നുവേണ്ടി നിസ്വാർത്ഥ സേവനം ചെയ്യേണമെന്നാഗ്രഹിക്കുന്നവർക്ക് അദ്ദേഹം ഒരു മാർഗ്ഗദീപമായിരുന്നു. അല്ലാഹു പരേതന്ന് മഗ്ഫിറത്തു നൽകുകയും സ്വർഗ്ഗത്തിൽ ഉന്നത പദവി നൽകി അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ. ആമീൻ.

m

---

*(23 -ാം പേജിൽ നിന്ന് തുടർച്ച)*

ചീനത നിർണ്ണയിക്കുന്നതിൽ എന്തെങ്കിലും സംഭാവന അർപ്പിക്കാൻ കഴിയുമോ? എല്ലാവർക്കും പൊതുവായുള്ള ചില ശേഷികളാണ് ഭാഷകളിലെ സാദൃശ്യങ്ങൾക്കടിസ്ഥാനമെന്ന് ഡോ.ഡെറെക് ബിക്കർടൺ (Dr. Derek Bickerton) അഭിപ്രായപ്പെട്ടു. ഇതിന്റെ അർത്ഥം ഭാഷ ഉപയോഗിക്കുന്നതിന്നനുകൂലമായ ഒരവസ്ഥ ആദ്യമെ മനുഷ്യനിൽ ഉണ്ടായിരുന്നു എന്നാണ്. ഭാഷയ്ക്കും വ്യാകരണത്തിനും ഒരു ജനിതക മൂലകം (Genetic element) അഥവാ, ജീവശാസ്ത്രപരമായ അടിസ്ഥാനം ഉണ്ടായിരിക്കാമെന്നു പ്രകാരാന്തരേണ പറയാം. ഈ തത്വം 40 കൊല്ലം മുമ്പ് പ്രമുഖ അമേരിക്കൻ ലിങ്ക്വിസ്റ്റ് ആയ മോആം ചോം സ്കി ആണ് ആദ്യമായി മുന്നോട്ടുവച്ചതത്രെ. വിവിധ ഭാഷകളിലെ വാ ക്യഘടനകളിൽ കാണപ്പെടുന്ന അ ത്ഭുതാവഹമായ അടിസ്ഥാനസാദൃശ്യങ്ങൾ മനുഷ്യന്റെ മനോമണ്ഡലത്തിൽ തന്നെ ആഴമായ ഘടന അഥവാ പ്രകൃതിസിദ്ധമായ മുന്നൊരുക്കങ്ങൾ ഉണ്ടെന്നതിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത് എന്ന് ചോംസ്കി സിദ്ധാന്തിച്ചു.

ഭാഷ രൂപപ്പെടുന്നതിന് ഒരു മുൻനിശ്ചയം ഉണ്ടായിരുന്നു എന്നാണ് ചുരുക്കത്തിൽ പ്രൊഫ. ചോംസ്കിയുടെ സിദ്ധാന്തം. ജീവിച്ചിരിക്കുന്ന ഏറ്റവും വലിയ ആധുനിക ചിന്തകനും ഭാഷാ ശാസ്ത്രജ്ഞനും ആണ് ചോംസ്കി. അദ്ദേഹം ഇന്ത്യയിൽ പര്യടനം നടത്തിക്കൊണ്ടിരിക്കയാണ്. ആധുനിക ലിങ്ക്വിസ്റ്റ് സയൻസിന്റെ സ്ഥാപകനും മാസച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക് നോളജിയിലെ പ്രൊഫസറുമായ ഇദ്ദേഹം കാൾമാർക്സ്, ഹെഗൽ, അരിസ്റ്റോട്ടിൽ, പ്ലാറ്റോ, ഫ്രോയിഡ് തുടങ്ങിയവരുടെ നിരയിലാണ് എണ്ണപ്പെടുന്നത്.

മനുഷ്യന്റെ മനോമണ്ഡലത്തിൽ അഗാധമായ ഘടനകളാൽ നിർണ്ണയിക്കപ്പെടുന്ന സർവ്വസാമാന്യമായ വ്യാകരണ പദ്ധതിയെക്കുറിച്ച് അഥവാ, സഹജമായ മുൻസംവിധാനങ്ങൾ സംബന്ധിച്ചു പ്രൊഫ. ചോംസ്കി വിവരിക്കുന്നു. അതുകൊണ്ട് ഭാഷ എന്നത് സർവ്വസാമാന്യവും സഹജവുമായ സൗകര്യാവസ്ഥയുടെ, ജീവശാസ്ത്രപരമായ പൈതൃകത്തിന്റെ അഥവാ, ജനിതകമായ പാരമ്പര്യസിദ്ധിയുടെ ഫലപരിണതിയാണ് എന്നു പറയാം.

മൂലഭാഷയെ അഥവാ, ഭാഷാജനനിയെ കണ്ടെത്താനുള്ള ശ്രമങ്ങൾ ഗഹനമായ ഗവേഷണങ്ങളെ വിളിച്ചുണർത്തുന്ന ഒരു സംരംഭമാകുന്നു. അത് ഈ കാലഘട്ടത്തിന്റെ മഹാസംരംഭമാണെന്നു ഞങ്ങൾ പറയും. അതുകൊണ്ട്തന്നെയാണ് ഈ കാലഘട്ടത്തിൽ വാഗ്ദത്ത മസീഹ് (അ) ഈ വിഷയം കൈകാര്യം ചെയ്തിട്ടുള്ളതും 'ഉമ്മുൽ അൽസിന' അഥവാ ഭാഷാജനനിയെ സംബന്ധിച്ച തന്റെ ഏറ്റവും ശ്രദ്ധേയമായ തിസീസ് 'മിനനുർ റഹ്മാൻ' (പരമകാരുണികന്റെ അനുഗ്രഹദാനം) എന്ന പേരിൽ അവതരിപ്പിച്ചതും. മൂലഭാഷ ദൈവം തന്നെ മനുഷ്യർക്ക് പഠിപ്പിച്ചതാണെന്നും, അത് മനുഷ്യൻ തന്നെ അവന്റെ സ്വന്തം കഴിവനുസരിച്ചു വളർ ത്തിയെടുത്തതല്ലെന്നും ആണ് അദ്ദേഹം സിദ്ധാന്തിച്ചത്. ജർമൻകാരനായ വോൺ ഹെർഡറുടെ, 'പ്രകൃത്യനുകരണ സിദ്ധാന്തം' ആണ് ശാസ്ത്രത്തിന്റെ സംഭാവനയായി വാഗ്ദത്ത മസീഹിന്റെ കാലത്ത് പ്രചാരത്തിലുണ്ടായിരുന്നതെങ്കിലും ഈ സിദ്ധാന്തം – 'ഡിംഗ് ഡോംഗ് തിയറി' എന്നും ഇതറിയപ്പെടുന്നു – ആ കാലഘട്ടത്തിൽ തന്നെ തകർന്നു കഴിഞ്ഞിരുന്നതായി മാക്സ്മുള്ളർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഭാഷ മനുഷ്യന് പഠിപ്പിക്കപ്പെട്ടതാണെന്ന മതകീയസിദ്ധാന്തത്തിനാണ് ഇന്നു മുൻതൂക്കമുള്ളത്.

m

---

*(27 -ാം പേജിൽ നിന്ന് തുടർച്ച)*

ങ്ങൾക്ക് നൽകുമാറാകട്ടെ – ആമീൻ. അദ്ദേഹത്തിന്റെ മക്കൾക്കും ഈ സേവനപാരമ്പര്യത്തിൽ ജീവിക്കാനുള്ള തൗഫീക്ക് നൽകുമാറാകട്ടെ – ആമീൻ. അവരുടെ സന്താപത്തിൽ ഈ വിനീതനും പങ്കുചേരുന്നു. പരേതാത്മാവിന് അല്ലാഹു പൊറുത്തു കൊടുക്കുകയും ജന്നത്തിൽ ഉന്നതമായ സ്ഥാനം നൽകുകയും ചെയ്യുമാറാകട്ടെ – ആമീൻ. അദ്ദേഹത്തിന്റെ സേവനങ്ങളെ പ്രകീർത്തിക്കുകയാണെങ്കിൽ ഒരുപാട് എഴുതാനുണ്ട്. ദൈർഘ്യഭയം കൊണ്ടു ഞാൻ നിർത്തുന്നു.


m



എൻ. അബ്ദുർറഹീം സാഹിബ്

# വാക്കുകൾ അന്വർത്ഥമാക്കിയ പ്രതിഭ

**മൗലവി മുഹമ്മദ് ഇസ്മായിൽ**
(ചീഫ് എഡിറ്റർ, സത്യദൂതൻ)



*എൻ. അബ്ദുറഹിം സാഹിബ് ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബിന്റെ കൂടെ*

"**ഞാ**ൻ ഇതാ ഈ പ്രസ്താവനയോടുകൂടി സത്യദൂതന്റെ പത്രാധിപരും ഉത്തരവാദിയും എന്ന ഭാരത്തിൽ നിന്ന് ഒഴിഞ്ഞിരിക്കുന്നു. എന്നും ജനുവരി ലക്കം മുതൽ അതിന്റെ പത്രാധിപരായിരിക്കുക മി. എൻ. അബ്ദുർ റഹീം ആണെന്നും ഉള്ള വിവരം സത്യദൂതൻ വായനക്കാരെ അറിയിച്ചുകൊ ണ്ട് അവരോട് വിടവാങ്ങിക്കൊള്ളുന്നു. ഞാൻ പത്രാധിപരായിരുന്ന കാലത്ത് സത്യദൂതന്റെ ഉപ പത്രാധിപരെന്ന നിലയിൽ പ്രവർത്തിക്കുകയും ലേഖനങ്ങളെഴുതുന്നതിൽ എന്നെ സഹായിക്കുകയും സത്യദൂതൻ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നതിനുവേണ്ട മറ്റെല്ലാ ഭാരങ്ങളും ചുമക്കുകയും ചെയ്തിരുന്നതു മി. അബ്ദുർറഹീം തന്നെയാണ്. ആ നിലയിൽ ഇനി സത്യദൂതന്റെ പത്രാധിപത്യം വഹിച്ചുകൊണ്ട് പത്രം പ്രസിദ്ധീകരിക്കേണ്ട ഭാരം അദ്ദേഹത്തെ ഏല്പിക്കുന്നത് ഒരു പ്രകാരത്തിലും അസംഗതമായിരിക്കയില്ല."

മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എ. (റഹ്) 1957 ഡിസംബർ ലക്കം സത്യദൂതനിൽ എഴുതിയ വരികളാണിത്. അങ്ങനെ 1958 ജനുവരി മുതൽ സത്യദൂതന്റെ എല്ലാമെല്ലാമായിക്കൊണ്ട് അബ്ദുർറഹീം സാഹിബ് പ്രവർത്തനം ആരംഭിച്ചു. നീണ്ട 50 വർഷം അദ്ദേഹം ജമാഅത്തിനെ സേവിച്ചു. അതിൽ 40 കൊല്ലം അദ്ദേഹം സത്യദൂതന്റെ പത്രാധിപരായിരുന്നു. ഇത്രയും നീണ്ടകാലം പത്രാധിപസ്ഥാനത്ത് ജോലിയെടുത്ത ആരെങ്കിലും കേരളത്തിലെ പത്രപ്രവർത്തനരംഗത്ത് ഉണ്ടോ എന്ന കാര്യം സംശയമാണ്.

18 വർഷം 'മാതൃഭൂമി' ദിനപത്രത്തിന്റെ കണ്ണൂർ ലേഖകനായും അബ്ദുർ റഹിം സാഹിബ് ജോലി നോക്കിയിട്ടുണ്ട്. അതിനോടൊപ്പം സത്യദൂതന്റെ സേവനത്തിലും മുഴുകി. ഇക്കാലയളവിൽ ഒരു പൈസ പോലും പ്രതിഫലം പറ്റാതെയും എതാനും കൊല്ലം സത്യദൂതന്റെ പത്രാധിപത്യം പേരുവെക്കാതെയും അദ്ദേഹം നിർവ്വഹിച്ചുപോന്നു. ചെറുതും വലുതുമായ അമ്പതിലേറെ ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. മിനാറത്ത് പബ്ലിക്കേഷൻ, സിറാജ് പബ്ലിക്കേഷൻ തുടങ്ങിയ സ്ഥാപനങ്ങൾ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു.

കേരളത്തിൽ ഏറെ ഒച്ചപ്പാടുണ്ടാക്കിയ ഒരു ഗ്രന്ഥമായിരുന്നു, യേശുക്രിസ്തു കശ്മീരിൽ. ശ്രീ. എൻ. വി. കൃഷ്ണവാരിയർ പത്രാധിപരായിരുന്ന മാതൃഭൂമിയിൽ യുക്തിവാദാചാര്യനായിരുന്ന എം.സി. ജോസഫ് ആ പുസ്തകം  നിരൂപണം ചെയ്തിരുന്നു.

വിവർത്തന സാഹിത്യരംഗത്തായിരുന്നു എൻ. അബ്ദുർ റഹീം സാഹിബ് ഏറെ പ്രവർത്തിച്ചിരുന്നത്. ദൈവനിയോഗിതനായ ഹദ്റത്ത്

*(ശേഷം 33-ാം പേജിൽ)*



എൻ. അബ്ദുർറഹീം സാഹിബ്

# ഒരു ഇതിഹാസത്തിന്റെ അന്ത്യം

**പ്രൊഫ. മഹ്മൂദ് അഹ്മദ്**
**(അഹ്മദിയ്യാ ജമാഅത്ത് സംസ്ഥാന പബ്ലിക്കേഷൻ കമ്മിറ്റി പ്രസിഡണ്ട്)**

'ഒരു ഇതിഹാസത്തിന്റെ അന്ത്യം' അബ്ദുർറഹീം സാഹിബി ന്റെ നിര്യാണവാർത്ത കേട്ടപ്പോൾ എന്റെ ഒരു സുഹൃത്തിന്റെ പ്രതികരണം ഇങ്ങനെയായിരുന്നു.

അപ്പോൾ ഞാൻ ഓർത്തു; ഇതിഹാസം എന്നത് ഉദാത്തമാണ്. കാലാതീതവുമാണ്. അപ്പോൾ ഇതിഹാസത്തിന് മരണമില്ല.

അബ്ദുർറഹീം സാഹിബിന്റെ ഭൗതികശരീരം മാത്രമാണ് ഇല്ലാതാവുന്നത്. ഒരു തെളിനാളം പോലെ നിറഞ്ഞു കത്തിയ അദ്ദേഹത്തിന്റെ ഉണർവ്വും അറിവും അമരചൈതന്യമായി നിൽക്കും. ആ ആത്മീയതക്ക് മരണമില്ല.

ജൂൺ 24 ശനിയാഴ്ച രാവിലെ 11 മണിക്ക് അബ്ദുർറഹീം സാഹിബിന്റെ ചരമവാർത്ത അറിഞ്ഞപ്പോൾ ആകസ്മികമായെങ്കിലും ഒരു കാര്യം കൂടി എന്റെ ശ്രദ്ധയിൽ വന്നു. വായനാ വാരാചരണത്തിന്റെ അവസാന നാളിലാണ് ഇങ്ങനെയൊരു സംഭവം. തന്റെ ജീവിതം പുസ്തകങ്ങൾക്കു വേണ്ടി ജീവിച്ചു തീർത്ത ഒരു മനുഷ്യൻ ഓർമ്മയിലെന്നും എല്ലാവർക്കുമായി വായന ബാക്കിയാക്കി കടന്നു പോയിരിക്കുന്നു. കേരളത്തിന്റെ മതസാഹിത്യരംഗത്തു ഇത്രയും എഴുതി തീർത്ത ഒരാൾ. കാലം സാക്ഷി മറ്റൊരാൾക്കു വേണ്ടി നമുക്ക് കാത്തിരിക്കാം.

ഓർമ്മയിലെ അബ്ദുർറഹീം സാഹിബ് ഇങ്ങനെയാണ്. അരനൂറ്റാണ്ടുമുമ്പ് എനിക്ക് അന്ന് ഒമ്പതു വയസ്സേ ആവുന്നുള്ളൂ. പഴയങ്ങാടി മാപ്പിള യു.പി. സ്കൂളിൽ നിന്നും ഞാൻ ആ പ്രസംഗം കേട്ടു. സാഗര ഗർജ്ജനം എന്ന് അഴീക്കോട് സാറിന്റെ പ്രഭാഷണത്തെപ്പറ്റി വിശേഷിപ്പിച്ചത് ബഷീറാണ്. ഇവിടെ ഇതാ നയാഗ്രാവെള്ളച്ചാട്ടം പോലെ ഒരു മഹാപ്രവാഹം. ഒരു നബികീർത്തന യോഗത്തിൽ പ്രവാചകജീവിതത്തിന്റെ വിശുദ്ധി അവിടെയുള്ളവർ നന്നായറിഞ്ഞു. പിന്നെയൊരു വർഷം കഴിഞ്ഞു കണ്ണൂർ സിറ്റിയിൽ നടുവിലകത്ത് വീട്ടിൽ ഞാൻ ചെന്നു. എന്റെ ആപ്പ എൻ. അബ്ദുൽകരീം സാഹിബ് അവിടെ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ അനുജനാണ് എൻ. അബ്ദുർറഹീം സാഹിബ്. അന്ന് രാത്രി പാതിരയായിട്ടും നടുവിലകത്തെ വീട്ടിന്റെ പുറത്തെ മുറിയിൽ ഒരു നേരിയ ചിമ്മിനിനാളം കെടാതെ ഇളകിയാടുന്നത് ഞാൻ ശ്ര ദ്ധിച്ചു. കാലം കുറേ കഴിഞ്ഞാണറിയുന്നത് അതൊരു ലേഖനത്തിന്റെ, അല്ലെങ്കിൽ ഒരു പുസ്തകത്തിന്റെ ഉദയവേദനയാണ്. ഒരു പൂമൊട്ട് പൂവായി വിരിയുന്നതു പോലെ ഒരു സാഹിത്യസൃഷ്ടി ഉണ്ടാവുന്നതെന്ന് ഓർക്കുമ്പോൾ തന്നെ അസൗകര്യങ്ങൾക്കിടയിൽ ക്ലേശം മുഴുവൻ ഏറ്റുവാങ്ങി ഒരു ജീവത്സാഹിത്യം ത്യാഗം മാത്രം ധനമായ ഒരാൾ എങ്ങനെയാണ് സൃ ഷ്ടിക്കുന്നതെന്ന് അനുഭവത്തിൽ ഞാനറിഞ്ഞു.

നന്നേ ചെറുപ്പത്തിൽ എൻ. അബ്ദുർറഹീം സാഹിബ് അഹ്മദിയ്യാ ജമാഅത്തിന്റെ ജിഹ്വയായ സത്യദൂതന്റെ പൂമുഖത്ത് പിച്ചവെച്ചു തുടങ്ങിയിരുന്നു. പ്രതിഭാധനന്മാരായ തന്റെ



*എൻ. അബ്ദുർറഹിം സാഹിബ് അന്നത്തെ മുഖ്യമന്ത്രിയായ കെ. കരുണാകരനിൽ നിന്നും മികച്ച പത്രപ്രവർത്തകനുള്ള അവാർഡ് ഏറ്റുവാങ്ങുന്നു.*

പൂർവ്വികരിൽ നിന്ന് അബ്ദുർറഹീം സാഹിബിന് ലഭിച്ചത് സത്യമതത്തിന്റെ കയ്യൊപ്പായിരുന്നു. മർഹൂം ഇ. അബ്ദുൽ ഖാദിർകുട്ടി സാഹിബ്, എച്ച്. ഹുസൈൻ സാഹിബ്, വി. അബ്ദുൽ ഖയ്യൂം സാഹിബ്, മൗലാനാ അബ്ദുല്ലാ സാഹിബ്, എൻ. ഹാമിദ് സാഹിബ് തുടങ്ങിയ മഹാരഥന്മാരുടെ ഗണത്തിലേക്കാണ് പിൽക്കാലത്ത് അഹ്മദിയ്യാ സാഹിത്യത്തിന്റെ രത്നപതക്കങ്ങൾ അണിഞ്ഞ ഈ ഇളമുറക്കാരൻ കടന്നുവന്നത്. എഴുത്തിന്റെ രാസപ്രക്രിയയിൽ തന്റെ കരാംഗുലികളെ സ്വർണ്ണസ്പർശമാക്കിയ ഈ ചെറുപ്പക്കാരൻ തൊടാത്ത മണ്ഡലങ്ങളില്ല. കാടു കീഴടക്കിയ ഗജരാജനെപ്പോലെ മതസാഹിത്യരംഗത്തു എന്നും എക്കാലത്തും അദ്ദേഹം തല ഉയർത്തി നിന്നു.

1957 ഡിസംബറിൽ സത്യദൂതന്റെ പത്രാധിപസ്ഥാപനം അബ്ദുർറഹീം സാഹിബിന്റെ ഹസ്തങ്ങളിൽ വന്നുചേർന്നു. 1968 ഡിസംബർ മാസത്തിലെ സത്യദൂതനിൽ അദ്ദേഹം എഴുതി: "സത്യദൂതന്റെ എല്ലാ ഭാരങ്ങളും പിന്നീട് വിനീതനായ ഈയുള്ളവന്റെ ചുമലിലാണ് വീണത്. അതെ, ഏതു നിലയിലും ദുർബ്ബലനും അറിവുകുറഞ്ഞവനുമായ ഈയുള്ളവന്റെ ചുമലിൽ! മഹാനായ ഒരു പണ്ഡിതവര്യന്റെ (മൗലാനാ അബ്ദുല്ലാ സാഹിബ്) അതിസമർത്ഥമായ പത്രാധിപത്യത്തിൽ നടത്തിവന്ന ഒരു മാസിക, നാലുപാടും വിമർശകരാലും ശത്രുസഞ്ചയത്താലും വലയിതനായിരിക്കെ അപക്വനായ ഞാൻ ഏറ്റെടുക്കാൻ ധൈര്യപ്പെട്ടത് നിർബ്ബന്ധിതമായ ഒരു പരിതസ്ഥിതിയിൽ മാത്രമായിരുന്നു. ലോകത്തു ഒരു വമ്പിച്ച ധാർമ്മിക പരിവർത്തനം വരാൻ നിയുക്തമായ ഒരു ആത്മീയപ്രസ്ഥാനത്തിന്റെ സന്ദേശം ആരും തെറ്റിദ്ധാരണകളിലോ അബദ്ധങ്ങളിലോ അകപ്പെടുന്നതിന്നിടയാകാത്തവണ്ണം അതിഭദ്രമായി അനുവാചകർക്കെത്തിക്കുകയെന്ന കർത്തവ്യം വളരെയധികം ഗൗരവബുദ്ധിയോടെ കയ്യാളുന്നതിന്നു ശക്തിയേകുവാൻ സർവ്വേശ്വരനായ അല്ലാഹുവിനോട് ഞാൻ നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

അബ്ദുർറഹീം സാഹിബിന്റെ പ്രാർത്ഥന അല്ലാഹു സ്വീകരിക്കുക തന്നെ ചെയ്തു. ഈ കൃശഗാത്രനായ മനുഷ്യന്റെ ബുദ്ധിയിൽ നിന്നുതിർന്ന അഗ്നിസ്ഫുലിംഗം അഹ്മദിയ്യാ വിരുദ്ധ മനോഭാവത്തെ ചാമ്പലാക്കി. മൃദുമന്ദസ്മിത വചസ്സുകൾ വിശ്വാസികൾക്ക് ഹൃദയാഭിരാമങ്ങളായി. മലയാള മതസാഹിത്യത്തിലെ അറിവിന്റെ ജ്ഞാനഗംഗയായി സത്യദൂതൻ മാറി. പിന്തിരിപ്പൻ മതവിശ്വാസികൾ താലോലിക്കുന്ന ധർമ്മത്തിന് അധർമ്മത്തിന്റെ ചുവയുണ്ടെന്നും ശരിയായ മതം ജിഹാദിനെ യുദ്ധമായിക്കാണാത്ത, കാഫിറീങ്ങളെ ഗളച്ഛേദം ചെയ്യാത്ത, തൌഹീദിൽ മായം ചേർക്കാത്ത, അ സ്ഥവിശ്വാസങ്ങളെ അഗണ്യകോടിയിൽ തള്ളുന്ന മതമാണെന്നും ആ തൂലിക കുറിച്ചിട്ടുകൊണ്ടേയിരുന്നു. ലോകവിവരങ്ങളുടെ ഒരു പരിഛേദമായിരുന്നു; സത്യദൂതനിൽ പത്രാധിപരുടേതായി വന്ന കുറിപ്പുകൾ. ഒരു പച്ചമാങ്ങയുടെ പുളിയോടെ ഒരു നെല്ലിക്കയുടെ ചവർപ്പോടെ ആ കുറിപ്പുകൾ അഹ്മദിയ്യാ ജമാഅത്തിന്റെ ശത്രുക്കൾ കടിച്ചു തിന്നിരിക്കും എന്നത് നേര്. പക്ഷെ ഒടുവിൽ സത്യത്തെ തിരിച്ചറിയാനുള്ള നിമിഷത്തിൽ അവർക്ക് അത് ഗുണം ചെയ്തു എന്ന് തീർച്ച. മധുരമുള്ള മാമ്പഴം പോലെ നാരങ്ങ പോലെ ആ കുറിപ്പുകൾ അനുഭവിച്ചവരുമുണ്ട്. എം. സി. ജോസഫിന്റെ യുക്തിവാദവുമായി ഇടയുമ്പോഴോ പ്രബോധനത്തിന് മറുപടി എഴുതുമ്പോഴോ അബ്ദുർറഹീം സാഹിബ് ഉപയോഗിച്ചിരുന്ന വാക്കുകൾ ഈ അർത്ഥത്തിൽ മാത്രമേ അവർ പോലും കണ്ടിട്ടുണ്ടാവുകയുള്ളൂ. ശാസ്ത്രവും വിദ്യയും തത്ത്വചിന്തയും കലയും സാഹിത്യവും ഗണിതവും എല്ലാം ഉൾപ്പെടുന്ന പ്രപഞ്ചശക്തിയുടെ വികാസപരിണാമങ്ങൾ അദ്ദേഹത്തിന്റെ കുറിപ്പുകളെ അനുഭവവേദ്യങ്ങളാക്കി. ആത്മീയ സ്നേഹത്തിലെത്തിച്ചേരുന്ന ജീവിത സാന്നിധ്യത്തെ മഹാത്മാക്കളുടെ പാഠങ്ങളുടെ വെളിച്ചത്തിൽ അദ്ദേഹത്തിന്റെ തൂലിക നന്നായി ചിത്രീകരിച്ചു. അദ്ദേഹം ചരിത്രപാഠങ്ങൾ അന്വേഷിച്ചപ്പോൾ 'ഇസ്ലാമിൽ ഭിന്നിപ്പിന്റെ തുടക്കം' കണ്ടു. എത്ര ഹൃദയവ്യഥയോടെ കരളുരുകിയാണ് അത് വായിച്ചുതീർക്കേണ്ടി വരിക. അതും ഒരു കലയാണ് - വാക്കുകളുടെ കല.

തന്റെ ജീവിതകാലത്തു എൻ. അബ്ദുർറഹീം സാഹിബ് 58 പുസ്തകങ്ങൾ രചിക്കുകയുണ്ടായി. തിരുനബിചരിത്രം, യേശുക്രിസ്തു കാശ്മീരിൽ, അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്ലാം, വിശുദ്ധ ഖുർആൻ - ഒരു പഠനം, തുടങ്ങിയ വളരെ ശ്രദ്ധേയമായ ഗ്രന്ഥങ്ങൾ അദ്ദേഹം പരിഭാഷപ്പെടുത്തിയവയാണ്. എന്നാൽ മൗലിക സാഹിത്യത്തിന് അദ്ദേഹം നൽകിയ സംഭാവന അതോടൊപ്പം എത്രയോ വലുതാണ്. ഇസ്ലാം ബുദ്ധിജീവികളുടെ മതം ഒരുദാഹരണം. പരിഭാഷകളിൽ ആശയങ്ങൾ ചോരാതെ നിസർഗ്ഗസുന്ദരമായി കാര്യങ്ങൾ അവതരിപ്പിക്കുന്ന ഒരു രീതി അദ്ദേഹം സ്വീകരിക്കുകയുണ്ടായി. പ്രസംഗങ്ങൾ പരിഭാഷപ്പെടുത്തുമ്പോഴും, പ്രത്യേകിച്ച് ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്ക്, അദ്ദേഹം സ്വീകരിച്ച അനായാസമായ ഭാഷണകല അനുഗൃഹീതമായ ഒന്നായിരുന്നു. അഹ്മദിയ്യാ യോഗങ്ങളിൽ മാത്രമല്ല മറ്റു മതസ്ഥരുടേയോ സാംസ്കാരികരാഷ്ട്രീയ പ്രവർത്തകരുടെയോ യോഗങ്ങളിലും ഈ സിദ്ധി നാം കണ്ടറിഞ്ഞതാണ്.

ഒരു എഴുത്തുകാരനെന്നനിലക്ക് തന്റെ ജീവിതം കൊണ്ടു അദ്ദേഹം ഉഴുതുമറിച്ച നിലങ്ങൾ കേരളത്തിലെ അഹ്മദിയ്യാ ജമാഅത്തിനെ സംബന്ധിച്ചേടത്തോളം അതിന്റെ വിത്ത് നന്നായി പാകാൻ പര്യാപ്തമാക്കുകയുണ്ടായി. എതിർപ്പിന്റെ കുന്തമുനകൾ ഒടിക്കുന്ന അദ്ദേഹത്തിന്റെ ഖാണ്ഡീവപ്രയോഗങ്ങൾ അഹ്മദിയ്യത്തിനെ സംബന്ധിച്ചേടത്തോളം ആത്മബലമായിത്തീർന്നു.

അബ്ദുർറഹീം സാഹിബ് അഹ്മദിയ്യാ ജമാഅത്തിന്റെ സാഹിത്യരച

നയിൽ മാത്രം ഒതുങ്ങി നിന്നിരുന്നില്ലായിരുന്നുവെങ്കിൽ അദ്ദേഹം ഒരു ലോകം തന്നെ കയ്യിലൊതുക്കുമായിരുന്നുവെന്ന് പറയുന്നവരുണ്ട്. അവനവന്റെ ലോകത്തേക്കാൾ വലിയ ഒരു ലോകമില്ലെന്നും ആ ലോകത്തിന്റെ അനുഭൂതി സ്പന്ദമാണ് ജീവന്റെ കലയെന്നും അറിയാത്തവരാണ് അവർ. ലോകം മുഴുവൻ പരന്നുകിടന്നവർ വീണേടം പിന്നെ ലോകമായി കാണേണ്ടിവരുമെന്ന് പിന്നീടറിയും. അഹ്മദിയ്യത്തിന്റെ ലോകം തണലും തണുപ്പും സുഗന്ധവും സൗരഭ്യവുമൊക്കെ നൽകുന്ന ഒരു ഹൃദ്യലോകമാണെന്ന് അബ്ദുർറഹിം സാഹിബു കണ്ടു. അതിനായി അദ്ദേഹം നിന്നു. വലപ്പോഴും വീണുകിട്ടുന്ന ഒരു ചെറിയ സമയത്ത് അദ്ദേഹം തൊഴിലിന്റെ ലോകം തിരഞ്ഞു. അങ്ങനെ അദ്ദേഹം ജേർണ്ണലിസ്റ്റായി. ചന്ദ്രികയിൽ, മാതൃഭൂമിയിൽ അദ്ദേഹം പ്രവർത്തിച്ചു. അക്കാലത്താണ് നമുക്ക് അദ്ദേഹത്തെക്കുറിച്ച് മറ്റൊരു ബോധം ഉണ്ടാവുന്നത്. കേരളത്തിലെ ഏതു പ്രശസ്ത ജേർണ്ണലിസ്ററുകൾക്കും തിളങ്ങാൻ കഴിയുന്ന പ്രതിഭയുടെ വികസ്വരചക്രവാളം അബ്ദുർറഹീം സാഹിബിനും സ്വന്തമാണെന്ന്. പ്രസ് ക്ലബ്ബിന്റെ പ്രസിഡണ്ടുപദംവരെ എത്തിനിൽക്കുന്ന ഔദ്യോഗികജീവിതത്തിന്റെ നിറപ്പകിട്ടിൽ തനിക്ക് കീഴടക്കാൻ കഴിയുന്ന ഭൗതികലോകത്തിനെക്കുറിച്ച സൂചന അദ്ദേഹം നൽകുന്നുണ്ട്.

എങ്കിലും ആദ്യമായും അവസാനമായും ഈ ചരിത്ര പുരുഷൻ അഹ്മദിയ്യാ ജമാഅത്തിന്റെ ഒരു സൌവർണ്ണോജ്വല പ്രഭയാണ്. അവശനായി രോഗശയ്യയിൽ കിടക്കുമ്പോൾ ഒരവസരത്തിൽ ഞാൻ അദ്ദേഹത്തിന്റെ അടുത്തു ചെന്നു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ അവിടെയുണ്ടായിരുന്നു. അദ്ദേഹം കണ്ണുതുറക്കാനാവാതെ കിടക്കുകയായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ കരങ്ങൾ സ്പർശിച്ചു. പെട്ടെന്നദ്ദേഹത്തിന്റെ കണ്ണുകൾ അല്പം ഉണർന്നു. അസപ്ഷ്ടമായ അദ്ദേഹത്തിന്റെ വാക്കുകൾ എങ്കിലും ഞങ്ങൾക്ക് മനസ്സിലായി. അഹ്മദിയ്യാ സാഹിത്യത്തെപ്പറ്റിയാണ് അദ്ദേഹം പറയുന്നത്. അദ്ദേഹം ഒടുവിൽ എഴുതിയ പുസ്തകങ്ങളെപ്പറ്റി. ഇനിയും പുസ്തകങ്ങളാവാത്ത എഴുത്തുകളെപ്പറ്റി അണയാൻ പോവുന്ന ഒരു തിരിനാളത്തിന്റെ ജ്വാലപോലെയായിരുന്നു അപ്പോഴത്തെ ഒരവസ്ഥ.

അബ്ദുർറഹീം സാഹിബിനോടു ഞാൻ നീതിചെയ്തുവോ എനിക്കറിയില്ല. എങ്കിലും ഒന്നറിയാം ഇങ്ങനെയൊരു മനുഷ്യൻ കേരളത്തിലെ അഹ്മദിയ്യാ സാഹിത്യത്തിന്റെ ആദ്യവസാനം ഒരിക്കലും അടർന്നുപോവാത്ത ഒരേടായി അങ്ങനെ നിൽക്കും. ആ സൂര്യപ്രഭയുടെ ചിലചില മിന്നലൊളികൾ നമ്മുടെ പുതിയ തലമുറ ഏറ്റുവാങ്ങും. അവരായിരിക്കും ഭാഗ്യം ചെയ്യുന്ന ഒരു തലമുറ.കേരളത്തിലെ അഹ്മദിയ്യാ ജമാഅത്തിന്റെ സാഹിത്യവസന്തത്തിന് അവസാനമില്ല.

അബ്ദുർറഹീം സാഹിബിന് സർവ്വശക്തനായ അല്ലാഹു സ്വർഗ്ഗത്തിൽ ഉന്നതസ്ഥാനം നൽകുമാറാകട്ടെ. ആമീൻ.

---

*(30 -ാം പേജിൽ നിന്ന് തുടർച്ച)*

അഹ്മദ് (അ)ന്റെയും അദ്ദേഹത്തിന്റെ ഖലീഫമാരുടേയും അദ്ദേഹത്തിന്റെ പണ്ഡിതന്മാരായ പ്രശസ്ത അനുയായികളുടെയും പല ഗ്രന്ഥങ്ങളും റഹീം സാഹിബ് കൈരളിക്ക് കാഴ്ചവെച്ചിട്ടുണ്ട്.

"ഇസ്ലാം ബുദ്ധിജീവിയുടെ മതം" പ്രസിദ്ധപ്പെടുത്തിയപ്പോൾ അഭിനന്ദനങ്ങളുടെ പ്രവാഹമായിരുന്ന അദ്ദേഹത്തിന് ലഭിച്ചത്. അദ്ദേഹം ആ ഗ്രന്ഥത്തിൽ വെളിപ്പെടുത്തിയ ജ്ഞാനം അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫയായിരുന്ന ഹദ്റത്ത് ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിന്റെതായിരുന്നുവെന്ന് അദ്ദേഹം തന്നെ എഴുതിയിട്ടുണ്ട്. പരേതനായ ടി.പി. കുട്ട്യാമുസാഹിബായിരുന്നു ആദ്യമമായ അഭിനന്ദനം അറിയിച്ചത്.

തനിയ്ക്ക് പരിചയമില്ലാത്ത ഒരു ക്രിസ്തീയ പ്രഫസർ അതിനെപ്പറ്റി യുക്തിവാദി നേതാവിന്റെ എല്ലാ ആക്ഷേപങ്ങൾക്കും യുക്തിയുക്തമായ മറുപടിയാണ് ആ ഗ്രന്ഥത്തിൽ നൽകിയിട്ടുള്ളതെന്ന് 'മലയാള മനോരമ'യിലെ നിരൂപണത്തിലെഴുതിയപ്പോൾ അതിൽ അദ്ദേഹം ആനന്ദം കൊണ്ടു. ഇത്തരം അഭിനന്ദനങ്ങളാണ് തന്റെ സമ്പത്തെന്നും അതൊരുക്കിത്തന്നത് സത്യദൂതന്റെ താളുകളാണെന്നും റഹീംക്ക എഴുതി.

ബഹുമാന്യനായ അബ്ദുർറഹീം സാഹിബ് പറയുന്നു: "നിശ്ചയമായും അഹ്മദിയ്യാ സാഹിത്യവും തെരഞ്ഞ് സത്യാന്വേഷികൾ ഓടിയെത്തുന്ന നാളുകൾ വരും. അത് എന്റെ ദൃഢവിശ്വാസമാണ്. കാരണം മുഹമ്മദു മുസ്തഫാ(സ) തിരുമേനിയുടെ സാക്ഷാൽ പ്രതിപുരുഷനായ മഹ്ദീ ഇമാം, വാഗ്ദത്ത മസീഹും ഉമ്മത്തീ നബിയും ആയ ഒരു മഹാത്മാവിന്റെ, യുഗപുരുഷന്റെ ശബ്ദമാണ് ആ സാഹിത്യത്തിന്റെ ജീവൻ. ആ ദിവ്യാത്മാവ് യുഗപ്രഭാവനായിരിക്കെ, ആത്മീയചക്രവർത്തിയായ മുഹമ്മദു മുസ്തഫാ (സ) തിരുമേനിയുടെ സാക്ഷാൽ പ്രതിബിംബമായിരിക്കെ ഭാവി ലോകം അവിടത്തേക്കു വരാതാകുന്നതെങ്ങനെ?"

അഹ്മദിയ്യത്തിന്റെ ഭാവിയെക്കുറിച്ചും അതിന്റെ ശക്തിയെക്കുറിച്ചും ദൃഢബോദ്ധ്യമുണ്ടായിരുന്ന അബ്ദുർറഹീം സാഹിബ് കാലാകാലങ്ങളിൽ നേരിട്ടിരുന്ന എല്ലാ പ്രതിസന്ധികളെയും തരണം ചെയ്ത് അതിന്റെ യശസ്സിനെ ദൈവാനുഗ്രഹത്താൽ ഉന്നതിയിൽ നിറുത്തി. ഭൗതികമായ നിലയിൽ അദ്ദേഹം ഒന്നും സമ്പാദിച്ചിട്ടില്ല. പക്ഷേ, അദ്ദേഹത്തിന്റെ ദീനി സേവനം വമ്പിച്ചൊരു സമ്പത്തുതന്നെയാണ്. അതു ഖിയാമത്തുനാൾ വരെ നിലനിൽക്കുന്നതാണ്. ഇൻശാ അല്ലാഹ് വലിയ മൗലവി സാഹിബിന്റെ വാക്കുകളെ അന്വർത്ഥമാക്കിയ അബ്ദുർറഹിം സാഹിബിന് അല്ലാഹു സ്വർഗ്ഗത്തിൽ ഉന്നതമായ പദവി നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.



എൻ. അബ്ദുർറഹീം സാഹിബ്

# ഒരു ബഹുമുഖപ്രതിഭയുടെ വേർപാട്

മദാർ അബ്ദുശ്ശക്കൂർ
(ചരിത്രകാരൻ, പഴയങ്ങാടി)

**കേ**രളത്തിൽ അഹ്മദിയ്യത്തിന് ആരംഭം കുറിച്ച ഒരു സമുന്നത കുടുംബപരമ്പരയിലെ സുപ്രധാന വ്യക്തിയും, സത്യദൂതന്റെ ദീർഘകാല പത്രാധിപരും, ബഹുഭാഷാപണ്ഡിതനും സാഹിത്യകാരനും, കണ്ണൂർ സിറ്റി ജമാഅത്തിന്റെ മുൻപ്രസിഡണ്ടുമായിരുന്നു പരേതനായ ജനാബ് എൻ. അബ്ദുർറഹീം സാഹിബ്.

യുവാവായിരുന്നപ്പോൾതന്നെ 'പൗരശക്തി'യിലൂടെയും 'ചന്ദ്രിക'യിലൂടെയും പത്രപ്രവർത്തനരംഗത്ത് കടന്നുവന്ന അദ്ദേഹം പില്ക്കാലത്ത് 'മാതൃഭൂമി'യുടെ കണ്ണൂർ ലേഖകനായും കണ്ണൂർ ബ്യൂറോ ചീഫായും ആകാശവാണിയുടെ കണ്ണൂർജില്ലാ റിപ്പോർട്ടറായും സേവനമനുഷ്ഠിക്കുകയും, പത്രപ്രവർത്തക യൂണിയൻ ജില്ലാസിക്രട്ടറി, പ്രസിഡണ്ട് എന്നീ സ്ഥാനങ്ങൾ വഹിക്കുകയും ചെയ്തിരുന്നു.

അഹ്മദിയ്യാ ജമാഅത്തിനെ സംബന്ധിച്ചിടത്തോളം അദ്ദേഹം ചെറുപ്പകാലം മുതൽ സത്യദൂതൻ മാസികക്കുവേണ്ടി തന്റെ സേവനങ്ങളർപ്പിക്കാൻ പ്രതിജ്ഞാബദ്ധനായി ഇറങ്ങിത്തിരിക്കുകയാണുണ്ടായത്. ഭൗതികമായി ഉന്നതശ്രേണിയിലെത്താനുള്ള കവാടങ്ങൾ അദ്ദേഹത്തിനുമുമ്പിൽ തുറന്നുകിടന്നെങ്കിലും, തൂലികാസമരലഹരിയിൽ ആനന്ദം കണ്ടെത്തിയതിനാൽ ലൗകികോന്നതിയെ അദ്ദേഹം അഗണ്യമാക്കിക്കളഞ്ഞു. തന്റെ കുടുംബനാഥനായ മാതൃസഹോദരൻ നടുവിലകത്ത് ഹാമിദ് സാഹിബിന്റേയും ഹദ്റത്ത് മൗലാനാ ബി അബ്ദുല്ലാഹ് സാഹിബ് എച്ച്.എ. യുടേയും അനുഗൃഹീത ശിക്ഷണത്തിൽ ആ മഹാഗുരുക്കന്മാരുടെ കാല്പാടുകൾ പിന്തുടർന്ന അദ്ദേഹം സാഹിത്യസൃഷ്ടിയെ ഒരു തപസ്യയാക്കിമാറ്റുകയായിരുന്നു. സുദീർഘമായ നാല്പതിലേറെ വർഷക്കാലം സത്യദൂതൻ മാസികയെ തന്റെ ഐന്ദ്ര ജാലികമായ തൂലികകൊണ്ട് അദ്ദേഹം ധന്യമാക്കി. ഒട്ടേറെ ലേഖനങ്ങൾക്കും പത്രക്കുറിപ്പുകൾക്കും പുറമെ അനേകം കൃതികളും വിവർത്തനഗ്രന്ഥങ്ങളും അദ്ദേഹം കൈരളിക്ക് സമർപ്പിച്ചു.

അഹ്മദിയ്യാസിദ്ധാന്തങ്ങൾ നാവുകൊണ്ടും തൂലികകൊണ്ടും പ്രചരിപ്പിക്കുന്നതിന് അദ്ദേഹം ഉത്സാഹം കാണിച്ചു. അഹ്മദിയ്യത്തിനു നേരെ അധിക്ഷേപശരങ്ങളുടെ സിംഹഗർജ്ജനവുമായി രംഗത്തുവന്ന ശത്രുക്കൾ ക്കെതിരെ ഒരു ധീരയോദ്ധാവിനെപ്പോലെയാണ് അദ്ദേഹം തൂലികാസമരം നടത്തിയത്. ഇസ്ലാമിന്റെയും അഹ്മദിയ്യത്തിന്റേയും അടിസ്ഥാനവാദങ്ങളെ ഖണ്ഡിക്കാൻ തുനിഞ്ഞവരെ തന്റെ കോളിക്കം സൃഷ്ടിക്കുന്ന ലേഖനങ്ങളിലൂടെ അദ്ദേഹം ഉത്തരം മുട്ടിക്കുകയും ചെയ്തു.

പൊതുവേദിയിൽ ഗംഭീരമായ പ്രഭാഷണങ്ങൾ നിർവഹിച്ചുകൊണ്ടും അദ്ദേഹം തന്റെ ഊർജ്ജസ്വലത തെളിയിച്ചുകാട്ടി. 1950 ഏപ്രിൽ മാസം കോഴിക്കോട് ടൗൺഹാളിൽ വച്ച് ഹദ്റത്ത് മൗലാനാ ബി അബ്ദുല്ലാഹ് സാഹിബ് എച്ച്.എ.യുടെ നേതൃത്വ



*എൻ. അബ്ദുർറഹിം സാഹിബ് എ. പി. കുഞ്ഞാമു സാഹിബ്, മൗലനാ മുഹമ്മദ് ഉമർ സാഹിബ്, അഡ്വ. തൻവീർ അഹ്മദ് സാഹിബ് (ഖാദിയാൻ) ഹദ്റത്ത് മിർസാ വസിം അഹ്മദ് സാഹിബ് എന്നിവരുടെ കൂടെ*

*(ശേഷം 37-ാം പേജിൽ)*



എൻ. അബ്ദുർറഹീം സാഹിബ്

# എൻ. അബ്ദുർറഹീം സാഹിബ്: അപൂർവ്വം ചിലരിലൊരാൾ

**എൻ.ഇ. ഹഖ്**

അറുപത്തിരണ്ട് വർഷങ്ങൾക്കുമുമ്പ് കേരളത്തിലെ മതസാഹിത്യത്തിന്റെ പോരാട്ടഭൂമിയിലേയ്ക്ക് അഹ്മദിയ്യാ ജമാഅത്തിന്റെ ഊർജ്ജസ്വലനായ യുവപോരാളിയായി നടുവിലകത്ത് അബ്ദുർറഹീം സാഹിബ് കടന്നുവന്നത് വെറും പതിനേഴ് വയസ്സുള്ളപ്പോഴായിരുന്നു. തന്റെ വാക്കുകളും കർമ്മങ്ങളും വിചാരങ്ങളും വികാരങ്ങളും എന്നല്ല, ജീവിതമാകെയും ആ ആത്മീയസമരക്കളത്തിൽതന്നെ അർപ്പിച്ചുകൊണ്ട് അറിഞ്ഞവരിലെല്ലാം അത്ഭുതമുളവാക്കിക്കൊണ്ടാണ് അദ്ദേഹം കടന്നുപോയത്. കേരളത്തിലെ അഹ്മദികൾക്കെന്നും അഭിമാനവും ആവേശവുമായി അറിവിന്റെയും പ്രത്യുത്തരത്തിന്റെയും മാസ്മരിക പ്രതിരോധങ്ങൾ തീർത്ത, വാഗ്ദത്ത മസീഹിന്റെ അജയ്യനായ പോരാളിയായിരുന്നു അദ്ദേഹം. എത്ര സൂത്രശാലിയായ എതിരാളിക്കും ഇസ്‌ലാമിന്റെയും അഹ്മദിയ്യാ ജമാഅത്തിന്റെയും അജയ്യത ബോധ്യപ്പെടുന്ന തരത്തിൽ, അവരുടെ വാക്കുകളെ വിഗതവീര്യമാക്കാനും അവരുടെ തന്ത്രങ്ങളെ നിരർഥകമാക്കാനുമുള്ള നിരുപമമായ കഴിവ് അദ്ദേഹത്തിന് പ്രദാനം ചെയ്യപ്പെട്ടിരുന്നു. തന്റെ അനുയായികളുടെ പ്രത്യേകതകളെ പരാമർശിച്ചു വാഗ്ദത്ത മസീഹ് (അ) പറയുകയുണ്ടായി.

“എന്റെ അനുയായികൾ തങ്ങളുടെ സത്യത്തിന്റെ പ്രകാശവും ന്യായവാദങ്ങളുടെയും സത്യദൃഷ്ടാന്തങ്ങളുടെയും ബലവും മുഖേന സകലരെയും നിശ്ശബ്ദരാക്കുമാറ് അറിവിലും ദിവ്യജ്ഞാനത്തിലും പൂർണ്ണത നേടുകയും ആ ഉറവിൽ നിന്നു സകല ജനങ്ങളും ദാഹശമനം വരുത്തുകയും ചെയ്യുന്നതാണ്.” (തജല്ലിയാത്തെ ഇലാഹിയ്യ). വാഗ്ദത്ത മസീഹ് (അ)ന്റെ സ്വർഗീയമായ ഈ വാക്കുകൾ, അഹ്മദിയ്യാ ജമാഅത്തിന്റെ മുൻനിരപേരാളിയായി മലയാളമണ്ണിൽ തൂലികയുടെ പ്രതിരോധകവചങ്ങൾ തീർത്ത ജനാബ് എൻ. അബ്ദുർറഹിം സാഹിബിന്റെ കാര്യത്തിൽ അർഥവത്തായ ചില സ്മരണകളിൽ നമ്മെ എത്തിക്കുന്നു.

പ്രതിഭാശാലികളായ രണ്ടുവഴികാട്ടികളുടെ, തന്റെ ഗുരു മഹാനായ മൗലാനാ അബ്ദുല്ലാഹ് സാഹിബിന്റെയും വന്ദ്യമാതുലൻ എൻ. ഹാമിദ് സാഹിബിന്റെയും അനുഗൃഹീതശിക്ഷണത്തിൽ, ‘സത്യദൂതനി’ലൂടെ അഹ്മദിയാ സാഹിത്യത്തിന്റെ പടവുകൾ കയറിയ അദ്ദേഹം പിന്നീട് അഹ്മദിയ്യാ സാഹിത്യത്തിലെ കുലപതിയായിതീർന്നു. കേരളത്തിൽ അഹ്മദിയത്തിന്റെ എഴുത്തിന്റെ പ്രതീകമായിരുന്നു അദ്ദേഹം. ബാലനായിരിക്കുമ്പോൾ തന്നെ മഹാപണ്ഡിതനായ അമ്മാവനോടൊപ്പം അക്കാലത്തുള്ള ജമാഅത്തുകളിൽ, അഹ് മദികളുടെ കൂട്ടായ്മകളിലും സദസ്സുകളിലും സന്നിഹിതനായി അഹ്മദിയ്യത്തിന്റെ ആത്മീയബലതന്ത്രങ്ങൾ വശമാക്കി. പത്രപ്രവർത്തനത്തിന്റെ ബാലപാഠവും ഒരു പത്രപ്രവർത്തകൻകൂടിയായ മാതുലനിൽ നിന്നുതന്നെയാണ് അഭ്യസിച്ചത്. മർഹൂം മൗലാനാ അബ്ദുല്ലാഹ് സാഹിബിന്റെ പ്രിയപ്പെട്ട ശിഷ്യനായി, എപ്പോഴും ഏതു സംസാരത്തിലും ഏതു സദസ്സിലും അദ്ദേഹ



*എൻ. അബ്ദുർറഹിം സാഹിബ് അഹ്മദിയ്യാ ജമാഅത്തിന്റെ ഔദ്യോഗിക ചരിത്രകാരനായ മൗലാനാ ദോസ്ത് മുഹമ്മദ് സാഹിബ് ശാഹിദി(റബ്‌വ, പാകിസ്താൻ) ന്റെ കൂടെ. ബശീർ സാഹിബ് (തലശ്ശേരി), മുഹമ്മദ് സാഹിബ് (മർഹും), മൗലാനാ മുഹമ്മദ് ഉമർ*

ത്തിന്റെ അനുഗൃഹീതമായ വാക്കുകൾ കുറിച്ചെടുത്തു തൊട്ടരികിൽ അതീവഭവ്യതയോടെ ഇരിക്കുന്ന യുവാവായ അബ്ദുർറഹീം സാഹിബിന്റെ ഹൃദയഹാരിയായ ചിത്രം വന്ദ്യവയോധികരായ പലരും സ്മരിക്കുന്നത് കേൾക്കാറുണ്ട്.

1951-ൽ മൗലാനാ അബ്ദുല്ലാഹ് സാഹിബിന്റെ കമ്പി സന്ദേശം കിട്ടിയതനുസരിച്ച് ഖാദിയാൻ ദാറുൽ അമാനിൽ നിന്നും പഠനപരിപാടി ഉപേക്ഷിച്ചു കണ്ണൂരിലേയ്ക്കുതന്നെ തിരിക്കാനും, പിന്നീട് ഡെ. തഹസിൽദാർ ഉദ്യോഗത്തിന് നേരിട്ടു നിയമത്തിനുള്ള അവസരം പാഴാക്കാനും അദ്ദേഹത്തെ പ്രേരിപ്പിച്ചത് ഈ ബന്ധമായിരുന്നു. ഈ അനുഗൃഹീത ശിഷ്യത്വം തന്നെയാണ് ജമാഅത്തിന്റെ സാഹിത്യത്തിൽ അതുല്യ സേവനങ്ങളർപ്പിക്കാനും തർക്കശാസ്ത്രത്തിന്റെ മാന്ത്രിക വിദ്യകൾ പുറത്തെടുക്കാനും മതതാരതമ്യശാസ്ത്രത്തിന്റെ മേഖല കീഴടക്കാനും അദ്ദേഹത്തിനു സാധിച്ചത്. വാഗ്ദത്തമസീഹ് (അ) ഉം മുസ്‌ലിഹ് മൗഊദ് (റ) ഉം തുറന്നുവിട്ട ദിവ്യജ്ഞാനത്തിന്റെ നീരൊഴുക്കുകൾ കേരളക്കരയിലേക്കുകൂടി തിരിച്ചുവിടുന്നതിൽ അദ്ദേഹത്തോളം സംഭാവനകളർപ്പിച്ചവരില്ല. വിവർത്തനങ്ങളുൾപെടെ അറുപതോളം കൃതികൾ സംഭാവന ചെയ്തുകൊണ്ട് മലയാളത്തിലെ അഹ്‌മദിയ്യാ സാഹിത്യത്തിൽ മാത്രമല്ല, ഇസ്‌ലാമിക സാഹിത്യത്തെ തന്നെ അദ്ദേഹം സമ്പന്നമാക്കി. കേരള മുസ്‌ലിംകളുടെ പത്രപ്രവർത്തനം ചരിത്രത്തിലും അനിഷേധ്യവും അസൂയാവഹമായ ഒരു സ്ഥാനം അബ്ദുർറഹീം സാഹിബ് നേടിയെടുത്തിട്ടുണ്ട്. ഏറെ മുമ്പ് 'ചന്ദ്രിക'യിൽ ജോലി ചെയ്യുന്ന അവസരത്തിൽ തന്നെ "പ്രഗത്ഭനായ പത്രപ്രവർത്തകൻ" എന്നു കേരള മുസ്‌ലിംകളുടെ അനിഷേധ്യനായ നേതാവും ആദ്യത്തെ നിയമസഭാ സ്പീക്കറുമായ കെ.എം. സീതിസാഹിബ് അദ്ദേഹത്തെക്കുറിച്ച് പറഞ്ഞത് ശ്രദ്ധേയമാണ്. പക്ഷെ പത്രപ്രവർത്തനത്തിലെ ഈ പ്രാഗത്ഭ്യം അദ്ദേഹം ഇസ്‌ലാമിക സേവനത്തിനാണ് വലിയൊരാളവോളം ചെലവഴിച്ചത്.

അഹ്‌മദിയ്യാ ജമാഅത്തിന്റെ മലയാള പത്രമായ 'സത്യദൂതൻ' മാസികക്കു നൽകിയ നാൽപതു വർഷക്കാലം നീണ്ടുനിന്ന അതുല്യ സേവനങ്ങളാണ് അദ്ദേഹത്തിന്റെ സാഹിത്യസപര്യയിൽ ഏറ്റവും ഉജ്ജ്വലമായ സംഭാവന. 1958-ൽ 'സത്യദൂതൻ' പത്രാധിപസ്ഥാനം മൗലാനാ അബ്ദുല്ലാ സാഹിബിൽ നിന്നും ഏറ്റെടുക്കുന്നതിനു മുമ്പേ അതിന്റെസഹപത്രാധിപരായും, അതിന്റെ പ്രസിദ്ധീകരണത്തിന്റെ മറ്റെല്ലാ ഭാരങ്ങളും അദ്ദേഹം തന്നെയായിരുന്നു വഹിച്ചിരുന്നത്. 1957 ഡിസംബർ ലക്കത്തിൽ പത്രാധിപത്യം ഒഴിഞ്ഞുകൊണ്ടുള്ള ഒരു സന്ദേശത്തിൽ മൗലാനാ സാഹിബ് ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളതായി കാണാം. 1969 ൽ അബ്ദുർറഹീം സാഹിബ് 'മാതൃഭൂമി'യിൽ ചേർന്നതിനുശേഷം, 'സത്യദൂതൻ' പത്രാധിപത്യം ഏറ്റെടുത്തുകൊണ്ട് നടത്തിയ ഒരു പ്രസ്താവനയിൽ അദ്ദേഹത്തെ 'വിസ്മരിച്ചുകൊണ്ട് സത്യദൂതനെ സ്മരിക്കാൻ സാധ്യമല്ല" എന്നു മൗലാനാ അബുൽ വഫാ സാഹിബ് അടിവരയിട്ടു പറഞ്ഞതും (സത്യദൂതൻ, 1970 ജനുവരി) ഓർക്കേണ്ടതുണ്ട്.

പത്രപ്രവർത്തകാചാര്യനായ മർഹും വി. അബ്ദുൽ ഖയ്യൂം സാഹിബ് രോഗശയ്യയിൽ കിടന്ന അവസരത്തിൽ, സ്നേഹപൂർണ്ണമായ നിലയിൽ തന്റെ പുറം തലോടികൊണ്ട് പറഞ്ഞ വാക്കുകൾ അബ്ദുർറഹീം സാഹിബ് 'സത്യദൂതന്റെ' പഴയതാളുകളിലൊരിടത്ത് കുറിച്ചിട്ടുണ്ട്.

"അബ്ദുർറഹീം ഇതാ ഞങ്ങളെല്ലാം പോവുകയാണ്. ഇനി യുവാക്കളായ നിങ്ങളെല്ലാമാണുള്ളത്. അഹ്‌മദിയ്യത്തിന്റെ പതാക എപ്പോഴും ഉയർത്തിപ്പിടിക്കണം." (സത്യദൂതൻ, 1958 ജൂൺ). മലയാള മണ്ണിൽ തന്റെ അനന്യാദൃശ്യമായ സാഹിത്യ സേവനങ്ങളിലൂടെ 'സത്യദൂതൻ' മുൻ പത്രാധിപരുടെ ഈ ഇംഗിതവും ഉപദേശവും അദ്ദേഹം എത്രത്തോളം സാർഥകമാക്കിയെന്ന കാര്യത്തിൽ അദ്ദേഹത്തിന്റെ സേവനനിരതനായ ധന്യജീവിതം തന്നെ പ്രകാശിക്കുന്ന സാക്ഷ്യമാണ്.

ഓരോ വാക്കുകളിലും ശ്വാസത്തിലും ഇസ്‌ലാമിനോടും അഹ്‌മദിയ്യാ പ്രസ്ഥാനത്തോടുമുള്ള അഭിനിവേശം എത്രത്തോളം നിറഞ്ഞുനിന്നിരുന്നുവെന്നു അദ്ദേഹവുമായി അടുത്തുപെരുമാറിയവർക്കൊക്കെ അറിയാം. ജമാഅത്തിന്റെ സാഹിത്യ സമ്പത്ത് പരിപുഷ്കലമാക്കുന്നതിനെക്കുറിച്ചുള്ള ആകുലതകളായിരുന്നു എന്നും അദ്ദേഹത്തിന്. ആർക്കും തിരിച്ചറിയാവുന്ന വിധത്തിൽ ഇസ്‌ലാമിന്റെയും അഹ്‌മദിയ്യത്തിന്റെയും മാനം ഉയർത്തിപ്പിടിക്കാൻ ഏതവസരത്തിലും അദ്ദേഹത്തിന്റെ ഹൃദയം തുടിച്ചു. മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയോടുള്ള സ്നേഹാധിക്യവും വാഗ്ദത്ത മഹ്ദി മസീഹിനോടുള്ള സ്നേഹാവേശവും പാവനമായ ഖിലാഫത്തിനോടുള്ള അനുസരണബോധവും കൊണ്ട് അതു നിർഭരമായിരുന്നു. അദ്ദേഹം വിവർത്തനം ചെയ്ത 'തിരുനബി ചരിത്രം' മലയാളത്തിലുള്ള മറ്റെല്ലാ നബി ചരിത്രകൃതികളെക്കാളുംവശ്യവും ഹൃദയഹാരിയുമാണെന്നു അനുവാചക ലോകം വിധിയെഴുതിയതാണ്.

വാഗ്ദത്ത മസീഹിന്റെ ജീവിതം എത്തരത്തിലുള്ളതായിരുന്നുവെന്നു വിശ്വാസികൾക്കും നിഷേധികൾക്കും കാണിച്ചുകൊടുക്കാനുള്ള ആവേശം അദ്ദേഹത്തിൽ അലയടിച്ചിരുന്നു. രണ്ടു ഭാഗങ്ങളായി ആയിരത്തിലേറെ പുറങ്ങളുള്ള വാഗ്ദത്ത മസീഹിന്റെ പ്രൗഢമായ ജീവചരിത്രഗ്രന്ഥം അതിന്റെ ഫലമാണ്. മുസ്‌ലിഹ് മൗഊദ് (റ) ന്റെ ഐന്ദ്രജാലികമായ ഗ്രന്ഥങ്ങളിലൂടെ നേടിയെടുത്ത അലൗകിക സൂത്രങ്ങളും ആദ്ധ്യാത്മിക തന്ത്രങ്ങളുമായിരുന്നു ഈ രംഗത്ത് അദ്ദേഹത്തിന്റെ മറ്റൊരു വിജയരഹസ്യം. ആ മഹാത്മാവ് ഉണർത്തിയപോലെ, മതസേവനം മഹത്തായ ദൈവാനുഗ്രഹമായി തിരിച്ചറിഞ്ഞു. അതുകൊണ്ടു തന്നെ ദീനിനുവേണ്ടിയുള്ള സേവ

നോത്സുകതയും ആവേശതിമർപ്പും മരിക്കുവോളം അക്ഷയമായി അദ്ദേഹത്തിൽ നിലനിന്നു. ഉന്നതർക്കിടയിലുള്ള വ്യക്തിബന്ധങ്ങൾ തനിയ്ക്കായി ഒന്നിനും ഉപയോഗപ്പെടുത്തിയില്ല. ലൗകീക കെട്ടുപാടുകളുള്ള പലരും ജീവിതത്തിന്റെ സായം സന്ധ്യയിൽ മതസേവനത്തി ന്റെ ചൂട് കായാൻ മാത്രമായി വരുമ്പോൾ, അബ്ദുർറഹീം സാഹിബ് ഒന്നും നേടാൻ നിൽക്കാതെ എല്ലാം വിസ്മരിച്ചു അതിൽ തന്നെ തന്റെ ജീവിതം ഹോമിച്ചു. ദീനിനെ ദുനിയാവിനെക്കാൾ എപ്പോഴും മുന്തിച്ചു. പൊതുരംഗത്തുണ്ടായിരുന്ന എല്ലാ വലിയ സ്വാധീനങ്ങളും ഈ വഴിയിൽ ഉപേക്ഷിച്ചു.

പ്രതിഭാധനനായ വി. അബ്ദുൽ ഖയ്യൂം സാഹിബ് ചരമമടഞ്ഞപ്പോൾ അദ്ദേഹത്തെ അനുസ്മരിച്ചുകൊണ്ട് ജനാബ് അബ്ദുർറഹീം സാഹിബ് എഴുതിയ അതേ വാക്കുകൾ തന്നെ അദ്ദേഹത്തിന്റെ സ്മരണയ്ക്കായും ഇവിടെ കുറിച്ചിടാമെന്നു തോന്നുന്നു.

'ജനാബ് അബ്ദുർറഹീം സാഹിബ് അന്തരിച്ചു. എന്നാൽ ഇസ്ലാമിനും അഹ്മദിയ്യാ ജമാഅത്തിനും ഇന്നും ആയിരമായിരം അബ്ദുർറഹീം സാഹിബുമാരെ ആവശ്യമുണ്ട്. അബ്ദുർറഹീം സാഹിബിന്റെ മഹനീയഗുണങ്ങളെ ജീവിതത്തിൽ പകർത്തിക്കൊണ്ട് നാം അതിന് സ്വയം പ്രാപ്തരായിതീരുകയാണ് വേണ്ടത്.

പലരെയും കാണുമ്പോൾ നമ്മുടെ ലൗകീകവാഞ്ചകൾ എഴുന്നേൽക്കുന്നു. എന്നാൽ അപൂർവ്വം ചിലരെ കാണുമ്പോൾ നമുക്ക് ദീനിനെയും മഹത്തായ ത്യാഗങ്ങളെയും ദൈവ മാർഗ്ഗത്തിലുള്ള യാത്രയെയും മാത്രം ഓർമ്മവരുന്നു. ആ അപൂർവ്വരിൽ ഒരാളായിരുന്നു ജനാബ് എൻ. അബ്ദുർറഹീം സാഹിബ്!

(35 -ാം പേജിൽ നിന്ന് തുടർച്ച)

ത്തിൽ നടന്ന ആവേശോജ്ജ്വലമായ അഖിലകേരള ഖുദ്ദാമുൽ അഹ്മദിയ്യാ സമ്മേളനത്തിൽ "കമ്മ്യൂണിസവും മതവും" എന്ന വിഷയത്തെ പുരസ്കരിച്ച് എൻ. അബ്ദുർറഹീം സാഹിബ് പ്രസംഗിച്ചു. അന്നദ്ദേഹത്തിന് കേവലം 22 വയസ്സുമാത്രമേ പ്രായമുണ്ടായിരുന്നുള്ളൂ. പ്രസ്തുത സമ്മേളനത്തിനൊടുവിൽ നന്ദി പ്രകാശിപ്പിച്ച ഭാരവാഹിയും അദ്ദേഹം തന്നെയായിരുന്നു. തുടർന്നുണ്ടായ ഒരുപാട് സമ്മേളനങ്ങളിൽ അദ്ദേഹത്തിന്റെ സജീവസാന്നിധ്യവും ആശയസംപുഷ്ടമായ പ്രഭാഷണങ്ങളും ജനശ്രദ്ധയാകർഷിച്ചു.

ഇംഗ്ലീഷ് പ്രസംഗം തർജ്ജമ ചെയ്ത് കേൾപ്പിക്കുന്നതിൽ അദ്ദേഹത്തിനു പ്രത്യേകമായ പാടവമുണ്ടായിരുന്നു. ഒട്ടേറെ വിദേശപ്രതിനിധികളുടെ പ്രഭാഷണങ്ങൾ ഭാഷാന്തരം ചെയ്യാൻ അദ്ദേഹത്തിന് അവസരം ലഭിച്ചിട്ടുണ്ട്. ഒരു ബഹുമുഖപ്രതിഭയും പൊതുജനങ്ങൾക്കിടയിൽ അറിയപ്പെട്ട വ്യക്തിത്വത്തിന്റെ ഉടമയുമായിരുന്നു അദ്ദേഹം.

കണ്ണൂരിൽ അഹ്മദിയ്യത്തിന് വിത്തുപാകപ്പെട്ട കുടുംബങ്ങളുടെ പൈതൃകമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. അദ്ദേഹത്തിന്റെ മാതാപിതാക്കളുടെ കുടുംബങ്ങളായ നടുവിലകത്തും എടപ്പകത്തും അഹ്മദിയ്യാ ചരിത്രത്തിന്റെ ഭൂതകാലതാളുകളിൽ മായാതെ കിടക്കുന്ന രണ്ടു സമുന്നത തറവാടുകളാണ്. ത്യാഗധനന്മാരെയും മാതൃകാവനിതകളെയും സംഭാവന ചെയ്ത പാരമ്പര്യം ഈ കുടുംബങ്ങൾക്കുണ്ട്.

ആ കൂട്ടത്തിൽ ഒരിക്കലും വിസ്മരിക്കാനാവാത്ത മഹനീയ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അബ്ദുർറഹീം സാഹിബിന്റെ വന്ദ്യമാതാമഹൻ എടപ്പകത്ത് അബ്ദുൽ ഖാദിർ കുട്ടിസാഹിബ് (റഹ്). അഹ്മദിയ്യത്തിന്റെ ദിവ്യസന്ദേശം കേരളക്കരയിൽ ഏറ്റവുമാദ്യം പ്രചരിപ്പിച്ച ആ മഹാനുഭാവൻ മലയാളികളായ മുഴുവൻ അഹ്മദികൾക്കും അഭിമാനസ്തംഭമാണ്.

സത്യദൂതന്റെ ദീർഘകാല സാരഥിയായിരുന്ന മർഹൂം എൻ. ഹാമിദ് സാഹിബിന്റെ സഹോദരീപുത്രനും കൂടിയായിരുന്നു എൻ. അബ്ദുർറഹീം സാഹിബ്. ഖാദിയാനിലെ നാസിർ ബൈത്തുൽമാൽ, മൗലവി എൻ. ജലാലുദ്ദീൻ സാഹിബ് നയ്യർ ഇളേമ്മാന്റെ മകനാണ്.

കൂടാതെ അബ്ദുർറഹീം സാഹിബിന്റെ പിതാവ് എടപ്പകത്ത് ഹംസ സാഹിബ്, പിതാമഹൻ നടുവിലകത്ത് കുഞ്ഞമ്മദുകുട്ടിസാഹിബ്, മാതാവ് നടുവിലകത്ത് നഫീസബി സാഹിബ, മാതാമഹി നടുവിലകത്ത് ആയിശുബി സാഹിബ തുടങ്ങിയവരെല്ലാം ആദ്യകാല അഹ്മദികളിൽ ഉൾപ്പെട്ടവരായിരുന്നു. സഹോദരീപുത്രനാണ് കണ്ണൂരിലെ എൻ. ഇഅ്ജാസുൽഹഖ്.

എൻ. അബ്ദുർറഹീംസാഹിബിന്റെ സഹധർമ്മിണി യു. നഫീസാസാഹിബ, വടകരയിലെ പ്രമുഖ അഹ്മദിയും ഒരുന്നത കുടുംബാംഗവുമായിരുന്ന നെട്ടൂർ വീട്ടിൽ അബ്ദുല്ലാ ഹാജി സാഹിബിന്റെ മകളാണ്.

മക്കൾ: അബ്ദുർറഊഫ്, അബ്ദുൽഗഫൂർ, ജുവൈരിയ, ഖുദ്സിയ, റൂബിയ, നൂരിയ, ഫൗമിയ, സമിയ. മരുമക്കൾ: ബുശ്റാ മർക്കര, ടി. റശീദ, ടി. ശംസുദ്ദീൻ, അബ്ദുർറഹീം മർക്കര, ടി. നൗഷാദ്, എം.സി. നിശാത്ത്, കെ. സിദ്ദീഖ്. സഹോദരങ്ങൾ: എൻ. അബ്ദുൽ കരീം സാഹിബ് (പഴയങ്ങാടി) എൻ. അസ്മാബി സാഹിബ (കണ്ണൂർ), എൻ. അബ്ദുർറശീദ് സാഹിബ് (കോഴിക്കോട്).

അല്ലാഹുവിന്റെ അനുഗ്രഹത്താൽ എൻ. അബ്ദുർ റഹീം സാഹിബിന്റെ മക്കളും മരുമക്കളും സഹോദരങ്ങളുമെല്ലാം അഹ്മദിയ്യാ ജമാഅത്തുമായി സജീവബന്ധം പുലർത്തുന്നവരാണ്.

അല്ലാഹു പരേതത്മാവിന് ജന്നത്തും മഗ്ഫിറത്തും മർഹമത്തും നല്കുമാറാകട്ടെ. ആമീൻ.



എൻ. അബ്ദുർറഹീം സാഹിബ്

# തൂലിക പടവാളാക്കിയ വീരപോരാളി

**പി. വി. അഹ്മദ് കോയ**
**എഡിറ്റോറിയൽ സ്റ്റാഫ്, മാതൃഭൂമി(റിട്ട.)**

സാക്ഷര കേരളത്തിൽ അര നൂറ്റാണ്ടുകാലം അഹ്മദിയ്യാ സാഹിത്യ-പത്രപ്രവർത്തന രംഗങ്ങളിൽ നിറഞ്ഞുനിന്ന അജയ്യനായ ധീര പോരാളിയായിരുന്നു ജൂൺ 24-ാംനു ദിവംഗതനായ എൻ. അബ്ദുർ റഹിം സാഹിബ്.

"അല്ലാഹുവാണേ! നമ്മുടെ ധീരരായ സമര വീരന്മാരിൽ നിന്നു ഈ ഒരു യോദ്ധാവ് ശത്രുക്കളെ നേരിടാൻ മതിയായവനാണ്" എന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു കവിതയിൽ പറഞ്ഞതു എത്രമാത്രമാണ് അബ്ദുർറഹിം സാഹിബിൽ സാക്ഷാൽക്കരിക്കപ്പെട്ടിരിക്കുന്നത് എന്ന് അദ്ദേഹത്തിന്റെ അഹ്മദിയ്യാ സാഹിത്യ പത്രപ്രവർത്തനരംഗത്തെ അതുല്യമായ സംഭാവനകൾ വിലയിരുത്തിയാൽ മനസ്സിലാകും. പ്രബുദ്ധനായ എഴുത്തുകാരൻ, പ്രമാണികനായ പത്രാധിപർ, പരിണത പ്രജ്ഞനായ പത്രപ്രവർത്തകൻ, പ്രഗൽഭനായ പ്രസംഗകൻ എന്നീ വിശേഷണങ്ങൾക്കെല്ലാം അക്ഷരാർത്ഥത്തിൽ തന്നെ അർഹനാണദ്ദേഹം.

## സമർപ്പിതനായ സാഹിത്യകാരൻ

കഴിഞ്ഞ ദശകങ്ങളിൽ അഹ്മദിയ്യാ സാഹിത്യ പത്രപ്രവർത്തനരംഗത്ത് ധിഷണയുടെ പ്രകാശം പരത്തി അദ്ദേഹം നിറഞ്ഞുനിന്നു. അനിതരസാധാരണമായ ബുദ്ധിവൈഭവവും കഠിനാദ്ധ്വാനശീലവും അർപ്പണമനോഭാവവും ഒത്തുചേർന്നപ്പോൾ പ്രതികൂല പരിതസ്ഥിതിയിലും താൻ വ്യാപരിച്ച മേഖലകളിലെല്ലാം വിസ്മയകരമായ വിജയം കൈവരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. അദ്ദേഹത്തിന്റെ നിസ്വാർത്ഥ സേവനം അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിന്റെ ഏടുകളിൽ സുവർണ്ണലിപികളിൽ വിരാജിക്കും.!

കേരളത്തിലെ സാഹിത്യപത്രപ്രവർത്തനരംഗങ്ങളിൽ എനിക്ക് അടുത്തറിയാൻ ഭാഗ്യമുണ്ടായ അഞ്ചു പ്രതിഭാശാലികളിൽ എന്നെ ഏറെ ആകർഷിച്ച ഒരാളാണ് അബ്ദുർ റഹിം സാഹിബ്. രാപ്പകൽ പുസ്തകങ്ങളുടെ മഹാപ്രപഞ്ചത്തിൽ വ്യാപരിക്കുകയും എഴുതിക്കൊണ്ടിരിക്കുകയും ചെയ്യുന്നതിനേക്കാൾ ആത്മസംതൃപ്തി മറ്റൊന്നില്ലാ എന്ന് വിശ്വസിക്കുന്ന എൻ. അബ്ദുർ റഹിം സാഹിബ് അതുകൊണ്ടുതന്നെ പരിചയപ്പെട്ട കാലം തൊട്ടേ എന്നേ അത്ഭുതപ്പെടുത്തി!

മരണാസന്നനുപോലും തന്റെ സന്ദേശമെത്തിക്കാൻ അഹ്മദികൾ പ്രതിജ്ഞാബദ്ധരായിരിക്കണമെന്ന അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ദിവ്യ സ്ഥാപകരും മാനവരാശിയുടെ വിമോചകനുമായ ഹദ്റത്ത് അഹ്മദ് (അ)ന്റെ ഉപദേശം പ്രാവർത്തികമാക്കാൻ അഹ്മദിയ്യാ സാഹിത്യരചന ത്വരിതപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെ പറ്റിയാണ് രോഗശയ്യയിൽ അവസാനമായി റഹിം സാഹിബ് എന്നോട് വാചാലനായത്. മരണാസന്നു സ്വർഗ്ഗത്തിലേക്കുള്ള വഴി സുഗമമാക്കുന്നതുപോലെ തന്നെ വ്യക്തിയേയും സമൂഹത്തേയും ഉറക്കത്തിൽ നിന്നും ഉണർത്താനും ഹദ്റത്ത് മസീഹ് മൗഊദിന്റെ ഗ്രന്ഥങ്ങൾക്ക് കഴിവുണ്ടെന്ന റഹിം സാഹിബ് പറയുമായിരുന്നു.

വിവർത്തനവും സ്വന്തവുമായി അഹ്മദിയ്യാ പരിപ്രേക്ഷ്യത്തിലുള്ള അറുപതോളം കൃതികൾ അബ്ദുർ റഹിം സാഹിബിന്റെ പേരിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്. "മുഹമ്മദ് നബിക്ക് ശേഷം ലോകം കണ്ട ഏറ്റവും വലിയ മഹാപുരുഷന്റെ ജീവിതകഥ" യായ മഹ്ദി ഇമാമിന്റെ ബൃഹദ് ചരിത്രമാണ് റഹിം സാഹിബിന്റെ വിജയകരമായ ഉജ്ജ്വല ഗ്രന്ഥം. നൂറ്റിരുപതോളം കൃതികൾ റഫർ ചെയ്താണദ്ദേഹം രണ്ടു വാല്യങ്ങളിലായി 1076 പേജുള്ള ഈ ഗ്രന്ഥം രചിച്ചത് ഹദ്റത്ത് അഹ്മദി(അ)ന്റെ മലയാളത്തിലുള്ള ഈ ജീവചരിത്രഗ്രന്ഥത്തോടു കിടപിടിക്കുന്ന രചന മറ്റ് ഭാഷകളിൽ തന്നെ അപൂർവ്വമാണ്.

മരണകാരണമായ അസുഖം പിടിപെടുന്നതിനു മുമ്പ് തന്നെ ശയ്യാവലംബിയായിരുന്നു അദ്ദേഹം. ഈ അവസ്ഥയിൽ കമിഴ്ന്നുകിടന്നും കാൽനീട്ടി ഇരുന്നും അദ്ദേഹം എഴുതുന്നത് ഞാൻ ഏറെ കൗതുകത്തോടെ നോക്കിനിന്നിട്ടുണ്ട്. ഇത്തരുണത്തിലാണ് അദ്ദേഹം തന്റെ അവസാന കൃതിയായ "ഇന്ത്യൻ സ്വാതന്ത്ര്യത്തിനു അഹ്മദിയ്യ സംഭാവന" എന്ന പുസ്തകത്തിന്റെ പണിപൂർത്തിയാക്കിയത്. മാത്രമല്ല നല്ല ആരോ

മസീഹ് നാലാമൻ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് സാഹിബ് (റഹ്) ദൈവിക നിദർശന പ്രകാരം ചരിത്ര പ്രസിദ്ധമായ മുബാഹല പ്രഖ്യാപിച്ചു. ആ ഘട്ടത്തിൽ അബ്ദുർറഹിം സാഹിബ് എഴുതി.

'പിന്നെ, ആ നാശത്തിന്റെ മുഹൂർത്തവും വന്നടുത്തു. ഫിർഔന്നെതിരെ മലക്കുകളുടെ ഊരിയ വാളുകൾ ആകാശത്തിൽ ആയിരം പ്രഭകളോടെ മിന്നി! ഒരു പൊട്ടിത്തെറിയിൽ സിയാ എന്ന ഫിർഔനും പട്ടാളനായകന്മാരും ആകാശത്തിന്റെ ശൂന്യതയിൽ ധൂളികളായി പരന്നു. സിയാഉൽഹഖിന്റെ സ്മാരകാവശിഷ്ടം പോലും ഭൂമിയിൽ ബാക്കിയായില്ല. ഭഗവൽപൂരിലെ കാടുകളിൽ ചാമ്പൽ കഷണങ്ങൾ ചിതറി വീണു. ഇതെങ്ങനെ സംഭവിച്ചുവെന്നു ലോകം ഇന്നും അമ്പരക്കുകയാണ്. ഭൂമിയിലെ ബുദ്ധിമാന്മാർ തലപുകഞ്ഞു കാരണം തിരയുന്നു."

## സത്യദൂതൻ ഒരത്ഭുത പ്രതിഭാസം

മുക്കാൽ നൂറ്റാണ്ടുമുമ്പ് പ്രിന്റിംഗ് ടെക്നോളജിയുടെ ശിലായുഗത്തിൽ "കല്ലക്ഷരങ്ങൾ" നിരത്തി കേരളീയർക്ക് അഹ്മദിയ്യാ സന്ദേശമെത്തിച്ചു കൊടുത്ത ഒരപൂർവ്വ പ്രസിദ്ധീകരണമാണ് 'സത്യദൂതൻ.' പിന്നീട് എപ്പോഴോ കണ്ണൂരിൽ സത്യദൂതനു സ്വന്തം കെട്ടിടവും പ്രസ്സുമുണ്ടായി. അറുപതുകളിൽ കേരള സംസ്ഥാന അഹ്മദിയ്യാ കമ്മിറ്റിയുടെ തീരുമാനപ്രകാരം 'സത്യദൂതൻ' പ്രസ്സിന്റെ നവീകരണത്തിനുവേണ്ട നിർദ്ദേശങ്ങൾ നൽകാൻ എന്നെ നിയോഗിച്ചു. കോഴിക്കോട് നഗരത്തിലെ ഒരു പ്രമുഖ ലറ്റർ പ്രസ് ഉടമയും എന്റെ സ്നേഹിതനുമായ ശ്രീ. വിശ്വനോടൊപ്പം ഞാൻ കണ്ണൂരിലെ "സത്യദൂതൻ" പ്രസ്സ് സന്ദർശിച്ചപ്പോഴാണ് ശ്രീ. റഹിം സാഹിബ് സത്യദൂതൻ പത്രാധിപർ മാത്രമല്ല അതിന്റെ മാനേജറും, ക്ലാർക്കും,

*(ശേഷം 41-ാം പേജിൽ)*

കരണമായ സത്യദൂതന്റെ പത്രാധിപത്യം അദ്ദേഹം അലങ്കരിച്ചു. പേന പടവാളാക്കിയ അദ്ദേഹവുമായുള്ള സംവാദത്തിൽ ദയനീയമായി പരാജയമടഞ്ഞവരിൽ യുക്തിവാദി ആചാര്യന്മാരായ എം. സി. ജോസഫും, ജോസഫ് ഇടമുറുകും ജമാഅത്തെ ഇസ്ലാമിയുടെ പ്രഥമ കേരള അമീർ മുഹമ്മദലി സാഹിബും ഉൾപ്പെടും.

## വാക്കുകളുടെ വിസ്മയം

അടിക്കടി ആഞ്ഞുവീശിയ അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭണങ്ങളുടെ സംഘാടകന്മാരും മുസ്ലിം രാഷ്ട്രത്തലവന്മാരുമായ ഫൈസൽ രാജാവ്, സുൽഫിക്കർ അലി ഭൂട്ടോ, സിയാവുൽഹഖ് എന്നിവർക്ക് ദൈവശിക്ഷയുടെ മുന്നറിയിപ്പു നൽകിക്കൊണ്ട് അബ്ദുർറഹിം സാഹിബ് സത്യദൂതനിൽ എഴുതിയ "കുറിപ്പുകൾ" അനിതര സാധാരണമായ അദ്ദേഹത്തിന്റെയും ജമാഅത്തിനോടുള്ള പ്രതിബദ്ധതയുടെയും വാഗ് വിലാസത്തിന്റെ ഉത്തമ ഉദാഹരണങ്ങളായിരുന്നു. അഹ്മദികളെ അമുസ്ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ചു പാക് അസംബ്ലി പാസാക്കിയ ബില്ലും മുസ്ലിം രാഷ്ട്രത്തലവന്മാരുടെ റബാത്ത് സമ്മേളനത്തിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ ആസൂത്രണം ചെയ്യപ്പെട്ടപ്പോൾ 'സത്യദൂതനിൽ' റഹിം സാഹിബ് ഇപ്രകാരം എഴുതി. "എന്നാൽ ഒരു കാര്യം വ്യക്തമാണ്. അഹ്മദിയ്യാ പ്രസ്ഥാനം ദൈവത്തിന്റെ കയ്യാൽ നടപ്പെട്ട ഒരു വൃക്ഷമാകുന്നു. ഒരു ഫൈസൽ രാജാവിനോ പതിനായിരം ഫൈസൽ രാജാക്കന്മാർ ചേർന്നുള്ള ശക്തിക്കോ അതിനെ നശിപ്പിക്കാനാവില്ല. ദജ്ജാലിയത്തിന്റെ കോട്ടകളിൽ മുസ്ലിഹ് മൗഊദ് (റ) വെച്ച ടൈം ബോംബുകൾ പൊട്ടുമ്പോൾ ഈ ഫൈസൽമാരും ഭൂട്ടോമാരും എവിടെപ്പോകും.? അതിനു ഇനി നാളുകൾ വളരെ കുറച്ചേ വേണ്ടൂ" (സത്യദൂതൻ 1974 നവംബർ 20). പിന്നെ എന്തുണ്ടായി എന്നു ലോകം കണ്ടതാണ്.

1988 ജൂൺ 10നു ഖലീഫത്തുൽ

ഗ്യമുള്ളവർക്കുപോലും സഹനീയമല്ലാത്ത ഈ വർഷത്തെ കൊടും തണുപ്പിൽ ഖാദിയാനിലെത്താനുള്ള സാഹസത്തിനും അദ്ദേഹം കുടുംബസഹിതം സന്നദ്ധനായി. വീൽ ചെയറിൽ ഖാദിയാനിലെത്തി ഖലീഫത്തുൽ മസീഹ് മിർസാ മസ്റൂർ അഹ്മദ് സാഹിബിനെ സന്ദർശിക്കാനും തന്റെ അവസാന കൃതി ഖലീഫാ തിരുമനസ്സിന്റെ തിരുകരങ്ങളാൽ പ്രകാശനം ചെയ്യപ്പെടുന്നത് കാണാനും ഉള്ള അപൂർവ്വ സൗഭാഗ്യവും അദ്ദേഹത്തിനുണ്ടായി.

## അജയ്യനായ പത്രാധിപർ

ദാർശനികനും വിദ്യാഭ്യാസ വിദഗ്ദ്ധനുമായിരുന്ന ഡോക്ടർ മേസൺ ഗ്രോസ് കുറെ വർഷങ്ങൾക്കു മുമ്പ് അമേരിക്കയിലെ നാഷനൽ ബുക്ക് അവാർഡ് സമ്മാനിച്ചുകൊണ്ടു പറഞ്ഞു. "ഒരു ഗ്രന്ഥകാരൻ അഗാധമായും ആത്മാർത്ഥമായും വിശ്വസിക്കുന്ന കാര്യങ്ങൾ ആവേശപൂർവ്വം നമ്മോട് വാദിക്കുമ്പോൾ ഉളവാകുന്ന ഉദ്വേഗമാണ് നാം പുതിയ പുസ്തകങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്നത്. ആപത്തുകളെ പറ്റിയുള്ള ബോധം പലപ്പോഴും നമ്മെ ഭയപ്പെടുത്തി നിശ്ശബ്ദരാക്കുന്നു. നിശ്ശബ്ദതയിൽ നിന്നും നാം പതുക്കെ പതുക്കെ നിർവികാരതയിൽ എത്തുന്നു. ഈ നിർവികാരതയിൽ നിന്നും നമ്മെ ഉണർത്താൻ പുസ്തകങ്ങൾക്കേ കഴിയൂ."

നിശ്ശബ്ദത അല്ലെങ്കിൽ നിർവ്വികാരത പുലർത്തി ഒഴിഞ്ഞുമാറുന്ന സമൂഹത്തെ ഉണർത്തുന്നവയായിരുന്നു റഹീം സാഹിബിന്റെ സാഹിത്യ-പത്രപ്രവർത്തനരംഗങ്ങളിലെ സംഭാവനകൾ.

ചിന്തിക്കാതിരിക്കുന്നത് കാലഘട്ടത്തോടും സമൂഹത്തോടും ചെയ്യുന്ന പാതകമാണെന്നു ഓർമ്മിപ്പിക്കുന്നവയായിരുന്നു ഒരു പത്രാധിപർ എന്ന നിലക്കുള്ള അബ്ദുർറഹിം സാഹിബിന്റെ രചനകൾ. ചെറിയ ഇടവേളകൾ ഒഴിച്ച് 40 വർഷത്തിലധികം മുക്കാൽ നൂറ്റാണ്ടു പിന്നിട്ട മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീ



എൻ. അബ്ദുർറഹീം സാഹിബ്

# മാഞ്ഞുപോയ മാരിവില്ല്

കെ.പി. അഹ്മദ്

വർഷങ്ങൾക്കുമുമ്പ്! 'സത്യദൂതൻ മാസിക'യുടെ കുറിപ്പുകൾ വായിക്കുമ്പോഴെല്ലാം അതിന്റെ ഉജ്ജ്വലമായ പ്രതിപാദനരീതിയിലൂടെ ആശയങ്ങൾ ആർജ്ജവത്തോടെ അവതരിപ്പിച്ച പത്രാധിപരെ പറ്റി ഒരു യോദ്ധാവിന്റെ രേഖാചിത്രമായിരുന്നു. മനസ്സിൽ രൂപപ്പെട്ടത്!

ഒരിക്കൽ കോഴിക്കോട് ആനിഹാൾ റോഡിന് പിൻവശമുള്ള കമ്മത്ത്ലൈനിലെ 'അൽഅമീൻ' ദിനപ്പത്രത്തി ന്റെ ഓഫീസിലേക്ക് പി.വി. അഹ്മദ്കോയയോടൊപ്പം കയറിച്ചെന്നപ്പോൾ അവിടെ ശ്രീ. വാഗ്ഭടാനന്ദഗുരുദേവരുടെ മകൻ പരേതനായ വി. പ്രഭാകരൻ ഉണ്ടായിരുന്നു! സംഭാഷണത്തിന്റെ ഏതോ വഴിത്തിരിവിൽ വെച്ച് 'സത്യദൂതനും' ചർച്ചാവിഷയമായി! അപ്പോൾ പ്രഭാകരൻ പറഞ്ഞു.

“ആരാണീ എൻ.അബ്ദുർറഹീം... അദ്ദേഹമെഴുതുന്ന കുറിപ്പുകൾ നിങ്ങളുടെ പ്രസ്ഥാനത്തിന് വലിയൊരു മുതൽക്കൂട്ടാണ്.”

മറ്റൊരു സന്ധ്യാനേരത്ത് കോഴിക്കോട്ടെ 'ദാറുസ്സലാമി'ലേക്ക് കടന്നുവരുമ്പോൾ ഒരു അപരിചിത മുഖം കണ്ടു. മെലിഞ്ഞ ശരീരവും ഫുൾകൈ ഷർട്ടും കറുത്ത ജിന്നാകേപ്പ് തൊപ്പിയും ധരിച്ച യുവത്വം യാത്ര പറയാൻ പടിവാതിൽക്കൽ എത്തിനിൽക്കുന്ന ഒരു ചെറുപ്പക്കാരനെ! അപരിചിതന് സലാം പറഞ്ഞ് കൈപിടിച്ചുകുലുക്കി. പേര് പറഞ്ഞപ്പോൾ മനസ്സിന്റെ അടിത്തട്ടിൽ നിന്നും ഒരായിരം പനിനീർപ്പൂക്കൾ ഒന്നിച്ചു വിരിയുകയായിരുന്നു! മുമ്പിലുള്ള എലുമ്പിച്ച ദേഹത്തിനുള്ളിൽ ഞാൻ കാണാൻ കൊതിച്ച ശക്തനായ തൂലികാകാരൻ! അന്നു തുടങ്ങിയ സൗഹൃദം രണ്ടാഴ്ചമുമ്പ് കണ്ണൂരിലെ മദർ ആന്റ് ചൈൽഡ് ആശുപത്രിയിൽ വെച്ച് അവസാനമായി കാണുന്നതുവരെ തുടർന്നു.

പോയകാല കേരള അഹ്മദിയ്യാ സെൻട്രൽ കമ്മിറ്റി 'സത്യദൂതൻ മാസിക' മാസത്തിൽ രണ്ടുതവണ 'പാക്ഷിക'മായി പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു. നേരത്തേ ഉണ്ടായിരുന്ന ബുക്ക് സൈസിൽ നിന്ന് ദിനപ്പത്ര രൂപത്തിലേക്ക് കെട്ടിലും മട്ടിലും പുതിയ ശൈലീഭാവങ്ങൾ സ്വീകരിക്കാനുമുള്ള സംവിധാനം കമ്മിറ്റിയിൽ അംഗീകരിക്കപ്പെട്ടു.

'പാക്ഷിക'ത്തിന്റെ ചീഫ് എഡിറ്റർ പരേതനായ എൻ. ഹാമിദ് സാഹിബും എഡിറ്റർ എൻ. അബ്ദുർറഹീം സാഹിബുമായിരുന്നു. എന്നാൽ അബ്ദുർറഹീം സാഹിബ് 'മാതൃഭൂമി'യുടെ കണ്ണൂർ ജില്ലാലേഖകനും കൂടി ആയതുകൊണ്ട് അദ്ദേഹത്തിന് ഏറെ തിരക്കുള്ള ഒരു ചുറ്റുപാടായിരുന്നു അന്ന്. കൂടാതെ മാസത്തിൽ രണ്ടുതവണ പ്രസിദ്ധീകരിക്കുന്ന കനത്ത ഭാരവും, പുസ്തകരൂപത്തിൽ നിന്ന് പത്രത്താളുകളായി മാറ്റുമ്പോഴുള്ള ആറുകോളങ്ങൾ കെട്ടുന്ന ദുഷ്ക്കരമായ മറ്റൊരു ജോലിയും 'പാക്ഷിക'ത്തിനുണ്ടായിരുന്നു! എങ്കിലും ജമാഅത്തിന്റെ പ്രസിദ്ധീകരണത്തോടുള്ള അഗാധമായ ആഭിമുഖ്യമാണ് അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ഈ സന്ദർഭത്തിൽ അബ്ദുർറഹീം സാഹിബുമായി ചർച്ച ചെയ്ത് അദ്ദേഹത്തെ സഹായിക്കാൻ എനിക്കും മട്ടന്നൂരിലെ എം. മൊയ്തീൻകോയ സാഹിബിനും അവസരം ലഭിച്ചു! ഞങ്ങൾ രണ്ടുപേരും ചേർന്ന് 'പാക്ഷിക'മായി പുറത്തിറക്കേണ്ട 'സത്യദൂതന്റെ' ഒരു മോഡൽ നിർ മ്മിച്ച് അദ്ദേഹത്തിന് നൽകി. ഞങ്ങളുടെ ഈ എളിയ സംഭാവനയുടെ പ്രതികരണമായി അദ്ദേഹത്തിൽ നിന്നും ഉയർന്നത് ആവേശത്തിന്റെ തിരമാലകളായിരുന്നു! ജമാഅത്തിന് സേവനങ്ങളർപ്പിക്കാൻ തളച്ചിടപ്പെട്ട പ്രതിജ്ഞാബദ്ധമായ ഒരു മനസ്സിന്റെ സംതൃപ്തിയുടെ ആഹ്ലാദം!

ഏറെ നാൾ കഴിയുന്നതിന് മുമ്പ് 'പാക്ഷികം' വീണ്ടും 'മാസിക'യിലേക്ക് തന്നെ തിരിച്ചുവന്നു. അപ്പോഴും പത്രാധിപസാരഥിയായി അബ്ദുർറഹീം സാഹിബ് തുടർന്നുപോന്നു!

ഒരു ദിവസം അബ്ദുർറഹീം സാഹിബിന്റെ സഹോദരിയുടെ മകൻ എൻ. ഇഹ്ജാസുൽ ഹഖിനെ കാണാനിടയായി. നിരന്തരമായ വായനാശീലം വളർത്തിയെടുത്ത ഒരു ചെറുപ്പക്കാരനാണ് ഇഹ്ജാസുൽ ഹഖ്. സംസാരിച്ച കൂട്ടത്തിൽ എഴുതാനുള്ള ശ്രമങ്ങളും നടത്തുന്നതായി അദ്ദേഹം പറഞ്ഞു. അത് പ്രോത്സാഹിപ്പിക്കാൻ ഞാനും മറന്നില്ല!

മാസങ്ങൾക്ക് ശേഷം ഒരു ലേഖനവുമായി ഇഅ്ജാസുൽ ഹഖ് എന്നെ സമീപിച്ചു. വിഷയം 'ഫലസ്തീനാ'യിരുന്നു. ലേഖനം നന്നായിരിക്കുന്നു. വലിയ ശസ്ത്രക്രിയകളുടെ ആവശ്യമുണ്ടെന്ന് തോന്നിയില്ല. പത്രാധിപർക്കാണെങ്കിൽ ഏറെയൊന്നും 'കൈക്രിയ' നടത്തേണ്ടിവരില്ലെന്നു ബോദ്ധ്യമായി. ഉടനെ എൻ. അബ്ദുർറഹീം സാഹിബിന് ഫോൺ ചെയ്യാനാണ് എനിക്ക് തോന്നിയത്.

"അബ്ദുർ റഹീം സാഹിബേ... നിങ്ങളുടെ മരുമകൻ ഇഅ്ജാസുൽ ഹഖ് ഒരു ലേഖനമെഴുതിയിട്ടുണ്ട്. അതൊന്ന് പ്രസിദ്ധീകരിച്ച് പ്രോത്സാഹിപ്പിച്ചുകൂടേ?"

മറുഭാഗത്തെ മറുപടി ഇതായിരുന്നു.

"അവൻ ഇവിടെയിരുന്നു എന്തെല്ലാമോ കുത്തിക്കുറിക്കുന്നത് ഞാൻ കാണാറുണ്ട്. എന്നോടൊന്നും പറയാറില്ല. ലേഖനം പ്രസിദ്ധീകരിക്കാൻ മാത്രം നന്നായിട്ടുണ്ടോ? അടുത്ത ഊഴം എന്റേതായിരുന്നു.

"ഞാനത് വായിച്ചതാണ്. നന്നായിട്ടുണ്ട്. വിഷയം 'ഫലസ്തീൻ'. കാലിക പ്രാധാന്യമുണ്ട്. ഒന്ന് പ്രോത്സാഹിപ്പിച്ചാൽ വീണ്ടും എഴുതാനുള്ള പ്രചോദനം കിട്ടിയേക്കും."

"എങ്കിൽ അത് കൊണ്ടുവരട്ടെ."

അനുകൂലമായ മറുപടി. പിന്നെ വൈകിയില്ല! ഇഅ്ജാസുൽ ഹഖിന്റെ ലേഖനം അദ്ദേഹത്തിന് എത്തിച്ചുകൊടുത്തു. 'സത്യദൂതനി'ലൂടെ അത് വെളിച്ചം കാണുകയും ചെയ്തു! എന്നാൽ ഇഅ്ജാസുൽ ഹഖിന്റെ കന്നിലേഖനത്തിലൂടെ അഹ്മദിയ്യാ സാഹിത്യരംഗത്തെ മഹാരഥന്മാരായിരുന്ന എൻ. ഹാമിദ് സാഹിബ്, എൻ. അബ്ദുർ റഹീം സാഹിബ് എന്നിവരുടെ പൈതൃകത്തിൽ മറ്റൊരു എഴുത്തുകാരൻ കൂടി ജനിക്കുകയായിരുന്നു! 'എൻ' പാരമ്പര്യത്തിലെ പുതിയ കണ്ണി!

മനുഷ്യായുസ്സിൽ ഉന്നതങ്ങളുടെ ഉയരങ്ങൾ താണ്ടാൻ കെൽപ്പുള്ള യുവത്വകാലം മുതൽ ആത്മീയ മാർഗ്ഗം തിരഞ്ഞെടുത്ത് അതിൽ നിന്ന് പിന്തിരിഞ്ഞുനോക്കാതെ ഉറച്ചുനിന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അബ്ദുർറഹീം സാഹിബ്! ഭൗതികമായ നേട്ടങ്ങൾ കൊയ്തെടുക്കാൻ ഒട്ടേറെ അവസരങ്ങളുണ്ടായിട്ടും അതെല്ലാം തൃണവൽഗണിച്ച് അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ കർമ്മഭൂമിയിൽ ജീവിതം സമർപ്പിച്ച അസാധാരണത്വമാണ് അദ്ദേഹത്തെ വ്യത്യസ്ഥനാക്കുന്നത്! മാരിവില്ലിന്റെ മനോഹരമായ വർണ്ണവൈവിധ്യം പോലെ എഴുത്തുകാരൻ, ഗ്രന്ഥകാരൻ, പരിഭാഷകൻ, പത്രപ്രവർത്തകൻ, പ്രസംഗകൻ, ബഹുഭാഷാപണ്ഡിതൻ എന്നീ നിലകളിൽ അദ്ദേഹത്തിന്റെ വ്യക്തിത്വത്തിലെ വർണ്ണരാജി കൗതുകകരമായ കാഴ്ചയായിരുന്നു. ആ കാഴ്ച നമ്മുടെ കൺമുമ്പിൽ നിന്നും ഇപ്പോൾ മാഞ്ഞുപോയിരിക്കുന്നു.!

m

---

*(39 -ാം പേജിൽ നിന്ന് തുടർച്ച)*

പ്യൂണും ഒക്കെയാണെന്നും മനസ്സിലാക്കിയത്.

"സത്യദൂതൻ" പ്രസ്സിലെ സന്നാഹങ്ങൾ വിശദമായി പരിശോധിച്ച ശ്രീ. വിശ്വൻ പറഞ്ഞു: കമ്പോസിംഗ് സ്റ്റാന്റിൽ ആവശ്യമായ ടൈപ്പുകളും സ്പേസുകളും നന്നെ കുറവായ സ്റ്റിക്കുകളും കമ്പോസിറ്റർമാരും പ്രിന്റുമില്ലാതിരുന്നിട്ടും നടന്നുപോകുന്ന ലോകത്തിലെ തന്നെ ഒരേ ഒരു ലറ്റർ പ്രസ്സ് ഇത് മാത്രമായിരിക്കും" എന്നു അഭിപ്രായപ്പെടുകയുണ്ടായി. പ്രഭാതം മുതൽ പ്രദോഷം വരെ അക്ഷരങ്ങളിൽ മുങ്ങിയ ആ പ്രതിഭാശാലി തന്നെയായിരുന്നു പത്രത്തിന്റെ റാപ്പർ പോലും ഒട്ടിച്ചിട്ടിരുന്നത്. അന്ന് മുതൽ ആരംഭിച്ചതാണ് അബ്ദുർ റഹിം സാഹിബുമായുള്ള എന്റെ അടുത്തബന്ധം.

കടലാസ് കിട്ടാക്കനിയായ അവസരത്തിൽ പോലും ബ്രൗൺ പേപ്പറിലും പച്ചയും ചുകപ്പും വർണമായ നോട്ടീസ് പേപ്പറിലും അച്ചടിച്ചു മുടക്കമില്ലാതെ പ്രസിദ്ധീകൃതമായ 'സത്യദൂതനും' അതിന്റെ ദിവംഗതനായ പത്രാധിപർ എൻ. അബ്ദുറഹിം സാഹിബും അഹ്മദിയ്യാ സാഹിത്യ പത്രപ്രവർത്തനരംഗത്തെ ഒരൽഭുത പ്രതിഭാസമത്രെ.

പരേതന് അല്ലാഹു മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ - ആമീൻ.

m

## അല്ലാഹുവിന്റെ ജ്ഞാനം

അദൃശ്യകാര്യങ്ങളുടെ താക്കോലുകൾ അവന്റെ പക്കലാണുള്ളത്. അവനല്ലാതെ മറ്റാരും അതറിയുകയില്ല. കരയിലും കടലിലുമുള്ളതെല്ലാം അവനറിയുന്നു. അവൻ അറിഞ്ഞുകൊണ്ടല്ലാതെ ഒരു ഇലയും കൊഴിഞ്ഞുപോകുന്നില്ല. ഭൂമിയുടെ അന്ധകാരങ്ങളിലുള്ള ഒരു ധാന്യമണിയോ, പച്ചയോ ഉണങ്ങിയതോ ആയ വസ്തുക്കളോ സ്പഷ്ടമായ ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്താതെയില്ല.

***വിശുദ്ധ ഖുർആൻ (6:60)***


എൻ. അബ്ദുർറഹീം സാഹിബ്

# ക്രാന്തദർശിയായ എഴുത്തുകാരൻ

**എം.കെ. ഇമ്പിച്ചിക്കോയട്ടി**
മാനേജർ, സത്യദൂതൻ

മർഹൂം എൻ. അബ്ദുർറഹീം സാഹിബ് 1963-ൽ ഞാൻ അഹ്മദിയ്യാ ജമാഅത്തിൽ അംഗമായ കാലം മുതൽ വളരെ അടുത്ത സ്നേഹബന്ധമുള്ള ഒരു നല്ല സുഹൃത്തായിരുന്നു. അബ്ദുറഹിം സാഹിബിന്റെ ലേഖനങ്ങളിലൂടെയും പല പ്രധാനപ്പെട്ട പരിഭാഷകളിലൂടെയും അദ്ദേഹത്തെ അറിയപ്പെടാത്തവരായി കേരളത്തിലെ ജമാഅത്തുകളിൽ ആരും തന്നെ ഉണ്ടായിരിക്കുകയില്ല. കാരണം, ലേഖനങ്ങൾ വായിക്കുവാ നും അതിൽ നിന്ന് ആവേശം ഉൾ കൊള്ളുവാനും ജമാഅത്തിനെ കുറിച്ചു പഠിച്ചുമനസ്സിലാക്കുവാനും അതുമുഖേന ഹിദായത്ത് ലഭിക്കുവാനും അദ്ദേഹത്തിന്റെ എഴുത്തിലൂടെ സാധിക്കുമായിരുന്നു. അദ്ദേഹം സത്യദൂതൻ എഡിറ്ററായിരുന്ന കാലത്തു ദൂതൻ കയ്യിൽ കിട്ടിയാൽ ആദ്യം വായിക്കുക അദ്ദേഹത്തിന്റെ കുറിപ്പുകളായിരിക്കും. കാരണം അത് ശത്രുക്കളെ നിലംപരിശാക്കുന്നയത്ര പ്രഹരശേഷിയുള്ളതും കുറിക്കുകൊള്ളുന്ന രൂപത്തിലുമായിരുന്നു. 1974-ൽ പാകിസ്ഥാനിൽ സുൽഫീഖർ അലി ഭൂട്ടോ അഹ്മദികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ച സന്ദർഭം, ഭൂട്ടോ അന്ന് പാകിസ്താനിൽ മാത്രമല്ല ലോക മുസ്‌ലിം മനസ്സുകളിൽ തന്നെ മിന്നിതിളങ്ങുന്ന ഒരു കാലഘട്ടമായിരുന്നു. ഈ അവസരത്തിൽ മാസത്തിൽ ഒരിക്കൽ മാത്രം അച്ചടിച്ചുവരുന്ന സത്യദൂതനിലൂടെ അഹ്മദിയ്യത്തിന്റെ സത്യം പൊതുജനങ്ങളെ അറിയിക്കാൻ സാധിക്കാത്തതിലുള്ള മനോവിഷമം കാരണം മാസിക പാക്ഷികമായി പ്രസിദ്ധീകരിക്കുവാനുള്ള നിർദ്ദേശം അദ്ദേഹം മുന്നോട്ടുവെക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ഉദ്ദേശ്യം സഫലീകരിക്കപ്പെടുകയും ചെയ്തു. സത്യദൂതൻ പാക്ഷികമായി അച്ചടിക്കുവാൻ ആരംഭിച്ചു. ആ അവസരത്തിൽ പാക്ഷികത്തിന്റെ സിക്രട്ടറി ആയി പ്രവർത്തിക്കുവാനും അദ്ദേഹത്തെ സഹായിക്കുവാനും ഈ വിനീതന് ഭാഗ്യം ലഭിക്കുകയുണ്ടായി. കാര്യങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ട് എഴുതുന്ന അബ്ദുർറഹിം സാഹിബിന്റെ ക്രാന്തദർശിത്വം എന്നെ പലപ്പോഴും അത്ഭുതപ്പെടുത്തിയിട്ടുണ്ട്. അന്നത്തെ ഒരു ലേഖനത്തിലെ മൂന്നുനാലു വരികൾ അദ്ദേഹത്തിന്റെ ഓർമ്മക്കായി ഇവിടെ കുറിക്കട്ടെ. 1974-ൽ ഭൂട്ടോ കൊടികുത്തിവാഴുന്ന കാലത്തു അബ്ദുറഹിം സാഹിബ് എഴുതി: "ഹലോ മിസ്റ്റർ ഭൂട്ടോ നാളെ നിങ്ങൾക്ക് എന്താണ് സംഭവിക്കാൻ പോകുന്നത് എന്ന കാര്യം ഒരു പക്ഷെ നിങ്ങൾക്കറിയില്ല. പക്ഷെ, ഞങ്ങൾക്കതറിയാം. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) ഉണ്ടായ ഒരു ഇൽഹാമിൽ നിന്നെ നിന്ദിക്കുന്നവനെ ഞാൻ എളിമയിലാക്കും എന്ന പ്രവചനത്തിന്റെ അടിസ്ഥാനത്തിലും വാഗ്ദത്ത മസീഹിന്റെ വിനീതരായ ദാസരുടെ പ്രാർത്ഥനയുടെ ഫലമായും ഈജിപ്തിലെ ഫാറൂഖ് രാജാവ് നാടുവിട്ടതും അഫ്ഗാനിസ്ഥാനിലെ അമാനുല്ലാഖാൻ സ്ഥാനഭ്രഷ്ടനാക്കപ്പെട്ടതും ഞങ്ങൾ കണ്ടവരാണ്. എന്നാൽ ഭൂട്ടോ സാഹിബിന് എന്താണ് സംഭവിക്കാൻ പോകുന്നത് താങ്കൾക്കറിയില്ലെങ്കിലും ഞങ്ങൾക്ക് നന്നായി അറിയാം."

ഭൂട്ടോയുടെ കാര്യത്തിൽ പിന്നീടു എന്തു സംഭവിച്ചു എന്നു ലോകം കണ്ടതാണ്. മർഹൂം അബ്ദുർറഹീം സാ ഹിബിന്റെ എഴുത്തിന്റെ ശൈലി അതായിരുന്നു. ഇതുപോലെ എത്രയോ ലേഖനങ്ങൾ എഴുതി വിശ്വാസികളെ ആവേശം കൊള്ളിച്ച മഹൽ വ്യക്തിത്വത്തിന്റെ ഉടമകൂടി ആയിരുന്നു പരേതൻ. അദ്ദേഹത്തിന്റെ ലേഖനങ്ങൾ മാസിക വരുന്നതും കാത്തിരുന്ന് വായിക്കുന്ന ധാരാളം അഹ്മദികളും അനഹ്മദികളുമുണ്ടായിരുന്നു. അദ്ദേഹം ചെയ്ത സേവനങ്ങൾ വളരെ വലുതാണ്. വിവരിക്കുവാൻ വാക്കുകളില്ല സർവ്വശക്തനായ തമ്പുരാൻ പരേതൻ ചെയ്ത എല്ലാ നല്ല സേവനങ്ങൾക്കും തക്കതായ പ്രതിഫലം നൽകുമാറാകട്ടെ, പരേതന്നു പരലോകത്ത് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ജീവിച്ചിരിക്കുന്ന അദ്ദേഹത്തിന്റെ ഭാര്യാമക്കൾക്ക് ജമാഅത്തിന് കൂടുതൽ കൂടുതൽ സേവനം ചെയ്യുവാനുള്ള സൗഭാഗ്യം നൽകുമാറാകട്ടെ. ആമീൻ

# കേരള അഹ്മദിയ്യാ സാഹിത്യരംഗത്ത് ജ്വലിച്ച നക്ഷത്രം!



എൻ. അബ്ദുർറഹീം സാഹിബ്

**ടി. ശറഫുദ്ദീൻ**
**കണ്ണൂർ സിറ്റി**

സുദീർഘമായ കാലം സത്യദൂതനെ ചുമലിലേറ്റിയ കണ്ണൂർ ജമാഅത്തിന്റെ പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, കേരള ജമാഅത്തിന്റെ കേന്ദ്ര സമിതി സ്ഥാപകാംഗം, സുബായി ഇമാറത്തിന്റെ എക്സിക്യൂട്ടീവ് അംഗം, അഹ് മദിയ്യാ ശതാബ്ദി ജൂബിലിയുടെ സംസ്ഥാന ജനറൽ കൺവീനർ, ജമാഅത്തിൽ പ്രസിദ്ധീകൃതമായ മലയാളഗ്രന്ഥങ്ങളിൽ മുപ്പതോളം ഗ്രന്ഥങ്ങളുടെ വിവർത്തകൻ, ഇരുപതോളം ഗ്രന്ഥങ്ങളുടെ രചയിതാവ് നീണ്ട 40 വർഷക്കാലം സത്യദൂതന്റെ താളുകളിലൂടെ കേരളജനതയ്ക്ക് ഇസ്ലാമിന്റെ പ്രകാശം പകർന്നുകൊടുത്ത തുല്യത ഇല്ലാത്ത എഴുത്തുകാരൻ, ഉജ്ജ്വലനായ പ്രഭാഷകൻ, ഇംഗ്ലീഷ്, ഉർദു പ്രസംഗ പരിഭാഷകൻ തുടങ്ങി അഹ്മദിയ്യാ ജമാഅത്തിന്റെ സംസ്ഥാനത്തിലെ എന്നല്ല ഇന്ത്യയിലെ തന്നെ അതുല്യപ്രതിഭയും പ്രമുഖപത്രപ്രവർത്തകനും പത്രപ്രവർത്തനരംഗത്തെ ധാർമികതയുടെ പര്യായവുമായിരുന്ന കണ്ണൂർ സിറ്റി ജമാഅത്തിന്റെ നെടുംതൂണുകളിലൊന്നായ എൻ. അബ്ദുർറഹീം സാഹിബ് ഇക്കഴിഞ്ഞ ജൂൺ 24ന് രാവിലെ കണ്ണൂരിൽ വെച്ച് ഇഹലോകവാസം വെടിഞ്ഞു. (ഇന്നാലില്ലാഹി ......) പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകുമാറാകട്ടെ. ആമീൻ.

അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ദിവ്യമായ സന്ദേശം ആദ്യമായി കേരളത്തിൽ എത്തിക്കുകയും സ്വീകരിക്കുകയും ചെയ്ത ഇടപ്പകത്ത് അബ്ദുൽഖാദർ കുട്ടി സാഹിബിന്റെ മകളായ എൻ. നഫീസബിയുടെയും അദ്ദേഹത്തിന്റെ തന്നെ സഹോദരീപുത്രനായ ഇ. ഹംസസാഹിബിന്റെയും രണ്ടാമത്തെ മകനായി 1927 ആഗസ്റ്റ് 15ന് അഹ്മദിയ്യാ ജമാഅത്തിന്റെ കേരളത്തിലെ ഈറ്റില്ലമായ നടുവിലകത്ത് തറവാട്ടിൽ പിറന്നുവീണ എൻ. അബ്ദുർറഹീം സാഹിബ് തന്റെ അവസാനശ്വാസം വരെയും അഹ്മദിയ്യത്തിന്റെ സത്യകിരണങ്ങൾ മലയാളി മനസ്സിലേക്കെത്തിക്കുവാൻ കിട്ടിയ സന്ദർഭമെല്ലാം ഉപയോഗിച്ച ഒരു ഉജ്ജ്വല പോരാളിയാണ്. കണ്ണൂരിലെ കോയിക്കാന്റെ സ്ക്കൂളിൽ വെച്ച് അക്ഷരാഭ്യാസം പഠിക്കാനാരംഭിച്ച അദ്ദേഹം വിദ്യാഭ്യാസകാലഘട്ടത്തിൽ തന്നെ താൻ പഠിച്ച അക്ഷരങ്ങൾ ഇരുട്ടിലലയുന്നവർക്ക് വെളിച്ചം പകർന്നുകൊടുക്കുവാൻ ഉപയോഗിച്ചിരുന്നു. തന്റെ വന്ദ്യമാതുലനായ എൻ. ഹാമിദ് സാഹിബിന്റെയും തെന്നിന്ത്യയിൽ ഒരു കൊടുങ്കാറ്റുപോലെ അഹ്മദിയാ പ്രബോധനരംഗത്ത് ആഞ്ഞടിച്ച മൗലനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എ. എന്ന തന്റെ ഗുരുഭൂതന്റെയും പ്രവർത്തനങ്ങളിൽ നിന്നും ആവേശം ഉൾക്കൊണ്ട അബ്ദുർറഹീം സാഹിബ് പ്രാഥമിക വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ സാഹിത്യ രചനയിൽ മേൽപറഞ്ഞവരുടെ സഹായിയായി പ്രവർത്തിച്ചിരുന്നു. 1947ൽ 20-ാം വയസ്സിൽ സത്യദൂതന്റെ സബ് എഡിറ്ററായ അദ്ദേഹം 1958 മുതൽ 1998 വരെയുള്ള കാലഘട്ടത്തിൽ (ചെറിയ ഇടവേളയൊഴിച്ച്) സത്യദൂതന്റെ പത്രാധിപരായി പ്രവർത്തിച്ചു. ഇന്നത്തേക്കാൾ പരിമിതികളും പരാധീനതകളുമുള്ള ആ സമയങ്ങളിൽ പല തൂലികനാമങ്ങളിലുമായി ഉജ്വലമായ ലേഖനങ്ങൾ എഴുതിക്കൊണ്ട് അബ്ദുർറഹീം സാഹിബ് സത്യദൂതന്റെ താളുകളെ സമ്പുഷ്ടമാക്കുകയുണ്ടായി. കാലിക പ്രശ്നങ്ങളിൽ അപ്പപ്പോൾ ഇസ്ലാമിക ആശയങ്ങൾ സത്യദൂതനിലൂടെ അദ്ദേഹം വ്യക്തമാക്കിയിരുന്നു. ഇസ്ലാമിക നിയമങ്ങളിലും മറ്റുമുള്ള അദ്ദേഹത്തിന്റെ അഗാധമായ പാണ്ഡിത്യം കാരണം കണ്ണൂർ ബാറിലെ പല പ്രമുഖ അഭിഭാഷകന്മാരും ഇസ്ലാമിക നിയമങ്ങളെക്കുറിച്ചറിയുവാൻ അബ്ദുർറഹീം സാഹിബിനെ സമീപിച്ചിരുന്നു എന്നത് അധികമാർക്കും അറിയാത്ത നഗ്നസത്യമാണ്.

1948 മുതൽ പൗരശക്തി എന്ന പത്രത്തിന്റെ ലേഖകനായി പൊതുപ്രവർത്തന രംഗത്തേക്ക് കടന്നുവന്ന അദ്ദേഹം ചന്ദ്രികയുടെയും ലേഖകനായി പ്രവർത്തിച്ചിരുന്നു. ആകാശവാണിയുടെ ആദ്യ കണ്ണൂർ ലേഖകനായ റഹീം സാഹിബ് 1969ൽ മാതൃഭൂമിയുടെ കണ്ണൂർ ലേഖകനായി ചേർന്നു. പിന്നീട് അദ്ദേഹം 1982ൽ കാസർഗോഡ് ജില്ല ഉൾപ്പെടെ മാതൃഭൂമിയുടെ കണ്ണൂർ ബ്യൂറോ ചീഫായി പ്രവർത്തിക്കുകയായിരുന്നു. പത്രപ്രവർത്തകനെന്ന നിലയിൽ ഏതൊരാൾക്കും അഭിമാനിക്കാവുന്ന രീതി

യിലുള്ള പല റിപ്പോർട്ടുകളും പ്രസിദ്ധീകരിക്കുവാൻ എൻ. അബ്ദുർറഹീം സാഹിബിന് സാധിച്ചിട്ടുണ്ട്. കണ്ണൂർ പട്ടണത്തിന്റെ മുഖഛായ മാറ്റുന്നതിൽ തന്റെ തൂലികയിലൂടെ അബ്ദുർറഹീം സാഹിബ് എയ്തുവിട്ട ശരങ്ങൾ അധികൃതരുടെ ഹൃദയത്തിൽ തറക്കുകയും അവരുടെ കണ്ണുകൾ തുറപ്പിക്കുകയും ചെയ്ത പല സംഭവങ്ങളും കണ്ണൂരിൽ ഉണ്ടായിട്ടുണ്ട്. ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, ഇന്ദിരാഗാന്ധി, മൊറാർജി ദേശായി, രാജീവ്ഗാന്ധി തുടങ്ങിയ നാല് പ്രധാനമന്ത്രിമാരുടെ പരിപാടികൾ അദ്ദേഹം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജേർണലിസ്റ്റ് യൂണിയൻ കെട്ടിപ്പടുക്കുന്നതിൽ മുഖ്യപങ്കുവഹിച്ച അദ്ദേഹം കണ്ണൂരിലെ പത്രക്കാർക്കെന്നും ഗുരുതുല്യനായിരുന്നു. പ്രസ് ക്ലബ്ബിലെ ഒഴിവ് വേളകളിൽ ചൂട് പിടിച്ച ചർച്ചകൾ നടക്കുകയും ഒടുവിൽ അത് അഹ്മദിയ്യാ സന്ദേശ പ്രചാരണ വേദിയാവുകയും ചെയ്യുകയാണ് പതിവ്. ഒരു അഹ്മദി എന്ന നിലയിൽ അബ്ദുർറഹീം സാഹിബിന് മാധ്യമ സമൂഹം പോലും എങ്ങനെ ബഹുമാനിച്ചിരുന്നു എന്നതിനു തെളിവാണ് ഇത്. കണ്ണൂരിലെ സാമൂഹിക, സാംസ്കാരിക രാഷ്ട്രീയ മാധ്യമരംഗത്തെ അതികായനായ പാമ്പൻ മാധവൻ ഒരിക്കൽ പ്രസ്സ് ക്ലബിലെ ഒരു യോഗത്തിൽ വെച്ച് അബ്ദുർറഹീം സാഹിബിനോട് ചോദിക്കുകയുണ്ടായി "എന്റെ റഹീമേ, നിനക്കെവിടുന്നാണ് ഇത്രയും സമയം ലഭിക്കുന്നത്. രാവിലെ തൊട്ട് രാത്രി ഏറെ വൈകുന്നതുവരെ മാതൃഭൂമിയുടെ പണി, അതിന് ശേഷം സത്യദൂതന്റെ പണി. ഇതിനിടയിൽ പുസ്തകങ്ങൾ വിവർത്തനം ചെയ്യുന്നു. സ്വന്തമായി രചിക്കുന്നു. എങ്ങനെയാണ് ഇതൊക്കെ സാധിക്കുന്നത്." പുഞ്ചിരിച്ചുകൊണ്ട് അബ്ദുർറഹീം സാഹിബ് മറുപടി പറഞ്ഞു. "ഞാൻ വിശ്വസിക്കുന്ന ആദർശത്തിനുവേണ്ടി ദൈവമാർഗത്തിൽ പ്രവർത്തിക്കുമ്പോൾ സമയം ദൈവം തനിയെ ഉണ്ടാക്കി തരും." അതാണ് അബ്ദുർറഹീം സാഹിബ്. ഊണിലും, ഉറക്കത്തിലും, നടത്തത്തിലും, ഇരുത്തത്തിലും അഹ്മദിയ്യാ സാഹിത്യരംഗം വിപുലീകരിക്കുന്നതിനുവേണ്ടി ചിന്തിക്കുകയും, ആഗ്രഹിക്കുകയും തന്റെ ജീവശ്വാസം വരെ അതിന്നുവേണ്ടി പകർന്നുനൽകുകയും ചെയ്ത അദ്ദേഹം നക്ഷത്രങ്ങളുടെ കൂട്ടത്തിലെ കാർത്തിക നക്ഷത്രം പോലെ നമ്മുടെ എഴുത്തുകാരിൽ നിന്നും വേറിട്ടു നിൽക്കുന്നു. അദ്ദേഹത്തിന്റെ പുസ്തകശേഖരണങ്ങളുടെ വൈവിധ്യങ്ങൾ നമ്മെ അത്ഭുതപ്പെടുത്തുന്നതാണ്. മസീഹ് മൗഊദിന്റെ ഗ്രന്ഥങ്ങളും മറ്റ് അഹ്മദിയാ പണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളും മാത്രം വായിച്ചിട്ടായിരുന്നില്ല അദ്ദേഹം തന്റെ തൂലിക അഹ്മദിയത്തിനു വേണ്ടി ചലിപ്പിച്ചത്. മറിച്ച് ചരിത്രഗ്രന്ഥങ്ങൾ ഇതര മതഗ്രന്ഥങ്ങൾ, സാഹിത്യങ്ങൾ, സാമ്പത്തിക ശാസ്ത്രഗ്രന്ഥങ്ങൾ, ശാസ്ത്രഗ്രന്ഥങ്ങൾ തുടങ്ങി വിവിധ മേഖലകളിലുള്ള ഗ്രന്ഥങ്ങൾ വായിക്കുകയും അതിനെക്കുറിച്ച് അഗാധമായി പഠിക്കുകയും ചെയ്തുകൊണ്ടാണ് അദ്ദേ ഹം അഹ്മദിയ്യത്തിന്റെ സത്യം അഥവാ ഇസ്‌ലാമിന്റെ സത്യം ഉയർത്തിപിടിച്ചത്. അതുകൊണ്ടാണ് അബ്ദുർറഹീം സാഹിബ് കേരള അഹ്മദിയ്യ സാഹിത്യരംഗത്തെ എന്നും ജ്വലിക്കുന്ന നക്ഷത്രമായി മാറിയത്.

അഹ്മദിയ്യാ ജമാഅത്തിന്റെ ശതവാർഷിക ജൂബിലിയുടെ ഭാഗമായി കണ്ണൂരിൽ നടന്ന സംസ്ഥാന സമ്മേളനത്തിൽ അബ്ദുർറഹീം സാഹിബിന്റെ വിവർത്തന ഗ്രന്ഥങ്ങളിലെ മാസ്റ്റർപീസായ 'അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാം' എന്ന ഗ്രന്ഥം പ്രകാശനം ചെയ്തുകൊണ്ട് പ്രമുഖ സാഹിത്യകാരനായ ശ്രീ. വാണിദാസ് എളയാവൂർ പറഞ്ഞ ഒരു വാക്ക് കൂടെ ഇവിടെ സൂചിപ്പിക്കട്ടെ. "താൻ വിശ്വസിക്കുന്ന ഇസ്‌ലാമിന്റെ ആശയാദർശങ്ങൾ സത്യമായും ജനങ്ങളിലേക്കെത്തിക്കുന്ന യഥാർത്ഥ സത്യദൂതനാണ് അബ്ദുർറഹീം" നീണ്ട 40ലേറെ വർഷം സത്യദൂതന് താങ്ങും തണലുമായ അബ്ദുർറഹീം സാഹിബ് തനിക്ക് പകരക്കാരനാര്? എന്ന ചോദ്യം നമ്മുടെ മുമ്പിൽ ഉയർത്തിക്കൊണ്ടാണ് കടന്നുപോയിരിക്കുന്നത്. ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്തുവാനും സത്യദൂതനും മറ്റ് അഹ്മദിയ്യാ സാഹിത്യങ്ങളും കേരളക്കരയിൽ അങ്ങോളമിങ്ങോളം കൂടുതലായി പ്രചരിപ്പിക്കുവാനും അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. അതിന് കടന്നുപോയ ആ നക്ഷത്രം നമുക്ക് പ്രചോദനമായി തീരട്ടെ. (ആമീൻ).

m

## ഏഴ് വൻ പാപങ്ങൾ

മുസ്‌ലിംകളെ, നിങ്ങളെ നശിപ്പിക്കുന്ന ഏഴ് കുറ്റങ്ങളിൽ നിന്ന് നിങ്ങൾ എപ്പോഴും ഒഴിഞ്ഞുനിൽക്കേണ്ടതാണ്. 'ദൈവദൂതരെ, അവ ഏതൊക്കെയാണെന്ന് അനുചരന്മാർ ചോദിച്ചപ്പോൾ നബി (സ) അരുളി. 1. ശിർക്ക് (ദൈവത്തിൻ പങ്കുചേർക്കൽ) 2. പ്രലോഭനം 3. അന്യായമായ കൊല 4. പലിശ 5. അനാഥരുടെ മുതൽ അപഹരിക്കുക 6. യുദ്ധക്കളത്തിൽ നിന്ന് പിന്തിരിഞ്ഞോടുക. 7. നിഷ്ക്കളങ്കരായ സ്ത്രീകളെക്കുറിച്ചുള്ള അപവാദം പരത്തുക.

***(ബുഖാരി)***




എൻ. അബ്ദുർറഹീം സാഹിബ്

# മുമ്പേ നടന്ന പ്രതിഭാശാലി

**എ.എം. മുഹമ്മദ് സലീം**

**എൻ**. അബ്ദുർറഹീം സാഹിബിനെ ഞാൻ ആദ്യമായി സമീപച്ചത് ഒരു പരിപാടിയിലേക്ക് അദ്ദേഹത്തെ ക്ഷണിക്കാനും തുടർന്ന് ഒരു ക്ഷമാപണം നടത്താനും വേണ്ടിയായിരുന്നു. ഏകദേശം ഇരുപത് വർഷങ്ങൾക്ക് മുമ്പ്, അന്ന് ഞാൻ സത്യദൂതൻ വായനക്കാരനായിരുന്നെങ്കിലും അഹ്മദി ആയിരുന്നില്ല. മിനാറത്ത് എഡിറ്റർ എം. ആലിക്കോയ സാഹിബ് മുഖേന അഹ്മദിയത്തിനെകുറിച്ച് മനസ്സിലാക്കിയിരുന്നു. ആ സമയത്ത് ഞങ്ങളുടെ നാട്ടിലെ ഒരു പ്രാദേശിക മുസ്‌ലിം യുവജന വിദ്യാർത്ഥി സംഘടനയുടെ പ്രസിഡണ്ടായിരുന്നു ഞാൻ. ഞങ്ങൾ ഒരു സിംമ്പോസിയം നടത്താൻ തീരുമാനിച്ചിരുന്നു. സംസാരമദ്ധ്യേ എം. ആലിക്കോയാസാഹിബിനോട് ഈ വിഷയം പരാമർശിച്ചപ്പോൾ അബ്ദുർറഹിം സാഹിബിന്റെ പ്രഭാഷണചാതുരിയെ പറ്റി പറഞ്ഞു. എങ്കിൽ അദ്ദേഹത്തെ ഒരു പ്രാസംഗികനായി വിളിക്കാമെന്ന് ഞാൻ തീരുമാനിച്ചു. അങ്ങിനെയാണ് കണ്ണൂരിൽ ചെന്ന് ആദ്യമായി അബ്ദുർറഹിം സാഹിബിനെ കാണുന്നത്. അദ്ദേഹമോ ജമാഅത്തിന്റെ മറ്റൊരു ഭാരവാഹിയായിരുന്ന ഇ. താഹിർ സാഹിബോ പരിപാടിയിൽ സംബന്ധിക്കാമെന്ന് സന്തോഷപൂർവ്വം ഞങ്ങൾക്ക് വാക്കുതന്നു. ആ സന്ദർഭത്തിലാണ് മട്ടന്നൂരിൽ വെച്ച്, അഹ്മദിയ്യാ സമ്മേളനം ആക്രമിക്കപ്പെട്ടതും അഹ്മദിയ്യാ ജമാഅത്തിന്റെ വക്താക്കളായി എൻ അബ്ദുർറഹിം സാഹിബിന്റേയും ഇ. താഹിർ സാഹിബിന്റേ പേർ പത്രങ്ങളിൽ പ്രത്യക്ഷപ്പെട്ടതും. അതോടെ ഞങ്ങളുടെ സിംബോസിയത്തിലെ പ്രാസംഗികരിലൊരാൾ ഖാദിയാണെന്ന വിവരം പരസ്യമായി. നാട്ടിലെ മുതിർന്ന പലരും ഞങ്ങളുടെ പരിപാടി അലങ്കോലപ്പെടുമെന്ന് ഭയപ്പെടുത്തുകയും ഭീഷണി മുഴക്കുകയും ചെയ്തു. കടുത്ത സമ്മർദ്ദത്തിൽ അകപ്പെട്ട ഞാൻ ഒരു സുഹൃത്തിനേയും കൂട്ടി ഞങ്ങളുടെ ക്ഷണം പിൻവലിക്കാൻ വളരെ മനഃപ്രയാസത്തോടെ കണ്ണൂരിൽ അബ്ദുർറഹിം സാഹിബിന്റെ മാതൃഭൂമി ഓഫീസിലെത്തി. ക്ഷണാപണത്തോടെ കാര്യം ധരിപ്പിച്ചു. 'സാരമില്ല' എന്നു പറഞ്ഞു ഞങ്ങളുടെ നേരെ അനുതാപംപ്രകടിപ്പിച്ചുകൊണ്ട് അദ്ദേഹം ഞങ്ങളെ സമാശ്വസിപ്പിക്കുകയാണ് ചെയ്തത്. പിന്നീട് അദ്ദേഹം ഞങ്ങളെ ഒരു ഹോട്ടലിലേക്ക് കൂട്ടികൊണ്ടുപോയി സ്നേഹപൂർവ്വം ഉപചരിക്കുകയുണ്ടായി. പ്രസംഗത്തിനുള്ള ക്ഷണം പിൻവലിച്ചതിൽ അശേഷം പരിഭവം അദ്ദേഹത്തിന്റെ മുഖത്ത് പ്രത്യക്ഷമായില്ല. ഞങ്ങളോട് അഹ്മദിയ്യത്തിനെ സംബന്ധിച്ചുള്ള സംസാരത്തിൽ അദ്ദേഹം ആവേശത്തോടെ മുഴുകുകയായിരുന്നു. സംസാരമധ്യേ കീശയിൽ നിന്നും വാഗ്ദത്ത മസീഹിന്റേതാണെന്ന് തോന്നുന്നു, ഒരു ഉറുദു ലിഖിതമെടുത്ത് അതിന്റെ പരിഭാഷയും ഞങ്ങളെ കേൾപ്പിച്ചു. അദ്ദേഹത്തിന്റെ ഭാവവും സംസാരവുമെല്ലാം ഞാൻ ശ്രദ്ധിച്ചുകൊണ്ടിരുന്നു. എന്റെ മനസ്സിൽ മാന്യനായ അദ്ദേഹത്തെക്കുറിച്ച് ആദരവാണ് തോന്നിയത്. തിരസ്കാരങ്ങളെ പുരസ്കാരങ്ങളായി കരുതന്ന, മുസ്‌ലിം സമുദായത്തിന്റെ ക്രൂരമായ പ്രാന്തവ



*എൻ. അബ്ദുർറഹിം സാഹിബ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ കണ്ണൂരിൽ വെച്ച് സ്വീകരിച്ച സംഘത്തിൽ. (ഇടത്തുനിന്ന് രണ്ടാമത്)*

ത്കരണത്തിന് വിധേയമായ ഒരു അത്ഭുത പ്രസ്ഥാനത്തിന്റെ പ്രതിഭാശാലിയായ നേതാവാണ് എന്റെ മുന്നിൽ നിൽക്കുന്ന ഈ മനുഷ്യനെന്ന് എനിക്ക് തോന്നി. അദ്ദേഹവുമായുണ്ടായ എന്റെ പ്രഥമസംഗമം അതായിരുന്നു.

അബ്ദുർറഹിം സാഹിബിന്റെ തൃകൈ സ്പർശമേൽക്കാത്ത ലിഖിത സാഹിത്യം വായിക്കാതെ ഒരു മലയാളിക്കും അഹ്മദിയ്യത്തിലേക്ക് കടന്നുവരാൻ സാധ്യമല്ല. അത്രയും വിപുലവും നിർണ്ണായകവുമാണ് അദ്ദേഹം അഹ് മദിയ്യത്തിന് വേണ്ടി ചെയ്ത സാഹിത്യസേവനം. 40 വർഷം അഹ്മദിയ്യാ ജമാഅത്തിന്റെ മുഖപത്രമായ സത്യദൂതന്റെ എഡിറ്ററായി അദ്ദേഹം സേവനമനുഷ്ഠിക്കുകയും 60-ഓളം പുസ്തകങ്ങൾ അദ്ദേഹം രചിക്കുകയും പരിഭാഷ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്.

സാഹിത്യമുദ്രിതമായ ഒരു ജനിതക പാരമ്പര്യം അദ്ദേഹം ആവഹിച്ചിരുന്നു. പ്രഗത്ഭ പണ്ഡിതനായ എൻ. ഹാമിദ് സാഹിബ് അദ്ദേഹത്തിന്റെ മാതുലനും സാഹിത്യപ്രണയിയും കേരളത്തിലെ ആദ്യത്തെ അഹ്മദിയുമായ ഇ. അബ്ദുൾഖാദിർ കുട്ടി സാഹിബ് അദ്ദേഹത്തിന്റെ മാതാമഹനുമായിരുന്നു. അഭിജാതമായ ഒരു സാഹിത്യത്തറവാട്ടിന്റെ വംശവൃക്ഷം. എൻ. അബ്ദുർറഹിം സാഹിബിൽ സാഫല്യം കണ്ടു. ജന്മജാതമായി അദ്ദേഹത്തിന് ലഭിച്ച ജ്ഞാനപാരമ്പര്യം യശ്ശഃശ്ശരീരനും അതുല്യപ്രതിഭാവാനുമായ കേരളക്കരയിലെ അഹ്മദിയത്തിന്റെ മഹാഗുരു ഹദ്റത്ത് മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എ.യുടെ അനുഗ്രഹീത ശിക്ഷണത്തിലും സാന്നിദ്ധ്യത്തിലും വളർന്നു വികസിച്ചു.

അബ്ദുർറഹിം സാഹിബിന്റെ സർഗ്ഗപ്രതിഭയിൽ ആകൃഷ്ടരായി അടുത്തും അകലെയുമായി ജ്ഞാതരും അജ്ഞാതരുമായ അനേകം ശിഷ്യരും ആരാധകരും അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹം മരിക്കുന്നതിന് മൂന്നോ നാലോ ദിവസങ്ങൾക്ക് മുമ്പ് യൂത്ത് ലീഗ് മുഖപത്രത്തിന്റെ എഡിറ്ററും ഗ്രന്ഥകാരനും റിട്ട. രജിസ്ട്രാറും എന്റെ സുഹൃത്തുമായ എം. സി. ഇബ്രാഹിം സാഹിബ് വടകരയെ കണ്ടുമുട്ടിയപ്പോൾ അബ്ദുർറഹിം സാഹിബിന്റെ അപദാനങ്ങൾ വിവരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞത് ഞാനോർക്കുന്നു. 'തന്റെ യും ഇ. അഹ്മദ് സാഹിബിന്റെ ഗുരുവാണ് അബ്ദുർറഹിം സാഹിബ്' എന്നായിരുന്നു അദ്ദേഹം പറഞ്ഞത്. ചന്ദ്രികാ പത്രാധിപരായിരുന്ന റഹിം മേച്ചേരി സാഹിബ്, വി.സി. അബൂബക്കർ സാഹിബ്, മുസ്‌ലിം ചരിത്രകാരനായ കെ.കെ. മുഹമ്മദ് അബ്ദുർ കരിം സാഹിബ് ഇവരെല്ലാം അബ്ദുർറഹിം സാഹിബിനെ അത്യധികം ബഹുമാനത്തോടെ നോക്കികണ്ടവരായിരുന്നു. അദൃശ്യനായി നിന്ന് ദ്രോണാചാര്യരെ ഗുരുവായി സ്വീകരിച്ച ഏകലവ്യനെപോലെ അബ്ദുർറഹിം സാഹിബിന്റെ ജ്ഞാനപ്രസരണമേറ്റ അനേകം മുസ്‌ലിം ശിഷ്യന്മാർ തന്നെ അദ്ദേഹത്തിനുണ്ടായിരുന്നു. സമൂഹത്തിന്റെ തിരസ്കാരങ്ങളുടെ തിരസ്കരണികൾക്ക് പിന്നിലിരുന്ന് ഉൽബുദ്ധരും മനുഷ്യസ്നേഹികളുമായ അവർ അബ്ദുർ റഹിം സാഹിബിനെ ഗുരുതുല്യം ആദരിച്ചു. ഇവിടെ ഒരു വ്യത്യാസം മാത്രം പുരാണത്തിൽ ശിഷ്യനായ ഏകലവ്യനായിരുന്നു അസ്പൃശ്യൻ. ഇവിടെ ഗുരുസ്ഥാനീയനായ അബ്ദുർറഹിം സാഹിബായിരുന്നു ശിഷ്യന്മാർക്ക് അസ്പൃശ്യൻ. സോക്രട്ടീസിനെപോലെ മുഖ്യധാരക്കെതിരായി പോരുനയിച്ച അദ്ദേഹത്തിന് ഒരു വിദൂര നമസ്കാരം പറയാൻ പോലും അവരിൽ പലരും ഭയപ്പെട്ടു. ക്രിസ്തുവിന്റെ രഹസ്യശിഷ്യന്മാരെപോലെ അബ്ദുർറഹിം സാഹിബിന്റെ സഹൃദരായ മുസ്‌ലിം അനുവാചകരെല്ലാം അദ്ദേഹത്തെ മനസ്സാ ആദരിച്ചു.

മുസ്‌ലിം കേരളം അറബി അക്ഷരങ്ങളുപയോഗിച്ച് മാപ്പിള മലയാളത്തിൽ ദീനി വിജ്ഞാനങ്ങൾ വിനിമയം ചെയ്തിരുന്ന ഒരു കാലഘട്ടത്തിലാണ് അബ്ദുർറഹിം സാഹിബ് സത്യദൂതനിലൂടെ ഇസ്‌ലാമിക സാഹിത്യരംഗത്തേക്ക് കടന്നുവരുന്നത്. വരേണ്യമായ മലയാളസാഹിത്യഭാഷയിൽ ഇസ്‌ലാമിക വിജ്ഞാനം വ്യവഹരിക്കാൻ മുസ്‌ലിംകൾ മടിച്ചുനിന്ന കാലമായിരുന്നു അത്. അക്കാലത്ത് ഇന്നത്തെപോലെ മലയാളത്തിൽ ഇസ്‌ലാമിക പ്രസിദ്ധീകരണങ്ങളുടെ പ്രളയം സംഭവിച്ചിട്ടുണ്ടായിരുന്നില്ല. സത്യദൂതൻ അതിന്റെ അഗ്രഗാമിത്വം കൊണ്ടു പ്രത്യുൽപന്നമതിത്വംകൊണ്ടും ഏറെ ശ്രദ്ധിക്കപ്പെടുകയും മുസ്‌ലിം വായനക്കാർക്കിടയിൽ വളരെ സ്വാധീനം ചെലുത്തുകയും ചെയ്തിരുന്നു, ദീനി വിജ്ഞാനത്തോടൊപ്പം സർഗ്ഗാത്മക സാഹിത്യവും വൈജ്ഞാനിക സാഹിത്യത്തിലും ഉപസ്ഥിതി കൈവന്ന അബ്ദുർറഹിം സാഹിബ് സത്യദൂതനിലൂടെ പ്രസിദ്ധീകരിച്ച ലേഖനങ്ങളിലെ ഭാഷ ഗഹനമായ മുസ്‌ലിം ദൈവശാസ്ത്രവും അനുബന്ധ മതവിജ്ഞാനീയങ്ങളും ഉത്തമരീതിയിൽ വ്യവഹരിക്കാൻ യോഗ്യമായിരുന്നു എന്ന് തെളിയിച്ചുകാട്ടി. അദ്ദേഹത്തിന്റെ മാതുലനായ എൻ. ഹാമിദ് സാഹിബ് വിവർത്തനം ചെയ്ത 'ഇസ്‌ലാം മതതത്ത്വജ്ഞാനത്തിലെ' ഭാഷാപാരമ്പര്യം അബ്ദുർറഹിം സാഹിബിലും പ്രകടമാണ്. പിൻകാലത്ത് മലയാളത്തിലെ ഇസ്‌ലാമിക സാഹിത്യഭാഷയുടെ വികാസത്തിന് അബ്ദുർറഹിം സാഹിബിന്റെ സംഭാവന നിഷ്പക്ഷമതികളായ സാഹിത്യഭാഷാഗവേഷകർ തിരിച്ചറിയേണ്ടതാണ്.

വലിയൊരു ശത്രുസമൂഹത്താൽ വലയിതമാണ് അഹ് മദിയ്യാ ജമാഅത്ത്. ഇന്നും ആ അവസ്ഥ തുടരുന്നു. ഈ വിപരീത പരിതസ്ഥിതിയിൽ അനുശീലനം ചെയ്യപ്പെട്ട രണോത്സുകമായ ഒരു ശൈലിയായിരുന്നു അദ്ദേഹത്തിന്റെ എഴുത്തുകളിൽ മിക്കതും. ഇസ്‌ലാമിന്റെ ആദ്യനാളുകളിൽ ഖഡ്ഗപാണികളായ ധീരപോരാളികൾ നിർബന്ധിതരായി നിർവ്വഹിച്ച രുധിരസിക്തമായ ധർമ്മസമരങ്ങളെ പോലെ തൂലിക പടവാളാക്കി ആശ

അഅ്‌ലാ മൗദൂദിയുടെ ഗ്രന്ഥങ്ങളിൽ നിന്നു തന്നെ ഉദ്ധരണികൾ എടുത്തുകൊണ്ട് ജമാഅത്തെ ഇസ് ലാമിയുടെ ഫാസിസ്റ്റ് മുഖം അദ്ദേഹം അനാവരണം ചെയ്തു. അവരെ 'ഫാസിസ്റ്റുകൾ' എന്ന് വിശേഷിപ്പി ക്കുന്നതിന് പ്രത്യേക കാരണം വല്ല തുമുണ്ടോ എന്ന് ഞാനൊരിക്കൽ അദ്ദേഹത്തോടു ചോദിച്ചപ്പോൾ അവരെ പറ്റി കൂടുതൽ പഠിച്ചാൽ അത് ബോദ്ധ്യമാകുമെന്നാണ് അദ്ദേഹം എന്നോടു പറഞ്ഞത്. അദ്ദേഹം ഉപയോഗിച്ച വാക്കുകളുടെ അർത്ഥപുഷ്ടി എനിക്ക് പിന്നീട് ബോധ്യമായി.

അബ്ദുർറഹിം സാഹിബിന്റെ കുറിപ്പുകൾ വായിച്ചവർക്കറിയാം പല പ്പോഴും പ്രവചനാത്മകമായി പല കാര്യങ്ങളും അദ്ദേഹം പറഞ്ഞിട്ടുണ്ട്. അഗാധമായ ആത്മീയ അന്തർദൃഷ്ടി യുള്ള അഹ്മദീയ ഖലീഫമാരുടെ വാക്കുകൾ അദ്ദേഹം ശ്രദ്ധയോടെ അനുധാവനം ചെയ്തതാണ് ഇതിന് കാരണം. മാത്രമല്ല സമൂഹത്തെ അദൃ ശ്യമായി ഭരിക്കുന്ന ദൈവികനിയ തിയെ സംബന്ധിച്ച അടിയുറച്ച അവ ബോധം അദ്ദേഹത്തിനുണ്ടായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രാ നുഭവങ്ങൾ ഹൃദിസ്ഥമാക്കിയ അബ്ദുർറഹിം സാഹിബിന് അഹ് മദിയത്തിന്റെ നാശത്തിന്നുവേണ്ടി യത്നിച്ചവരുടെ വിധി എളുപ്പത്തിൽ വായിച്ചെടുക്കാൻ കഴിഞ്ഞു. ഭൂട്ടോ, സിയാഉൽഹഖ്, ഫൈസൽ രാജാവ് എന്നീ അഹ്മദികളുടെ കടുത്ത പ്രതി യോഗികളുടെ ഗതിപരിണാമങ്ങളുടെ വിധിരേഖ ഒരു ക്രാന്തദർശിയെ പോലെ അദ്ദേഹം സത്യദൂതനിൽ മുമ്പേകുറിച്ചിട്ടത് വായനക്കാരനെ അത്ഭുതപ്പെടുത്തുന്നതാണ്.

അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സവിശേഷ വീക്ഷണത്തോടുകൂടിയ 'ക്രിസ്തുവിജ്ഞാനീയം' അഥവാ 'ക്രിസ്റ്റോളജി' മുഖ്യധാരാവീക്ഷണ ങ്ങൾക്കും ഔദ്യോഗികഭാഷ്യങ്ങൾ ക്കും വിരുദ്ധമാണ്. വിവർത്തനത്തി ലൂടേയും സ്വന്തം നിലക്കും ഈ യരംഗത്ത് അദ്ദേഹം പലതും പൊരു തി. അദ്ദേഹത്തിന് സ്വതന്ത്രമായി എഴുതാനുള്ളതിനേക്കാൾ അദ്ദേഹം. എഴുതപ്പെടാൻ നിർബന്ധിതനാകുക യായിരുന്നു. അതികായന്മാർ അണി നിരന്ന അഹ്മദിയത്തിന്റെ ശത്രുക്ക ളുടെ ഖണ്ഡനങ്ങൾക്കും വിമർശന ങ്ങൾക്കും പരിഹാസങ്ങൾക്കുമെ തിരെ കൃതഹസ്തനായ അബ്ദുർ റഹിം സാഹിബ് തൂലിക ചലിപ്പിച്ച പ്പോൾ ഗോലിയാത്തിനെ വെന്ന ദാവീ ദിനെപോലെ അദ്ദേഹം ജയശാലിയാ യി. ആവേശകരമായിരുന്നു അദ്ദേഹ ത്തിന്റെ തൂലികായുദ്ധങ്ങൾ.

എൻ. അബ്ദുർറഹിം സാഹിബ് ഒരു മതപാഠശാലയുടേയും സന്താന മായിരുന്നില്ല അതുകൊണ്ട് സാമ്പ്രദാ യികരീതിയിലുള്ള മതവിജ്ഞാനങ്ങ ളുടെ ഔപചാരികതയിൽ അദ്ദേഹം ബന്ധിതനായിരുന്നില്ല. അഹ്മദിയ ത്തിന്റെ ഉൾക്കാമ്പ് ഉപദർശിച്ച അദ്ദേ ഹം മധുമക്ഷികയെപോലെ വിശ്വവി പുലമായ വിജ്ഞാനമേഖലയിലെ കാടുംമേടും നിമ്നോന്നതങ്ങളിലും സൈ്വരവിഹാരം നടത്തി വിജ്ഞാന മധു ശേഖരിച്ചു. ആ വിപുലവും വൈ വിധ്യമാർന്നതുമായ വിജ്ഞാനപരി പ്രേക്ഷ്യത്തിലായിരുന്നു അദ്ദേഹം അഹ്മദിയ്യാ സാഹിത്യം എഴുതിയത്. വിവിധരംഗത്തുള്ള പണ്ഡിതന്മാരു മായി അഹ്മദിയ്യാ ഭൂമികയിൽ നിന്നു കൊണ്ട് സംവദിക്കാൻ അദ്ദേഹത്തി ന്റെ ബഹുമുഖമായ ഈ അറിവു കൊണ്ട് സാധ്യമായി.

യുക്തിവാദി നേതാവായ യു. കലാനാഥൻ ഇസ്‌ലാമിനെതിരെ ഉന്ന യിച്ച 12 ആക്ഷേപങ്ങൾക്ക് അബ്ദുർ റഹിം സാഹിബ് നൽകിയ മറുപടി 'ഇസ്‌ലാം ബുദ്ധിജീവികളുടെ മതം' എന്ന പേരിൽ പുസ്തകമായി പ്രസി ദ്ധീകരിച്ചിട്ടുണ്ട്. മതത്തിനെതിരെ യുക്തിവാദികളുടെ ഭാഗത്ത് നിന്നു ണ്ടാകുന്ന വിമർശനങ്ങൾക്ക് എങ്ങി നെ മറുപടി പറയണം എന്നതിന്റെ ഒരു മാർഗ്ഗരേഖയും പാഠപുസ്തകവു മാണ് പ്രസ്തുത കൃതി. പണ്ഡിറ്റ് ജവഹർലാൽ നെഹറുവിന്റെ രാഷ് ട്രീയ ചിന്തകളുടേയും അദ്ദേഹത്തി ന്റെ ഹ്യൂമനിസ്റ്റ് നിലപാടുകളുടേയും ഒരു പ്രണേതാവായിരുന്ന അബ്ദുർ റഹിം സാഹിബ്. നെഹ്റു ഒരു നാസ് തികൻ (Atheist) ആണെന്ന് കേരള ത്തിലെ യുക്തിവാദികളുടെ ആചാര്യ നായ എം.സി. ജോസഫ് എഴുതിയ പ്പോൾ അതിനെ ഖണ്ഡിച്ചുകൊണ്ട് നെഹ്റു ഒരു ആജ്ഞേയവാദി (Agnostic) ആണെന്നും അവസാനകാ ലത്ത് നെഹ്റുവിൽ ദൈവാസ്തിക്യ ചിന്തകൾ പ്രകടമാണെന്നും വാദിച്ചു കൊണ്ട് അദ്ദേഹം യുക്തിവാദി നേതാ വുമായി കൊമ്പുകോർത്തു. 'എല്ലൊ ടിഞ്ഞ യുക്തിവാദം' എന്ന പേരിൽ അത് പുസ്തകമായി പ്രസിദ്ധീകരിച്ചി ട്ടുണ്ട്. എം.സി. ജോസഫുമായ ഈ വിവാദപോരിന്റെ ഉദ്ദേശം നെഹ്റു വിന്റെ മതവിശ്വാസം സ്ഥാപിക്കുക മാത്രമായിരുന്നില്ല. യുക്തിവാദത്തി ന്റെ നിരർത്ഥകത തുറന്നുകാട്ടലായി രുന്നു പുസ്തകത്തിന്റെ മുഖ്യലക്ഷ്യം എന്ന് അദ്ദേഹം പുസ്തകത്തിലും വെളിപ്പെടുത്തിയിരുന്നു.

മുസ്‌ലിം ലോകത്തെ ഏറ്റവും വലിയ വിപത്തായ ഇസ് ലാമിക് ഫണ്ടമെന്റലിസത്തോടു അഥവാ മത രാഷ്ട്ര മൗലികവാദത്തോടു സന്ധി യില്ലാസമരം പ്രഖ്യാപിച്ച ഒരാളായി രുന്നു എൻ. അബ്ദുർറഹിം സാഹി ബ്. ഇസ്‌ലാമിലെ ഇതിന്റെ മൂർത്ത രൂപം ജമാഅത്തെ ഇസ്‌ലാമിയാണ്. ആധുനികരാഷ്ട്രീയത്തിലെ സാങ്കേ തിക പദാവലികൾ ചേർത്ത് കപടരീ തിയിൽ ഇസ്‌ലാമിനെ രാഷ്ട്രീയവ ത്കരിച്ച് അവതരിപ്പിക്കുന്ന ജമാ അത്തെ ഇസ്‌ലാമിയെ പ്രതിരോധി ക്കാൻ കഴിയാതെ മധ്യവർത്തികളായ മുസ്‌ലിം സംഘടനകൾ കുഴങ്ങിനിന്ന കാലത്ത് എൻ. അബ്ദുർറഹിം സാഹിബാണ് വളരെ വസ്തുനിഷ്ട മായി ജമാഅത്തെ ഇസ്‌ലാമി ഫാസി സ്റ്റു മാർക്സിസ്റ്റ് ശൈലിയിലുള്ള ഒരു കപട മതരാഷ്ട്രീയ പ്രസ്ഥാനമാ ണെന്ന് തുറന്നുകാട്ടിയത്. മതരാഷ്ട്ര മൗലികവാദത്തിന്റെ ഉപജ്ഞാതവും വക്താവുമായ മൗലാന അബുൽ

പ്രത്യേക വൈജ്ഞാനിക ശാഖയെ അദ്ദേഹം മലയാളത്തിൽ പരിപോഷി പ്പിച്ചിട്ടുണ്ട്. വാഗ്ദത്ത മസീഹിന്റെ 'യേശുമിശിഹാ ഇന്ത്യയിൽ', മൗലാ നാ ജെ.ഡി. ശംസിന്റെ യേശുക്രി സ്തു കാശ്മീരിൽ, ക്രിസ്തു കുരി ശിൽ മരിച്ചിട്ടില്ല. സർ മുഹമ്മദ് സഫ റുല്ലാഹ്ഖാന്റെ യേശു ശ്രീനഗറിൽ, സൂഫി എം.ആർ. ബംഗാളിയുടെ 'യേശുവിന്റെ കല്ലറ' മുതലായ പു സ്തകങ്ങൾ അദ്ദേഹം മലയാളത്തിൽ വിവർത്തനം ചെയ്ത കൃതികളാണ്. കൂടാതെ യേശുവിന്റെ കുരിശ് മോച നം, ചാവുകടൽ ചുരുളുകൾ, ടൂറി നിലെ തിരുശ്ശീല മുതലായ വിഷയ ങ്ങളെ പറ്റി നിരവധി ലേഖനങ്ങളും വിവർത്തന ലേഖനങ്ങളും എഴുതി കൊണ്ട് മലയാളത്തിലെ അഹ്മദിയ്യാ ക്രിസ്തുവിജ്ഞാനീയത്തെ അദ്ദേഹം പരിപോഷിപ്പിച്ചിട്ടുണ്ട്.

ഖലീഫത്തുൽ മസീഹ് രണ്ടാ മന്റെ 'തിരുനബി ചരിത്രം' വളരെ ഹൃദ്യമധുരമായ ഭാഷയിലാണ് അദ്ദേ ഹം വിവർത്തം ചെയ്തത്. മനുഷ്യാ ത്മാവിനെ ചലനം കൊള്ളിക്കുന്ന താണ് ആ കൃതി. മലയാളത്തിൽ ഏറ്റവും കൂടുതൽ പതിപ്പുകളിറങ്ങിയ അദ്ദേഹത്തിന്റെ വിവർത്തനകൃതി അതായിരിക്കുമെന്ന് തോന്നുന്നു. ഖലീഫത്തുൽ മസീഹ് രണ്ടാമന്റെ തന്നെ 'അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാം' എന്ന പുസ്ത കവും സർ മുഹമ്മദ് സഫറുല്ലാഹ് ഖാന്റെ ഇസ്‌ലാമും മനുഷ്യാവകാ ശവും എന്ന കൃതിയും മലയാളത്തി ലെ ഇസ്‌ലാമിക സാഹിത്യത്തിന് ഒരു മുതൽകൂട്ടാണ്. അദ്ദേഹം സ്വന്തമെഴു തിയ മഹിഷ്ഠകൃതി വാഗ്ദത്ത മസീ ഹിന്റെ ജീവചരിത്രഗ്രന്ഥമായ 'ഹദ്റ ത്ത് അഹ്മദ് (അ)' എന്ന 1076 പേജു കളുള്ള ബൃഹദ് ഗ്രന്ഥമാണ്. വളരെ യേറെ വസ്തുതാപരമായ വിവരണ ങ്ങളുള്ള ആ കൃതി വാഗ്ദത്ത മസീ ഹിന്റെ ആശയ സമരങ്ങളുടേയും ജീവചരിത്രത്തിന്റെയും സാമാന്യം വിശദവിവരണം നൽകുന്നു.

ഇസ്‌ലാമിന്റെ പുനരുജ്ജീവന ത്തിനും റസൂൽ തിരുമേനി(സ)യുടെ സത്യം ലോകത്ത് സ്ഥാപിക്കുന്ന തിനും വേണ്ടി അല്ലാഹു അയച്ച വാഗ്ദത്ത മസീഹിന്റെ ജമാഅത്തിന് മുസ്‌ലിം ലോകം സമ്മാനിച്ചത് വിമർ ശനവും, എതിർപ്പും, ബഹിഷ്കരണ വുമായിരുന്നു. കുഞ്ഞുനാളിലെ അഹ് മദിയ്യാ ജമാഅത്തിന്റെ ഈ പീഡിതാ വസ്ഥ അനുഭവിച്ചറിഞ്ഞ ആ പ്രതി ഭാശാലി തന്റെ ആത്മാവിനോട് ചെ യ്ത നിശ്ചയങ്ങളിലൊ ന്നായിരിക്കാം അദ്ദേഹത്തിന്റെ പിൽക്കാല കർമ്മജീ വിതം. തൂലികയേന്തിയ സമരയോദ്ധാ വിനെപോലെ അദ്ദേഹം പൊരുതി. ജീവിതത്തിന്റെ ഭൗതികമോഹങ്ങ ളൊന്നും തന്നെ തളിർക്കാത്ത ഉഷ്ണ ഭൂമിയിൽ അദ്ദേഹം അല്ലാഹുവിന് വേ ണ്ടി, ഇസ്‌ലാമിനു വേണ്ടി, അഹ്മദി യ്യത്തിനുവേണ്ടി പൊരുതി. മനവും തനുവും മറന്ന് പോരാടി. അഹ്മദി യ്യത്ത് അദ്ദേഹത്തിന് ഒരു ലഹരിയാ യിരുന്നു. ലോകഭോഗങ്ങളിൽ ദൃഷ്ടി പതിപ്പിക്കാത്ത സൂഫികളുടെ പരിവ്രാ ജക ജീവിതത്തിൽ മാത്രം വന്നണ യുന്ന നിസ്വത ഫലത്തിൽ അദ്ദേഹം അനുഭവിച്ചിരുന്നു. സോപാനങ്ങളി ലേക്ക് കയറിപ്പോവാനുള്ള വഴിത്തി രിവുകൾ യോഗ്യനായ അദ്ദേഹത്തി ന്റെ ജീവിതത്തിലുണ്ടായിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ സഹജാവ ബോധവും സമർപ്പണവും സാഹച ര്യങ്ങളുടെ സമ്മർദ്ദവും സർവ്വോപരി ദൈവവിധിയും ഈ പാതയിലൂടെ യാണ് അദ്ദേഹത്തെ വഴി നടത്തിയ ത്. അബ്ദുർറഹിം സാഹിബ് നമ്മുടെ കാലത്ത് ജീവിച്ച ജ്ഞാനോപാസ കനും അഹ്മദിയ്യത്തിന്റെ ഉജ്ജ്വല നായ സമരഭടനുമായിരുന്നു.

രോഗശയ്യയിൽ അവസാനമായി ഞാനദ്ദേഹത്തെ സന്ദർശിക്കാൻ പോ യിരുന്നു. പ്രതീക്ഷിച്ചതിലും ഏറെ രോഗാതുരനും അവശനുമായിരുന്നു അദ്ദേഹം. ഞാൻ ഈയ്യിടെ വിവർ ത്തനം ചെയ്ത ഒരു പുസ്തകം അദ്ദേ ഹത്തിന് നൽകി. അവ്യക്തവും പതു ങ്ങിയതുമായ ശബ്ദത്തിൽ പുസ്ത കത്തെ കുറിച്ചും പ്രസിദ്ധീകരണ ത്തെക്കുറിച്ചുമായിരുന്നു അദ്ദേഹം പറഞ്ഞുകൊണ്ടിരുന്നത്. മരണശയ്യ യിൽ തന്നെ സന്ദർശിക്കാൻ വന്ന ഒരാളോട് ഇസ്‌ലാമിലെ ദായക്ര മത്തെ പറ്റിയുള്ള ഒരു നിയമപ്രശ്നം പഠിച്ചു മനസ്സിലാക്കാൻ ശ്രമിച്ച അൽ ബിറൂണിയെയാണ് എനിക്ക് ഓർമ്മ വന്നത്. മരണാസന്നനായ അദ്ദേഹ ത്തോടു ദൈവസ്തോത്രം ചൊല്ലു വാൻ തഥാഗതൻ ആവശ്യപ്പെട്ടു. അപ്പോൾ 'അറിവുള്ളവൻ അറിവില്ലാ ത്തവന് തുല്യനാണോ' എന്ന ഖുർ ആൻ വചനം ഉരുവിട്ടുകൊണ്ട് അൽ ബിറൂണി പറഞ്ഞു; 'അല്ലാഹുവിന്റെ യടുക്കൽ അറിവുള്ളവനായി പോകാ നാണ് ഞാനിഷ്ടപ്പെടുന്നത്.' അഹ് മദിയ്യാ സാഹിത്യപ്രചരണമായിരുന്നു അബ്ദുർറഹിം സാഹിബിന്റെ ആധി കളിൽ പ്രമുഖമായിട്ടുള്ളത്. മരണശ യ്യയിലും അദ്ദേഹത്തിന്റെ ഉദാത്ത മായ സഹജാവബോധത്തിന്റെ ആകു ലതയും അതായിരുന്നു.

വാഗ്ദത്ത മസീഹിന്റെ വിളികേട്ട് അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചു കൊണ്ട് മനുഷ്യന്റെ ആത്മീയവിമോ ചനസമരരംഗത്തായിരുന്ന അദ്ദേഹം നിലയുറപ്പിച്ചത്. ഒരു മനുഷ്യനെ സന്മാർഗ്ഗത്തിലാക്കിയാൽ അയാൾക്ക് ഒരു പ്രപഞ്ചം സമ്മാനിക്കപ്പെടുമെന്ന് റസൂൽ തിരുമേനി(സ) അരുളിയിട്ടു ണ്ട്. ക്ഷണികമായ മനുഷ്യജീവിത ത്തിന്റെ ബാക്കിപത്രത്തെ ധന്യമാക്കു ന്നതാണ് അല്ലാഹുവിന്റെ ഈ വാ ഗ്ദാനം. അബ്ദുർറഹിം സാഹിബി ന്റെ ജ്ഞാന നിക്ഷേപങ്ങളിൽ നിന്ന് സത്യാന്വേഷകർ ഫലമെടുക്കുകയും അങ്ങിനെ അല്ലാഹു വാഗ്ദാനം ചെ യ്ത ആത്മീയ സൗഭാഗ്യങ്ങളുടെ ആ യിരമായിരം പ്രപഞ്ചങ്ങൾ നമ്മെ വിട്ടു പിരിഞ്ഞ അഹ്മദിയത്തിന്റെ പ്രിയം ങ്കരനായ ആ എഴുത്തുകാരന് സമ്മാ നിക്കപ്പെടുകയും ചെയ്യുമാറാകട്ടെ. ജന്നത്തും മഅ്ഫിറത്തും നൽകി കാരുണ്യവാനായ അല്ലാഹു അദ്ദേ ഹത്തെ അനുഗ്രഹിക്കുമാറാകട്ടെ. (ആമീൻ)


m

# ലജ്നാ ഇമാഇല്ലാഹ് സംസ്ഥാന സമ്മേളനം വമ്പിച്ച വിജയമാക്കുക

ജൂലായ് 22, 23 ശനി, ഞായർ തിയ്യതികളിൽ കോഴിക്കോട് വെച്ച് അതിവിപുലമായ പരിപാടികളോടെ നടക്കുന്ന ലജ്നാ ഇമാഇല്ലാഹ് സംസ്ഥാന സമ്മേളനം പൂർണ്ണ വിജയമാക്കാൻ എല്ലാ ലജ്നാ അംഗങ്ങളും തീവ്രമായി യത്നിക്കണമെന്ന് പ്രസിഡണ്ട് അമത്തുൽ ഹഫീസ് സാഹിബ ആഹ്വാനം ചെയ്തു. സ മ്മേളനം ലജ്നാ ഇമായില്ലാഹ് ഭാരത്, സദർ ബുശ്റ പാശ സാഹിബ നിർവ്വഹിക്കും.

സമ്മേളനം 22-7-2006ന് രാവിലെ 8 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിക്കും. 9.30 മുതൽ 10.30 വരെ നടക്കുന്ന ഉദ്ഘാടന സമ്മേളനത്തിൽ കേരള സദർ അമത്തുൽ ഹഫീസ് സാഹിബ അദ്ധ്യക്ഷത വഹിക്കും. മേഖലാ സെക്രട്ടറി സിദ്ദീഖ് സാഹിബ സ്വാഗതപ്രഭാഷണം നടത്തും. എ.പി. കുഞ്ഞാമു സാഹിബും (മേഖല അമീർ, കോഴിക്കോട്) മൗലാനാ മുഹമ്മദ് ഉമർ സാഹിബും (ചീഫ് മിഷനറി, കേരള) തർബ്ബിയത്ത് പ്രസംഗം നിർവ്വഹിക്കുകയും റസിയാബി സാഹിബ നന്ദി രേഖപ്പെടുകയും ചെയ്യും. ഉച്ചക്ക് ശേഷം മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബിന്റെ പ്രസംഗമുണ്ടായിരിക്കും. ശനിയാഴ്ച വൈകുന്നേരം അമത്തുൽ ഹഫീസ് സാഹിബയുടെ അദ്ധ്യക്ഷതയിൽ ടൗൺ ഹാളിൽ ചേരുന്ന പൊതു സമ്മേളനം ലജ്ന ഇമായില്ലാഹ് ഭാരത് സദർ ബുശ്റ പാശ നിർവ്വഹിക്കും. ഖലീഫത്തുൽ മസീഹിന്റെ സന്ദേശം ഡോ. മുബാറക്കാ ബീവി വായിക്കും. തുടർന്ന് സാജിദ മുസ്സഫർ (കോഴിക്കോട്) അനീസ കരിം, (കരുനാഗപ്പള്ളി), ജുബൈരിയ ഗൗഹർ (കണ്ണൂർ) എന്നിവർ പ്രസംഗിക്കും. പിന്നീട് കോഴിക്കോട് ബൈത്തുൽ ഖുദ്ദൂസിൽ വെച്ച് നസീമ അലനെല്ലൂരിന്റെ തർബിയ്യത്ത് ക്ലാസും, ക്വിസ് (ലജ്ന) പ്രബന്ധം, ഡ്രോയിംഗ്, എംബ്രോയ്ഡറി അക്ഷരശ്ലോകം എന്നീ മത്സരങ്ങളും ഉണ്ടാവും. 10.30ന് മജ്ലിസെ ശുറാ. ജൂലൈ 23 ഞായർ സുബ്ഹി നിസ്കാരാനന്തരം മൗലവി സഫർ അഹ്മദ് സാഹിബിന്റെ ക്ലാസ് ഉണ്ടായിരിക്കും. തുടർന്ന് ക്വിസ് (നാസിറത്ത് സീനിയർ) ഫിൽബദീഹ് പ്രസംഗമത്സരവും ഉണ്ടായിരിക്കും. അതിനുശേഷം മൗലവി ഗുലാം ഇസ്മായിൽ സാഹിബ്, ആയിശ കോഴിക്കോട് എന്നിവർ പ്രസംഗിക്കും. ഉച്ചക്ക് ശേഷം താഹിറ സാഹിബ (പഴയങ്ങാടി)യുടെ അദ്ധ്യക്ഷതയിൽ നടക്കുന്ന സമാപന സമ്മേളനത്തിൽ മൗലവി മുഹമ്മദ് ഉമർ സാഹിബ് ഉദ്ബോധന പ്രസംഗം നിർവ്വഹിക്കും. സമാപന സമ്മേളന പരിപാടികൾ അവലോകനം ചെയ്ത് ജസീന പത്തപിരിയം സംസാരിക്കും. അമത്തുൽ ഹഫീസ് സാഹിബ സമ്മാനദാനം നിർവ്വഹിക്കും. ៣

## പ്രൊഫ. ബി. മഹ്മൂദ് അഹ്മദ്: പ്രസിദ്ധീകരണക്കമ്മറ്റി പ്രസിഡണ്ട്



കേരളത്തിലെ പുസ്തക പ്രസിദ്ധീകരണ കമ്മിറ്റിയുടെ പ്രസിഡണ്ട് (സദർ) ആയി പ്രൊഫ. ബി. മഹ്മൂദ് അഹ്മദ് സാഹിബിനെ നാസിർ സാഹിബ് നശ്റോ ഇശാഅത്ത് നിയോഗിച്ചിരിക്കുന്നു. ജമാഅത്തിന്റെ പുസ്തക പ്രസിദ്ധീകരണ സംബന്ധമായ എല്ലാ ചുമതലകളും ഇനി മുതൽ അദ്ദേഹത്തിനായിരിക്കും.

കേരള ഗവൺമെന്റിന്റെ ഫോക്‌ലോർ അക്കാദമി ചെയർമാനും കോഴിക്കോട്, കണ്ണൂർ സർവ്വകലാശാലകളിലെ മലയാളം ഫാക്കൽട്ടി അംഗവുമാണ് പ്രൊഫ. മഹ്മൂദ് അഹ്മദ് സാഹിബ്. പ്രഗത്ഭനായ പ്രഭാഷകനും കേരളത്തിലെ സാംസ്കാരിക മണ്ഡലത്തിൽ അറിയപ്പെടുന്ന മുൻനിര പ്രവർത്തകനുമാണ്. മുഖ്യധാരാ ആനുകാലികങ്ങളിൽ എഴുതാറുള്ള പ്രൊഫസർ മഹ്മൂദ് അഹ്മദ് ഗ്രന്ഥകാരനും കണ്ണൂരിൽ നിന്നും പുറപ്പെടുന്ന സമയം മാസികയുടെ എഡിറ്ററുമായി പ്രവർത്തിക്കുന്നു. 1990-2000 കാലത്ത് അദ്ദേഹം അഹ്മദിയ്യാ ജമാഅത്തിന്റെ സംസ്ഥാന പബ്ലിക്കേഷൻ സെക്രട്ടറിയായിരിക്കുമ്പോഴാണ് ഏറ്റവും കൂടുതൽ പുസ്തകങ്ങൾ പ്രസിദ്ധീകൃതമായത്.

സംസ്ഥാന പബ്ലിക്കേഷൻ കമ്മിറ്റിയുടെ സെക്രട്ടറി ബി. ബി. അഹ്മദ് കബീർ സാഹിബാണ് എറണാകുളം മേഖലാ അമീറായ അഹ്മദ് കബീർ സാഹിബും ജമാഅത്തിലെ പ്രസിദ്ധീകരണ രംഗത്ത് സംഭാവനകളർപ്പിച്ച വ്യക്തിയാണ്. പി. പി. നാസിറുദ്ദീൻ സാഹിബ്, പി. യം. ബഷീർ സാഹിബ്, എ.എം. മുഹമ്മദ് സലിം സാഹിബ് എന്നിവർ അംഗങ്ങളാണ്. ៣

## അനുസ്മരണം

### സി. ഫാത്തിമ സാഹിബ

അലനല്ലൂരിലെ ആദ്യത്തെ അഹ്മദിയും ആദ്യപ്രസിഡന്റുമായിരുന്ന മർഹും ജനാബ് സി. മുഹമ്മദ് സാഹിബിന്റെ സഹധർമ്മിണി സി. ഫാത്തിമ സാഹിബ (80) മെയ് 10ന് സ്വഗൃഹത്തിൽ വെച്ച് നിര്യാതയായി. ഇന്നാലില്ലാഹി..

അലനല്ലൂരിലെ ആദ്യകാല അഹ്മദികളുടെ ചരിത്രസ്പന്ദനകൾ അറിയാമായിരുന്ന അവർ സ്വഭർത്താവിൽ നിന്ന് ആർജ്ജിച്ചെടുത്ത നിരവധി സൽഗുണങ്ങളുടെ പ്രതീകമായിരുന്നു. എല്ലാവിധ പ്രയാസങ്ങളേയും, ക്ഷമയോടെ തരണം ചെയ്യുന്ന മനക്കരുത്തും, ആതിഥ്യമര്യാദയും പരേതയുടെ സവിശേഷഗുണങ്ങളായിരുന്നു. വിശക്കുന്നവരുടെ അഭയകേന്ദ്രമായിരുന്നു പാത്വാത്ത എന്നു വിളിക്കപ്പെടുന്ന ഫാത്തിമാ സാഹിബയുടെ വീട്. വിശന്നുവലഞ്ഞവരുടെ മുഖം നോക്കി കാര്യം മനസ്സിലാക്കി വളരെ പ്രിയത്തോടെ അവർക്ക് അവർ ഭക്ഷണമൊരുക്കിക്കൊടുക്കും.

ജമാഅത്തിന്റെ സന്ദേശം വളരെ ലളിതസുന്ദരമായും സ്നേഹപൂർവ്വവും ഇതരസഹോദരിമാർക്ക് പറഞ്ഞ് കൊടുക്കുന്നതിൽ പ്രത്യേകമായ പ്രാവീണ്യവും കഴിവുമുണ്ടായിരുന്നു പരേതക്ക്. കാര്യങ്ങളെ യുക്തിബോധത്തോടെ ഗ്രഹിക്കാൻ കഴിവുണ്ടായിരുന്ന അവർക്ക് ആദ്യകാലത്ത് തന്നെ ബൈ അത്ത് ചെയ്യാൻ ഭാഗ്യം സിദ്ധിച്ചിരുന്നു. തന്റെ പിതൃകുടുംബമായ ചിലമ്പുകാമൻ തറവാട്ടിൽ നിന്ന് ശക്തമായ എതിർപ്പുകളെ തരണം ചെയ്യേണ്ടി വന്നെങ്കിലും പിന്നീട് പിതാവിൽ നിന്ന് അനുഭാവപൂർവ്വമായ സമീപനമായിരുന്നു ഉണ്ടായിരുന്നത്.

മക്കൾ: സി. ജലാൽ സാഹിബ്, സി. നാസിർ സാഹിബ്, സി. ഹസ്സൻ സാഹിബ് (കൂടാളി ജമാഅത്ത് പ്രസിഡന്റ്) സി. റഫീഖ് സാഹിബ്, മർഹുമ ഖദീജ സാഹിബ, മർഹുമ ജമീലസാഹിബ, റഹ്മത്ത് സാഹിബ.

മരുമക്കൾ : ടി.കെ. മുഹമ്മദ് കുഞ്ഞു സാഹിബ് (കരുളായി), മുഹമ്മദ് മാസ്റ്റർ (പത്തപിരിയം), വി.ടി. ബശീർ സാഹിബ് (അലനല്ലൂർ), ടി.കെ. ഖദീജ സാഹിബ കരുളായി, നഫീസ സാഹിബ (അലനല്ലൂർ), നസീറ, മുനീറ സാഹിബ, എന്നിവരാണ്. പരേതക്ക് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകുമാറാകട്ടെ. (ആമീൻ)

**കെ. ഖമറുദ്ദീൻ, അലനല്ലൂർ**

### ബി. കുഞ്ഞലീമാ സാഹിബ

പഴയങ്ങാടി ജമാഅത്തിലെ ബി. കുഞ്ഞലീമാ സാഹിബ ഏപ്രിൽ 30ന് പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വെച്ച് നിര്യാതയായി. ഇന്നാലില്ലാഹി.... സുദീർഘകാലം പഴയങ്ങാടി അഹ്മദിയ്യാ മദ്രസ്സയിൽ ഉസ്താദും ജമാഅത്തിന്റെ ജനറൽ സിക്രട്ടറിയുമായിരുന്ന മർഹും സി. എച്ച്. അബ്ദുൽ ഖാദർ മാസ്റ്റർ സാഹിബിന്റെ പത്നിയാണ് കുഞ്ഞലീമാ സാഹിബ. സംസ്ഥാന പബ്ലിക്കേഷൻ കമ്മിറ്റി സദർ പ്രൊഫ. മഹ്മൂദ് അഹ്മദ് സാഹിബ്, ബി. അബ്ദുൽ ഹമീദ് സാഹിബ് (സ്റ്റാർ ഹോം, എറണാകുളം), ബി. സഊദാ ബീബി, ബി. താഹിറാ ബീബി, ബി. സക്യ്യാ ബീബി എന്നിവർ മക്കളും മർഹൂം കെ. പി. കുഞ്ഞഹമ്മദ് സാഹിബ് (കോഴിക്കോട്), കെ.പി. മാമുക്കോയ സാഹിബ് (കോഴിക്കോട്), എം. മുഹമ്മദ് സാഹിബ്, മുബാറക്കാ മഹ്മൂദ് അഹ്മ്മദ്, യു. ശമീമാ ബീബി എന്നിവർ മരുമക്കളുമാണ്. പരേതാത്മാവിന് അല്ലാഹു മഗ്ഫിറത്തു നൽകുമാറാകട്ടെ. ആമീൻ. **–എം.എ.** ///

**Advt.**